# എടക്കൽ ഗുഹാ

## സംരക്ഷണ സമരത്തിന്
## 30 വയസ്സ്



## സമരത്തിന്റെ നാൾവഴികൾ
## പത്രവാർത്തകളിലൂടെ
## ഒരു സഞ്ചാരം




വയനാട് പ്രകൃതി സംരക്ഷണ സമിതി

സുൽത്താൻ ബത്തേരി

വയനാട്, ഫോൺ: 9447 635 793

ആമുഖം

2017 • ജനുവരി 2 • തിങ്കളാഴ്ച
www.mathrubhumi.com/localnews
മാതൃഭൂമി

# എടയ്ക്കൽഗുഹാ സംരക്ഷണസമരത്തിന് മൂന്നുപതിറ്റാണ്ട്

## പൈതൃകസംരക്ഷണ സമരത്തിൽ പങ്കെടുത്തവരുടെ ഒത്തുചേരലും അനുസ്മരണവും

**ചുള്ളിയോട്:** എടയ്ക്കൽഗുഹയുടെ സംരക്ഷണത്തിന് വയനാട് പ്രകൃതി സംരക്ഷണസമിതി നടത്തിയ പ്രക്ഷോഭങ്ങൾക്ക് മൂന്നുപതിറ്റാണ്ട് തികയുന്നു.

ഇതിൻെറ ഭാഗമായി പ്രക്ഷോഭത്തിൽ പങ്കെടുത്തവരുടെ ഒത്തുചേരലും അനുസ്മരണവും നടക്കും. ജനുവരി ഏഴ്, എട്ട് തീയതികളിൽ അമ്പലവയലിലാണ് പരിപാടി. ചരിത്രസെമിനാർ, ഡോക്യുമെൻററി പ്രദർശനം എന്നിവയും നടക്കും. സമുദ്രനിരപ്പിൽ നിന്ന് 4000-അടി ഉയരത്തിൽ സ്ഥിതിചെയ്യുന്ന അമ്പുകുത്തി മലനിരകളുടെ മുകൾത്തട്ടിലെ ഏകദേശം 98-അടി നീളവും 22-അടി വീതിയുമുള്ള വിള്ളലിലേക്ക് മുകളിൽ നിന്ന് വലിയ പാറ വന്നുവീണ് രൂപപ്പെട്ടതാണ് എടയ്ക്കൽ ഗുഹ.

അമൂല്യ ചരിത്രസമ്പത്തായ എടയ്ക്കൽഗുഹ നിയന്ത്രണമില്ലാത്ത ക്വാറികളുടെ കടന്നുകയറ്റം മൂലം നാശോന്മുഖമായപ്പോഴാണ് വയനാട് പ്രകൃതി സംരക്ഷണ സമിതി പ്രക്ഷോഭം ആരംഭിച്ചത്.

പ്രമുഖ ചരിത്രകാരന്മാരുടെയും സാംസ്കാരിക പ്രവർത്തകരുടെയും പിന്തുണയോടെയായിരുന്നു പ്രക്ഷോഭം. ഏഴിന് 2.30-ന് എടയ്ക്കൽ പ്രക്ഷോഭത്തിൽ പങ്കെടുത്തവരുടെ ഒത്തുചേരലും അനുസ്മരണവും മാതൃഭൂമി മാനേജിങ് ഡയറക്ടർ എം.പി. വീരേന്ദ്രകുമാർ എം.പി. ഉദ്ഘാടനം ചെയ്യും.

ചരിത്രസ്മാരകങ്ങൾ അവഗണന നേരിടുന്ന അവസ്ഥയിൽ കൂടുതൽ ബോധവത്കരണ പരിപാടികൾ ആവിഷ്കരിക്കാനാണ് പുതിയ കൂട്ടായ്മ. എട്ടിന് മൂന്നുമണിക്ക് എടയ്ക്കൽ പൈതൃകം-സംരക്ഷണചരിത്രം സെമിനാർ നടക്കും. ചരിത്രകാരൻ പ്രൊഫ. എം.ജി. എസ്. നാരായണൻ ഉദ്ഘാടനം ചെയ്യും. ഗവ. ഓഫ് ഇന്ത്യ ആർക്കിയോളജി വകുപ്പ് മുൻ ഡയറക്ടർ കെ.കെ. മുഹമ്മദ് മോഡറേറ്ററായിരിക്കും. എടയ്ക്കൽ പൈതൃകത്തെക്കുറിച്ച് എം.ആർ. രാഘവ വാര്യരും എടയ്ക്കൽഗുഹാ ചിത്രങ്ങളും വ്യാഖ്യാനങ്ങളും എന്ന വിഷയത്തിൽ ഡോ. രാജൻ ഗുരുക്കളും വയനാട്ടിലെ ജൈന സംസ്കൃതിയെക്കുറിച്ച് ശ്രീജിത്തും വിഷയം അവതരിപ്പിക്കും. തുടർന്ന് വയനാടിൻെറ പൈതൃക സംരക്ഷണചിന്ത എന്ന വിഷയത്തിൽ തോമസ് അമ്പലവയൽ വിഷയം അവതരിപ്പിക്കും. ഡോ. എം.ആർ. രാഘവ വാര്യർ മോഡറേറ്റർ ആയിരിക്കും. 4.30-ന് എടയ്ക്കൽ ദ റോക്ക് മാജിക്ക് എന്ന ഡോക്യുമെൻററി പ്രദർശിപ്പിക്കും. പങ്കെടുക്കാനാഗ്രഹിക്കുന്നവർ ജനുവരി നാലിനു മുമ്പ് രജിസ്റ്റർ ചെയ്യണം. ഫോൺ: 9744659671, 9400440668.


എടയ്ക്കൽഗുഹയിലെ ശിലാലിഖിതങ്ങൾ

[illegible]

1986 സെപ്റ്റംബർ 25

[illegible]

## എടക്കൽ ഗുഹ സംരക്ഷണത്തിനു സെമിനാർ

കൽപ്പറ്റ: നവീന ശിലായുഗ കാലത്ത് രേഖപ്പെടുത്തിയതെന്ന് കരുതപ്പെടുന്ന എടക്കൽ ഗുഹയിലെ അപൂർവ സുന്ദരമായ ചിത്രങ്ങൾ കണ്ടെത്തിയിട്ട് ഒരു നൂററാണ്ട് തികയാറായി. പക്ഷേ, നമ്മുടെ പുരാവസ്തു വകുപ്പ് ഇതേറെറടുത്തത് രണ്ട് വർഷം മുൻപ് മാത്രമാണ്. പ്രാചീന ലോക കലയുടേതായി ഇന്ത്യയിൽ കണ്ടെത്തിയിട്ടുള്ള മൂന്നു കേന്ദ്രങ്ങളിൽ ഒന്നാണ് എടക്കൽ ഗുഹ!

ലോക പ്രശസ്തമായ ഈ ചരിത്രസ്മാരകം ഇന്ന് അനാഥമായി കിടക്കുകയാണ്. പുരാവസ്തു വകുപ്പിൻെറയും സർക്കാരിൻെറയും ക്രൂരമായ അവഗണന മൂലം എടക്കൽ ഗുഹ നശിച്ചുകൊണ്ടിരിക്കുന്നു. ചുവരുകൾ കുത്തിയടർത്തിയും ചിത്രങ്ങളിൽ ഉളി കൊണ്ട് കീറിയും മദ്യക്കുപ്പികൾ തല്ലിത്തകർത്തും ഗുഹയാകെ വികൃതപ്പെടുത്തിയിരിക്കുന്നു. ഗുഹ സ്ഥിതി ചെയ്യുന്ന അമ്പുകുത്തി മലനിരകളും ഭീഷണിയിലാണ്. മലഞ്ചെരുവിൽ അനധികൃതമായി നാല് കരിങ്കൽ ക്വാറികൾ പ്രവർത്തിക്കുന്നുണ്ട്. പാറ പൊട്ടിക്കുന്നത് അധികൃതർ കണ്ടില്ലെന്ന് നടിക്കുന്നു.

എടക്കൽ ഗുഹയെ സംരക്ഷിക്കാൻ വയനാട്ടിലെ പ്രകൃതിസ്നേഹികൾ മുന്നോട്ടു വന്നിരിക്കുകയാണിപ്പോൾ. സപ്തംബർ 28ന് ഞായറാഴ്ച ഉച്ചക്ക് രണ്ട് മണിക്ക് കൽപ്പററയിൽ എടക്കൽ സെമിനാർ സംഘടിപ്പിക്കുന്നു. പ്രസിദ്ധ ചരിത്ര ഗവേഷകരായ ഡോ. എം. ജി. എസ്. നാരായണൻ, ഡോ. രാജൻ ഗുരുക്കൾ, ഡോ. കെ. കെ. എൻ. കുറുപ്പ്, ഡോ. എം. ആർ. രാഘവവാര്യർ, എം. ഗംഗാധരൻ എന്നിവർ സെമിനാറിൽ പങ്കെടുക്കും. പി. കെ. ഉത്തമൻെറ എടക്കൽ സ്ലൈഡുകളും പ്രദർശിപ്പിക്കുന്നുണ്ട്.

## കലക്ടർ എടക്കൽ ഗുഹ സന്ദർശിച്ചു

കല്പററ: നിയമസഭാ എസ്റ്റിമേററ് കമ്മിററിയുടെ നിർദ്ദേശമനുസരിച്ച് റിപ്പോർട്ട് സമർപ്പിക്കാൻ കലക്ടർ ടി. രവീന്ദ്രൻതമ്പി, എടക്കൽ ഗുഹ സന്ദർശിച്ചു. അമ്പുകുത്തി മലമുകളിലെ ജി. ടി. സ്റ്റേഷനും അദ്ദേഹം സന്ദർശിക്കുകയുണ്ടായി. ഗുഹയുടെ നിലവിലുള്ള സ്ഥിതിയെക്കുറിച്ച് കലക്ടർ ഉടൻ റിപ്പോർട്ട് നൽകുന്നതാണ്.

എടക്കൽഗുഹാ സംരക്ഷണത്തോടനുബന്ധിച്ച ആദ്യ കൺവെൻഷൻ വാർത്ത

# എടക്കൽ ഗുഹയെ സംരക്ഷിക്കണം

തോമസ് അമ്പലവയൽ
കൺവീനർ, എടക്കൽ ഗുഹാസംരക്ഷണ സമിതി

വയനാട്ടിലെ അമ്പലവയലിനടുത്ത് എടക്കൽ എന്ന സ്ഥലത്ത് അമ്പുകുത്തിമലയിൽ നൂറ്റാണ്ടുകളുടെ പഴക്കമുള്ള ഒരു ഗുഹയും ഗുഹാഭിത്തികളിൽ ചിത്രലിപികളും അതിന്റെ ചുറ്റുപാടുമായി ഒരു പാട് ചിതറിയ ചരിത്രാവശിഷ്ടങ്ങളുമുണ്ട്. ഗുഹയുടെ അകത്ത് മേൽഭാഗത്തുനിന്നും കീഴോട്ട് ഇനിയും പൂർണ്ണമായി മനസ്സിലാക്കാൻ കഴിഞ്ഞിട്ടില്ലാത്ത ചിത്രലിപികളുമുണ്ട്. ഈ നൂറ്റാണ്ടിന്റെ ആരംഭത്തിന് മുൻപ് തന്നെ എടക്കൽ നമ്മുടെ ചരിത്രകാരന്മാരുടെ ശ്രദ്ധയിൽ പെട്ടിരുന്നു. കോഴിക്കോട്ട് ജില്ലാ പൊലീസ് സൂപ്രണ്ടായിരുന്ന ഒരു ഇംഗ്ലീഷുകാരനാണ് എടക്കലിനെക്കുറിച്ച് ആദ്യം പരാമർശിച്ചത് എന്ന് പറയുന്നു. എന്തുതന്നെയായാലും എടക്കൽ ഗുഹയും പരിസരവും നശിച്ചുപോകാനിടവരുന്നത് തീരാനഷ്ടമായിരിക്കും.

എടക്കൽ ഗുഹയുടെ ചരിത്രപ്രാധാന്യം ഗുഹാചിത്രങ്ങളുടെ കാലഘട്ടം നമ്മുടെ ചരിത്രത്തെ സമ്പുഷ്ടമാക്കുന്നു എന്നതുതന്നെയാണ്. ചരിത്രസ്മാരകമായ എടക്കൽ ഗുഹ ഇന്ന് അനാഥമാണ്. പിക്നിക്കിനായും മറ്റും എത്തുന്ന ആളുകൾ ഗുഹാചിത്രങ്ങളുടെ മുകളിൽ സ്വന്തം പേരും മറ്റും കൊത്തിവെയ്ക്കുന്നതിന്റെ ഫലമായി ഗുഹാചിത്രങ്ങൾ നശിച്ചുകൊണ്ടിരിക്കുകയാണ്.

ഒരു വശത്തെ ചിത്രങ്ങൾ പൂർണ്ണമായും നശിപ്പിക്കപ്പെട്ടുകഴിഞ്ഞു. ഗുഹയ്ക്ക് ചുറ്റുമുള്ള പ്രദേശങ്ങളിൽ ചിതറിക്കിടക്കുന്ന പ്രാചീന ശവകുടീരങ്ങൾ ചുറ്റും കയ്യേറിയവർ നശിപ്പിച്ചുകളഞ്ഞിരിക്കുന്നു. ആ കല്ലുകൾ കൊണ്ടുകെട്ടിയ വീടുകൾവരെ ഇവിടെ കാണാം.

ഭാഗികമായി ഗുഹ ഈ വിധത്തിൽ നശിച്ചുകൊണ്ടിരിക്കുകയാണെങ്കിൽ മറ്റൊരു തരത്തിൽ ഗുഹയാകെത്തന്നെ നഷ്ടമാകുന്ന വിധത്തിലാണ് അമ്പുകുത്തി മലനിരകളിലെ കരിങ്കൽ ക്വാറികളുടെ പ്രവർത്തനം. ഈ പാറക്കൂട്ടങ്ങളിൽ തന്നെയാണ് അനധികൃതമായി ഒരു കൂറ്റൻ വെടിമരുന്നു സംഭരണശാല ഒരു കരിങ്കൽ മുതലാളി സ്ഥാപിച്ചിരിക്കുന്നത്.

ഈ വെടിമരുന്നുശാലയിൽ ചെറിയൊരു കൈപ്പിഴയോ, ശ്രദ്ധക്കുറവോ സംഭവിച്ചാൽ ഒരു പ്രദേശത്തിന്റെ മൊത്തം നാശമായിരിക്കും ഫലം.

എടക്കൽ ഗുഹയ്ക്കും സമീപ പ്രദേശങ്ങൾക്കും സത്വരസംരക്ഷണം ഏർപ്പെടുത്തിയില്ലെങ്കിൽ ലോകത്തിലെതന്നെ ഏറ്റവും അമൂല്യമായ ചരിത്രസ്മാരകത്തിന്റെ നാശവും ഒരു പ്രദേശത്തിന്റെ നാശവും ഒരുമിച്ചായിരിക്കും.

എടക്കൽ ഗുഹയും പരിസരങ്ങളും സംരക്ഷിക്കുന്നതിന് ഗുഹാസംരക്ഷണ സമിതി ചില അടിയന്തിര നിർദ്ദേശങ്ങൾ മുന്നോട്ടു വെക്കുന്നു.

1. എടക്കൽ ഗുഹ സ്ഥിതിചെയ്യുന്ന അമ്പുകുത്തി മലയും താഴ്വാരങ്ങളും സംരക്ഷിതമേഖലയായി പ്രഖ്യാപിക്കുക.
2. സംരക്ഷിത മേഖല സർവെ നടത്തി അതിരുകൾ നിശ്ചയിച്ച് ജണ്ടകൾ സ്ഥാപിക്കുക.
3. ഗുഹാകവാടത്തിന് ഇരുമ്പുഗെയിറ്റ് സ്ഥാപിച്ച് കാവലേർപ്പെടുത്തുക.
4. മുൻകൂട്ടി അനുവാദം വാങ്ങാതെ ആരെയും ഗുഹയിൽ പ്രവേശിപ്പിക്കാതിരിക്കുക.
5. ഗുഹയുടെ ഉൾഭാഗം ഖനനം ചെയ്തു മണ്ണുനീക്കി മണ്ണിനടിയിലെ കൂടി സംരക്ഷിക്കുക.
6. ഗുഹയുടെ പരിസര പ്രദേശങ്ങളിൽ സ്വാഭാവികവനം വെച്ചുപിടിപ്പിക്കുക.
7. എടക്കൽ ഗുഹയിലേക്ക് ഒരു പൊതുവഴി ഉണ്ടാകുക.
8. അമ്പുകുത്തിമലയുടെ താഴ്വരകളിലെ കരിങ്കൽ ക്വാറികൾ നിരോധിക്കുക.
9. പാറക്കെട്ടുകളിലെ കൂറ്റൻ വെടിമരുന്നു സംഭരണശാല അടിയന്തിരമായി നീക്കം ചെയ്യുക
10. സംസ്ഥാന ആർക്കിയോളജി വകുപ്പുമായി ബന്ധപ്പെട്ട് ഗുഹയെക്കുറിച്ച് ഗവേഷണം നടത്താൻ ഒരു പ്രൊജക്ട് ഉണ്ടാക്കുക.

എടക്കൽ ഗുഹയും അതിനു ചുറ്റുമുള്ള ചരിത്രാവശിഷ്ടങ്ങളും ജനങ്ങളുടെ സഹകരണത്തോടെ സംരക്ഷിക്കാനുള്ള സത്വര നടപടികൾ പുരാവസ്തു വകുപ്പിന്റെയും സർക്കാരിന്റെയും ഭാഗത്തുനിന്നുണ്ടാകണം.

Kerala Kaumudi Weekend Magazine

# എടക്കൽ വീണ്ടും തേങ്ങുന്നു....

ഇബ്രാഹിം കോട്ടക്കൽ

**അയ്യായിരം വർഷത്തെ പഴക്കമുണ്ടെന്നു കരുതുന്ന എടക്കൽഗുഹ, 1892-ൽ ബ്രിട്ടീഷ് ഉദ്യോഗസ്ഥൻമാരാണ് കണ്ടുപിടിച്ചത്. ഉളി ഉപയോഗിച്ചുള്ള കൊത്തു ചിത്രങ്ങളാണ് ഈ ഗുഹയുടെ പ്രത്യേകത. സോവിയറ്റു യൂണിയനിൽ മാത്രമേ ഇത്തരം ചിത്രങ്ങൾ കണ്ടെത്തിയിട്ടുള്ളു.**

**നിരവധി ചരിത്രസത്യങ്ങളെ ഗർഭം ധരിച്ചു നിൽക്കുന്നൊരു 'മിത്താ'ണ് എടക്കൽ ഗുഹ. ഈ ഗുഹയുടെ ശോച്യാവസ്ഥ പരിഹരിക്കുന്നതിൻെറ ഭാഗമായി കല്പററയിൽ നടന്ന ഒരു സെമിനാറിൻെറ റിപ്പോർട്ടാണിത്.**

അമ്പലവയലിനും സുൽത്താൻ ബത്തേരിക്കുമിടയിൽ "അമ്പുകുത്തി" മല തേങ്ങിത്തളരുന്നു. ഇതുവരെ താൻ സംരക്ഷിച്ചു പോന്ന "എടക്കൽ ഗുഹയുടെ ജീവൻ ഇനിയും പിടിച്ചു നിർത്താനുള്ള കരുത്ത് തനിക്കില്ലല്ലോ എന്നോർത്ത്.

നമ്മുടെ ചരിത്രത്തിൻെറയും സംസ്കാരത്തിൻെറയും നിരവധി ലക്ഷ്യങ്ങളുൾക്കൊള്ളുന്ന എടക്കൽ ഗുഹ വാക്കാൽ സംരക്ഷിക്കപ്പെടുന്നുണ്ടെങ്കിലും ഫലത്തിൽ ആ ചരിത്രാവശിഷ്ടങ്ങൾക്ക് ജീവൻ നഷ്ടപ്പെട്ടു കൊണ്ടിരിക്കുകയാണ്. കേരള ചരിത്രത്തിലെ, ഭാരത ചരിത്രത്തിലെ, അല്ല, മനുഷ്യ ചരിത്രത്തിലെ തന്നെ അതിപ്രധാനമായ ഒരു പാലം ദ്രവിക്കുകയാണ്. ഇത് നശിപ്പിക്കപ്പെടുകയാണെങ്കിൽ ചരിത്ര പാത ഇടയ്ക്കുവച്ചു മുറിഞ്ഞു പോവുകയും ഒരിക്കലും കൂട്ടിയോജിപ്പിക്കാനാവാതെ ചരിത്രം അപൂർണ്ണമാവുകയും ചെയ്യും. എടക്കലിൻെറ നീണ്ട തേങ്ങലിനെ പിടിച്ചു നിർത്താനായി പുരാവസ്തു വകുപ്പ് രണ്ടു കൊല്ലം മുമ്പ് എടക്കൽ ഗുഹയുടെ സംരക്ഷണച്ചുമതല ഏറെറടു ത്തുവെങ്കിലും അത് വെറുമൊരു പരസ്യപ്പലകയിൽ മാത്രമൊതുങ്ങി നിന്നു. ഇന്നാ പരസ്യപ്പലക പോലും കാണാനില്ല.

* * * *

അമ്പതിലധികം പേർ ദിവസേന എടക്കൽ ഗുഹ കാണാൻ ഇവിടെയെത്തുന്നുണ്ട്. അമ്പുകുത്തിയുടെ വയറു തുരന്ന് സ്വന്തം വയറു നിറച്ച് നിരവധി ലോറികളും ആ വഴിക്കു കടന്നു പോകുന്നുണ്ട്.

ഔഷധഗന്ധം ചുരത്തുന്ന സർക്കാർ 'വന'ത്തിനിടയിലൂടെ അമ്പുകുത്തിയുടെ രഹസ്യങ്ങളിലേക്ക് നൂഴ്ന്നു കയറി. നനുത്ത ഒററയടിപ്പാതയിൽ കാലുറപ്പിക്കാൻ നന്നേ പാടുപെട്ടു. കിതപ്പു മാററാനായി ഒരിടത്തു നിന്നു; തിരിഞ്ഞു നോക്കിയപ്പോൾ ഉള്ളിൽ നിന്ന് അനുഭവിക്കാനൊരനുഭൂതിയുടെ സീൽക്കാരം. അമ്പുകുത്തിക്കും വടക്കു പടിഞ്ഞാറൻ മലനിര കൾക്കുമിടയിൽ പതഞ്ഞു പൊങ്ങുന്ന മഞ്ഞിൻ തടാകം; ഇവിടെ ഒരു തുണ്ടു സ്വർഗ്ഗം.

ഒന്നാം ഗുഹയിൽ ഞങ്ങളെ എതിരേററത് അവിടെ പാറകളിൽ അനശ്വരമാക്കപ്പെട്ട നിരവധി നാമങ്ങളായിരുന്നു. ആധുനിക മനുഷ്യൻെറ ചിത്രരചനായുധങ്ങളായ പെയിൻറും ബ്രഷുമുപയോഗിച്ച് മനോഹരമായ വർണ്ണങ്ങളിൽ, വടിവൊത്ത അക്ഷരങ്ങളിൽ, ഗുഹയിൽ വന്നവരെല്ലാം സ്വന്തം പേരുകൾ കൊത്തി വച്ചിരിക്കുന്നു.

ഗുഹയുടെ മധ്യത്തിലൂടെ വളരെപ്പതുക്കെ അരിച്ചിറങ്ങുന്ന ഒരരുവി— മുമ്പ് ഇത് കളകളാരവം മുഴക്കി ആർത്തുല്ലസിച്ചൊഴുകിയിരുന്നു. ഇന്നത് എടക്കലിൻെറ തോരാത്ത കണ്ണീരായി. അതുമിനി വററാൻ അധികനാൾ വേണ്ടിവരില്ല.

ആദ്യ ഗുഹക്കുമുകളിൽ രണ്ടാമത്തെ ഗുഹ നമ്മെ ആശ്ചര്യപ്പെടുത്തത്തക്കതാണ്. കരിങ്കൽ പാറയിൽ കൊത്തിയുണ്ടാക്കിയ രൂപങ്ങളും വരകളും കൊണ്ട് ആ ഗുഹയുടെ ഇരുഭാഗങ്ങളും നിറഞ്ഞിരിക്കുന്നു. മനുഷ്യരൂപങ്ങളോട് സാമ്യമുള്ള വളരെച്ചുരുങ്ങിയ രേഖകൾ കൊണ്ട് തീർത്ത രൂപങ്ങൾ, ചക്രങ്ങൾ. ചതുരങ്ങൾ, പടവുകൾ, നക്ഷത്രങ്ങൾ, കൈപ്പത്തി— അങ്ങനെ പലതും; ഒരു പൂർണ്ണലോകം നമുക്കു മുമ്പിൽ.

ഗുഹയുടെ ഇരുവശങ്ങളിലുമുള്ള ചുമരുകളിലെ ചിത്രങ്ങൾ പകുതിയോളം മണ്ണിനടിയിൽ പെട്ടിരിക്കുന്നു. താഴേക്ക് ചിത്രങ്ങൾ എത്രത്തോളമുണ്ടെന്ന് മണ്ണു നീക്കി കണ്ടെത്താനാരും ശ്രമിച്ചിട്ടില്ല. ചരിത്രകാരൻമാരെ അത്ഭുതപ്പെടുത്തിയിട്ടുള്ള ഈ ഗുഹാചിത്രങ്ങളിലും ആധുനിക മനുഷ്യൻെറ അഴുക്കു പുരണ്ട കൈ പതിഞ്ഞിരിക്കുന്നു. കല്ല് ആയുധമായി ഉപയോഗിച്ചിരിക്കുന്ന നവീന ശിലായുഗത്തിലെ മനുഷ്യൻ ലോഹായുധങ്ങൾ ഉപയോഗിക്കാൻ തുടങ്ങിയതിന് ഏററവും വലിയ ദൃഷ്ടാന്തമാണ് എടക്കലെന്ന് ചരിത്രകാന്മാർ പറയുന്നു. പക്ഷെ ഇവിടെയും നാം നമ്മുടെ ആയുധങ്ങൾ— ഉളിയും ചുററികയും ഉപയോഗിച്ചു തീർത്ത ചിത്രങ്ങൾ ഗുഹാമനുഷ്യനെപ്പോലും ലജ്ജിപ്പിക്കും.

മനുഷ്യ വളർച്ചയുടെ വിവിധഘട്ടങ്ങളെ പ്രതിനിധീകരിക്കുന്ന നിരവധി ഗുഹകളും ഗുഹാചിത്രങ്ങളും ലോകത്തിൻെറ പല ഭാഗങ്ങളിൽ നിന്നായി കണ്ടെടുക്കപ്പെട്ടിട്ടുണ്ട്. അവയെല്ലാം ബന്ധപ്പെട്ടവർ നല്ല രീതിയിൽ സംരക്ഷിച്ചു പോരുന്നുണ്ട്. എന്നാൽ അവയിൽ ഒട്ടും അപ്രധാനമല്ലാത്ത എടക്കൽ ഗുഹയുടെ സ്ഥിതിയെന്താണ്? സംസ്കാരമററവർക്ക് കുടിച്ചു കൂത്താടി തെറിവിളിച്ചും പറയാനുള്ള ഒരു സുരക്ഷിത കേന്ദ്രമായി എടക്കൽ ഗുഹ മാറിയിരിക്കുന്നു. മദ്യക്കുപ്പികൾ പാറകളിൽ തട്ടി ചിതറുമ്പോഴുണ്ടാകുന്ന ശബ്ദം എടക്കലിനെ അസ്വസ്ഥമാക്കുന്നു. മാരകായുധങ്ങളുമായി മുറിവേല്പിക്കാൻ വരുന്നവരെ തടുക്കാനാവാതെ എടക്കൽ തേങ്ങുന്നു.

* * * *

എടക്കലിനെ സംരക്ഷിക്കേണ്ടതാരാണ്? ചരിത്രത്തിലെ ഈ കണ്ണിയെ നിലനിർത്തേണ്ടതെങ്ങിനെയാണ്? ഇതിന് ആരെയാണ് ഉണർത്തേണ്ടത്? ഈ ചോദ്യങ്ങൾക്കു മറുപടി കാണാനായിരുന്നു ഒരു കൂട്ടം പ്രകൃതിസ്നേഹികളും ചരിത്രകാരൻമാരും ഈയിടെ കല്പററയിൽ സമ്മേളിച്ചത്.

"ആർക്കിയോളജി എന്തെന്നറിയാത്ത നമ്മുടെ ആർക്കിയോളജി ഉദ്യോഗസ്ഥൻമാർക്ക് എടക്കലിനെക്കുറിച്ചും വലിയ ധാരണയുണ്ടാവാനിടയില്ല. ഉണ്ടായിരുന്നുവെങ്കിൽ അവർ എടക്കലിനെ അനാഥമാക്കില്ലായിരുന്നു. എടക്കലിലെ ചരിത്രാവശിഷ്ടങ്ങളിൽ പലതും പ്രാഥമികമായ സംസ്കരണം പോലും ലഭിക്കാതെ കിടക്കുന്നു. രണ്ടാം ഗുഹയിൽ മണ്ണിനടിയിൽ എന്തൊക്കെയുണ്ടെന്ന് ഇനിയും കണ്ടെത്തിയിട്ടില്ല. പല ശില്പങ്ങളുടേയും പകുതിഭാഗം മണ്ണിനടിയിലാണ്. ഇതൊക്കെ വേറൊരു നാട്ടിലാണെങ്കിൽ അവർ വളരെയേറെ താല്പര്യമെടുത്ത് അവയെ സംരക്ഷിക്കും. തമിഴ്നാടും കർണ്ണാടകവും അവരുടെ ചരിത്രാവശിഷ്ടങ്ങളെ പരിപാലിച്ചു പോരുന്നത് കേരളീയരെ അത്ഭുതപ്പെടുത്തിയെന്നുവരും. അവർ ചരിത്രലക്ഷ്യങ്ങളെ സംസ്കരിച്ച്

മലയാള മനോരമ
1986 നവംബർ 14 വെള്ളി

1986 നവംബർ 14 വെള്ളി

# എടക്കൽ ഗുഹക്ക് ഇരുമ്പു കവാടം

കല്പറ്റ: ചരിത്രസ്മാരകമായ എടക്കൽ ഗുഹയിലെ ചുവർ ചിത്രങ്ങൾ സന്ദർശകർ കോറിവരച്ചു വികൃതമാക്കുന്നതു തടയാൻ ഗുഹയ്ക്ക് ഇന്നു (വെള്ളി) ഇരുമ്പു കവാടങ്ങൾ സ്ഥാപിക്കും. ഗുഹയ്ക്കു ചുററും മുള്ളുവേലികളും ഇടുന്നതാണ്.

എടക്കൽ ഗുഹ സംരക്ഷണ സമിതി നാട്ടുകാരിൽനിന്നു പിരിച്ചെടുത്ത തുകകൊണ്ടാണ് ഇരുമ്പു കവാടവും മുള്ളുവേലിയും തീർത്തത്.

ജില്ലാ കലക്ടർ അമ്പലവയലിൽ വിളിച്ചുകൂട്ടിയ യോഗത്തിൽ വച്ചു ഗുഹാസംരക്ഷണത്തിന് എടക്കൽ ഗുഹ വികസന സമിതി രൂപവൽകരിച്ചിരുന്നു. കലക്ടർ രക്ഷാധികാരിയും ബത്തേരി തഹസിൽദാർ ചെയർമാനുമായ സമിതി ഗുഹാസംരക്ഷണത്തിനു ഇരുമ്പു ഗേററ് വയ്ക്കാൻ തീരുമാനിക്കുകയും ചെയ്തിരുന്നു.

എന്നാൽ ഇക്കാര്യത്തിൽ ഇതുവരെ നടപടി ഉണ്ടാകാത്ത സാഹചര്യത്തിലാണ് ഗുഹസംരക്ഷണ സമിതി പിരിവെടുത്തു കവാടം സ്ഥാപിച്ചത്. കവാടം പൂട്ടി താക്കോൽ സൂക്ഷിക്കും. സന്ദർശകർക്ക് ഇവിടെനിന്നു താക്കോൽ വാങ്ങി ഗേററ് തുറന്നു ഗുഹ കാണാവുന്നതാണ്.

എടക്കൽ ഗുഹയ്ക്കു ഭീഷണിയായിട്ടുള്ള ക്വാറിയിലെ പാറപൊട്ടിക്കൽ തടയാനും നടപടിയായിട്ടില്ല. ക്വാറി അടച്ചു പൂട്ടണമെന്നാവശ്യപ്പെട്ട് ഇന്നു [illegible] സംരക്ഷണ സമിതി അമ്പലവയൽ കോളനി അഡ്മിനിസ്ട്രേറ്റീവ് ഓഫീസിനു മുമ്പിൽ ഉപവാസം നടത്തും.

ഈ മാസാവസാനത്തിനകം ക്വാറി പൂട്ടിയില്ലെങ്കിൽ പിക്കറ്റിംഗ് അടക്കമുള്ള സമരമുറകൾ ആരംഭിക്കുമെന്നു സമിതി കൺവീനർ തോമസ് അമ്പലവയൽ അറിയിച്ചു.

# ഈ ചരിത്ര നിമിഷത്തിന് സാക്ഷ്യം വഹിക്കുക

## 14 - 11 - 86 വെള്ളിയാഴ്ച എടക്കൽ ഗുഹ സംരക്ഷിക്കുന്നതിന് ഗുഹാകവാടം ഗേററിട്ടു പൂട്ടുന്നു.

മനുഷ്യ സംസ്കാരത്തിന്റെ പ്രാചീനരേഖയായി ലോകത്ത് അവശേഷിക്കുന്ന അപൂർവ്വം ചില സ്മാരകങ്ങളിൽ ഒന്നാണ് എടക്കൽ ഗുഹ. ഗുഹയിലെ ശിലാചിത്രങ്ങളും പരിസരങ്ങളിൽ ചിതറിക്കിടക്കുന്ന അസംഖ്യം ചരിത്രാവശിഷ്ടങ്ങളും സംരക്ഷിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടന്നുവരികയാണ്. ദിനംപ്രതി ഗുഹ സന്ദർശിക്കുന്നവരിലെ സാമൂഹ്യ വിരുദ്ധർ ഈ വിശേഷാത്തര രേഖാചിത്രങ്ങൾ വികൃതമാക്കിക്കൊണ്ടിരിക്കുകയാണ്.

എന്നാൽ ചരിത്രത്തിന്റെ സൂക്ഷിപ്പുകാരായ സർക്കാർ ഗുഹ സംരക്ഷിക്കുന്നതിന് വേണ്ടി ഇതുവരെ ഒന്നും ചെയ്തിട്ടില്ല. ആർക്കിയോളജി വകുപ്പാണ് ഇതിന് ചുമതലപ്പെട്ടവരെന്ന് പറയുന്നു. പക്ഷെ അവരുടെ അലംഭാവം പലപ്പോഴായി നാമൊക്കെ മനസ്സിലാക്കിയതാണ്. ചരിത്ര സ്മാരകങ്ങളോടും സാംസ്ക്കാരിക മൂല്യങ്ങളോടും സർക്കാർ അനുവർത്തിച്ചു പോരുന്ന നയം ആരെയും പറഞ്ഞറിയിക്കേണ്ടതുമില്ല. ഈ സാഹചര്യത്തിൽ വകുപ്പുകളും ചട്ടങ്ങളും ഉദ്ധരിച്ച് ചരിത്രം സംരക്ഷിക്കുന്നവരെ കാത്തുനിൽക്കാതെ എടക്കൽ ഗുഹക്ക് സംരക്ഷണം ഏർപ്പെടുത്തണമെന്ന് ഗുഹാസംരക്ഷണ സമിതി തീരുമാനിച്ചിരിക്കുന്നു.

മറെറാരു പ്രശ്നം എടക്കൽ ഗുഹ സ്ഥിതി ചെയ്യുന്ന അമ്പുകുത്തി മലകളിലെ കരിങ്കൽ ക്വാറികളാണ്. മലയുടെ പരിസരത്ത് താമസിക്കുന്ന മനുഷ്യരുടെ സുരക്ഷിതത്വത്തിന്റെ പ്രശ്നം കൂടിയാണിത്. മാത്രമല്ല ക്വാറികളുടെ പ്രവർത്തനം അവസാനിപ്പിക്കാതെ ഗുഹ മാത്രമായി നമുക്ക് സംരക്ഷിക്കാനും കഴിയില്ല. കേവലമായ ധന സമ്പാദത്തിന് വേണ്ടി മാത്രം ഒരു സംസ്ക്കാരത്തിന്റെ അററു പോവുന്ന കണ്ണികളെ പൂർണ്ണമായി നശിപ്പിക്കുകയും മനുഷ്യന്റെ സ്വൈര്യ ജീവിതത്തെ ഇല്ലാതാക്കുകയും ചെയ്യാൻ ചിലരെ അനുവദിക്കണമൊ എന്നതാണ് പ്രശ്നം സുദീർഘമായ പ്രക്ഷോഭങ്ങൾ ഇതിനായി വേണ്ടിവരും.

ഒരു ജനത അവരുടെ ഇച്ഛാ ശക്തി മാത്രം കൈമുതലാക്കി ഒരു ചരിത്ര സ്മാരകം സംരക്ഷിക്കാൻ മുന്നിട്ടിറങ്ങുന്ന ദിവസമാണ് നവംബർ പതിനാല്. അത് വിജയിപ്പിക്കേണ്ടത് നമ്മുടെ കടമയാണ്. രാവിലെ ഗേററ് സ്ഥാപിച്ചതിന് ശേഷം ഉച്ചക്ക് 2 മണി മുതൽ അമ്പലവയൽ ഡെപ്യൂട്ടി കലക്ടർ ആഫീസിനു മുമ്പാകെ ക്വാറികൾ നിർത്തലാക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് സത്യാഗ്രഹം നടത്തുന്നതും അഞ്ചു മണിക്ക് ടൗണിൽ പ്രതിഷേധ യോഗം ചേരുന്നതുമാണ്.

ഗേററ് സ്ഥാപിക്കുന്നതിനും തുടർന്ന് നടക്കുന്ന പ്രക്ഷോഭങ്ങളിൽ പങ്കാളിയാവുന്നതിനും ചരിത്ര ബോധം അററുപോയിട്ടില്ലാത്ത എല്ലാ പ്രകൃതി സ്നേഹികളേയും ക്ഷണിക്കുന്നു നമ്മുടെ കുഞ്ഞുങ്ങൾ, നമ്മെ ഓർത്ത് ലജ്ജിക്കാതിരിക്കട്ടെ,

അമ്പലവയൽ
10_12_86

**കൺവീനർ**
എടക്കൽ ഗുഹ സംരക്ഷണ സമിതി

കാസ്കാ കമ്പളക്കാട് ഫോൺ: 57

മനോരമ 1986 ഡിസംബർ 2 ചൊവ്വ



എടയ്ക്കൽ ഗുഹയിലെ ചുവർചിത്രങ്ങൾ.

# നിയമപാലകർ 'രക്ഷ' പൊളിച്ചു

കൽപ്പററ: അമൂല്യ ചരിത്ര സ്മാരകമായ എടക്കൽ ഗുഹയെ നാശത്തിൽനിന്നു രക്ഷിക്കുന്നതിനു സ്ഥാപിച്ച ഇരുമ്പു കവാടത്തിനു മുകളിലുള്ള മുള്ളുകമ്പിവേലി ഒരു സംഘം പോലീസുകാർ പൊളിച്ചതു പ്രശ്നമായി.

ഗുഹാചിത്രങ്ങളിൽ സന്ദർശകർ തങ്ങളുടെ പേരു കൊത്തിവയ്ക്കുന്നതിനാൽ ഗുഹയിലെ അപൂർവ ചിത്രങ്ങളിൽ നല്ല പങ്കും നശിച്ചുകഴിഞ്ഞു. പുരാവസ്തു വകുപ്പ് എടക്കൽ ഗുഹ ഏറെറടുത്തിട്ടുണ്ടെങ്കിലും ഗുഹയ്ക്കു യാതൊരു സംരക്ഷണവും ഏർപ്പെടുത്തിയിട്ടില്ല.

കഴിഞ്ഞ ഒക്ടോബർ 28-നു എടക്കൽ ഗുഹ സംരക്ഷിക്കുന്നതിനെക്കുറിച്ചു കൽപ്പററയിൽ ചരിത്ര പണ്ഡിതന്മാർ പങ്കെടുത്ത സെമിനാർ നടന്നു. ഗുഹയ്ക്ക് അടിയന്തരമായി സംരക്ഷണം ഏർപ്പെടുത്തണമെന്നു സെമിനാറിൽ നിർദ്ദേശമുണ്ടായി. ഇതേ തുടർന്നു ജില്ലാ കലക്ടർ അമ്പലവയലിൽ വിളിച്ചുചേർത്ത നാട്ടുകാരുടേയും ബന്ധപ്പെട്ട ഉദ്യോഗസ്ഥന്മാരുടേയും യോഗം ഗുഹയ്ക്കു ഗേററിടുവാൻ തീരുമാനിച്ചു. അങ്ങനെയാണ് നാട്ടുകാരിൽനിന്നു പിരിവെടുത്തു നവംബർ 14-നു ഗുഹയ്ക്കു ഗേററുണ്ടാക്കിയത്.

പ്രശസ്തമായ ഈ സ്മാരകം ഭാഗികമായെങ്കിലും രക്ഷപ്പെട്ടുവെന്ന് ആശ്വസിച്ചിരിക്കുമ്പോഴാണ് നിയമപാലകർ തന്നെ ഗേററുപൊളിച്ചു ഗുഹയിൽ കടന്നത്. ഗേററിന്റെ താക്കോൽ താഴെയുള്ള കടയിൽ സൂക്ഷിച്ചിരുന്നു. നിത്യവും സന്ദർശകർ ഈ താക്കോൽ വാങ്ങിക്കൊണ്ടുപോയി ഗുഹ കണ്ടു മടങ്ങുകയും ചെയ്തിരുന്നു.

എന്നാൽ ജില്ലാ പോലീസ് സൂപ്രണ്ടിന്റെ നേതൃത്വത്തിൽ ഗുഹ കാണാനെത്തിയ പോലീസ് സംഘം ഗുഹയുടെ ഗേററിനോടു ചേർന്നുള്ള വേലി പൊളിക്കുന്ന മാർഗമാണ് സ്വീകരിച്ചത്. താഴത്തെ ഗുഹയിലെത്തിയ സൂപ്രണ്ടിനു അവിടെനിന്നു മുകളിലേയ്ക്കു കയറാൻ കഴിഞ്ഞില്ല. അദ്ദേഹത്തെ അവിടെ ഇരുത്തിയിട്ടു സംഘത്തിലുണ്ടായിരുന്നവർ മുകളിലേയ്ക്കുപോയി. ശിലാചിത്രങ്ങളുള്ള ഗുഹയുടെ ഗേററിനു മുകളിൽ ഉണ്ടായിരുന്ന മുള്ളു കമ്പിവേലി പൊളിച്ചു അകത്തുകടന്നു.

എടക്കൽ ഗുഹയുടെ സംരക്ഷണ വേലി പൊളിച്ച നടപടിയിൽ ചരിത്രകാരന്മാരായ പ്രൊഫ. എം. ജി. എസ്. നാരായണൻ, ഡോ. കെ. കെ. എൻ. കുറുപ്പ്, ഡോ. എം. ആർ. രാഘവവാര്യർ, ഡോ. രാജൻഗുരുക്കൾ എന്നിവർ പ്രതിഷേധിച്ചു. നിയമപാലകർ നിയമലംഘനം നടത്തുന്നതു ഗുരുതരമായ പ്രശ്നമാണെന്നും ഇക്കാര്യത്തെക്കുറിച്ച് അന്വേഷണം നടത്തണമെന്നും ജില്ലാ കലക്ടർക്കു നൽകിയ നിവേദനത്തിൽ അവർ ആവശ്യപ്പെട്ടു.

---

1-12-86

## എടക്കൽ ഗുഹയുടെ ഗേററ് പൊളിച്ച് പൊലീസ് സംഘം അകത്തു കടന്നു

കല്പററ: അമൂല്യ ചരിത്ര സ്മാരകമായ എടക്കൽ ഗുഹയുടെ ഇരിമ്പ്ഗേററ് ജില്ലാ പൊലീസ് സൂപ്രണ്ടിന്റെ സാന്നിധ്യത്തിൽ ഒരുസംഘംപൊലീസുദ്യോഗസ്ഥൻമാർ തല്ലിപ്പൊളിച്ച് അകത്ത് കടന്നതായി പരാതി ഉയർന്നു

ഗേററിന് മുകളിൽ വലിച്ചുകെട്ടിയ മുള്ള്കമ്പിവേലി പൊളിച്ചാണ്, എസ്.പി. ഒഴികെയുള്ള പൊലീസ് സംഘം അകത്ത് കടന്നത്. പൂട്ട് തല്ലിപൊളിക്കാൻശ്രമിച്ചതിന്റെ പാടുകളും കാണുന്നുണ്ട്.

കഴിഞ്ഞ മാസം കലക്ടർ വിളിച്ച് ചേർത്ത നാട്ടുകാരുടെയും ഉദ്യോഗസ്ഥൻമാരുടെയും യോഗം രൂപീകരിച്ച എടക്കൽ ഗുഹാസംരക്ഷണസമിതി നാട്ടുകാരിൽ നിന്ന് പണംശേഖരിച്ച്, ഏർപ്പെടുത്തിയ ഗെയിററാണ് പൊലീസ് സംഘം പൊളിച്ചത്.

സംഭവത്തെക്കുറിച്ചന്വേഷണം നടത്തി കുററക്കാർക്കെതിരെ നടപടിസ്വീകരിക്കണമെന്ന് എടക്കൽഗുഹാ സംരക്ഷണസമിതി കലക്ടർക്കു നൽകിയ നിവേദനത്തിൽ ആവശ്യപ്പെട്ടു.

നിയമപാലകർ നിയമലംഘനം നടത്തുന്നത് ഗുരുതരമായ പ്രശ്നമാണ് എന്ന് ചരിത്രകാരൻമാരായ പ്രൊ. എം. ജി. എസ്. നാരായണൻ, ഡോ. എം. ആർ. രാഘവവാരിയർ, ഡോ. കെ. കെ. എൻ. കുറുപ്പ്, ഡോ. രാജൻഗുരുക്കൾ എന്നിവർ കലക്ടർക്ക് നൽകിയ നിവേദനത്തിൽ ചൂണ്ടിക്കാട്ടി.

മാതൃഭൂമി
1986 ഡിസംബർ - 6 - ശനി

# എടക്കൽ ഗുഹ സംരക്ഷണം: കലക്ടറുടെ ഉത്തരവ് പിൻവലിച്ചു

കല്പറ്റ: എടക്കൽഗുഹ സ്ഥിതി ചെയ്യുന്ന അമ്പുകുത്തി മലയിലെ ക്വാറി ലൈസൻസുകൾ റദ്ദ്ചെയ്തുകൊണ്ടുള്ള കലക്ടറുടെ ഉത്തരവ് ഗവമെൻ്റ് നിർദ്ദേശപ്രകാരം താൽക്കാലികമായി പിൻവലിച്ചു.

ഈ ഉത്തരവുവഴി ആയിരത്താണ്ടുകൾ പഴക്കമുള്ള, ഇന്ത്യയുടെ മാത്രമല്ല ലോകത്തിൻെറ മുഴുവൻ സാംസ്കാരിക പൈതൃകമെന്നു് വിശേഷിപ്പിക്കാവുന്ന എടക്കൽഗുഹയിലെ അമൂല്യ ശിലാ ലിഖിതങ്ങൾ ഏതാനും ക്വാറി ഉടമകൾക്ക് വേണ്ടി നശിപ്പിക്കുവാൻ കേരളാ ഗവമെൻ്റ് തയ്യാറാവുകയാണു് ചെയ്തതു്. തൊഴിലാളികളുടെ പേരുപറഞ്ഞു് ചിലർ രംഗത്തുവന്നതോടെ കലക്ടറുടെ നിരോധനാജ്ഞ പിൻവലിക്കേണ്ടിവന്നു. നിരോധം നീക്കലിനു പുറമെ ഇതിൻെറ പേരിൽ കലക്ടർക്കെതിരെ ആരോപണങ്ങളുയർത്താനും ഭരണകക്ഷിക്കാർ മുൻപന്തിയിലുണ്ടു്.

മൂവ്വായിരത്താണ്ടുകൾക്ക് അപ്പുറം ഒരു പരിഷ്കൃത ജനപഥം വയനാട്ടിൽ വസിച്ചിരുന്നുവെന്നതിൻെറ സൂചനകളാണ് എടക്കൽ ഗുഹയിലും പരിസരത്തുമുള്ളതു്. തൊഴിലാളികളെ മുൻനിർത്തി അല്പംചില നേട്ടത്തിനായി ചരിത്രത്തിൻെറ അവസാനത്തെ കണ്ണികൂടി നശിപ്പിക്കുവാനാണ് നിരോധന ഉത്തരവ് പിൻവലിച്ചതു വഴി സാദ്ധ്യമാവുന്നതു്.

അമ്പലവയൽ ലേഖകൻ തുടരുന്നു: ചരിത്രസ്മാരകമായ എടക്കൽ ഗുഹയുടെ സംരക്ഷണം നിലനിർത്തി അമ്പുകുത്തി മലനിരകളിലെ കരിങ്കൽക്വാറികൾ നിരോധിച്ചുകൊണ്ടുള്ള വയനാട് കലക്ടറുടെ നിരോധനം സർക്കാർ ഉത്തരവുമൂലം പിൻവലിച്ചതിൽ എടക്കൽ ഗുഹ സംരക്ഷണസമിതി പ്രതിഷേധിച്ചു.

ഈ നടപടി തികച്ചും രാഷ്ട്രീയപ്രേരിതമാണ്. എൻ.സി (—സർക്യൂട്ട്) 38—ാം നമ്പർ സർവ്വേയിലാണ് എടക്കൽ ഗുഹയും പ്രസ്തുത കരിങ്കൽ ക്വാറിയും സ്ഥിതി ചെയ്യുന്നത്. എടക്കൽ ഗുഹയുടെ നാശം മൊത്തം മനുഷ്യരാശിയുടെ സാംസ്ക്കാരിക പൈതൃകത്തിനു തന്നെ നാശമാണ്.

ചരിത്രസ്നേഹമുള്ള മുഴുവൻ ആളുകളെയും പങ്കെടുപ്പിച്ചു കൊണ്ട് ശക്തമായ സമരപരിപാടികൾ നടത്തുമെന്നു ഗുഹ സംരക്ഷണസമിതി കൺവീനർ തോമസ് അമ്പലവയലിൽ അറിയിച്ചു.

## എടക്കൽ ഗുഹ രക്ഷിക്കാൻ സംഘടിത ശ്രമം വേണം

—വീരേന്ദ്രകുമാർ

കോഴിക്കോട്: ചരിത്രാതീതകാലം മുതൽ ലോകശ്രദ്ധയാകർഷിച്ചു വരുന്ന എടക്കൽ ഗുഹ സംരക്ഷിക്കാൻ എല്ലാ തലങ്ങളിലുമുള്ള ജനങ്ങളും മുന്നിട്ടിറങ്ങണമെന്നു് ജനതാ പാർട്ടി സംസ്ഥാന സിക്രട്ടറി എം. പി. വീരേന്ദ്രകുമാർ അഭ്യർത്ഥിച്ചു.

മനസ്സും മസ്തിഷ്കവും മരവിച്ച ഏതാനും ചിലർ മുതലെടുപ്പിനു വേണ്ടി ആ ചരിത്ര സ്മാരകത്തെ നശിപ്പിക്കാൻ ഒരുമ്പെടുകയാണ്

അവർ ചെയ്യുന്ന പാതകം എന്തെന്ന് അവർ അറിയുന്നില്ല. മാനവചരിത്രത്തെക്കുറിച്ചോ സംസ്കാരത്തെക്കുറിച്ചോ ബോധമില്ലാത്ത അവരുടെ ഈ കാടത്തത്തെ നിയന്ത്രിച്ചേ തീരൂ എന്നു വീരേന്ദ്രകുമാർ പറഞ്ഞു.

മനുഷ്യൻെറ ആദികാല ചരിത്രത്തിലേക്ക് വെളിച്ചം വീശുന്ന സ്മാരകമാണ് എടക്കൽ ഗുഹ. അതു സംരക്ഷിക്കണമെന്നാവശ്യപ്പെട്ട് ചരിത്രകാരന്മാരും ഗവേഷണവിദ്യാർത്ഥികളും മുറവിളി കൂട്ടാൻ തുടങ്ങിയിട്ട് കാലം ഏറെയായി. ഈയിടെയാണ് അവിടെ ക്വാറി പ്രവർത്തനം നിരോധന ഉത്തരവിലൂടെ കലക്ടർ തടഞ്ഞത്. ഇപ്പോൾ രാഷ്ട്രീയ സമ്മർദ്ദം കൊണ്ടു് ആ ഉത്തരവ് പിൻവലിച്ചതായി അറിയുന്നു.

സുപ്രസിദ്ധവും പുരാതനവുമായ ആ സ്മാരകം അവർക്ക് വെറും കരിങ്കൽ ഗുഹ മാത്രമാണ്. കുറച്ചു കാശിനും ചിലരെ പ്രീണിപ്പിക്കുന്നതിനും വേണ്ടിയുള്ള ഇവരുടെ സമ്മർദ്ദ രാഷ്ട്രീയത്തിനു വേണ്ടി ആ ചരിത്ര സ്മാരകത്തെ ബലികഴിച്ചു കൂടാ. മുതലെടുപ്പിനു വേണ്ടി എന്തിനേയും വിൽക്കാമെന്നും നശിപ്പിക്കാമെന്നുമുള്ള പ്രവണതയെ തുടക്കത്തിൽത്തന്നെ നേരിടണമെന്ന് [illegible] പറഞ്ഞു.

[illegible] - 1988 ഡിസംബർ 2

# ചരിത്ര രേഖകൾ നശിപ്പിക്കരുത്

അമ്പലവയൽ: എടക്കൽ ഗുഹയിലെ അതിപ്രാചീനമായ ലിപികളും ഗുഹാചിത്രങ്ങളും, ഗുഹകാണാനെത്തുന്നവരിൽ ചിലർ, സ്വന്തം പേരുകൾ ചിത്രങ്ങളുടെ മേൽ കൊത്തിവച്ചും പെയിൻറ് ഉപയോഗിച്ച് എഴുതിയും വികൃതമാക്കുന്നതു തടയാൻ നടപടികൾ സ്വീകരിക്കണമെന്നു കേരള ശാസ്ത്ര സാഹിത്യപരിഷത്ത് യൂണിററ് വാർഷികസമ്മേളനം പുരാവസ്തുവകുപ്പിനോടഭ്യർത്ഥിച്ചു.



വ്യാസൻ ആനപ്പാറ അദ്ധ്യക്ഷനായിരുന്നു. പുതിയ ഭാരവാഹികളായി വ്യാസൻ ആനപ്പാറ (പ്രസിഡൻറ്) കെ.കെ. ചെറിയാൻ (വൈസ്പ്രസിഡൻറ്) ഇ. തോമസ് (സെക്രട്ടറി) എം.കെ. ഗോവിന്ദൻകുട്ടി (ജോ. സെക്രട്ടറി) എന്നിവരെ തെരഞ്ഞെടുത്തു.

മാതൃഭൂമി
1986 ഡിസംബർ 3 ബുധൻ

# എടക്കൽഗുഹയുടെ കമ്പിവേലി പൊളിച്ചതിൽ പ്രതിഷേധം

കല്പറ്റ: ലോകപ്രസിദ്ധമായ എടക്കൽ ഗുഹ സാമൂഹ്യദ്രോഹികളിൽനിന്നും സംരക്ഷിക്കുവാൻ നാട്ടുകാരും എടക്കൽ ഗുഹാസംരക്ഷണസമിതിയും ചേർന്നുണ്ടാക്കിയ കമ്പിവേലി പൊളിച്ച പൊലീസ് നടപടിയിൽ പരക്കെ പ്രതിഷേധമുയർന്നിരിക്കുന്നു.

സന്ദർശകരിൽ പലരും തങ്ങളുടെ പേരും രാഷ്ട്രീയ പാർട്ടികളുടെ ചിഹ്നങ്ങൾപോലും ഉളികൊണ്ടും മറ്റും കൊത്തിവെച്ച് അപൂർവ്വ ശിലാലിഖിതങ്ങൾ അലങ്കോലപ്പെടുത്തിയിട്ടും എടക്കൽ ഗുഹ ഏറ്റെടുത്ത പുരാവസ്തു ഗവേഷണ വകുപ്പ് യാതൊന്നും ചെയ്യാത്തതിൽ പ്രതിഷേധിച്ചാണ് നാട്ടുകാരും ഗുഹാസംരക്ഷണ സമിതിയും പൊതുജനങ്ങളിൽനിന്ന് പണം സ്വരൂപിച്ച് മുള്ളുവേലിയും ഗേറ്റും പൂട്ടും സ്ഥാപിച്ചത്. കലക്ടറടക്കമുള്ള ജില്ലയിലെ ഉന്നത ഉദ്യോഗസ്ഥന്മാർക്കെല്ലാം ഇക്കാര്യം അറിയാവുന്നതാണ്. പൂട്ടിന്റെ താക്കോലും സന്ദർശക ബുക്കും മലയ്ക്കു താഴെ ഒരു വീട്ടിലാണ് വെച്ചത്. അവിടെ തന്നെ നോട്ടീസ് ബോർഡും സ്ഥാപിച്ചിട്ടുണ്ട്. അതൊന്നും ശ്രദ്ധിക്കാതെ, ഗുഹ സന്ദർശിക്കാൻ വന്ന പൊലീസ് ഉദ്യോഗസ്ഥർ മലമുകളിൽ കയറി അവിടെ ഒരു വീട്ടിൽ അന്വേഷിച്ചു. താക്കോൽ കിട്ടാതായപ്പോൾ അവർ കമ്പിവേലി പൊളിച്ച് ഗുഹയ്ക്കകത്തു പ്രവേശിക്കുകയാണുണ്ടായതത്രെ.

ഗുഹയിലെ ലിഖിതങ്ങൾ നശിപ്പിക്കുമാറുള്ള കരിങ്കൽ പാറ പൊട്ടിക്കൽ നിറുത്തിവെക്കാൻ ജില്ലാ അധികൃതർ നൽകിയ നിരോധന ഉത്തരവ് തള്ളിക്കളയാൻ ചിലർ ശ്രമം ആരംഭിച്ചതായി അറിയുന്നു. കരിങ്കല്ലിനുവേണ്ടി വൻതോതിൽ പാറ പൊട്ടിക്കുന്നതിനെത്തുടർന്ന് എടക്കൽ ഗുഹയിലെ അവശേഷിക്കുന്ന ശിലാലിഖിതങ്ങൾപോലും നശിച്ചുകൊണ്ടിരിക്കുകയാണ്. കരിങ്കൽ ക്വാറി ഉടമകളുടെ സമ്മർദ്ദത്തിനു വഴങ്ങി, വീണ്ടും പാറ പൊട്ടിക്കുന്നതിന് അനുമതി ജില്ലാ ആസ്ഥാനത്തുനിന്നും കിട്ടുന്നില്ലെങ്കിൽ തിരുവനന്തപുരത്തുനിന്നും പ്രത്യേക ഓർഡർ സമ്പാദിക്കാനുള്ള ശ്രമവും ആരംഭിച്ചിരിക്കുന്നു.

ദൂരദർശൻ തിരുവനന്തപുരം ഡിവിഷൻ കഴിഞ്ഞ രണ്ടു ദിവസമായി എടക്കൽ ഗുഹയും പരിസര പ്രദേശങ്ങളും ചിത്രണം ചെയ്തിട്ടുണ്ട്.

മാതൃഭൂമി 1986 ഡിസംബർ 3 ബുധനാഴ്ച

# പുരാവസ്തുസംരക്ഷണം: തെളിവെടുപ്പ് നടത്തി

കല്പററ: പുരാവസ്തു സംരക്ഷണ വകുപ്പിന്റെ ബജററ് എസ്റ്റിമേററുകളുടെ പരിശോധനയുടെ ഭാഗമായി നിയമസഭാ എസ്റ്റിമേററ് കമ്മിററി ചൊവ്വാഴ്ച വയനാട് കലക്ടറേററിൽവെച്ച് ബന്ധപ്പെട്ട ഉദ്യോഗസ്ഥന്മാരിൽനിന്ന് തെളിവെടുപ്പ് നടത്തി.

ആക്ടിങ്ങ് ചെയർമാൻ കെ. എസ്. നാരായണൻ നമ്പൂതിരിയുടെ അദ്ധ്യക്ഷതയിൽ നടന്ന തെളിവെടുപ്പ് യോഗത്തിൽ ഭാർഗവി തങ്കപ്പൻ, ഇ. ടി. മുഹമ്മദ്ബഷീർ എന്നിവർ സംബന്ധിച്ചു. ആർക്കിയോളജി വകുപ്പ് കൺസർവേഷൻ ഓഫീസർ ഡോ. വേലായുധൻനായർ ഡെപ്യൂട്ടി സിക്രട്ടറി കെ. പി. വിജയകുമാർ തുടങ്ങിയവർ സന്നിഹിതരായിരുന്നു.

അമ്പുകുത്തി മലയുടെ എടക്കൽഗുഹയുടെ സംരക്ഷണത്തിന് സമീപത്തുള്ള കരിങ്കൽ ക്വാറികളുടെ പ്രവർത്തനം പൂർണ്ണമായി നിരോധിച്ച് ശാശ്വത പരിഹാരം കാണണമെന്ന് ജില്ലാ കലക്ടർ രവീന്ദ്രൻ തമ്പി കമ്മിററിക്കു മുമ്പാകെ അഭ്യർത്ഥിച്ചു. എടക്കൽ ഗുഹക്ക് സമീപം സൈററ് മ്യൂസിയം നിർമ്മിക്കണമെന്നും ഇതൊരു വിനോദസഞ്ചാര കേന്ദ്രമായി വികസിപ്പിക്കണമെന്നും അദ്ദേഹം പറഞ്ഞു. എടക്കൽ ഗുഹയിലെ കൊത്തു ചിത്രങ്ങളെ സംബന്ധിച്ച ഫീൽഡ് പബ്ലിസിററി ഓഫീസർ പി.കെ. ഉത്തമന്റെ സ്ലൈഡ് പ്രദർശനം കമ്മിററിക്കുവേണ്ടി നടത്തുകയുണ്ടായി.

തെളിവെടുപ്പിനു ശേഷം പുളിയാർമല ജൈനക്ഷേത്രം, ക്ഷേത്രക്കുളം ഗുഹ, മാനന്തവാടി പഴശ്ശി സ്മാരകം, തിരുനെല്ലി ക്ഷേത്രം എന്നിവിടങ്ങൾ കമ്മിററി അംഗങ്ങൾ സന്ദർശിച്ചു.

കേരളകൗമുദി 1986 ഡിസം: 4 വ്യാഴം

# എടയ്ക്കൽ ഗുഹാ ചിത്രങ്ങൾ സംരക്ഷിക്കാൻ നടപടി വേണം

ല്പറ്റ- എടക്കൽ ഗുഹ സംരക്ഷിക്കണ ' ആവശ്യപ്പെട്ടുകൊണ്ട് എടക്കൽ സംരക്ഷണ സമിതി കേരള നിയമ എസ്റ്റിമേറ്റ് കമ്മറ്റി മുമ്പാകെ നിവേദ മർപ്പിച്ചു.

ടക്കൽ ഗുഹയിലെ ചരിത്രാതീത ഗുഹാ ചിത്രങ്ങൾ ലോകപ്രസിദ്ധമാണ്. ഈ ഗുഹാ ചിത്രങ്ങൾ ലോകത്തിൽ രണ്ടേ രണ്ട് സങ്കേതിങ്ങളിലൊന്നാണ്. മറ്റൊന്ന് യൂറോപ്പിലെ ആൽപ്സ് പർവ്വത നിരകളിലെ സ്റ്റിറിയായിലാണുള്ളത്. എന്നാൽ ചിത്രങ്ങളുടെ ധാരാളിത്വം കൊണ്ട് എടക്കൽ സ്റ്റിറിയായെ പിന്നിലാക്കുന്നുവെന്നാണ് യൂറോപ്പിലുള്ള വിദഗ്ദ്ധൻമാർ തന്നെ രേഖപ്പെടുത്തിയിരിക്കുന്നത്. ഇന്ത്യയിൽ പലയിടത്തും ചരിത്രാതീത ഗുഹാസങ്കേതങ്ങളിലെല്ലാം ചായം ഉപയോഗിച്ച് വരച്ച ചിത്രങ്ങളാണുള്ളത്. എടക്കൽ ഗുഹയിലാകട്ടെ, കന്മഴു പോലെയുള്ള എന്തോ ഉപകരണം കൊണ്ട് പാറമേൽ ഉരച്ച് ഉണ്ടാക്കിയ ചിത്രങ്ങളാണ്.

ഇത് പുരാവസ്തുവകുപ്പിന്റെ കീഴിലാണെന്നാണ് പറയുന്നത്. എന്നാൽ ഈ അമൂല്യ സ്മാരകത്തിന്റെ സംരക്ഷണത്തിന് വേണ്ടി പുരാവസ്തു വകുപ്പ് ഒന്നും ചെയ്തിട്ടില്ല. ഗുഹക്കടുത്തായി കരിങ്കൽ ക്വാറി പ്രവർത്തിക്കുന്നതും, ഗുഹാചിത്രങ്ങൾ സന്ദർശകർ പേരെഴുതിയും മറ്റും നശിപ്പിക്കുന്നതും ഒരു ഭീഷണിയാണ്- നിവേദനത്തിൽ പറയുന്നു.

അമ്പുകുത്തിമലനിരകളിലെ ക്വാറികളുടെ പ്രവർത്തനം ശാശ്വതമായി നിരോധിക്കുക, ഈ മലനിരകൾ സംരക്ഷിത മേഖലയായി പ്രഖ്യാപിക്കുക, താൽക്കാലിക ഗെയിറ്റിന് പകരം സ്ഥിരം ഗെയിറ്റ് സ്ഥാപിക്കുക, പഠന- ഗവേഷണ സംബന്ധമായും കേവല സന്ദർശനത്തിനായും ദിനംപ്രതി വന്നു പോകുന്ന വിദേശിയരടക്കമുള്ള സന്ദർശകരുടെ സൗകര്യം കണക്കിലെടുത്തും ഗുഹയുടെ സംരക്ഷണം കണക്കിലെടുത്തും കാവൽക്കാരനെ നിയമിക്കുക, ഗുഹയുടെ ഉൾഭാഗം ഖനനം ചെയ്ത മണ്ണിനടിയിലെ ചിത്രങ്ങൾ കൂടി സംരക്ഷിക്കുക, സംസ്ഥാന ആർക്കിയോളജി വകുപ്പുമായി ബന്ധപ്പെട്ട് ഗുഹയേകുറിച്ച് ഗവേഷണം നടത്തുന്നതിനും, സംസ്ഥാന ടൂറിസം ഡവലപ്പ്മെന്റ് കോർപ്പറേഷനുമായി ബന്ധപ്പെട്ട് ടൂറിസ്റ്റ് കേന്ദ്രമാക്കുന്നതിനുമുള്ള പ്രൊജക്ടുകൾ ഉണ്ടാക്കുക തുടങ്ങിയ ആവശ്യങ്ങളാണ് നിവേദനത്തിൽ ഉന്നയിച്ചിട്ടുള്ളത്.

സംരക്ഷണ സമിതി സംസ്ഥാന ആർക്കിയോളജി വകുപ്പ് ഡയറക്ടർക്കും നിവേദനം സമർപ്പിച്ചിട്ടുണ്ട്.

# എടക്കൽഗുഹ സംരക്ഷിക്കാൻ സത്വരനടപടി വേണം

കല്പറ്റ: ലോകപ്രസിദ്ധമായ എടക്കൽഗുഹയിലെ ശിലാലിഖിതങ്ങളുടേയും അതിനു ചുററുമുള്ള ചരിത്രാവശിഷ്ടങ്ങളുടേയും സംരക്ഷണത്തിന ം വികസനത്തിനും സത്വര നടപടി കൈക്കൊള്ളണമെന്ന് എടക്കൽ ഗുഹാ സംരക്ഷണ സമിതി ആവശ്യപ്പെട്ടു.

ഈ ചരിത്രാതീത സാംസ്കാരിക സ്ഥാനം പുരാവസ്തു വകുപ്പിൻെറ കീഴിലുള്ളതാണെങ്കിലും ഈ അമൂല്യ സ്മാരകത്തിൻെറ സംരക്ഷണത്തിനു് വകുപ്പ് ഒന്നും ചെയ്തിട്ടില്ല. ഈ ചരിത്ര സ്മാരകം ഇന്നു രണ്ടു തരം ഭീഷണികളെയാണ് നേരിടുന്നതു്. അതിലേററവും ഭീകരമായത് അമ്പുകുത്തി മലനിരകളിലെ കരിങ്കൽ ക്വാറികളുടെ പ്രവർത്തനം മൂലമുള്ളതാണ്. ഇതു മനസ്സിലാക്കി ജില്ലാ കലക്ടർ ഒരു ഉത്തരവിലൂടെ ഇതിൻെറ പ്രവർത്തനം നിരോധിച്ചിട്ടുണ്ട്. ഡയനാമിററുകളുടെ സ്ഫോടനം മൂലമുണ്ടാകുന്ന കമ്പനം മൂലം ലോകപ്രസിദ്ധവും അത്യപൂർവ്വവുമായ ചരിത്രാതീത സ്മാരകത്തിൻെറ സുരക്ഷ കണക്കിലെടുത്തു ശാശ്വതമായി ക്വാറികളുടെ പ്രവർത്തനം നിരോധിക്കുന്ന നിയമ നടപടികളുണ്ടാവണമെന്നു് ഗുഹാ സംരക്ഷണ സമിതി ആവശ്യപ്പെട്ടു.

രണ്ടാമത്തെ ഭീഷണി വിവേചനമില്ലാതെ ഗുഹാചിത്രങ്ങൾക്ക് മുകളിൽ ഉളികൊണ്ടും മററും പേരെഴുതി സ്മാരകത്തിനു് നാശമുണ്ടാക്കുന്ന സന്ദർശകരിൽ നിന്നുള്ളതാണ്. അനധികൃതവും, വിവേചനാരഹിതവുമായ സന്ദർശനം നിരോധിക്കുവാൻ ജില്ലാ കലക്ടരുടെ അനുമതിയോടെ എടക്കൽ ഗുഹാ സംരക്ഷണ സമിതി നാട്ടുകാരിൽ നിന്നു് ഗുഹാകവാടത്തിനു് താൽക്കാലിക ഗേററ് സ്ഥാപിച്ചു താക്കോൽ ജില്ലാ കലക്ടരെ ഏല്പിക്കുകയും ചെയ്തു. ഈ ചരിത്ര സ്മാരകത്തിൻെറ സംരക്ഷണത്തിനും വികസനത്തിനും വേണ്ടി അമ്പുകുത്തി മലനിരകളിലെ കരിങ്കൽ ക്വാറികളുടെ പ്രവർത്തനം ശാശ്വതമായി നിരോധിക്കണം. അമ്പുകുത്തി മലനിരകൾ സംരക്ഷിത മേഖലയായി പ്രഖ്യാപിക്കണം. താൽക്കാലിക ഗേററിനു പകരം സ്ഥിരം ഗേററ് സ്ഥാപിക്കണം. പഠന-ഗവേഷണ സംബന്ധമായും കേവല സന്ദർശനത്തിനായും ദിനംപ്രതി വന്നുപോകുന്ന വിദേശീയരടക്കമുള്ള സന്ദർശകരുടെ സൗകര്യം കണക്കിലെടുത്തും ഗുഹയുടെ സംരക്ഷണം കണക്കിലെടുത്തും കാവൽക്കാരനെ നിയമിക്കണം. ഗുഹയുടെ ഉൾഭാഗം ഖനനം ചെയ്തു മണ്ണിന്നടിയിലെ ചിത്രങ്ങൾ കൂടി സംരക്ഷിക്കുക. സുൽത്താൻബത്തേരിയിൽ നിന്നും എളുപ്പമാർഗ്ഗത്തിലും ആയിരംകൊല്ലി, കപ്പക്കൊല്ലി പ്രദേശങ്ങളിൽ ചിതറിക്കിടക്കുന്ന പ്രാചീനശവക്കല്ലറകളുടേയും നന്നങ്ങാടികളുടേയും സമീപത്തുകൂടിയും അമ്പുകുത്തി മലനിരകളുടെ താഴ്വരകളിലൂടേയും സഞ്ചരിച്ച് ഗുഹയുടെ അടിവാരത്തെത്താവുന്നതുമായ നിലവിലുള്ള റോഡ് നന്നാക്കുക. ഗുഹയുടെ സമീപ പ്രദേശങ്ങളിൽ സ്വാഭാവിക വനം വെച്ചുപിടിപ്പിക്കുക. സംസ്ഥാന ആർക്കിയോളജി വകുപ്പുമായി ബന്ധപ്പെട്ട് ഗുഹയെക്കുറിച്ച് ഗവേഷണം നടത്തുന്നതിനും, സംസ്ഥാന ടൂറിസം ഡവലപ്പ്മെൻറ് കോർപ്പറേഷനുമായി ബന്ധപ്പെട്ടു ടൂറിസ്റ്റ് കേന്ദ്രമാക്കുന്നതിനുള്ള പ്രോജക്റ്റുകൾ ഉണ്ടാക്കുകയും വേണം.

എടക്കൽ ഗുഹയും അതിനു ചുററുമുള്ള ചരിത്രാവശിഷ്ടങ്ങളുടേയും സംരക്ഷണത്തിനും വികസനത്തിനും വേണ്ട നടപടികൾ ഉണ്ടാവണമെന്നു് സംസ്ഥാന ആർക്കിയോളജി വകുപ്പിന്ന് എടക്കൽ ഗുഹാ സംരക്ഷണ സമിതി കൺവീനർ തോമസ് അമ്പലവയൽ നൽകിയ നിവേദനത്തിൽ ചൂണ്ടിക്കാട്ടി.

മാതൃഭൂമി 1986 ഡിസംബർ 5 വെള്ളിയാഴ്ച

# വികസനമെത്താത്ത കുപ്പക്കൊല്ലി-എടക്കൽ ഗ്രാമങ്ങൾ

മാതൃഭൂമി
1988 ഡിസംബർ 5
[illegible]

അമ്പലവയൽ: നിരവധി ആദിവാ
...കളും കാൽ നൂററാണ്ട് മുമ്പേ കുടി
...റിപ്പാർപ്പ് തുടങ്ങിയ ജനങ്ങളും
...യുന്ന കുപ്പക്കൊല്ലി, എടക്കൽ ഗ്രാ
...ങ്ങൾ ഇന്നും വികസനമെന്തെന്നറി
...തെ നിലകൊള്ളുന്നു. വെള്ളം,
...ളിച്ചം, ഗതാഗത സൗകര്യം തുട
...യ പ്രാഥമിക പ്രശ്നങ്ങൾ പോലും
...ിടെ നിറവേററാതെ കിടക്കുന്നു.
...ആവശ്യങ്ങൾക്കു വേണ്ടി വർഷങ്ങ
...ായി തദ്ദേശവാസികൾ നടത്തിയ
...വിളികൾ വനരോദനമായി കലാ
...ച്ചു.

...പീഞ്ഞേരി—അമ്പുകുത്തി റോഡ്
...ചെയ്ത് അമ്പലവയലും ബത്തേ
...യുമായി ബന്ധപ്പെടുത്തുകയെന്ന
...ന്ന് ഒരു പ്രധാന ആവശ്യം. ചരി
...പ്രധാനവും പ്രസിദ്ധവുമായ എട
... ഗുഹയിലേക്കുള്ള ഏററവും സൗ

കര്യപ്രദമായ ഏക പാത കൂടിയാണ്
ഇത്. മററൊരു പ്രധാന ആവശ്യം കു
ടിവെള്ളമാണ്. സർക്കാർ സന്മന
സ്സ് കാണിച്ചാൽ വളരെ ചെലവു
കുറഞ്ഞ മാർഗ്ഗത്തിൽ പരിഹരിക്കാൻ
കഴിയുന്ന പ്രശ്നം. കുപ്പക്കൊല്ലിയിലുള്ള
പൊൻമുടിക്കോട്ട മലയിലെ നീരൊഴു
ക്കുകൾ ബണ്ട് കെട്ടി സംഭരിച്ചാൽ
യാതൊരു യന്ത്രസഹായവും കൂടാതെ
എല്ലാകാലവും തദ്ദേശവാസികൾക്ക്
ശുദ്ധജലം വിതരണം ചെയ്യുന്നതിന്ന്
വെറും പൈപ്പുകൾ മാത്രം ഉപയോ
ഗിച്ചാൽ മതി.

ഈ പ്രദേശത്തൊരു പ്രൈമറി സ്കൂ
ളിന്നു വേണ്ടി മുറവിളി കൂട്ടിയെങ്കിലും
ഇന്നും ലഭിച്ചിട്ടില്ല. ബത്തേരി താ
ലൂക്കിലെ നെന്മേനി പഞ്ചായത്തി
ൻെറ ഒന്നാം വാർഡായ കുപ്പക്കൊല്ലി
യും എടക്കല്ലും അയൽ പഞ്ചായത്താ

യ അമ്പലവയൽ പഞ്ചായത്ത് ഓ
ഫീസിൻെറ ഉമ്മറപ്പടിയിൽ കിട
ക്കുന്ന പ്രദേശമാണ്. കുപ്പക്കൊല്ലി—
എടക്കൽ പ്രദേശത്തുകാർക്ക് അമ്പലവ
യൽ പഞ്ചായത്ത് ഓഫീസിലേക്കുള്ള
ഏററവും കുറഞ്ഞ ദൂരം അര കിലോ
മീററർ. ഏററവും കൂടിയത് അഞ്ചു
കി. മീററുമായിരിക്കേ നെന്മേനി
പഞ്ചായത്താഫീസിലേക്കുള്ള ദൂരം പ
തിനാല് കി. മീററിലധികമുണ്ട്.

പഞ്ചായത്താസ്ഥാനവും പ്രസ്തുത
ഗ്രാമങ്ങളും തമ്മിലുള്ള ദൂരവും, ഗതാ
ഗത സൗകര്യക്കുറവുമാണ് ഈ പ്രദേശ
ത്തിൻെറ വികസനത്തിന്ന് മുഖ്യ തട
സ്സം. നെന്മേനി പഞ്ചായത്ത് ഒന്നാം
വാർഡ് പൂർണ്ണമായും അമ്പലവ
യൽ പഞ്ചായത്തിൽ ലയിപ്പിച്ചുക
ഴിഞ്ഞാൽ പ്രശ്നങ്ങൾ കുറേക്കൂടി എള
പ്പത്തിൽ പരിഹരിക്കാൻ കഴിയും.

# എടക്കൽഗുഹ സംരക്ഷിക്കാൻ സത്വരനടപടി വേണം

കല്പററ: ലോകപ്രസിദ്ധമായ എട
ക്കൽഗുഹയിലെ ശിലാലിഖിതങ്ങളുടേ
യുംഅതിന്നു ചുററുമുള്ള ചരിത്രാവശിഷ്ട
ങ്ങളുടേയുംസംരക്ഷണത്തിനും വികസ
നത്തിന്നും സത്വര നടപടി കൈ
ക്കൊള്ളണമെന്ന് എടക്കൽ ഗുഹാ
സംരക്ഷണ സമിതി ആവശ്യപ്പെട്ടു.

ഈ ചരിത്രാതീത സാംസ്കാരിക
സ്ഥാനം പുരാവസ്തു വകുപ്പിൻെറ കീ
ഴിലുള്ളതാണെങ്കിലും ഈ അമൂല്യ
സ്മാരകത്തിൻെറ സംരക്ഷണത്തിന്ന്
വകുപ്പ് ഒന്നും ചെയ്യിട്ടില്ല. ഈ ചരി
ത്ര സ്മാരകം ഇന്നു രണ്ടു തരം ഭീഷണി
കളെയാണ് നേരിടുന്നത്. അതിലേ
ററവും ഭീകരമായത് അമ്പുകുത്തി മല
നിരകളിലെ കരിങ്കൽ ക്വാറികളുടെ
പ്രവർത്തനം മൂലമുള്ളതാണ്. ഇതു
മനസ്സിലാക്കി ജില്ലാ കലക്ടർ ഒരു ഉ
ത്തരവിലൂടെ ഇതിൻെറ പ്രവർത്തനം
നിരോധിച്ചിട്ടുണ്ട്. ഡയനാമിററുകളു
ടെ സ്ഫോടനം മൂലമുണ്ടാകുന്ന കമ്പ
നം മൂലം ലോകപ്രസിദ്ധവും അത്യ
പൂർവ്വവുമായ ചരിത്രാതീത സ്മാരക
ത്തിൻെറ സുരക്ഷ കണക്കിലെടുത്തു
ശാശ്വതമായി ക്വാറികളുടെ പ്രവർത്ത
നം നിരോധിക്കുന്ന നിയമ നടപടി
കളുണ്ടാവണമെന്ന് ഗുഹാ സംരക്ഷണ
സമിതി ആവശ്യപ്പെട്ടു.

രണ്ടാമത്തെ ഭീഷണി വിവേചന
മില്ലാതെ ഗുഹാചിത്രങ്ങൾക്ക് മുക
ളിൽ ഉളികൊണ്ടും മററും പേരെഴുതി
സ്മാരകത്തിന്ന് നാശമുണ്ടാക്കുന്ന സ
ന്ദർശകരിൽ നിന്നുള്ളതാണ്. അന
ധികൃതവും, വിവേചനാരഹിതവുമായ
സന്ദർശനം നിരോധിക്കുവാൻ ജില്ലാ
കലക്ടരുടെ അനുമതിയോടെ എടക്കൽ
ഗുഹാ സംരക്ഷണ സമിതി നാട്ടുകാ
രിൽ നിന്നു് ഗുഹാകവാടത്തിന്ന്
താൽക്കാലിക ഗേററ് സ്ഥാപിച്ചു താ
ക്കോൽ ജില്ലാ കലക്ടരെ ഏല്പിക്കുകയും
ചെയ്തു. ഈ ചരിത്ര സ്മാരകത്തി
ൻെറ സംരക്ഷണത്തിന്നും വികസന
ത്തിന്നും വേണ്ടി അമ്പുകുത്തി മലനി
രകളിലെ കരിങ്കൽ ക്വാറികളുടെ പ്ര
വർത്തനം ശാശ്വതമായി നിരോധി
ക്കണം. അമ്പുകുത്തി മലനിരകൾ സം
രക്ഷിത മേഖലയായി പ്രഖ്യാപിക്ക
ണം. താൽക്കാലിക ഗേററിന്നു പക
രം സ്ഥിരം ഗേററ് സ്ഥാപിക്കണം.
പഠന—ഗവേഷണ സംബന്ധമായും
കേവല സന്ദർശനത്തിന്നായും ദിനം
പ്രതി വന്നുപോകുന്ന വിദേശീയരട
ക്കമുള്ള സന്ദർശകരുടെ സൗകര്യം ക
ണക്കിലെടുത്തും ഗുഹയുടെ സംരക്ഷ
ണം കണക്കിലെടുത്തും കാവൽക്കാര
ന്നെ നിയമിക്കണം. ഗുഹയുടെ ഉൾ

ഭാഗം ഖനനം ചെയ്തു മണ്ണിന്നടി
യിലെ ചിത്രങ്ങൾ കൂടി സംരക്ഷിക്ക
ക. സുൽത്താൻബത്തേരിയിൽ നിന്നും
എളുപ്പമാർഗ്ഗത്തിലും ആയിരംകൊ
ല്ലി, കുപ്പക്കൊല്ലി പ്രദേശങ്ങളിൽ
ചിതറിക്കിടക്കുന്ന പ്രാചീനശവക്ക
ല്ലറകളുടേയും നന്നങ്ങാടികളുടേയും സ
മീപത്തുകൂടിയും അമ്പുകുത്തി മലനിര
കളുടെ താഴ്വരകളിലൂടേയും സഞ്ച
രിച്ച് ഗുഹയുടെ അടിവാരത്തെത്താ
വുന്നതുമായ നിലവിലുള്ള റോഡ്
നന്നാക്കുക. ഗുഹയുടെ സമീപ പ്രദേ
ശങ്ങളിൽ സ്വാഭാവിക വനം വെച്ചു
പിടിപ്പിക്കുക. സംസ്ഥാന ആർക്കി
യോളജി വകുപ്പുമായി ബന്ധപ്പെട്ട്
ഗുഹയെക്കുറിച്ച് ഗവേഷണം നടത്തു
ന്നതിന്നും, സംസ്ഥാന ടൂറിസം ഡെവ
ലപ്പ്മെൻറ് കോർപ്പറേഷനുമായി
ബന്ധപ്പെട്ട ടൂറിസ്റ്റ് കേന്ദ്രമാക്കുന്നതി
നുള്ള പ്രോജക്ടുകൾ ഉണ്ടാക്കുകയും
വേണം.

എടക്കൽ ഗുഹയും അതിനു ചുററു
മുള്ള ചരിത്രാവശിഷ്ടങ്ങളുടേയും സംര
ക്ഷണത്തിന്നും വികസനത്തിന്നും വേ
ണ്ട നടപടികൾ ഉണ്ടാവണമെന്ന് സം
സ്ഥാന ആർക്കിയോളജി വകുപ്പിന്ന്
എടക്കൽ ഗുഹാ സംരക്ഷണ സമിതി
കൺവീനർ തോമസ് അമ്പലവയൽ
നൽകിയ നിവേദനത്തിൽ ചൂണ്ടി
ക്കാട്ടി.

5/5/93 1993 മെയ് 5. മനോരമ

# എടയ്ക്കൽ ഗുഹയിൽ പ്രവേശന നിയന്ത്രണം


കൽപ്പറ്റ: വയനാട്ടിലെ ചരിത്രസ്മാരകമായ എടയ്ക്കൽ ഗുഹയിലേക്കുള്ള സന്ദർശനം നിയന്ത്രിക്കാൻ ജില്ലാ ടൂറിസം പ്രമോഷൻ കൗൺസിൽ തീരുമാനിച്ചു.

ഗുഹ കാണാനെത്തുന്നവർക്ക് കൂടുതൽ സൗകര്യങ്ങൾ ഏർപ്പെടുത്താനും ഗുഹയുടെയും ഗുഹാചിത്രങ്ങളുടെയും സംരക്ഷണം ഉറപ്പാക്കാനും കൗൺസിൽ നടപടിയെടുക്കും.

പൂക്കോട് തടാക പരിസരത്തു ചേർന്ന യോഗത്തിൽ കലക്ടർ സി. എസ്. ശ്രീനിവാസൻ ആധ്യക്ഷ്യം വഹിച്ചു. ടൂറിസം
...പുറത്തിറക്കിയ വിനോദ സഞ്ചാര
...ധീകരണത്തിൽ മലബാർ പ്രദേശം
...ണിക്കപ്പെട്ടതിൽ യോഗം ആശങ്ക പ്ര
...ിച്ചു. ഭാവിയിലെങ്കിലും ഈ തെറ്റ് ഒഴിവാക്കണമെന്ന് യോഗം അംഗീകരിച്ച പ്രമേയത്തിൽ ചൂണ്ടിക്കാട്ടി.

## കാട്ടുപന്നി കുത്തി

പുൽപ്പള്ളി: കാട്ടുപന്നിയുടെ പരാക്രമത്തിൽ മൂന്നു പേർക്കു പരുക്കേറ്റു. അമരക്കുനിയിലെ കുടത്തനൽ ദാമോദരൻെറ മകൻ ഷാജൻ (24), പഴപ്ളാക്കൽ രവി (38), പെരിയിലം കാട്ടിൽ രാജമ്മ (35) എന്നിവർക്കാണ് കുത്തേറ്റത്. കാലത്തു റബർ ടാപ്പിംഗിനു പോവുകയായിരുന്ന ഷാജനെ തോട്ടത്തിൽവച്ചാണ് ആക്രമിച്ചത്. കൈ ഒടിഞ്ഞ ഷാജനെ കൽപ്പറ്റ ആയുർവേദ ആശുപത്രിയിൽ പ്രവേശിപ്പിച്ചു. വീട്ടുമുറ്റത്തുവച്ചാണ് രവിയെയും രാജമ്മയെയും പന്നി കുത്തിയത്.




അമ്പുകുത്തി കരിങ്കൽ ക്വാറി നിരോധിച്ചതിൽ പ്രതിഷേധിച്ച തൊഴിലാളികളും നാട്ടുകാരും വയനാട് കലക്ടറേറ്റ് പടിക്കൽ നടത്തിയ ധർണ.

# ക്വാറി നിരോധിച്ചതിന് എതിരേ ധർണ

മനോരമ 1986 ഡിസംബർ ടവെള്ളി


കൽപ്പറ്റ: അമ്പുകുത്തി മലയിലെ കരിങ്കൽ ക്വാറി നിരോധിച്ചതിനാൽ 200 തൊഴിലാളി കുടുംബങ്ങൾ പട്ടിണിയിലായി. യാതൊരു മുന്നറിയിപ്പുമില്ലാതെ ക്വാറി നിരോധിച്ച ജില്ലാ കലക്ടറുടെ നടപടിക്കെതിരേ സർവകക്ഷി ആക്ഷൻ കമ്മിറ്റിയും ക്വാറി സംരക്ഷണസമിതിയും കലക്ടറേറ്റിനു മുമ്പിൽ ധർണ നടത്തി.

എടയ്ക്കൽ ഗുഹാ സംരക്ഷണത്തിന്റെ പേരിൽ ഗുഹയുടെ മൂന്നു കിലോമീറ്റർ അകലെയുള്ള ക്വാറി നിരോധിച്ചതിനു നിതീകരണമില്ലെന്നു സമിതി ചൂണ്ടിക്കാട്ടി. കെ. കെ. വിശ്വനാഥൻ ധർണ ഉദ്ഘാടനം ചെയ്തു.

വിവിധ രാഷ്ട്രീയ കക്ഷികളെ പ്രതിനിധീകരിച്ച് ജി. തങ്കപ്പൻ, പി. ജെ. സേവ്യർ, പ്രൊഫ. കെ. എം. മത്തായി, ടി. ജെ. രാജു, സി. കെ. ആലി, കെ. ജി. പരമേശ്വരൻ, ഒ. ഇ. കാസിം, കെ. കുഞ്ഞു മുഹമ്മദ്, എം. എ. ജോസഫ്, ഇ. സൂപ്പിക്കുട്ടി, ടി. വി. മാത്യൂസ് എന്നിവർ പ്രസംഗിച്ചു.

ക്വാറി തുറന്നു പ്രവർത്തിപ്പിക്കുന്നതിനു സർവകക്ഷി ആക്ഷൻ കൗൺസിൽ നിലവിൽവന്നു. കെ. കെ. വിശ്വനാഥനാണ് രക്ഷാധികാരി. പ്രൊഫ. കെ. എം. മത്തായി—പ്രസിഡന്റ്, പി. ജെ. സേവിയർ, ടി. അസൈൻ—വൈസ് പ്രസിഡന്റുമാർ, ടി. കെ. [illegible], ഒ. ഇ. കാസിം, ടി. യു. പൗലൂസ്, പി. കെ. മോഹനൻ—സെക്രട്ടറിമാർ, സി. അലി—ട്രഷറർ എന്നിവരാണ് മറ്റു ഭാരവാഹികൾ.

ക്വാറി നിരോധിച്ച നടപടിയെ ബി. ജെ. പി. സ്വാഗതം ചെയ്യുന്നതായി യുവമോർച്ച സംസ്ഥാന വൈസ് പ്രസിഡന്റ് വി. കെ. കേശവദാസ് അറിയിച്ചു.



എടയ്ക്കൽ ഗുഹയ്ക്കു നാട്ടുകാർ പിരിവെടുത്തു സ്ഥാപിച്ച ഇരുമ്പുഗേറ്റും മുള്ളു കമ്പി വേലിയും. ഈ മുള്ളുവേലി പൊളിച്ച് അകത്തിയാണ് പോലീസുകാർ അകത്തുകടന്നത്. പിന്നീട് നാട്ടുകാർ വേലി നന്നാക്കി പഴയ രീതിയിലാക്കി.

മാതൃഭൂമി 1986 ഡിസംബർ 7 ഞായർ

# ക്വാറിക്കുവേണ്ടി സമരം നടത്തും

**-രാമചന്ദ്രൻ മാസ്റ്റർ**

# എടക്കൽ ഗുഹ വെറും ക്വാറിയല്ല

**-വീരേന്ദ്രകുമാർ**

കല്പറ്റ: എടക്കൽ ഗുഹയെക്കുറിച്ചുള്ള ചരിത്രഗവേഷകരുടെ റിപ്പോർട്ട് സ്ഥലം സന്ദർശിക്കാതെ ഏതോ വ്യത്യസ്ത രാഷ്ട്രീയക്കാർ പറഞ്ഞുകൊടുത്തതിന്റെ അടിസ്ഥാനത്തിലുള്ളതാണെന്ന് കെ.പി.സി.സി. സിക്രട്ടറി കെ.കെ.രാമചന്ദ്രൻമാസ്റ്റർ എം.എൽ.എ. ആരോപിച്ചു.

എടക്കൽ ഗുഹയും അമ്പുകുത്തി ക്വാറിയും തമ്മിൽ സുമാർ മൂന്നു കിലോമീറ്റർ നീളമുണ്ടെന്നും ക്വാറി ഗുഹയുടെ സുരക്ഷിതത്വത്തിന് യാതൊരു ഭംഗവും ഉണ്ടാക്കില്ലെന്നും അദ്ദേഹം പറഞ്ഞു. ഈ ക്വാറികളുടെ പ്രവർത്തനം പുനഃസ്ഥാപിക്കുന്നതിൽ താൻ സമ്മർദ്ദം ചെലുത്തിയെന്ന് പറയുന്നത് ശുദ്ധ കള്ളമാണ്. എന്നാൽ ക്വാറികളുടെ പ്രവർത്തനം തടസ്സപ്പെടുത്തിയ കലക്ടറുടെ നടപടി റദ്ദാക്കുന്നതിനുള്ള സമരവുമായി താൻ മുന്നോട്ടു പോകുമെന്നും മാസ്റ്റർ അറിയിച്ചു.

മാസ്റ്ററുടെ പ്രസ്താവന ശുദ്ധ വിവരമില്ലായ്മയാണെന്നും ചരിത്രഗവേഷകരുടെ നിഗമനങ്ങളെ അവഹേളിക്കലാണിതെന്നും ജനതാ പാർട്ടി ജനറൽ സെക്രട്ടറി എം.പി.വീരേന്ദ്രകുമാർ പ്രസ്താവിച്ചു. പുരാവസ്തു ഗവേഷണത്തിൽ ആധികാരികമായി സംസാരിക്കാൻ കഴിവുള്ളത് ഗവേഷകർക്കാണ്, മാസ്റ്റർക്കല്ല—എടക്കൽ ഗുഹ മാനവചരിത്രത്തെക്കുറിച്ച് നമുക്ക് അറിവ് നൽകുന്നൊരു നാഴികക്കല്ലാണ്. അതു വെറും കല്ലിന്റെ ഗുഹയും ക്വാറിയുമല്ല. ഈ ചരിത്രസ്മാരകത്തെ എന്തുവിലകൊടുത്തും സംരക്ഷിക്കാൻ മുന്നിട്ടിറങ്ങണമെന്ന് വീരേന്ദ്രകുമാർ ആഹ്വാനംചെയ്തു.

## ഇന്ന് പ്രകടനം

കല്പററ: എടക്കൽ ഗുഹ നശിപ്പിക്കമാറ് അമ്പുകുത്തി മലയിൽ പാറ പൊട്ടിക്കുന്നതിനു വീണ്ടും അനുമതി നൽകിയ സർക്കാർ നടപടിക്കെതിരെ 'വയനാട്' പ്രകൃതി സംരക്ഷണ സമിതി, തേഡൽ കലാ സാഹിത്യ സംഘം, കോട്ടത്തറ ദരിദ്ര നാടകവേദി, ബത്തേരി ജേസീസ്, എടക്കൽ ഗുഹസംരക്ഷണസമിതി എന്നിവയുടെ പ്രവർത്തകർ ഞായറാഴ്ച വൈകുന്നേരം മൂന്നര മണിക്ക കല്പററയിൽ പ്രകടനം നടത്തി മുഖ്യമന്ത്രിക്ക നിവേദനം നൽകും.

ഗുഹ സംരക്ഷണത്തിൽതാല്പര്യമുള്ള മുഴുവൻ ജനങ്ങളും പ്രകടനത്തിനു മൂന്നര മണിക്ക കൈനാടിയിൽ എത്തിച്ചേരണം. അഡ്വ. സി. സി. മാത്യു, ഇ. പി. മോഹൻദാസ്, കെ. പി. അബ്ദുറം വഹാബ്, വേലായുധൻ കൊട്ടത്തറ, തോമസ് അമ്പലവയൽ എന്നിവർ സംസാരിക്കും.

ലോകപ്രശസ്തമായ എടക്കൽ ഗുഹ സ്ഥിതി ചെയ്യുന്ന അമ്പുകുത്തി മലനിരകളുടെ തെക്കൻ ചെരിവുകളിൽ പ്രവർത്തിച്ചു വരുന്നതും, ഗുഹയുടെ സർവ്വനാശത്തിനു കാരണമാകുന്ന കരിങ്കൽ ക്വാറികളുടെ പ്രവർത്തനം നിരോധിച്ച ജില്ലാകലക്ടരുടെഉത്തരവ് റദ്ദാക്കിക്കൊണ്ടുക്വാറിഉടമകൾക്കവീണ്ടുംപാറ പൊട്ടിക്കാൻ അനുമതി നൽകിയ സർക്കാർ നടപടി അപലപനീയമാണെന്നു ഇവർ ചൂണ്ടിക്കാട്ടി. മഹത്തായ ഒരു ചരിത്രസ്മാരകത്തെ ഏതാനം ക്വാറി ഉടമകളുടെ സങ്കുചിത താല്പര്യങ്ങൾക്ക വേണ്ടി നശിപ്പിക്കുവാൻ ഉള്ള നടപടികളെ ഉൽക്കണ്ഠയോടെയാണ് തങ്ങൾ വീക്ഷിക്കുന്നതെന്നു അവർ പറഞ്ഞു. ജില്ലാ കലക്ടരുടെ ഉത്തരവു റദ്ദാക്കിയ സർക്കാർ നടപടികളിൽ ശക്തിയായ പ്രതിഷേധം ഉയരേണ്ടതുണ്ട്.

## മാർച്ച് നടത്തും

കല്പററ: ചരിത്രപ്രസിദ്ധമായ എടക്കൽ ഗുഹ നശിപ്പിക്കുമാറ് അമ്പുകുത്തിമലയിൽ പാറ പൊട്ടിക്കുകയാണെങ്കിൽ ക്വാറികളിലേക്ക നൂറുകണക്കിനു പ്രവർത്തകരെ അണിനിരത്തിക്കൊണ്ടു മാർച്ച് നടത്തുമെന്നു ഭാരതീയ ജനതാ പാർട്ടി മുന്നറിയിപ്പു നൽകി.

ഗുഹയുടെ സംരക്ഷണാർത്ഥം ജില്ലാ കലക്ടർ പുറപ്പെടുവിച്ച നിരോധനോത്തരവു തൊഴിലാളികളുടെ പേരു പറഞ്ഞാണ് പിൻവലിച്ചത്. തൊഴിലാളി താല്പര്യത്തിന്റെ മറവിൽ ക്വാറി മുതലാളിമാർക്ക കൂട്ടു നിൽക്കുകയാണ് സർക്കാർ ചെയ്യുന്നത്.

ഇക്കഴിഞ്ഞ ദിവസം കലക്ടറേററിൽ നടന്ന ധർണയിൽ കോൺഗ്രസ് നേതാക്കൾ കലക്ടറെ അസഭ്യം പറയുകയാണുണ്ടായതെന്നു ബി.ജെ.പി. ആരോപിച്ചു.

എന്തു വില കൊടുത്തും ആയിരത്താണ്ടു പഴക്കമുള്ള എടക്കൽ ഗുഹ സംരക്ഷിക്കാൻ ബി.ജെ.പി. പ്രതിജ്ഞാബദ്ധമാണെന്നും ജില്ലാ സെക്രട്ടറി പി.കെ. പ്രസാദ് അറിയിച്ചു.

കേരളകൗമുദി - 1986 ഡിസംബർ 6

# കലക്ടറുടെ ഉത്തരവിനും വിലയില്ല

കല്പറ്റ - ഡിസം. 5

ജില്ലാ കലക്ടറുടെ നിരോധനാജ്ഞ കോൺഗ്രസ് - ഐ നേതാക്കളുടെ സമ്മർദ്ദം മൂലം ഗവണ്മെന്റ് പിൻവലിച്ചു. ലോക പ്രസിദ്ധമായ എടക്കൽ ഗുഹാചിത്രങ്ങളെ നാശത്തിൽ നിന്ന് സംരക്ഷിക്കാൻ ഇവിടെയുള്ള അനധികൃത കരിങ്കൽ ക്വാറികൾ നിരോധിച്ചുകൊണ്ട് ഉത്തരവിട്ടത് നവംബർ 24 നാണ്.

ഡോ. എം.ആർ. രാഘവ വാരിയർ ഉൾപ്പെടെയുള്ള ചരിത്ര പണ്ഡിതന്മാരുടെ നേതൃത്വത്തിൽ നാട്ടുകാർ കലക്ടർക്ക് നൽകിയ നിവേദനത്തെ തുടർന്നായിരുന്നു അമ്പുകുത്തി മലയിലെ നടപടി.

എന്നാൽ ഇതു് തൊഴിലാളി ദ്രോഹമാണെന്നു് ആരോപിച്ചുകൊണ്ടു് ക്വാറി കോൺട്രാക്ടർമാരും ഐ.എൻ.ടി.യു.സി. ഐ തൊഴിലാളികളും കലക്ടറെ സമീപിച്ചു.

കഴിഞ്ഞ ദിവസം കെ.കെ. രാമചന്ദ്രൻ മാസ്റ്റർ എം.എൽ.എ യുടെ സഹോദരൻ കെ.കെ. വിശ്വനാഥന്റെ നേതൃത്വത്തിൽ നിരോധന ഉത്തരവു പിൻവലിക്കണമെന്നാവശ്യപ്പെട്ട 300 ഓളം തൊഴിലാളികൾ കലക്ടറേറ്റിനു് മുന്നിൽ ധർണ നടത്തിയിരുന്നു.

ഐ.എൻ.ടി.യു.സി. ഐ തൊഴിലാളികളും കോൺട്രാക്ടർമാരും രാമചന്ദ്രൻ മാസ്റ്റർ എം.എൽ.എ. യുടെ നേതൃത്വത്തിൽ നടത്തിയ കളിയുടെയും സമ്മർദ്ദങ്ങളുടെയും ഫലമായിട്ടാണ് കലക്ടറുടെ നിരോധനാജ്ഞ പിൻവലിക്കാൻ ഉത്തരവ് വന്നതെന്നും ആരോപണമുണ്ടു്.

ക്വാറി പ്രശ്നത്തിന്റെ പേരിൽ രാമചന്ദ്രൻ മാസ്റ്റർ എം.എൽ.എ കലക്ടറെ നിശിതമായി വിമർശിച്ചിരുന്നു. രാഷ്ട്രീയ സമ്മർദ്ദം മൂലം ലോകപുരാവസ്തു ചരിത്രത്തിൽ തന്നെ സ്ഥാനം പിടിച്ച എടക്കൽ ഗുഹ നശിപ്പിക്കുന്ന ഇത്തരം ഒരു നടപടി എടുത്തതിനു് കലക്ടർ ചെയർമാനായുള്ള എടക്കൽ ഗുഹാ സംരക്ഷണ സമിതി പ്രതിഷേധിച്ചിട്ടുണ്ടു്.

മാതൃഭൂമി
1986 ഡിസംബർ 8 തിങ്കൾ

# എടക്കൽ ഗുഹക്ക് ക്വാറി ഭീഷണിയല്ല: മുഖ്യമന്ത്രി

കല്പറ്റ: ആയിരത്താണ്ടുകൾക്കു മേൽ പഴക്കമുള്ള എടക്കൽ ഗുഹാലിഖിതങ്ങൾക്കു സമീപമുള്ള കരിങ്കൽ ക്വാറികൾ ഗുഹക്കു ഭീഷണിയല്ലെന്നു മുഖ്യമന്ത്രി കെ. കരുണാകരൻ പത്രലേഖകരോട് പറഞ്ഞു. ഇക്കാര്യത്തിൽ വിവരമുള്ളവരെക്കൊണ്ട് അടുത്തു തന്നെ അന്വേഷണം നടത്തിക്കുമെന്നും അദ്ദേഹം പറഞ്ഞു.

വെറും ഒരു ഗവർമ്മെണ്ട് ഉദ്യോഗസ്ഥൻ മാത്രമായ ജില്ലാ കലക്ടർ അല്ല ക്വാറി നിരോധിച്ചു കൊണ്ടുള്ള ഉത്തരവ് ഇടേണ്ടതെന്നും ഇക്കാര്യത്തിൽ തീരുമാനമെടുക്കാൻ ജില്ലാ കലക്ടർ സർവ്വാധിപതിയൊന്നും അല്ലെന്നും മുഖ്യമന്ത്രി പറഞ്ഞു. ഗുഹാസംരക്ഷണത്തിന്റെ പേരിൽ ആയിരക്കണക്കിനാളുകളെ പട്ടിണിക്കിടാൻ കഴിയില്ലെന്നും മുഖ്യമന്ത്രി പറഞ്ഞു. പാറ പൊട്ടിക്കൽ കൊണ്ട് ഗുഹക്കു യാതൊരു നാശവും സംഭവിക്കുകയില്ലെന്നും അദ്ദേഹം അഭിപ്രായപ്പെട്ടു.

കണിയാമ്പറ്റ ഇരട്ടക്കൊലപാതകത്തിലെ പ്രതികളെ എത്രയും വേഗം കണ്ടുപിടിക്കണമെന്നു ക്രൈംബ്രാഞ്ച് ഐ. ജി.യോട് മുഖ്യമന്ത്രി ആവശ്യപ്പെട്ടിട്ടുണ്ട്.

സുൽത്താൻബത്തേരിയിലെ റോഡുകൾ അനധികൃതമായി കൈയടക്കി കെട്ടിടങ്ങൾ ഉയർത്തിയത് പൊളിച്ചു മാറ്റുന്ന കാര്യം ഗവർമ്മെണ്ട് പരിഗണിക്കും.

കുടകു മലയാളികൾക്കുനേരെയുള്ള അക്രമങ്ങൾ അമർച്ച ചെയ്യണമെന്ന് സംസ്ഥാന ഗവർമ്മെണ്ട് കേന്ദ്രഗവർമ്മെണ്ടിനോട് ആവശ്യപ്പെട്ടിട്ടുണ്ടെന്നു മുഖ്യമന്ത്രി പത്രലേഖകരെ അറിയിച്ചു.

കലാപം അടിച്ചമർത്തണമെന്നു കേരളം പലതവണ കർണ്ണാടക മുഖ്യമന്ത്രിയോടാവശ്യപ്പെട്ടതാണ്. ഉടൻ തന്നെ നടപടിയെടുക്കുമെന്ന മറുപടി കർണ്ണാടക സർക്കാറിൽ നിന്നു കിട്ടിയെങ്കിലും വീണ്ടും അത് അനുസ്യൂതം തുടരുകയാണെന്നും മുഖ്യമന്ത്രി കുറ്റപ്പെടുത്തി.

## പ്രകടനക്കാരെ കസ്റ്റഡിയിലെടുത്തു

കല്പറ്റ: എടക്കൽ ഗുഹ സംരക്ഷണത്തിന്ന് തടസ്സമുണ്ടാക്കുന്ന കരിങ്കൽ ക്വാറികൾ നിരോധിക്കണമെന്നാവശ്യപ്പെട്ട് പ്രകടനം നടത്താനെത്തിയ സംരക്ഷണ സമിതി പ്രവർത്തകരെ പൊലീസ് അറസ്റ്റ് ചെയ്തു.

1986 ഡിസംബർ 12 വെള്ളിയാഴ്ച

# നിവേദകസംഘത്തെ അറസ്റ്റ് ചെയ്തതിൽ പ്രതിഷേധം

അമ്പലവയൽ: മുഖ്യമന്ത്രി കരുണാകരനേയും എം.എൽ.എ. രാമചന്ദ്രൻ മാസ്റ്ററേയും പോലുള്ള അജ്ഞത നിറഞ്ഞ ജനപ്രതിനിധികൾ നാടിന്ന് ലജ്ജാകരമാണെന്ന് എടക്കൽ ഗുഹ സംരക്ഷണസമിതിയുടെ ആഭിമുഖ്യത്തിൽ ചേർന്ന പൊതുയോഗത്തിൽ രാഷ്ട്രീയ സാംസ്കാരിക സംഘടനാ പ്രതിനിധികൾ ചൂണ്ടിക്കാട്ടി.

എടക്കൽ ഗുഹ സംരക്ഷിക്കണമെന്നാവശ്യപ്പെട്ട മുഖ്യമന്ത്രിക്ക് നിവേദനം നൽകാൻ പോയ പ്രവർത്തകരെ അറസ്റ്റ് ചെയ്തതിൽ പ്രതിഷേധിക്കാനായിരുന്നു യോഗം.

അമ്പുകുത്തി കൃഷ്ണൻ അദ്ധ്യക്ഷത വഹിച്ചു. കെ.പി. അബ്ദുൾ വഹാബ്, കെ.എം. അബ്ബാസ്, പി.സി. മോഹനൻമാസ്റ്റർ, ഒ.ഇ. കാസിം, കെ.പി. മുകുന്ദൻ, എൻ. ബാദുഷ, സോമൻ തുടങ്ങിയവർ സംസാരിച്ചു.

ഗുഹക്ക് ക്വാറി ഭീഷണിയല്ലെന്ന മുഖ്യമന്ത്രിയുടെ വാദം പരിഹാസ്യമാണ്. വിവരമുള്ളവരെ കൊണ്ട് അന്വേഷിപ്പിക്കും എന്നു പറഞ്ഞ മന്ത്രി ക്വാറി പ്രവർത്തിപ്പിക്കാൻ അനുമതി നൽകിയത് വിരോധാഭാസമാണെന്ന് പ്രാസംഗികർ കുറ്റപ്പെടുത്തി. കലക്ടറെ പൊതുജനമദ്ധ്യത്തിൽ ഇടിച്ചുതാഴ്ത്തിയ മുഖ്യമന്ത്രിയുടെ നടപടിയേയും യോഗം അപലപിച്ചു.

## സംസ്കാരത്തെ ചവിട്ടിമെതിക്കുന്നു

നടവയൽ: സാംസ്കാരികസമുന്നതിയെ ചവിട്ടി മെതിക്കുന്ന രാഷ്ട്രീയ മേൽകോയ്മയാണ് വയനാട്ടിൽ നിലവിലുള്ളതെന്നു കേരള കലാ സാഹിത്യ പ്രവർത്തക സംഘം ജില്ലാ സെക്രട്ടേറിയററ് ആരോപിച്ചു.

പ്രസിഡണ്ട് രാജൻ പ.ത.ടി ആദ്ധ്യക്ഷ്യം വഹിച്ചു. പി.ഡി. ജോർജ് ജോർജ് ഉണ്ണിക്കണ്ണോൽ എന്നിവർ പ്രസംഗിച്ചു.

മാതൃഭൂമി 1993 ഡിസംബർ 14 ചൊവ്വാഴ്ച

# എടക്കൽ ഗുഹാചിത്രങ്ങൾ സംരക്ഷിക്കണം

സ്വന്തം ലേഖകൻ

ദില്ലി: അത്യപൂർവവും ഏഷ്യയിലെ ഏക മാതൃകയുമായ എടക്കൽ ഗുഹയെ സംരക്ഷിക്കണമെന്ന്, ഇവിടെ ഇന്ത്യാ ഇൻറർനാഷണൽ സെൻററിൽ നടന്ന ലോക പാറച്ചിത്ര വിദഗ്ധ സമ്മേളനം ഗവണ്മെൻറിനോടാവശ്യപ്പെട്ടു. എടക്കൽ ഗുഹാസംരക്ഷണത്തിൽ കൺസർവേഷൻ വിഭാഗത്തിൻെറ അടിയന്തരശ്രദ്ധ പതിയണം.

വയനാട്ടിലെ എടക്കൽ ഗുഹാചിത്രങ്ങളുടെ രൂപശാസ്ത്രത്തെക്കുറിച്ച് ഡോ. രാജൻ ഗുരുക്കൾ പ്രബന്ധം അവതരിപ്പിച്ചു. തുടർന്ന് നടന്ന ചർച്ചയിൽ, ലോകത്തിൻെറ വിവിധ ഭാഗങ്ങളിൽനിന്നെത്തിയ പുരാവസ്തു പണ്ഡിതന്മാർ എടക്കൽ ചിത്രങ്ങളുടെ അതിവിശിഷ്ടമായ സ്വഭാവം ചൂണ്ടിക്കാട്ടി. ഛോട്ടാനാഗ്പൂരിലെ ഘടശിലയാണ് എടക്കൽ ചിത്രങ്ങളുമായി നേരിയ ബന്ധം പറയാവുന്ന ഇന്ത്യയിലെ മറ്റൊരു ഗുഹാചിത്രസ്ഥാനം. ശൈലീപരമായി സാദൃശ്യമുള്ള വേറൊരു കേന്ദ്രം ആൽപ്സ് പർവതനിരകളിൽ പെടുന്ന സ്റ്റീറിയ മാത്രമാണെന്ന് വിദഗ്ധർ അഭിപ്രായപ്പെട്ടു.

നവീന ശിലായുഗ മനുഷ്യരുടെ സൃഷ്ടിയാണ് എടക്കൽ ഗുഹാചിത്രങ്ങൾ. ഫൊസെറ്റ് എന്ന ഒരു പൊലീസ് ഓഫീസറാണ് 1894–ൽ ഇത് പുരാവസ്തു പണ്ഡിതന്മാർക്ക് പരിചയപ്പെടുത്തി കൊടുത്തത്. മനുഷ്യനേയും മൃഗങ്ങളേയും കാടിനേയും മാന്ത്രിക ചിഹ്നങ്ങളേയും കല്ലുളികൊണ്ട് ഗുഹാഭിത്തികളിൽ അപൂർവമായ ശൈലിയിൽ കോറിവെച്ചിരിക്കുന്നതാണ് എടക്കൽ ഗുഹയുടെ പ്രത്യേകത. ചന്ദ്രക്കല, ചതുരം, ത്രികോണം, വൃത്തം, ചുരുൾ തുടങ്ങിയ ജാമിതീയ ചിഹ്നങ്ങൾ കൊണ്ടാണ് ചിത്രങ്ങൾ ഉണ്ടാക്കിയിരിക്കുന്നത്. അതിലളിതമായ രൂപങ്ങൾ മുതൽ സങ്കീർണമായ ചിത്രങ്ങൾവരെ എടക്കൽ ഗുഹയിൽ കാണാൻ കഴിയും. ചിത്രങ്ങളുടെ ഘടനയും അർഥകല്പനകളും വിശകലനം ചെയ്യുന്നതായിരുന്നു പ്രബന്ധം.

# എടക്കൽ ഗുഹ അമൂല്യ ദേശീയ സ്മാരകം

സ്വന്തം ലേഖകൻ

കോഴിക്കോട്: വയനാട്ടിലെ അമ്പലവയലിനടുത്ത അമ്പുകുത്തി മലയിലെ എടയ്ക്കൽ ഗുഹകളും അവയിൽ മുകളിലെ ഗുഹയിലുള്ള ചരിത്രാതീത കാലത്തെ കൊത്തുചിത്രങ്ങളും എന്തുവില കൊടുത്തും കാത്തുസൂക്ഷിക്കേണ്ട ദേശീയ സ്മാരകങ്ങളാണെന്ന് കലാശാലകളിലെ ചരിത്ര പണ്ഡിതന്മാരും സാംസ്കാരിക നായകന്മാരും ചൂണ്ടിക്കാട്ടി.

വയനാട് കലക്ടർ പുറപ്പെടുവിച്ച ക്വാറി നിരോധന ഉത്തരവ് റദ്ദാക്കിക്കൊണ്ട് മുഖ്യമന്ത്രി അമ്പുകുത്തിയിൽ പാറപൊട്ടിക്കൽ തുടരാൻ അനുവാദം നൽകിയതുമൂലം എടയ്ക്കൽ ഗുഹ ആസന്നമായ നാശത്തെ അഭിമുഖീകരിക്കുകയാണെന്നു അവർ വിശദീകരിച്ചു.

ഈ ഗുഹാചിത്രങ്ങളുടെ സാംസ്കാരിക മൂല്യത്തെക്കുറിച്ചുള്ള അജ്ഞത മൂലം ഈ ദേശീയ സ്മാരകം നശിക്കാൻ അനുവദിച്ചുകൂടാ. ഡൽഹി ജവാഹർലാൽ നെഹ്റു സർവകലാശാലയിലെ കെ. എൻ. പണിക്കർ, കോഴിക്കോട് സർവകലാശാലയിലെ ഡോ. എം. ജി. എസ്. നാരായണൻ, കെ. കെ. എൻ. കുറുപ്പ്, എം. ആർ. രാഘവവാര്യർ തുടങ്ങിയവർ സംയുക്ത പ്രസ്താവന തുടർന്നു.

ഭൂമുഖത്തെ മനുഷ്യപരിഷ്കൃതിയുടെ വികാസ ഘട്ടങ്ങളിലൊന്നിനെക്കുറിച്ചു പഠിക്കാനുള്ള വിലതീരാത്ത പ്രമാണസാമഗ്രികൂടിയാണ് എടയ്ക്കൽ ഗുഹാചിത്രങ്ങൾ.

ചിത്രഗുഹ സ്ഥിതിചെയ്യുന്ന അമ്പുകുത്തി മലയിൽ പ്രവർത്തിച്ചുവരുന്ന പാറപൊളി കേന്ദ്രങ്ങൾ ഈ ഗുഹയ്ക്കെതിരേ വമ്പിച്ച ഭീഷണിയാണ് ഉയർത്തിയിട്ടുള്ളത്. ഒരൊററ ഡയനാമിററിൻെറ സ്ഫോടനം കൊണ്ട് ലോകപ്രസിദ്ധവും അമൂല്യവുമായ ഒരു ദേശീയ സ്മാരകം തകർന്നു തരിപ്പണമാകുന്ന നാൾ അടുത്തെത്തി. സമീപത്തെ പത്തു് വോട്ടിനുവേണ്ടി അമൂല്യമായ ഒരു ദേശീയ സമ്പത്ത് നശിപ്പിക്കാനുള്ള ശ്രമത്തിൽ നിന്നു മാറി നിൽക്കണമെന്നു കേരള–കേന്ദ്ര ഗവൺമെൻറുകളോടഭ്യർഥിച്ചു.

എടയ്ക്കൽ ഗുഹയിലെ ശിലാലിഖിതങ്ങൾ ഭരണസ്വാധീനം ഉപയോഗിച്ചു ചില ഉദ്യോഗസ്ഥന്മാരും രാഷ്ട്രീയ നേതാക്കളും നശിപ്പിക്കാൻ ശ്രമിക്കുന്നത് തടയണമെന്നു ബി. ജെ. പി. സംസ്ഥാന പ്രസിഡൻറ് കെ. ജി. മാരാർ ആവശ്യപ്പെട്ടു.

ഗുഹ സന്ദർശിച്ച മാരാർ ഇതു സംബന്ധിച്ചു പ്രസിഡൻറ്, പ്രധാനമന്ത്രി തുടങ്ങിയവർക്കു കമ്പിസന്ദേശമയച്ചു.

മലയാള മനോരമ 1986 ഡിസം. 10.

 മനോരമ

# ...ടയ്ക്കൽ ഗുഹ ...സ്റ്റിമേററ് ...മ്മിററിക്കു ...ുന്നിൽ


...ൽപ്പററ: പുരാവസ്തു സംരക്ഷണ ...പ്പിൻെറ ബജററ് എസ്റ്റിമേററുകള ...പരിശോധനയുടെ ഭാഗമായി നിയമ ... എസ്റ്റിമേററ് കമ്മിററി കലക്ടറ ...റിൽ വച്ചു ബന്ധപ്പെട്ട ഉദ്യോഗസ്ഥ ...രിൽനിന്നു തെളിവെടുപ്പു നടത്തി.

...ആക്ടിംഗ് ചെയർമാൻ കെ. ...്. നാരായണൻ നമ്പൂതിരിയുടെ ...്യക്ഷതയിൽ നടന്ന തെളിവെടു ...ൽ എം. എൽ. എ. മാരായ ഭാർഗ ...തങ്കപ്പൻ, ഇ. ടി. മുഹമ്മദ് ബ ...്, ആർക്കിയോളജി വകുപ്പ് കൺ ...വേഷൻ ഓഫീസർ ഡോ. വേലായു ...നായർ, ഡപ്യൂട്ടി സെക്രട്ടറി കെ. ... വിജയകുമാർ എന്നിവർ സംബ ...ച്ചിരുന്നു.

...അമ്പുകുത്തി മലയിലെ എടയ്ക്കൽ ഗു ...ടെ സംരക്ഷണത്തിനു സമീപത്തു ...കരിങ്കൽ ക്വാറികളുടെ പ്രവർത്തനം ...തമായി നിരോധിച്ച ശാശ്വത പ ...ാരം കാണണമെന്നു ജില്ലാ കല ...ർ ടി. രവീന്ദ്രൻ തമ്പി കമ്മിററി മ ...ക അഭ്യർഥിച്ചു.

...ടയ്ക്കൽ ഗുഹയ്ക്കു സമീപം സൈ ...്യൂസിയം നിർമിക്കണമെന്നും ഇ ...ദ വിനോദ സഞ്ചാര കേന്ദ്രമായി ...സിപ്പിക്കണമെന്നും അദ്ദേഹം ആ ...പ്പെട്ടു. ഗുഹയിലെ ചിത്രങ്ങളെ ...ബന്ധിച്ചു ഫീൽഡ് പബ്ളിസി ...ഓഫീസർ പി. കെ. ഉത്തമൻ ക ...ികൾക്കുവേണ്ടി സ്ളൈഡ് പ്രദർശ ...നടത്തി.

...തെളിവെടുപ്പിനു ശേഷം പുളിയാർമ ...ജനക്ഷേത്രം, ക്ഷേത്രക്കുളം, ഗുഹ, ...നന്തവാടി പഴശി സ്മാരകം, തിരു ...ി ക്ഷേത്രം എന്നിവിടങ്ങൾ കമ്മി ... അംഗങ്ങൾ സന്ദർശിക്കുകയുണ്ടാ...



പുരാവസ്തു സംരക്ഷണവകുപ്പിൻെറ നിയമസഭാ എസ്റ്റിമേററ് കമ്മിററി വയനാട് കലക്ടറേററിൽ വച്ചു ബന്ധപ്പെട്ട ഉദ്യോഗസ്ഥന്മാരിൽനിന്നു തെളിവെടുക്കുന്നു.

# ക്വാറിമുതലാളിമാരെ രക്ഷിക്കാൻ എടക്കൽ ഗുഹ നശിപ്പിക്കരുത്

16-12-86 ചൊവ്വ - മാതൃഭൂമി

മാനന്തവാടി: കരിങ്കൽ ക്വാറി മുതലാളിമാരെ രക്ഷിക്കാൻവേണ്ടി എടക്കൽ ഗുഹ നശിപ്പിക്കരുതെന്ന് പ്രിയദർശിനി യൂത്ത് സ്റ്റഡിഫോറം മാനന്തവാടി ബ്ലോക്ക് കമ്മിറ്റി അഭ്യർത്ഥിച്ചു. തൊഴിലാളികളുടെ പേരിൽ ചില രാഷ്ട്രീയ നേതാക്കൾ ഇതിന്നു മുതിരുന്നതിൽ കമ്മിറ്റി പ്രതിഷേധിച്ചു.

ചരിത്രസ്മാരകമായി നിലനിർത്തേണ്ട പഴക്കമുള്ള ഈ ഗുഹ സംരക്ഷിക്കാൻ ജില്ലാ കലക്ടർ എടുത്ത നടപടിയെ മുഖ്യമന്ത്രി വിമർശിച്ചത് ഉദ്യോഗസ്ഥന്മാരെ അവരുടെ കൃത്യനിർവഹണം നടത്തുന്നതിൽ നിന്നു പിൻതിരിപ്പിക്കാനേ സഹായിക്കുകയുള്ളുവെന്ന് പി. വി. ജോർജ്ജിൻെറ അദ്ധ്യക്ഷതയിൽ ചേർന്ന യോഗം ചൂണ്ടിക്കാട്ടി.

അമ്പുകുത്തിമലയിലെ പാറ പൊട്ടിക്കൽ കാരണം സമീപത്തെ വീട്ടുകാർക്കും അപകടത്തിന്നു സാദ്ധ്യതയുണ്ടെന്നും അതിനാൽ ഗുഹ ദേശീയ സ്മാരകമായി നിലനിറുത്താൻ സത്വര നടപടി എടുക്കണമെന്നും യോഗം മുഖ്യമന്ത്രിയോട് ആവശ്യപ്പെട്ടു.

എം. ആർ. ബാലകൃഷ്ണൻ, എ. കെ. ഷാജി, മോഹൻ ഒഴക്കോടി, പി. ഐ. ജോർജ്ജ് എന്നിവർ പ്രസംഗിച്ചു.

കല്പറ്റ: എടക്കൽ ഗുഹ സംരക്ഷിക്കണമെന്നും ചീങ്ങേരി ട്രൈബൽ കോളനിയിലും സുഗന്ധഗിരിയിലും അധിവസിക്കുന്ന ആദിവാസികളല്ലാത്തവരെ ഒഴിപ്പിക്കണമെന്നും ഗിരിവർഗ്ഗ സേവാസംഘം ജില്ലാ കമ്മിറ്റി ആവശ്യപ്പെട്ടു.

## മുഖ്യമന്ത്രി രാജിവെയ്ക്കണം

കല്പറ്റ: എടക്കൽ ഗുഹ സ്ഥിതി ചെയ്യുന്ന അമ്പുകുത്തിമലയിൽ ക്വാറി പ്രവർത്തനം നിരോധിച്ചുകൊണ്ട് ഗവർമ്മെണ്ട് പുറപ്പെടുവിച്ച ഉത്തരവ് മുഖ്യമന്ത്രി സർവാധികാരിയും സകലകലാവല്ലഭനുമല്ലെന്ന് വ്യക്തമായി സ്ഥാപിച്ചിരിക്കുന്നതിനാൽ മുഖ്യമന്ത്രി കരുണാകരൻ രാജിവെയ്ക്കണമെന്ന് ജനതാ പാർട്ടി ജില്ലാ പ്രസിഡണ്ട് പി.സി. ബാലകൃഷ്ണൻ, സംസ്ഥാന കൗൺസിലർമാരായ ജി.എൻ. വില്യം, യു.എ. ഖാദർ എന്നിവർ ആവശ്യപ്പെട്ടു.

മാനവരാശിയുടെ വികാസപരിണാമത്തിലെ നാഴികക്കല്ലുകളിലൊന്നാണ് എടക്കൽ ഗുഹയിലെ ശിലാലിഖിതങ്ങൾ. ഇതിൻെറ പ്രാധാന്യം മനസ്സിലാക്കിയ കലക്ടർ അവിടെ ക്വാറികൾ നിരോധിച്ചത് ജില്ലാ ഭരണാധികാരിയെന്ന നിലയിൽ തികഞ്ഞ ഉത്തരവാദബോധത്തോടെയായിരുന്നു. സ്വന്തം പാർട്ടിയിൽപ്പെട്ട എം.എൽ.എ.യുടെ ആവശ്യമനുസരിച്ച് പരസ്യമായി കലക്ടറെ ഇതിൻെറ പേരിൽ അവഹേളിച്ച മുഖ്യമന്ത്രി പരസ്യമായി മാപ്പു പറയണമെന്നും അവർ നിർദ്ദേശിച്ചു.


# ക്വാറികൾ നിരോധിക്കണം

...മുണ്ട: എടക്കൽ ഗുഹയ്ക്കു സമീ ...പ്രവർത്തിക്കുന്ന കരിങ്കൽ ക്വാറി ...ശാശ്വതമായി നിരോധിക്കണമെ ...മോർച്ചാ ജില്ലാ കമ്മിററി ആവ...

...സിഡൻറ് ഇ. പി. ശിവദാസ് ...്യം വഹിച്ചു, സംസ്ഥാന ... പ്രസിഡൻറ് വി. കെ. ...ാസ്, എം. ബി. നന്ദനൻ, ... രവീന്ദ്രൻ എന്നിവർ പ്രസം...

...ൽ ക്വാറികൾ ശാശ്വതമായി ...ിക്കണമെന്ന് എക്സ് സർ ...കോളനിസ്റ്റ് അസോസിയേ ...മാട്ടുചാൽ ഏരിയാ കൺവെൻ ...വശ്യപ്പെട്ടു. അമ്പലവയലിൽ ...ിക്കുന്ന കോളനി ഓഫീസി ...വർത്തനം നിർത്താനുള്ള നീ ...ക്ഷിക്കണമെന്നും യോഗം ആ ...്ടു.

...ക. കേശവദാസ് അധ്യക്ഷനാ ... കെ. പി. അനന്തൻ, പി. ...ത്തച്ചൻ എന്നിവർ പ്രസം ...ഭാരവാഹികളായി വി. കെ. ...സ്—പ്രസിഡൻറ്, കെ. ...വൈസ് പ്രസിഡൻറ്, കെ. ...ാമൻ—സെക്രട്ടറി, എ. സി. ...ജോ. സെക്രട്ടറി, പി. കെ. ...ട്രഷറർ എന്നിവരെ തെര...




പുകുത്തിയിലെ കരിങ്കൽ ക്വാറി നിരോധിച്ചതിൽ പ്രതിഷേധിച്ച് ക്വാറി സംരക്ഷണസമിതി അമ്പലവ ഡപ്യൂട്ടി കലക്ടർ ഓഫീസിനു മുമ്പിൽ നടത്തിയ ധർണ കെ. കെ. വിശ്വനാഥൻ ഉദ്ഘാടനം ചെയ്യുന്നു.

# ക്വാറിനിരോധനം: സംരക്ഷണ സമിതി ധർണ

അമ്പലവയൽ: അമ്പുകുത്തി മലയിലെ കരിങ്കൽ ക്വാറികൾ നിരോധിച്ചുകൊണ്ടുള്ള ജില്ലാ കലക്ടറുടെ ഉത്തരവിൽ പ്രതിഷേധിച്ചുകൊണ്ട് അമ്പുകുത്തി ക്വാറി സംരക്ഷണസമിതി അമ്പലവയൽ ഡപ്യൂട്ടി കലക്ടർ ഓഫീസിനു മുമ്പിൽ ധർണയും ടൗണിൽ പ്രകടനവും നടത്തി.

ധർണ കെ. കെ. വിശ്വനാഥൻ ഉദ്ഘാടനം ചെയ്തു. തുടർന്നു നടന്ന പൊതുയോഗത്തിൽ പി. ടി. ഉലഹന്നാൻ, സി. കെ. അലി, സി. എം. അസൈനാർ, പി. നാരായണൻ എന്നിവർ പ്രസംഗിച്ചു. ജി. തങ്കപ്പൻ അധ്യക്ഷനായിരുന്നു. കെ. കെ. പൗലൂസ് സ്വാഗതവും ടി. വാസു നന്ദിയും പറഞ്ഞു.

മംഗളം 1994 ഡിസംബർ 14 ബുധൻ

# എടക്കൽ പരിസരത്ത് പാറപൊട്ടിക്കുന്നത് നിരോധിച്ചു

കൽപ്പറ്റ: ചരിത്രപ്രസിദ്ധമായ എടയ്ക്കൽ ഗുഹയ്ക്കു സമീപമുള്ള ക്വാറികളിൽ പാറപൊട്ടിക്കുന്നത് നിരോധിച്ചു. ഗുഹാപരിസരത്ത് പ്രവർത്തിക്കുന്ന ക്വാറികളിൽ വൻ തോതിൽ സ്ഫോടക വസ്തുകൾ ഉപയോഗിച്ച് പാറ പൊട്ടിക്കുന്നത് ശ്രദ്ധയിൽപ്പെട്ടതിനെതുടർന്നാണ് ഈ നടപടി.

ശക്തിയേറിയ സ്ഫോടക വസ്തുക്കൾ ഉപയോഗിച്ച് പാറപൊട്ടിക്കുന്നതുമൂലമുള്ള പ്രകമ്പനം എടക്കൽ ഗുഹയ്ക്ക് കേടുപാടുണ്ടാക്കാൻ ഇടയുള്ളതിനാലാണ് ഗുഹയ്ക്ക് സമീപത്തെ ക്വാറികളിൽ വൻശക്തിയുള്ള സ്ഫോടക വസ്തുക്കൾ ഉപയോഗിച്ച് പാറ പൊട്ടിക്കുന്നത് നിരോധിച്ചത്. നിരോധനം ലംഘിക്കുന്നവർക്കെതിരെ പെർമിറ്റ് റദ്ദാക്കുന്നതുൾപ്പെടെയുള്ള നിയമനടപടി സ്വീകരിക്കുമെന്ന് ജില്ലാ കലക്ടർ അറിയിച്ചു.

P5

# കരിങ്കൽ ക്വാറി നിരോധിച്ചു

കല്പററ: ചരിത്രപ്രസിദ്ധമായ ഇടയ്ക്കൽ ഗുഹ സ്ഥിതിചെയ്യുന്ന, അമ്പുകുത്തി മലയിലെ കരിങ്കൽ ക്വാറികളുടെ പ്രവർത്തനം ജില്ലാ കലക്ടർ നിരോധിച്ചു. ഗുഹയുടെ സംരക്ഷണം മുൻനിർത്തിയാണിത്. ക്വാറികളിൽ ജോലി നഷ്ടപ്പെടുന്നവർക്ക മററു സ്ഥലങ്ങളിൽ ജോലി നൽകും.

1986 നവംബർ -25
ചൊവ്വ

ചന്ദ്രിക - 16-12-86

# ഗുഹയുടെ പേരിലുള്ള മുറവിളി

## ക്വാറി തൊഴിലാളികളെ കുഴക്കി

സ്വന്തം ലേഖകൻ

സുൽത്താൻബത്തേരി, ഡിസ: 15

ഇടയ്ക്കൽ ഗുഹ സംരക്ഷണത്തിന്റെ പേരിലുള്ള മുറവിളി ചുററുമുള്ള മലകളിലെല്ലാം ശക്തിയിൽമുഴങ്ങി. ഇതോടെ രണ്ടര കിലോമീററർ അകലെ ഒററപ്പെട്ട പാറയുടെ ചരുവിൽ പ്രവർത്തിക്കുന്ന കരിങ്കൽക്വാറികൾ നിരോധിച്ചു. തൊഴിലാളികൾക്ക് ജോലിപോയി. ക്വാറി ഉടമകളും കഷ്ടത്തിലായി. ഗുഹ അപൂർവ്വചരിത്ര സ്മാരകമെന്നു 'ചരിത്രകാരൻമാ'രും പ്രകൃതി സംരക്ഷകരും ഉറക്കെ വിളിച്ചുപറഞ്ഞപ്പോൾ, തൊഴിലാളികളുടെയും ക്വാറി ഉടമകളുടെയും പ്രതിഷേധപ്രകടനങ്ങൾ അതിൽ ലയിച്ചലിഞ്ഞുപോയി.

ഏതായാലും ഈസ്ഥലത്തെപററി വിശദമായി പഠിക്കാതെയാണ് ക്വാറികൾ നിരോധിച്ചതെന്നു വ്യക്തം.

പൗരാണിക ചരിത്രത്തിലേക്കും സംസ്കാരത്തിലേക്കും വെളിച്ചംവീശുന്ന അപൂർവ്വ ലിപികൾ ഉല്ലേഖനം ചെയ്ത ഇടക്കൽ ഗുഹ സംരക്ഷിക്കാനുള്ള മുറവിളി തന്ത്രപൂർവ്വം കരിങ്കൽ ക്വാറികൾക്കെതിരെ തിരിച്ചുവിട്ടത് ചില തൽപര കക്ഷിക്കാരാണ്. കുറച്ചു ഭൂവുടമകളും ക്വാറികൊണ്ടു തങ്ങൾക്കെന്ത് ലാഭം എന്നു ചിന്തിക്കുന്ന അമ്പുകുത്തിയിലെ കരിങ്കൽക്വാറി നിർത്തിയേ അടങ്ങൂ എന്ന പിടിവാശിയിലായിരുന്നു.

ഇടക്കൽ ഗുഹയും ക്വാറിയും തമ്മിൽ യാതൊരു ബന്ധവുമില്ലാ എന്നു നന്നായി അറിയുന്നവരായ അമ്പുകുത്തി പ്രദേശക്കാരായ സർവ്വകക്ഷികളും കരിങ്കൽ ക്വാറി സംരക്ഷിക്കുന്നതിനുണ്ടാക്കിയകമ്മററിയിൽ അംഗങ്ങളാണ്; മേൽ പറഞ്ഞ ഭൂവുടമകളൊഴികെ. മെച്ചപ്പെട്ട വേതനം കിട്ടുമെന്നറിഞ്ഞ് ക്വാറികളിലേക്ക് തൊഴിൽ തേടിപ്പോയവരെ ചുരുങ്ങിയ കൂലിക്ക് തിരിച്ചുകിട്ടുമെന്നു ഭൂവുടമകൾ മോഹിക്കുന്നു.

പതിനഞ്ചേക്കറോളം വരുന്ന വലിയ ഒററപ്പെട്ട പാറയുടെ ചരുവിലാണ് ഇപ്പോൾ കല്ലുപൊട്ടിക്കുന്നത്. ഈ പാറ കഴിഞ്ഞാൽ ആയിരത്തോളം ഏക്കർ തോട്ടമാണ്. വീണ്ടും ഒരു വലിയ മല. ആ മലകൾക്കുമപ്പുറം ചരിഞ്ഞു പതിഞ്ഞു കിടക്കുന്ന ഒരു മലനിരയുടെ അടിഭാഗത്താണ് ഇടക്കൽ ഗുഹ. കരിങ്കൽക്വാറിപ്രവർത്തിക്കുന്ന പാറയുടെ നെറുകയിൽ കയറിയാൽ ഇത് വ്യക്തമായി കാണാം.

'പാറ പൊട്ടിക്കുമ്പോൾ നിൽക്കുന്ന പാറയുടെ മണ്ടയിൽ പോലും തരിപ്പ് അനുഭവപ്പെടുന്നില്ല. എന്നിട്ടാണോ മൈലുകൾക്കപ്പുറം ഇടിഞ്ഞുപൊളിഞ്ഞ് വീഴുന്നത്.' നാട്ടുകാർ ചോദിക്കുന്നു.

കരിങ്കൽക്വാറിക്കവേണ്ടിഎന്തെങ്കിലും പറഞ്ഞുപോയാൽ അവർ വിവരമില്ലാത്തവരായി ചരിത്രത്തെയും മനുഷ്യ സംസ്കാരത്തെയും പററി ബോധമില്ലാത്തവരായി. 'ഇടക്കൽ ഗുഹ തകർക്കുന്നേ!' എന്നമുറവിളിയാണിവിടെ വയനാട്ടിൽ.

വയനാട്ടിലെ എം.എൽ.എ. കെ. കെ. രാമചന്ദ്രൻമാസ്ററർ സ്ഥലം സന്ദർശിച്ചു കാര്യങ്ങൾ പഠിച്ച ശേഷം, ഗുഹയും ക്വാറിയുമായി ബന്ധമില്ലെന്നു പറഞ്ഞതിനു, ഉണ്ടാവാത്ത ബഹളമൊന്നും ബാക്കിയില്ല. പലരും ഒന്നിവിടെ വരികപോലും ചെയ്യാതെയാണ് കാര്യങ്ങൾ വിലയിരുത്തുന്നത്.

ഈ ക്വാറികൊണ്ട് ഒരിക്കലും ഈ ചരിത്രസ്മാരകം നശിക്കില്ല. ഇവിടം സന്ദർശിക്കുന്നവർക്കുമത് ബോദ്ധ്യമാവും.

മാതൃഭൂമി
1986 ഡിസംബര്‍ 17 ബുധന്‍

# എടക്കല്‍ ഗുഹ ചരിത്ര സ്മാരകമാക്കണം

കല്പറ്റ: വയനാട്ടിലെ അമ്പുകുത്തി മലയിലുള്ള എടക്കല്‍ ഗുഹ ചരിത്രസ്മാരകമായി പ്രഖ്യാപിക്കണമെന്നും ഗുഹയിലുള്ള ചിത്രങ്ങള്‍ സംരക്ഷിക്കണമെന്നും ആവശ്യപ്പെട്ടുകൊണ്ട് കോഴിക്കോട് സര്‍വ്വകലാശാലയിലെ ചരിത്ര വിദ്യാര്‍ത്ഥികള്‍ വയനാട് ജില്ലാ കലക്ടറേറ്റിന് മുമ്പില്‍ ധര്‍ണ നടത്തി.

ചരിത്രാതീത കാലത്ത് മനുഷ്യന്‍ ഗുഹാഭിത്തികളില്‍ കൊത്തിവച്ചിട്ടുള്ള അപൂര്‍വ്വവും അനന്യവുമായ ഈ സൃഷ്ടികള്‍ കാലപ്പഴക്കം കൊണ്ട് ഇതുവരെ കണ്ടുപിടിക്കപ്പെട്ടിട്ടുള്ളതില്‍ ഏറ്റവും പുരാതനമാണ്. ഇതിന് തുല്യമായത് സമാനമായി യൂറോപ്പിലെ ആല്‍പ്സ് പര്‍വ്വതനിരകളിലുള്ള സ്വിറിയയില്‍ മാത്രമേ ഉള്ളുവെന്ന് ചരിത്രപണ്ഡിതന്മാര്‍ അവകാശപ്പെടുന്നു. അമ്പുകുത്തി മലയില്‍ ഇപ്പോഴും നടന്നുകൊണ്ടിരിക്കുന്ന പാറപൊട്ടിക്കല്‍ പരിപൂര്‍ണ്ണമായും നിരോധിച്ച് ഗുഹയെ നാശത്തില്‍ നിന്നും ശാശ്വതമായും രക്ഷിക്കുക, ഗുഹ ഉള്‍ക്കൊള്ളുന്ന മലകളെ ദേശീയ ചരിത്രസ്മാരകമായി പ്രഖ്യാപിക്കുക, ഗുഹയുടെ സംരക്ഷണച്ചുമതല കേരള പുരാവസ്തു വകുപ്പ് ഏറ്റെടുക്കുക എന്നീ ആവശ്യങ്ങളടങ്ങുന്ന ഒരു നിവേദനം ക്യാമ്പസ് വിദ്യാര്‍ത്ഥികള്‍ അധികാരികള്‍ക്ക് സമര്‍പ്പിക്കുകയുണ്ടായി.

1976ല്‍ പ്രശസ്ത സാഹിത്യഗവേഷകനും പണ്ഡിതനുമായ സംഘാലിയ ഈ ഗുഹകള്‍ സന്ദര്‍ശിക്കുകയുണ്ടായി. ശിവരാമമൂര്‍ത്തിയുടെ 'ഇന്ത്യന്‍ ചിത്രകല' എന്ന ഗ്രന്ഥത്തില്‍ അതിപ്രാചീനമായ ഈ അമൂല്യ രേഖകളെക്കുറിച്ച് പരാമര്‍ശിക്കുന്നുണ്ട്. ലോഗന്റെ മലബാര്‍ മാന്വലിലും ഇതെപ്പറ്റി പരാമര്‍ശമുണ്ട്.

1896-ല്‍ മലബാര്‍ പൊലീസ് സൂപ്രണ്ട് ആയിരുന്ന വില്യം ഫോസ്റ്റാണ് ഈ ഗുഹകള്‍ കണ്ടുപിടിച്ചത്. 1982-ല്‍ സ്വിറ്റ്സര്‍ലണ്ടുകാരനായ ചരിത്രഗവേഷകന്‍ തിന്‍സര്‍ ഈ ഗുഹകള്‍ സന്ദര്‍ശിക്കുകയും അപൂര്‍വ്വമായ വിവരങ്ങള്‍ നല്‍കുകയും ഉണ്ടായി.

ധര്‍ണ ഉദ്ഘാടനം ചെയ്തുകൊണ്ട് എടക്കല്‍ ഗുഹാസംരക്ഷണസമിതി കണ്‍വീനര്‍ തോമസ് അമ്പലവയല്‍ പ്രസംഗിച്ചു. ഉച്ചവരെയുള്ള ധര്‍ണക്കുശേഷം വിദ്യാര്‍ത്ഥികള്‍ നഗരത്തില്‍ പ്രകടനം നടത്തുകയും എടക്കല്‍ ഗുഹ സന്ദര്‍ശിക്കുകയുമുണ്ടായി.

1986 ഡിസംബർ 19. വെള്ളി

# എടക്കൽ ഗുഹ: ശാശ്വതമായ സംരക്ഷണം അനിവാര്യം

സ്വന്തം ലേഖകൻ

കല്പറ്റ: വയനാട്ടിലെ അമ്പലവയ ലിനടുത്ത അമ്പുകുത്തി മലനിരകളി ലെ പാറക്കെട്ടുകളിൽ സ്ഥിതിചെയ്യു ന്ന അമൂല്യ ശിലാലിഖിതങ്ങളുള്ള എ ക്കൽ ഗുഹ പെട്ടെന്നുണ്ടായേക്കാവു ന്ന സർവ്വനാശത്തിൽനിന്നും തൽക്കാ ലം രക്ഷപ്പെട്ടു. ഗുഹ സംരക്ഷണ ത്തിൽ തല്പരരായവരും ചരിത്രാന്വേഷ കരും പുരാവസ്തുഗവേഷകരും വയ നാട്ടുകാർ പൊതുവേയും ഇതിൽ സം തൃപ്തിയുള്ളവരാണ്.

ഗുഹ സ്ഥിതിചെയ്യുന്ന അമ്പു കുത്തി മലനിരകളിൽ കരിങ്കൽ ക്വാറി പ്രവർത്തനം നിരോധിച്ചത് ഗുഹാ സംരക്ഷണത്തിന്റെ ആദ്യത്തെ കാൽ വെപ്പേ ആകുന്നുള്ളു. പ്രധാനമായ ം അതുതന്നെ. ഇനിയും ഒട്ടേറെ കാ ര്യങ്ങൾ ചെയ്യാനുണ്ട്.

ജനവാസുമുള്ള സ്ഥലത്തുനിന്നും ട്ടുമാറി മലമുകളിൽ സ്ഥിതി ചെയ്യുന്ന ഈ അമൂല്യ ചരിത്ര വത്ത് സംസ്ഥാന പുരാവസ്തു വ പ്പ് ഏറ്റെടുത്തിട്ടുണ്ടെങ്കിലും, ിന്റെ രക്ഷക്ക് അവർ ഒന്നും യ്യുന്നില്ല. ഗുഹയുടെ പ്രാധാന്യ ം കുറിക്കുന്ന ഒരു ബോർഡുസ്ഥാ ിക്കുന്നതിനുപോലും അധികൃതർ ാറായിട്ടില്ല.

ുപിടി സാംസ്കാരിക പ്രവർത്തക ം നാട്ടുകാരും മുന്നോട്ടുവന്നു രൂ ീകരിച്ച ഗുഹാസംരക്ഷണസമിതി ംഭാവന ശേഖരിച്ചാണ് ഗുഹക്കു ഇ ു ഗേറ്റ് സ്ഥാപിച്ചത്. വയനാട് ം കലക്ടർ ടി. രവീന്ദ്രൻതമ്പിയുടെ കരണം ഗുഹാസംരക്ഷണത്തിന് യിരുന്നു. ലോകത്തിലേക്കുത ം അപൂർവ്വമായ ചിത്രശേഖരങ്ങ ശിലാലിഖിതങ്ങളും ഉൾപ്പെടുന്ന ൽ ഗുഹ എന്തുവിലകൊ ടുത്തും സംരക്ഷിക്കപ്പെടേണ്ടതാണെ ന്ന ഉത്തമവിശ്വാസത്തിന്റെ അടി സ്ഥാനത്തിലാണ് കലക്ടർ ഗുഹയു ടെ സർവ്വനാശത്തിനു കാരണമാകുമാ യിരുന്ന അമ്പുകുത്തി മലയിലെ ക രിങ്കൽ ക്വാറി പ്രവർത്തനം തടഞ്ഞത്. ഇക്കാര്യത്തിൽ സംസ്ഥാന ഗവർ മ്മെണ്ട് സ്വീകരിച്ച നിരുത്തരവാദപര മായ നിലപാട് എടക്കൽ ഗുഹയോട് അധികൃതർ കാണിക്കുന്ന അവഗണന യുടെ പ്രകടമായ ഉദാഹരണമാണെന്ന് ചൂണ്ടിക്കാണിക്കപ്പെടുന്നു. ഗുഹാ സംരക്ഷകരിൽനിന്നും ചരിത്രകാര ന്മാരിൽനിന്നും നാട്ടുകാരിൽനിന്ന് പൊതുവായും ഉയർന്ന ശക്തമായ പ്ര തിഷേധത്തെ തുടർന്ന് കേന്ദ്ര ഗവർ മ്മെണ്ടിന്റെ നിർദ്ദേശമനുസരിച്ച് സംസ്ഥാന സർക്കാർ ഗുഹാസംരക്ഷ ണത്തിനു അനുകൂലമായി ക്വാറികൾ നിരോധിച്ചുവെങ്കിലും അതിനുപി ന്നിൽ നടത്തിയ രാഷ്ട്രീയ സമ്മർദ്ദ താ ല്പര്യങ്ങൾ വയനാട്ടുകാരെങ്കിലും മറ ന്നിട്ടില്ല.

ഗുഹാ സംരക്ഷണത്തിനുവേണ്ടി ധീരമായ നടപടി എടുത്തതിന്റെ പേരിൽ ജില്ലാ കലക്ടർ പരസ്യമായി ആക്ഷേപിക്കപ്പെടാനിടയായതിൽ വ യനാട്ടുകാർ ദുഃഖിതരാണ്. എന്തുകാ ര്യവും വിശാലമായ താല്പര്യങ്ങളോടെ യല്ലാതെ സങ്കുചിത രാഷ്ട്രീയ ലാഭ ങ്ങൾക്കുവേണ്ടി മുതലെടുപ്പു നടത്തു ന്ന ഭരണാധികാരികളുടെ നടപടിയി ലും നാട്ടുകാർക്ക് പ്രതിഷേധമുണ്ട്.

മാനവരാശിയുടെ സാംസ്കാരിക ച രിത്രത്തിന്റെ പൈതൃകമായ അമൂല്യ സമ്പത്തു എന്തുവിലകൊടുത്തും സം രക്ഷിക്കപ്പെടണമെന്നതിൽ ചിന്തി ക്കുന്നവരെല്ലാം ഏകാഭിപ്രായക്കാരാ ണ്. ഇപ്പോൾ ഗുഹാചിത്രങ്ങൾ കാ ണുന്നതിനു വയനാട്ടിനകത്തുനി ന്നും പുറത്തുനിന്നും ഒട്ടേറെയാളു കൾ നിത്യേനയെന്നോണം അമ്പവയ ലിലെ അമ്പുകുത്തി മലനിരകളി ലെത്തുന്നു. അല്പംകൂടി ശ്രദ്ധ വെച്ചാൽ എടക്കൽ ഗുഹയും അമ്പു കുത്തി മലനിരകളിലെ പ്രകൃതി രമ ണീയതയും കൂട്ടിച്ചേർത്തു, ധാരാളം ടൂറിസ്റ്റുകളെ ആകർഷിക്കാവുന്ന ലോ കോത്തരമായ ഒരു ദേശീയ ചരിത്ര സ്മാരകമായി വികസിപ്പിച്ചെടുക്കാ വുന്നതാണെന്നും ചൂണ്ടിക്കാണിക്ക പ്പെടുന്നു. വയനാട്ടിൽതന്നെ മൺമറ ഞ്ഞുകിടക്കുന്ന, ചരിത്രാതീത കാല ത്തെ ജനജീവിതത്തിലേക്കു വെളിച്ചം വീശുന്ന നിരവധി പുരാതന ക്ഷേത്രാ വശിഷ്ടങ്ങളെയും മറ്റും കുറിച്ചു പഠ നം നടത്തുന്നതിനു ഒരു കേന്ദ്രംകൂടി ആരംഭിച്ചാൽ സ്ഥിതി ഒന്നുകൂടി മെച്ചപ്പെടും. എടക്കൽഗുഹ വേണ്ടവി ധത്തിൽ സംരക്ഷിച്ചു ഇതിനുള്ള നീക്കം അധികൃതരുടെ ഭാഗത്തുനി ന്നുണ്ടാവണമെന്നു വയനാട്ടുകാർ ആഗ്രഹിക്കുന്നു.

കരിങ്കൽ ക്വാറികളിലെ വെടിമു ഴക്കം ഏല്പിക്കുന്ന ആഘാതത്തിൽനി ന്നു രക്ഷപ്പെട്ടെങ്കിലും എടക്കൽ ഗുഹ ഇപ്പോഴും ഭീഷണിയെ നേരിടുന്നു. ഗുഹ സന്ദർശനത്തിനെത്തുന്ന ചില സാമൂഹ്യ ദ്രോഹികളിൽനിന്നാണി ത്. ചിത്രങ്ങളിൽ ഉളികൊണ്ടും മറ്റും പരിക്കേൽപ്പിക്കുകയാണ് ചില സ ന്ദർശകർ.

ഗുഹക്കു ശക്തമായ കാവൽ ഏർ പ്പെടുത്തുകയും ഗുഹാ സന്ദർശനത്തി നെത്തുന്നവരോടൊപ്പം നീങ്ങുന്നതി നു ഗൈഡിനെ നിയമിക്കുകയും ചെ യ്താൽ ഈ ഭീഷണി ഒഴിവാക്കാവുന്ന താണ്. മാനവ സംസ്കാരത്തിന്റെ ഗതിപരിണാമങ്ങളിലേക്ക് വെളിച്ചം വീശുന്ന ചരിത്ര സമ്പത്തിന് ശാശ്വത മായ സംരക്ഷണം ഉറപ്പാക്കണമെന്ന് ഗുഹാ സംരക്ഷണത്തിൽ തല്പരരായ വർ ആവശ്യപ്പെടുന്നു.

മാതൃഭൂമി 1986 ഡിസംബർ 17 ബുധനാഴ്ച WD 7

# എടക്കൽ ഗുഹയിൽ സന്ദർശക പ്രവാഹം

കല്പറ്റ: മാനവരാശിയുടെ സാം സ്കാരിക പൈതൃകത്തിന്റെ അമൂ ല്യസമ്പത്തായ എടക്കൽ ഗുഹയിലെ ശിലാലിഖിതം കാണാൻ ജനത്തിര ക്കേറി.

അമ്പലവയലിന്നടുത്ത അമ്പു കുത്തി മലനിരകളിലെ പാറക്കെട്ടുക ളിൽ സ്ഥിതിചെയ്യുന്ന ഗുഹയുടെ ച രിത്രപ്രസിദ്ധി വാർത്താമാധ്യമങ്ങളി ലൂടെ കൂടുതൽ പ്രചരിച്ചതോടെ നി ത്യേന നൂറുകണക്കിനാളുകളാണ് ഇ വിടെയെത്തുന്നത്.

ഗുഹയുടെ സർവനാശത്തിന് കാ രണമാകുമായിരുന്ന അമ്പുകുത്തി മ ലനിരകളിലെ കരിങ്കൽ ക്വാറി പ്ര വർത്തനവും നിരോധനവും അതേ തു ടർന്നുണ്ടായ പ്രശ്നങ്ങളും, സമരവുമൊ ക്കെയാണ് ഗുഹക്ക് സാധാരണ ജന ങ്ങളുടെ ഇടയിൽ പ്രസിദ്ധി നേടി ക്കൊടുത്തത്. ഇതേവരെ ചരിത്രാന്വേ ഷകരും, പുരാവസ്തു ഗവേഷകരും മാത്രമേ ഗുഹാചിത്രങ്ങൾ തേടി മലമു കളിലെത്തിയിരുന്നുള്ളു.

ചൊവ്വാഴ്ച കലിക്കറ്റ് സർവകലാ ശാലയിലെ 45 ചരിത്രവിദ്യാർത്ഥിക ളും അദ്ധ്യാപകരും ഗുഹ സന്ദർശിക്കാ നെത്തി. 15ഓളം വിദ്യാർത്ഥിനികളും കൂട്ടത്തിലുണ്ടായിരുന്നു. ഉത്തരമേഖ ല ഡി.ഐ.ജി. ഹോർമിസ് തരകൻ, പൊലീസ് സൂപ്രണ്ട് എം.ടി. മൊ യ്തൂട്ടി, ഡി.വൈ. എസ്.പി. സ്കറി യാ സെബാസ്റ്റ്യൻ എന്നിവരടക്കുമുള്ള പൊലീസ് ഉദ്യോഗസ്ഥന്മാരും ഗുഹ സന്ദർശിക്കുകയുണ്ടായി.

ഗുഹാ ചിത്രങ്ങൾ കണ്ട് തിരി ച്ചെത്തുന്നവരെല്ലാം ഈ അമൂല്യ സമ്പത്ത് എന്തുവില കൊടുത്തും സംരക്ഷിക്കപ്പെടേണ്ടതാണെന്ന് അ ഭിപ്രായപ്പെടുന്നു.

കേരള കൗമുദി. ഡിസംബർ 17. വെള്ളി.

## എടയ്ക്കൽ ഗുഹ: നിരോധം പിൻവലിക്കണം

ിരു- സുൽത്താൻ ബത്തേരി താലൂക്കി
പെട്ട എടയ്ക്കൽ ഗുഹക്ക് സമീപമുള്ള
പുകുത്തി മലകളിൽ പാറപൊട്ടിക്ക
് നിരോധിച്ചുകൊണ്ടുള്ള തീരുമാനം
വലിച്ചില്ലെങ്കിൽ പ്രത്യക്ഷ സമര
പാടികൾ ആരംഭിക്കുമെന്ന് അവിടെ
നത്തിയ ഒരു പ്രതിനിധി സംഘം
ണ്മെന്റിന് മുന്നറിയിപ്പു ..ൽകി.

മ്പുകുത്തി കരിങ്കൽ ക്വാറി സംരക്ഷ
മിതിയെ പ്രതിനിധ. .. പ്പെട്ടുകൊണ്ട്
ടയെത്തിയ നേതാക്കൾ ഇതു
ന്ധിച്ച നിവേദനം ഇന്ന് മുഖ്യമന്ത്രി
മർപ്പിച്ചു.

ിത്രാതീത കാലത്തെ അമൂല്യശിലാ
ങ്ങളുള്ള എടയ്ക്കൽ ഗുഹ സംരക്ഷി
മെന്നു വ്യാപകമായ ആവശ്യം
വന്നതിനെ തുടർന്നാണ് സമീപ
മലകളിലെ പാറപൊട്ടിക്കൽ താ
കമായി നിരോധിച്ചുകൊണ്ട് ഗവ
് ഉത്തരവിട്ടിട്ടുള്ളത്.

ായിരത്തോളം തൊഴിലാളികളുടെ
നമാർഗ്ഗമായ ഈ ക്വാറിയുടെ
തനം സുരക്ഷിതത്വത്തെ ഒരുതര
ബാധിക്കുകയില്ലെന്ന് സമിതിയു
ാക്കൾ ഒരു പത്രസമ്മേളനത്തിൽ
ശപ്പെട്ടു. ഗുഹയിൽ നിന്നു മൂന്ന്
ീറ്റർ അകലെയുള്ള ക്വാറിയിൽ
ങ്ങമായി പ്രവർത്തനം നടന്നുവരു
തുവരെ ഗുഹക്ക് ഒരു കേടുപാടും
ില്ലെന്നു് അവർ ചൂണ്ടിക്കാട്ടി.

സംരക്ഷണത്തിന് വേണ്ടി വാദി
ിത്രഗവേഷകരോ പ്രകൃതി സംര
രാഷ്ട്രീയക്കാരോ എടയ്ക്കൽ
അമ്പുകുത്തി ക്വാറിയും നേരിട്ട്
ിട്ടില്ലെന്ന് അവർ ആരോപി

യുടെ പ്രസിഡന്റ് പ്രൊ.
മത്തായി, സെക്രട്ടറി എന്നിവർ
സമ്മേളനത്തിൽ അറിയിച്ചതാണ്
വിവിധ സംഘടനകളിൽ പെട്ട
ൂണിയൻ നേതാക്കളും പത്ര
ത്തിൽ പങ്കെടുത്തിരുന്നു.

# പാറ പൊട്ടിക്കൽ നിരോധനം കോൺഗ്രസ്സിൽ അങ്കലാപ്പ്

കല്പറ്റ - എടയ്ക്കൽ ഗുഹയ്ക്കടുത്തുള്ള കരിങ്കൽ ക്വറികൾ നിരോധിച്ചുകൊണ്ട് സർക്കാർ വീണ്ടും ഉത്തരവു പുറപ്പെടുവിച്ചത് വയനാട്ടിലെ കോൺഗ്രസ് -ഐ നേതൃത്വത്തെ കുഴപ്പത്തിൽ ചാടിച്ചു. കെ.കെ.രാമചന്ദ്രൻ എം.എൽ.എ.യും സഹോദരനും ചേർന്ന് നടത്തിയ നടത്തിയ സമര - സമ്മർദ്ദ തന്ത്രങ്ങളുടെ ഫലമായി ജില്ലാ കലക്ടറുടെ നിരോധന ഉത്തരവ് പിൻവലിപ്പിച്ചിരുന്നു. എന്നാൽ കേന്ദ്രഗവണ്മെന്റിന്റെ നിർദ്ദേശപ്രകാരം വീണ്ടും ക്വറികൾ നിരോധിക്കാൻ സർക്കാർ നിർബ്ബന്ധിതമായി. ഈ സംഭവം പാർട്ടിക്ക് ക്ഷീണമുണ്ടാക്കിയിട്ടുണ്ട്. കലക്ടറുടെ നിരോധനാജ്ഞ പിൻവലിപ്പിക്കാൻ കോൺഗ്രസ്-ഐ നേതാക്കളെ സമീപിച്ച കോൺട്രാക്ടർമാർ ഇപ്പോൾ നേതാക്കൾക്കെതിരെ തിരിഞ്ഞിരിക്കുകയാണ്. നിരോധനാജ്ഞ പിൻവലിപ്പിക്കാൻ ക്വറി കോൺട്രാക്ടർമാർക്ക് പതിനായിരങ്ങൾ ചിലവായിട്ടുണ്ടത്രെ. ഇത്രയും വലിയ സംഖ്യ മുടക്കിയിട്ടും വീണ്ടും നിരോധനാജ്ഞ വന്നതിൽ അവർ ക്ഷുഭിതരാണ്. ഇവരെ ശാന്തരാക്കാൻ കോൺ.-ഐ നേതാക്കളിൽ ചിലർ ഡൽഹിയിലേക്ക് പോയിട്ടുണ്ടെന്നാണറിയുന്നത്. ഒരു മാസത്തിനകം ഉത്തരവ് പിൻവലിപ്പിച്ചു കൊടുക്കാമെന്നാണത്രെ വാഗ്ദാനം.

എന്നാൽ എടയ്ക്കൽ ഗുഹയ്ക്കടുത്തുള്ള ക്വാറികൾ പ്രവർത്തിക്കാൻ ഇനി കേന്ദ്ര ഗവണ്മെന്റ് അനുമതി നൽകുകയില്ല എന്നാണറിയുന്നത്. കാശ്മീരിൽ ചേർന്ന ഹിസ്റ്ററി കോൺഗ്രസ്സിൽ ഡോ.എം.ജി.എസ്. നാരായണൻ ഉൾപ്പെടെയുള്ള ചരിത്രപണ്ഡിതന്മാർ എടയ്ക്കൽ ഗുഹ സംരക്ഷിക്കണമെന്ന് ആവശ്യപ്പെടുകയും ഇതു സംബന്ധിച്ച് പ്രധാനമന്ത്രിക്ക് നിവേദനം നൽകുകയും ചെയ്തിരുന്നു. ഇതിന്റെ അടിസ്ഥാനത്തിലാണ് ക്വറികൾ നിരോധിക്കാൻ കേരള സർക്കാറിനോട്ട് കേന്ദ്രം ആവശ്യപ്പെട്ടതു്. ഈ ഉത്തരവു് പിൻവലിപ്പിക്കാനാണ് ജില്ലയിലെ കോൺഗ്രസ് - ഐ നേതാക്കൾ ഇപ്പോൾ ഓടിനടക്കുന്നതു്.

ചരിത്രപണ്ഡിതന്മാരും നാട്ടുകാരും പത്രങ്ങളും നിരന്തരമായി ശബ്ദമുയർത്തിയപ്പോഴാണ് ജില്ലാ കലക്ടർ ടി. രവീന്ദ്രൻ തമ്പി ക്വാറികൾ നിരോധിച്ചതു്. കലക്ടറുടെ നടപടി രാമചന്ദ്രൻ എം.എൽ.എ. ഇടപെട്ട് പിൻവലിപ്പിച്ചു. മുഖ്യമന്ത്രിയും കലക്ടറുടെ നടപടിയെ വിമർശിച്ചു. എന്നാലിപ്പോൾ രാമചന്ദ്രൻ എം.എൽ.എ.യുടെയും മുഖ്യമന്ത്രിയുടെയും നടപടി തെറ്റാണെന്നും ജില്ലാ കലക്ടറുടെ നടപടിയാണ് ശരിയെന്നും പുതിയ നിരോധന ഉത്തരവ് തെളിയിച്ചിരിക്കയാണ്.

മാതൃഭൂമി 1986 ഡിസംബർ 21 ഞായറാഴ്ച W

# എടയ്ക്കൽ ഗുഹ പ്രമേയത്തിന് അനുമതിയില്ല

കല്പറ്റ: എടക്കൽ ഗുഹ സംരക്ഷിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് ജില്ലാ വികസന സമിതി യോഗത്തിൽ സമിതി അംഗം കെ. ജെ. ദേവസ്യ അവതരിപ്പിച്ച പ്രമേയത്തിന്ന് യോഗാദ്ധ്യക്ഷനായ എ.ഡി. എം. സി. ശിവശങ്കരൻ നായർ അവതരണാനുമതി നിഷേധിച്ചു. ഡി. ഡി. സി. യോഗങ്ങളിൽ അംഗങ്ങൾ അവതരിപ്പിക്കുന്ന പ്രമേയത്തിന് അനുമതി നിഷേധിക്കുന്നതു് ഇത് ആദ്യമാണ്.

സമീപകാലത്ത് വളരെയേറെ ചർച്ചാവിഷയമായിത്തീർന്നിട്ടുള്ള എടക്കൽ ഗുഹയെ സംബന്ധിച്ച പ്രമേ... ...ട്ടെങ്കിലും മെമ്പർ വഴങ്ങിയില്ല. വോട്ടിന് ഇടണമെന്ന ആവശ്യവും എ.ഡി.എം. അംഗീകരിച്ചില്ല. അനുമതി നിഷേധിച്ചത് രേഖാമൂലം തരണമെന്ന മെമ്പറുടെ ആവശ്യം അംഗീകരിച്ചുകൊണ്ടാണ് അനുമതി നിഷേധിച്ചത്.

എടക്കൽ ഗുഹ സംബന്ധിച്ച പി. എ. മുഹമ്മദിന്റെ പ്രമേയം അദ്ധ്യക്ഷന്റെ ആവശ്യപ്രകാരം പിൻവലിക്കുകയാണ് ഉണ്ടായത്. നൂറ്റാണ്ടുകൾ പഴക്കമുള്ള അമൂല്യ ചരിത്ര സമ്പത്തായ എടക്കൽ ഗുഹക്ക് സമീപത്തുനിന്ന് കരിങ്കൽ പാറ പൊട്ടിക്കുന്നത് ഗുഹയുടെ സുരക്ഷിതത്വത്തിന്ന് ഹാനി വരുത്തുമെന്ന ചരിത്രകാരന്മാരുടേയും മറ്റും അഭിപ്രായം മാനിച്ചുകൊണ്ട് ജില്ലാ കലക്ടർ ക്വാറി പ്രവർത്തനം സ്റ്റേ ചെയ്തിരുന്നു. അതിന്നെതിരായി കോൺഗ്രസ്സ് (ഐ) യുടെ നേതൃത്വത്തിൽ കലക്ടറേറ്റിൽ ധർണ നടത്തുകയും മുഖ്യമന്ത്രിക്ക് നിവേദനം നടത്തുകയും ചെയ്തിരുന്നു. മുഖ്യമന്ത്രി കലക്ടറുടെ നടപടി ദുർബ്ബലപ്പെടുത്തുകയും ക്വാറി പ്രവർത്തനം പുനരാരംഭിക്കുകയും ചെയ്തു.

പിന്നീട് കേന്ദ്ര ഗവർമ്മെണ്ടിന്റെ നിർദ്ദേശാനുസരണം വീണ്ടും ക്വാറി പ്രവർത്തനം നിരോധിച്ചിരിക്കുകയായിരുന്നു. ക്വാറി തുറന്ന് പ്രവർത്തിക്കണമെന്ന് കോൺഗ്രസ്സ് (ഐ) നേതൃത്വം വീണ്ടും അധികൃതർക്ക് നിവേദനം സമർപ്പിച്ച സാഹചര്യത്തിൽ എ. ഡി. എമ്മിന്റെ റൂളിങ്ങ് കോൺഗ്രസ്സിനേയും ലാഭക്കൊതിയന്മാരായ ക്വാറിയുടമകളേയും സഹായിക്കാൻ വേണ്ടിയുള്ളതാണെന്ന് പറയപ്പെടുന്നു.

ഗുഹ സംരക്ഷിക്കണമെന്ന് വയനാട്ടിനകത്തും പുറത്തുമുള്ള നിരവധി സംഘടനകൾ ആവശ്യപ്പെട്ട സാഹചര്യത്തിൽ എ.ഡി. എമ്മിന്റെ റൂളിംഗ് ജനവികാരത്തേയും ചരിത്ര പണ്ഡിതന്മാരുടെ അഭിപ്രായങ്ങളേയും മാനിക്കാത്തതാണെന്ന് ചൂണ്ടിക്കാണിക്കപ്പെടുന്നു.

# ഇടയ്ക്കൽഗുഹ സംരക്ഷിക്കാൻ മുറവിളി മാത്രം!

സുൽത്താൻബത്തേരി: അമ്പുകുത്തി മലനിരകളുടെ ഓരത്ത് സ്ഥിതി ചെയ്യുന്ന പൗരാണിക സംസ്കാരത്തിന്റെ ലിപികൾ ഉല്ലേഖനം ചെയ്യപ്പെട്ട ഇടയ്ക്കൽ ഗുഹ വയനാട്ടിലെ പ്രധാന ചർച്ചാവിഷയമായിരിക്കുന്നു. ഇടയ്ക്കൽഗുഹ സംരക്ഷിക്കണമെന്ന ആവശ്യം എല്ലാ കേന്ദ്രങ്ങളിൽ നിന്നും ഉയർന്നുവരുന്നു.

ഇങ്ങേഅറ്റത്തെ ഒരു പാറയിൽ നടക്കുന്ന കല്ലുപൊട്ടിക്കൽ നിറുത്തിയാൽ ഇടയ്ക്കൽഗുഹ സംരക്ഷിക്കപ്പെട്ടു എന്ന നിഗമനത്തിലാണ് ഗുഹാപ്രേമികളും ചിലരും. അതേസമയം തങ്ങളുടെ തൊഴിൽമേഖല ഗുഹക്ക് നാശം വരുത്തുകയില്ലെന്നും ഗുഹക്ക് ഏതെങ്കിലുംവിധത്തിൽ ഹാനികരമാവുമെന്ന് സ്ഥലത്ത് വന്ന് അന്വേഷിക്കുന്ന നിഷ്പക്ഷമതികൾ പറയുകയാണെങ്കിൽ തങ്ങൾക്കിത് തുടരണമെന്ന് നിർബന്ധമില്ലെന്നും ക്വാറിക്കാരും പറയുന്നു.

ഒരുപാട് തൊഴിലാളികൾ യാതൊരാവശ്യവുമില്ലാതെ ഏതാനുംചിലരുടെ വാശിക്ക് ബലിയാടാകരുത്. 2000 ത്തോളം ആളുകളെ പട്ടിണി കിടത്താതെ തന്നെ എല്ലാവർക്കും ഒത്തുചേർന്നു ഗുഹ സംരക്ഷിക്കാമല്ലോ എന്നാണ് ക്വാറി തൊഴിലാളികളുടെയും, ക്വാറി ഉടമകളുടെയും നാട്ടുകാരിൽ ബഹുഭൂരിപക്ഷത്തിന്റെയും നിർദ്ദേശം. രണ്ടര കിലോമീറ്റർ ഇപ്പുറത്ത് നടക്കുന്ന കൽക്വാറി നിരോധിച്ചതിനെ തുടർന്ന് നിരോധനം നീക്കണമെന്നും ഗുഹ സംരക്ഷണത്തിന് മററുള്ളവരുടെ മുൻപന്തിയിൽ തങ്ങൾ നിൽക്കാമെന്നുമുള്ള നിവേദനവുമായി നടക്കുകയാണ് ക്വാറി സംരക്ഷണ സമിതിക്കാർ.

ഈ വാദ കോലാഹലങ്ങൾ നടക്കുമ്പോഴും ഇടക്കൽ ഗുഹ യാതൊരു പരിരക്ഷയുമില്ലാതെ കിടക്കുന്നു. ഒരു ഗയിററിട്ട് പൂട്ടി താക്കോൽ അടുത്ത ഒരു ചായക്കടയിൽ കൊടുത്ത് അടങ്ങിയിരിക്കയാണ് ഗുഹാ സംരക്ഷണവാദികൾ. ഇത്കൊണ്ട് ഗുഹ എല്ലാ അർത്ഥത്തിലും രക്ഷിച്ചു എന്നു തോന്നുന്നില്ല.

ക്വാറി നിർത്തിക്കിട്ടിയാൽ ഇടക്കൽഗുഹ പിന്നെ ഒന്നുമല്ല എന്ന വിചാരവും ചിലർക്കുള്ളതായി സംശയിക്കുന്നു. ഗുഹകാണാൻ വരുന്നവരോട് ഇതിനിടെ അനധികൃത പിരിവു നടത്തുന്നുണ്ടെന്ന പരാതിയുയർന്നിട്ടുണ്ട്. താക്കോൽ കിട്ടാത്തപ്പോൾ ഗേററ് ചാടിക്കടന്നാണ് ചിലർ ഗുഹ കാണാൻ പോവുന്നത്. ഇവിടം സാമൂഹ്യദ്രോഹികൾ അഴിഞ്ഞാടുന്നതായും പരാതിയുണ്ടായിട്ടുണ്ട്.

ഇടക്കൽ ഗുഹ മാത്രമല്ല അമ്പുകുത്തിമലനിരകൾ ഒന്നാകെ സംരക്ഷിക്കണമെന്നാണ് തങ്ങളുടെ വാദമെന്നും അടുത്തുള്ള തോട്ടവും കൽബോറിമൂല നഷ്ടപ്പെടരുതെന്നുമാണ് തങ്ങളുടെ ആവശ്യമെന്നും ഗുഹാസംരക്ഷണ സമിതി വ്യക്തമാക്കി. കൽക്വാറികൾക്ക് പൊട്ടിക്കാൻ അനുവാദംകൊടുത്താൽ അമ്പുകുത്തി മലനിരകളിൽ ഒരു പാറനഷ്ടമാകും. ഭാവിയിൽ ഇടക്കൽ ഗുഹക്കും ഇത് ഭീഷണിയാകും എന്നവർ ചൂണ്ടിക്കാട്ടുന്നു. ഗുഹയുടെ പേരിൽ അനധികൃത പിരിവ് നടത്തുന്നുണ്ടെന്ന ആരോപണം ഗുഹാസംരക്ഷണ സമിതി നിഷേധിച്ചു.

മാതൃഭൂമി.

1986 ഡിസംബർ 25 വ്യാഴം

# 'തെററിദ്ധരിപ്പിക്കുന്ന പ്രചരണം'

അമ്പലവയൽ: അമ്പുകുത്തി മലയിലെ ക്വാറികളിൽ 2000 തൊഴിലാളികൾ ജോലി ചെയ്യുന്നുവെന്നുള്ള ബത്തേരി മണ്ഡലം എം.എൽ.എ. കെ. കെ. രാമചന്ദ്രൻമാസ്റ്ററുടേയും മറ്റും പ്രചരണം ജനങ്ങളേയും അധികൃതരേയും തെറ്റിദ്ധരിപ്പിക്കുന്നതിന് വേണ്ടിയുള്ളതാണെന്നും ഈ ക്വാറികളിൽ 120ൽ താഴെ തൊഴിലാളികളാണ് ഉള്ളതെന്നും എടയ്ക്കൽ ഗുഹ സംരക്ഷണസമിതി ചൂണ്ടിക്കാട്ടി.

ഇതിൽ പകുതിയിലധികം പേരും തമിഴ്നാട്ടിൽനിന്നും കർണ്ണാടകയിൽ നിന്നും ഉള്ള അടിമത്തൊഴിലാളികളാണെന്നും 30ൽ താഴെയുള്ളവർ മാത്രമാണ് ക്വാറിയുടെ സമീപത്തുള്ള തൊഴിലാളികളെന്നും ബാക്കിയുള്ളവർ കേരളത്തിൻെറ പല ഭാഗത്തുനിന്നും ഒറ്റയ്ക്കു വന്ന് തൊഴിൽ എടുക്കുന്നവരുമാണ്. ഇവർക്കെല്ലാം അമ്പലവയൽ പ്രദേശത്തെ മറ്റ് ക്വാറികളിൽ ധാരാളം തൊഴിൽ സാധ്യതകളുമുണ്ട്.

അമ്പുകുത്തിയിലെ ക്വാറികൾ ഗുഹയ്ക്ക് വൻഭീഷണിയായി നില്ക്കുമ്പോൾ തന്നെ ആ പ്രദേശത്തെ ജനങ്ങളുടെ ജീവനും സ്വത്തിനും ഈ ക്വാറികൾ കടുത്ത ഭീഷണിയാണ്. ക്വാറികളോട് തൊട്ടുകിടക്കുന്ന അമ്പലവയൽ, അമ്പുകുത്തി വഴി ബത്തേരിക്കുള്ള സർക്കാർ റോഡിലും സമീപത്തുള്ള വീടുകൾക്ക് മുകളിലും കല്ലുകൾ വീണ് കനത്ത നഷ്ടമുണ്ടായിട്ടുണ്ട്. ക്വാറികളുടെ താഴ്വാരത്തുള്ള കൃഷിയിടങ്ങളിൽ പാറപ്പൊടിയും മണലും വന്ന് നിരന്നു കൃഷിയോഗ്യമല്ലാതായിക്കൊണ്ടിരിക്കുന്നു. ക്വാറികൾ ഇനിയും തുടർന്ന് പ്രവർത്തിക്കാൻ അനുവദിച്ചാൽ മലയിടിച്ചിലുകളും കുടിവെള്ള ക്ഷാമവും ഉണ്ടാവുമെന്നും അതുകൊണ്ട് എടക്കൽ ഗുഹയും അമ്പുകുത്തിയിലെ ജനങ്ങളുടെ ജീവനും സ്വത്തിനും സംരക്ഷണം കിട്ടണമെങ്കിൽ ഈ ക്വാറികൾ ശാശ്വതമായി നിരോധിച്ച് അമ്പുകുത്തി മലനിരകൾ സംരക്ഷിതമേഖലയായി പ്രഖ്യാപിക്കണമെന്നും എടയ്ക്കൽ ഗുഹ സംരക്ഷണസമിതി കൺവീനർ തോമസ് അമ്പലവയൽ പ്രധാനമന്ത്രിക്കും മുഖ്യമന്ത്രിക്കും മറ്റ് അധികൃതർക്കും അയച്ച നിവേദനത്തിൽ ആവശ്യപ്പെട്ടു.

### അടിസ്ഥാനരഹിതം

അമ്പലവയൽ: എടക്കൽ ഗുഹ സന്ദർശിക്കാനെത്തുന്നവരിൽ നിന്നു അനധികൃതമായി പണം ചോദിച്ചുവാങ്ങുന്നുവെന്ന പ്രചരണം അടിസ്ഥാനരഹിതമാണ്.

സന്ദർശകരുടെ സൗകര്യം കണക്കിലെടുത്ത് ദിവസവും രാവിലെ ഒമ്പതു മണി മുതൽ വൈകുന്നേരം അഞ്ച് മണി വരെ ഗുഹയിൽ ഒരു ഗൈഡ് ഉണ്ടായിരിക്കും. സന്ദർശകരുടെ പേരുവിവരവും പരാതികളും രേഖപ്പെടുത്തുന്നതിന്നുള്ള പുസ്തകങ്ങളും ഗുഹയിലുണ്ട്. സന്ദർശക[illegible] സ്വമേധയാ നൽകുന്ന സംഭാവനയ[illegible]തെ നിർബ്ബന്ധപൂർവ്വം ആരോടും സ[illegible]ഖ്യ വസൂലാക്കിയിട്ടില്ലെന്നു രേ[illegible]മസ്സ് അമ്പലവയൽ അറിയിച്ചു.

### മാറ്റിവെച്ചു

അമ്പലവയൽ: ഡിസംബർ 27, 28 തീയതികളിൽ വയനാട്ടിൽ [illegible]ടത്താൻ തീരുമാനിച്ചിരുന്ന എടക[illegible] ഗുഹ സംരക്ഷണ പ്രചരണ ജാഥ [illegible]നവരി ആദ്യവാരത്തിലേയ്ക്കു മ[illegible] വെച്ചു.

മാതൃഭൂമി
1986 ഡിസംബർ 29 തിങ്കൾ

# ക്വാറി സംരക്ഷണസമിതി വ്യാജമെന്ന് കേരള കോൺ.

അമ്പലവയൽ: പുരാതന ശിലാ[illegible]ഖിതങ്ങളുൾക്കൊള്ളുന്ന എടക്കൽ [illegible]ഹയുടെ സർവ്വനാശത്തിനും, പ്രകൃ[illegible]രമണീയമായ അമ്പുകുത്തിമലയു[illegible] വിനാശത്തിനും, റോഡുകളുടെ [illegible] കൃഷിസ്ഥലങ്ങളുടെയും നാ[illegible]തിനും കാരണമായിട്ടുള്ള അമ്പു[illegible]ത്തിയിലെ ക്വാറി പ്രവർത്തനം പു[illegible]രംഭിക്കണമെന്ന് ക്വാറി മുതലാളി[illegible]ക്കു വേണ്ടി വാദിക്കുന്ന അമ്പു[illegible]ത്തി ക്വാറി തൊഴിലാളി സംരക്ഷണ[illegible]തി വ്യാജതൊഴിലാളി സംരക്ഷണ[illegible]തിയാണെന്ന് കേരള കോൺ. [illegible] ജനറൽ സിക്രട്ടറി കെ. ജെ. ദേവ[illegible] ആരോപിച്ചു.

[illegible]മ്പലവയൽ മണ്ഡലം കമ്മിറ്റിയു[illegible]ഭിമുഖ്യത്തിൽ അമ്പലവയലിൽ [illegible]ന്ന കേരള കോൺഗ്രസ്സ് പൊതു[illegible]ളനം ഉദ്ഘാടനം ചെയ്തു പ്രസം[illegible]ുകയായിരുന്നു അദ്ദേഹം. യോ[illegible]ൽ പ്രസിഡണ്ട് കെ. ഭഗീരഥൻ [illegible] അദ്ധ്യക്ഷത വഹിച്ചു.

[illegible]മിതി ഭാരവാഹികൾ അവകാശപ്പെടുന്നത് മൂന്നു കൊല്ലമായി രണ്ടായിരം തൊഴിലാളികൾ അമ്പുകുത്തിയിലെ അഞ്ച് ക്വാറികളിലായി ജോലി ചെയ്യുന്നുണ്ടെന്നാണ്. എന്നാൽ നാളിതുവരെ ഈ ക്വാറികളിൽ നിന്നും സർക്കാർ ഖജനാവിൽ റോയൽട്ടി ഇനത്തിൽ വന്നതാകട്ടെ ആയിരത്തോളം ക. മാത്രമാണ്. രണ്ടായിരം തൊഴിലാളികൾ ജോലി ചെയ്യുന്ന ഒരു ക്വാറിയിൽ ചുരുങ്ങിയത് ദിനംപ്രതി 50 ലോഡ് കരിങ്കല്ലെങ്കിലും ഉല്പാദിപ്പിക്കാൻ കഴിയും. 50 ലോഡ് കരിങ്കല്ലിന്ന് റോയൽട്ടി ഇനത്തിൽ 650ക. പ്രതിദിനം ലഭ്യമാകുമ്പോൾ ഒരു കൊല്ലം 2,37,250ക. സർക്കാർ ഖജനാവിൽ വരേണ്ടതാണ്. ഇതിൽ നിന്നു തന്നെ വ്യക്തമാണ് അമ്പുകുത്തിയിൽ കേവലം കുറഞ്ഞ തൊഴിലാളികൾ മാത്രമാണുള്ളതെന്ന്.

കേവലം നൂറിൽത്താഴെ തൊഴിലാളികളുള്ള അമ്പുകുത്തി ക്വാറിയിൽ രണ്ടായിരം തൊഴിലാളികളുണ്ടെന്ന് പറയുന്നത് വ്യാജപ്രസ്താവനയാണ്. മാത്രവുമല്ല, അമ്പലവയലിലെ വിശാലമായ കരിങ്കൽ ക്വാറികളിൽ തൊഴിലിന് യാതൊരു ബുദ്ധിമുട്ടുമില്ല. ഇനിയും അമ്പലവയലിൽത്തന്നെ ക്വാറികൾ ആരംഭിക്കാൻ തക്ക പാറകളുണ്ട്. വസ്തുതകൾ ഇങ്ങനെയായിരിക്കെ ഏതാനും ചില മുതലാളിമാരുടെ താല്പര്യം സംരക്ഷിക്കുവാൻ തൊഴിലാളികളുടെ പേരു പറഞ്ഞ് ഇറങ്ങിയിരിക്കുന്ന തല്പരകക്ഷികളുടെ പൊള്ളത്തരം മനസ്സിലാക്കി എടക്കൽ ഗുഹാ സംരക്ഷണത്തിനായി മുഴുവൻ ജനങ്ങളും രംഗത്തിറങ്ങി പ്രവർത്തിക്കണമെന്ന് ദേവസ്യ ആവശ്യപ്പെട്ടു

എടക്കൽ ഗുഹയുടെ സംരക്ഷണത്തിനായി ക്വാറി പ്രവർത്തനം നിരോധിച്ച ജില്ലാ കലക്ടറോട് വളരെ നിന്ദ്യമായി പെരുമാറിയ സ്ഥലം എം.എൽ.എ.യും അതിനനുസൃതമായി നടപടികളെടുത്ത മുഖ്യമന്ത്രിയും ചരിത്രബോധമുള്ള ഒരു ജനസമൂഹത്തെ പരിഹസിക്കുകയാണ് ചെയ്തിരിക്കുന്നത്. അതിനെതിരെ യുക്തമായ നടപടികളെടുത്ത കേന്ദ്ര ഗവർമ്മെണ്ട് ജനങ്ങളുടെ അഭിനന്ദനമർഹിക്കുന്നു. ഇനിയും ക്വാറി പ്രവർത്തനം ആരംഭിക്കുന്നതിനുള്ള തല്പരകക്ഷികളുടെ കുത്സിത ശ്രമങ്ങളിൽ അകപ്പെടാതെ ക്വാറി പ്രവർത്തനം ശാശ്വതമായി നിരോധിക്കണമെന്ന് അദ്ദേഹം കേന്ദ്ര—കേരള സർക്കാരുകളോട് ആവശ്യപ്പെട്ടു.

യോഗത്തിൽ ജോസ് തോമസ് കാവുംപറമ്പിൽ സ്വാഗതവും കെ. വർഗീസ് നന്ദിയും പറഞ്ഞു.

# അമ്പുകുത്തിമലയിൽ പാറ പൊട്ടിക്കാൻ വീണ്ടും ശ്രമം

മാതൃഭൂമി — 1986 ഡിസംബർ 24ത്തിയതി

അമ്പലവയൽ: എടക്കൽ ഗുഹ
...തിചെയ്യുന്ന അമ്പുകുത്തിമല
...ല പാറപൊട്ടിക്കൽ കേന്ദ്ര
...ക്കാർ നിർദ്ദേശാനുസരണം തൽ
...ലം സംസ്ഥാന ഗവർമ്മെണ്ട്
...ത്തിവെച്ചെങ്കിലും കരിങ്കൽ ക്വാ
...ളുടെ പ്രവർത്തനം പുനരാരം
...ുന്നതിനുള്ള ശ്രമങ്ങൾ അണിയറ
... കൊണ്ടുപിടിച്ചാരംഭിച്ചു.

...യനാട്ടിലെ ഒരു എം.എൽ.എ.
...s സഹോദരൻെറ നേതൃത്വത്തി
...ള നിവേദകസംഘം തിരുവനന്ത
...ത്തുചെന്നു കരുനീക്കങ്ങൾ ന
...വരുന്നു. അമ്പുകുത്തി മലയി
... ക്വാറികൾ എടക്കൽ ഗുഹ
...ഭീഷണിയാകുമോ എന്നു പരി
...ധിക്കാൻ ഒരു വിദഗ്ദ്ധസമിതിയെ
...മിക്കാനും സമിതിയുടെ അനുമ
...യാടെ കരിങ്കൽ ക്വാറികൾ പുനരാ
...ക്കാനും ശ്രമങ്ങൾ നടന്നുവരു
... ക്വാറി തൊഴിലാളികളുടെ പേരി
...് ഇതെല്ലാം നടക്കുന്നതെങ്കിലും
...ർത്ഥ താല്പര്യവും ക്വാറി ഉടമകളു
...തന്നെ. കേരള സർക്കാർ നിയ
...ുവാൻ ഉദ്ദേശിക്കുന്ന കമ്മിറ്റി
... ഡോ. എം.ജി.എസ്. നാരായ
... എം.ആർ.രാഘവവാരിയർ, എ
...ർ ഉൾപ്പെടുമെന്നും അവരുടെ
...ുകൾ നീക്കം ചെയ്യാനുള്ള ശ്രമ
... നടക്കുന്നതുകൊണ്ടാണ് കമ്മി
...ടെ ഔദ്യോഗികപ്രഖ്യാപനം ഉണ്ടാ
...ാതെന്നും അറിയുന്നു.

...രിങ്കൽക്വാറികളുടെ പ്രവർത്തനം
...ത്തിവെച്ചാൽ താൻ സമരം നടത്തു
...ു വയനാട്ടിലെ പ്രമുഖ കോൺഗ്ര
... നേതാവ് പ്രഖ്യാപിച്ചിരുന്നു
...ിലും ഇതുവരെ സമരമൊന്നും
...ങ്ങിയിട്ടില്ല. ചരിത്രപണ്ഡിതന്മാ
...ാവേഷകരുമായ ഒട്ടേറെ വിദഗ്ദ്ധർ
...ിലേറെ തവണ എടയ്ക്കൽ ഗുഹ
... പരിസരപ്രദേശങ്ങളും സന്ദർ
...ുകയും പഠനം നടത്തി തങ്ങളുടെ
...പ്രായങ്ങൾ രേഖപ്പെടുത്തിയി
...ഥലം എം.എൽ.എ. ഇപ്പോഴും
...ുന്നത് വിദഗ്ദ്ധർ ആരും ഗുഹ സ
...ിച്ചിട്ടില്ലെന്നാണ്. എന്നാൽ
...എൽ.എ.യുടെ പ്രസ്താവന
...ുവേണ്ടിയാണെന്ന് വയനാട്ടി
... പ്രകൃതിസ്നേഹികൾക്കും ജന

ങ്ങൾക്കു പൊതുവെയും അറിയാവുന്നതാണ്.

ഏതായാലും ക്വാറി സംരക്ഷിക്കുവാനുള്ള സമിതിയിൽനിന്നും മിക്ക തൊഴിലാളി സംഘടനകളും രാഷ്ട്രീയ പാർട്ടികളും പിൻവാങ്ങിക്കഴിഞ്ഞു. ബി.ജെ.പി. സംരക്ഷണസമിതിയിൽ ഉണ്ടായിരുന്നില്ല. ജനതാപാർട്ടി സമിതിയിൽനിന്നും ആദ്യം പുറത്തു കടന്നു. സി.പി.ഐ.യും, മാർക്സിസ്റ്റുപാർട്ടിയും, കേരളകോൺഗ്രസ്സും ഒന്നൊന്നായി ക്വാറിസംരക്ഷണ സമിതിയോട് വിടപറഞ്ഞു. പല പാർട്ടികളിലും ക്വാറിപ്രശ്നം വിഷമങ്ങൾ സൃഷ്ടിച്ചു. മാർക്സിസ്റ്റു പാർട്ടിയുടെ പ്രമുഖ പ്രവർത്തകർ ഭൂരിപക്ഷവും ഗുഹാസംരക്ഷണത്തിനുവേണ്ടി നിലനിന്നപ്പോൾ അമ്പലവയലിലെ രണ്ടു നേതാക്കൾ കോൺഗ്രസിനോടൊപ്പം ക്വാറിസംരക്ഷണസമിതിയിൽ പ്രവർത്തിക്കുന്നു. ക്വാറിസംരക്ഷണ സമിതിയിൽ മുസ്ലിംലീഗിലെയും കോൺഗ്രസ്സിലെയും ഒരു വിഭാഗം മാത്രമെ ഇന്നു അവശേഷിക്കുന്നുള്ളു. കോൺഗ്രസ്സിലെ ആൻറണി വിഭാഗക്കാർ പാറപൊട്ടിക്കൽ കേന്ദ്ര സർക്കാർ തടഞ്ഞപ്പോൾ കല്പറ്റയിൽ ആഹ്ലാദപ്രകടനംവരെ നടത്തി.

ക്വാറികൾ അടച്ചുപൂട്ടിയതോടെ തൊഴിലാളികൾ മറ്റു കരിങ്കൽക്വാറികളിൽ ജോലിതേടിപ്പോയി. തമിഴ് തൊഴിലാളികൾ പലരും സ്ഥലംവിട്ടു. അമ്പലവയൽ പ്രദേശത്തുള്ള ജനങ്ങൾ ഒറ്റക്കെട്ടായി കരിങ്കൽക്വാറിക്ക് എതിരെ അണിനിരന്നതിനാൽ പാർട്ടികളും സ്വയം മാറേണ്ടിവന്നു.

അമ്പുകുത്തിമലയിൽ 5 കരിങ്കൽ ക്വാറികളാണ് പ്രവർത്തിക്കുന്നത്. ഇതിലാകെ നൂറോളം തൊഴിലാളികളേ ജോലി ചെയ്യുന്നുള്ളൂ. അമ്പലവയലിൽ മൊത്തം രണ്ടായിരത്തോളം തൊ[illegible] കരിങ്കൽ പണിയുമായി ബന്ധപ്പെട്ടിട്ടുണ്ട്. യാതൊരു തൊഴിൽ സ്ഥിരതയും ഇല്ലാത്ത ഇവർക്ക് മിനിമം വേതനം, അപകട ഇൻഷൂറൻസ്, ബോണസ് ഇവയൊന്നുമില്ല. തമിഴ്നാട്—കർണ്ണാടക സംസ്ഥാനങ്ങളിൽ നിന്നു ഇറക്കുമതി ചെയ്യപ്പെട്ട അടിമ തൊഴിലാളികളാണ് ഇവരിൽ ഭൂരിപക്ഷവും. അപകടങ്ങൾ അടിക്കടി ഉണ്ടാവുന്ന കൽക്വാറികൾക്ക് സമീപം അംഗവൈകല്യം വന്ന നിരവധി പേരെ കാണാം. സ്ഫോടനത്തിൽ മരണമടയുന്നവർക്ക് ഒരർത്ഥത്തിൽ മോചനം കിട്ടുന്നു. അവയവങ്ങൾ നഷ്ടപ്പെട്ടവർ ജീവച്ഛവങ്ങളായി ഊരു തെണ്ടുന്നു. അംഗവൈകല്യം വന്നാലോ മരിച്ചാലോ ക്വാറി മുതലാളിമാർ അറിയാറില്ല. വളരെ അപൂർവ്വമായേ മരണപ്പെട്ടവരുടെ ആശ്രിതർക്കു വല്ലതും നല്കാറുള്ളൂ. അപകടം പറ്റി ആസ്പത്രിയിലാക്കുന്നവരെക്കുറിച്ചു ആരും അന്വേഷിക്കാറില്ല.

അമ്പലവയൽ—ബത്തേരി റോഡിൻെറ അരികു ചേർന്നാണ് ക്വാറികൾ പ്രവർത്തിച്ചിരുന്നത്. റോഡിലൂടെ പോകുന്ന വാഹനങ്ങൾക്കും യാത്രക്കാർക്കും പാറക്കഷ്ണങ്ങൾ വൻഭീഷണി ഉയർത്തിയിരുന്നു. കന്നുകാലികളെ പറമ്പിൽ കെട്ടിയിടാനും കുട്ടികളെ വീട്ടുമുറ്റത്ത് കളിക്കാൻ വിടാൻ പോലും നാട്ടുകാർ ഭയന്നിരുന്നു. ക്വാറികളിൽ നിന്നു ഒലിച്ചിറങ്ങുന്ന മണൽ കൊണ്ട് താഴ്ഭാഗത്തുള്ള നെൽവയലുകളും കിണറുകളും അരുവികളും നികന്നു പോയിരിക്കുന്നു. വീടുകളുടെ മുകളിൽ വലിയ പാറച്ചീളുകൾ വീണു ഉണ്ടാകുന്ന നാശനഷ്ടങ്ങൾ ചില്ലറയല്ല.

ജനങ്ങൾ തിങ്ങിത്താമസിക്കുന്നിടത്ത് ക്വാറികൾക്കു ലൈസൻസ് നല്കാൻ പാടില്ലെന്ന നിയമങ്ങൾ കാറ്റിൽ പറത്തിയാണ് ഇവിടെ ക്വാറികൾ പ്രവർത്തിക്കുന്നത്.

അമ്പുകുത്തി മല തെക്കൻ വയനാട്ടിൻെറ കാലാവസ്ഥയിലും പരിസ്ഥിതിയിലും വൻസ്വാധീനം ചെലുത്തുന്നു. തെക്കൻ ഭാഗത്തെ ഏറ്റവും നീളം കൂടിയതും ഉയരമേറിയതുമായ മലയാണിത്. ഏത് കൊടിയ വേനലിലും വരൾച്ചയിലും സുലഭമായി ജനങ്ങൾക്കു വെള്ളം കിട്ടുന്നു.

മാതൃഭൂമി

# എടക്കൽ ഗുഹാചിത്ര സങ്കേതം സംരക്ഷിക്കുക

വയനാട്ടിൽ അമ്പുകുത്തിമലയിലെ എടക്കൽ ഗുഹ നാശമടയാതെ കാത്തുസൂക്ഷിക്കേണ്ടതിന്റെ ആവശ്യകതയിലൂന്നിക്കൊണ്ടും ഏതു വില പിടിച്ച ദേശീയ സമ്പത്തും മുക്കാൽ പുത്തന് വിറ്റു നക്കുന്ന നമ്മുടെ നയത്തെ വിമർശിച്ചുകൊണ്ടും മാതൃഭൂമി എഴുതിയ മുഖപ്രസംഗം (ഡിസംബർ 13 ശനിയാഴ്ച) തികച്ചും പ്രസക്തവും സമയോചിതവുമായി. വന്നാലും വന്നാലും ഒരു ഗുഹയല്ലേ. അതിനിത്ര ഒച്ചപ്പാടെന്തിന് എന്ന് ധരിച്ചുപോകാതിരിക്കാൻ ഈ ദേശീയസ്മാരകത്തെക്കുറിച്ച് അവശ്യം അറിഞ്ഞിരിക്കേണ്ട ചില കാര്യങ്ങൾ പറയുന്നതിനു വേണ്ടിയാണീ കത്തെഴുതുന്നത്.

ചരിത്രാതീതകാലത്തെ ഗുഹകളും ഗുഹാചിത്രങ്ങളുമൊന്നും അത്ര ദുർല്ലഭങ്ങളോ അപൂർവ്വങ്ങളോ അല്ല. ദക്ഷിണേന്ത്യയിൽ പലേടങ്ങളിലും മദ്ധ്യേന്ത്യയിൽ ഭീംബേട്കാ പോലുള്ള സ്ഥാനങ്ങളിലും ഇത്തരം ഗുഹകളുണ്ട്. അവിടത്തെ ചിത്രങ്ങൾ ചായം കൊണ്ടു വരച്ചവയാണ്. ഈ രചനാശൈലിയിൽനിന്ന് തീർത്തും വ്യത്യസ്തമാണ് എടക്കൽ ഗുഹാചിത്രങ്ങൾ. അവ കല്ലുളികൊണ്ടോ അതുപോലുള്ള മറ്റേതോ ഉപകരണം കൊണ്ടോ പാറയിൽ ഉരച്ചുരച്ച് വരച്ചവയാണ്. മുഖ്യമായും നേർവരകൾകൊണ്ടു വരച്ചുണ്ടാക്കിയ ചിത്രങ്ങൾ നോക്കിയാൽ പരുക്കനായുധത്[illegible]ന്റെ സ്വഭാവം ബോധ്യമാവും. [illegible]താണെത്തിന്റെ വിവിധ ഘട്ടങ്ങ[illegible] ചിത്രങ്ങൾ ഇവിടെയുണ്ട്[illegible]യിൽനിന്നും, എടക്കൽ രചന[illegible]യെക്കുറിച്ച് പലതും ഗ്ര[illegible] ശൈലിയിലെന്നപോലെ ഉ[illegible]ലും എടക്കൽ ചിത്രങ്ങൾ [illegible] പുലർത്തുന്നു.

...സാധാരണമായി [illegible]ശ്യങ്ങളും മൃഗങ്ങളുടെ [illegible] ശൈലീകൃതമോ ആയ രൂപങ്ങളുമാണ് പാറച്ചിത്രങ്ങളിൽ പരക്കെ കണ്ടുവരുന്നത്. എടക്കൽ ഗുഹയിലെ ചിത്രങ്ങളിലാകട്ടെ അനുഷ്ഠാനസ്വഭാവം കുറിക്കുന്ന ഉടുപ്പുടവകളും അണിയലങ്ങളും ചേർന്ന ശൈലീകൃത മനുഷ്യരൂപങ്ങൾക്കാണ് പ്രാധാന്യം. ശൈലീകൃതമായ ആന, ആട്, മാൻ മുതലായ മൃഗങ്ങളുമുണ്ട്. പുറമെ ചക്രം, നക്ഷത്രം മുതലായ ചിഹ്നങ്ങളും മറ്റു പല ''മാന്ത്രിക മണ്ഡല''ങ്ങളും ചിത്രീകരിക്കപ്പെട്ടിരിക്കുന്നു. സാധാരണ ഗുഹാചിത്രങ്ങളുടേതിൽ നിന്ന് വ്യത്യസ്തമായ സാംസ്കാരികവികാസദശയെ പ്രതിനിധാനം ചെയ്യുന്നവയാണ് ഈ ചിത്രങ്ങളെന്നു ചുരുക്കം. എടക്കൽ ഗുഹയിലെ രേഖകളെപ്പോലുള്ളവ ലോകത്ത് തന്നെ ദുർല്ലഭമാണ്. ആഫ്രിക്കയിലെ ചില പാറക്കുടുമ്പുകളിലും യൂറോപ്പിൽ ആൽപ്സ് പർവ്വതനിരയിൽ സ്വീറിയ എന്ന സ്ഥാനത്തും മാത്രമേ ഇത്തരം വരകൾ കണ്ടെത്തിയിട്ടുള്ളൂ. ആഫ്രിക്കയിലേത് സമാന്തരമായ നിരവധി ലംബരേഖകൾ മാത്രം ഉൾക്കൊള്ളുന്നു. സ്വീറിയയിലാകട്ടെ കുറച്ചുകൂടി വ്യക്തമായ രൂപങ്ങളുണ്ട്. എന്നാൽ ചിത്രങ്ങളുടെ ഭംഗിയും മുഴുപ്പും സമൃദ്ധിയും വെച്ചുനോക്കിയാൽ അത് എടക്കൽ ചിത്രങ്ങളോടു കിടപിടിക്കാനാവാത്തവയാണ്.

ലോകത്തിലെ പല രാഷ്ട്രങ്ങളിൽ നിന്നുമുള്ള ഗവേഷകന്മാരുടെ ഒരു സംഘം ഈയിടെ എടക്കൽ സന്ദർശിച്ച് അത്ഭുതത്തോടെ രേഖപ്പെടുത്തിയ വസ്തുതകളിൽ ഈ താരതമ്യവും ഉൾപ്പെടുന്നു. ഈ അമൂല്യ ദേശീയ സ്മാരകത്തിന്റെ പ്രാധാന്യവും പാറപൊളിക്കാരിൽനിന്ന് ഈ ചരിത്രാവശിഷ്ടം നേരിടുന്ന വെല്ലുവിളിയും നേരിൽ കാണിച്ചുകൊടുത്തു ജില്ലാധികൃതരെ ബോധ്യപ്പെടുത്തുവാൻ കഴിഞ്ഞതുകൊണ്ട് വയനാട് ജില്ലാ കലക്ടർ അമ്പുകുത്തിയിൽ പാറപൊളിക്കൽ നിരോധിച്ചുകൊണ്ട് കല്പന പുറപ്പെടുവിച്ചു. കാര്യവിവരത്തോടുകൂടിയ ഈ ഉത്തരവിനെ കാറ്റിൽ പറത്തുകയും അമ്പുകുത്തിയിലെ പാറ യഥേഷ്ടം ഡയനാമിറ്റ് വെച്ച് തകർത്തുകൊള്ളാൻ ക്വാറി മുതലാളിമാർക്ക് സർവ്വാധിപത്യം നൽകുകയും ചെയ്യുന്ന ദൗർഭാഗ്യകരമായ ഒരു സ്ഥിതിവിശേഷമാണ് സംസ്ഥാന ഗവർമ്മെണ്ടിന്റെ ഉന്നതസ്ഥാനങ്ങളിൽ നിന്നുണ്ടായത്.

എടക്കൽ ഗുഹാസ്ഥാനവും പാറച്ചിത്രങ്ങളും കേരളത്തിന്റെ മാത്രം തനതു മുതലല്ല. അത് ഭാരതത്തിന്റെ വിലതീരാത്ത ദേശീയ സമ്പത്താകുന്നു. അതു നശിപ്പിക്കാനോ മുക്കാൽ കാശിനു വിറ്റുതിന്നാനോ കേരളത്തിനവകാശമില്ല. അതു സംരക്ഷിക്കേണ്ട ബാധ്യത ഉണ്ടുതാനും. ഗുഹാസംരക്ഷണത്തെപ്പറ്റി മാത്രമല്ല, വയനാടൻ കാടുകളിലങ്ങോളമിങ്ങോളവും കോളത്തിൽ നീളെയും ഉള്ള ചരിത്രാവശിഷ്ടങ്ങളെ സംരക്ഷിക്കേണ്ടതിന്റെ ആവശ്യകതയെപ്പറ്റി ഞങ്ങൾ പറഞ്ഞപ്പോഴൊക്കെ ഞങ്ങളെ കൂവിയാർത്താനും ശിക്ഷിക്കാനുള്ള ശുപാർശകളയക്കാനുമാണ് ബന്ധപ്പെട്ട വകുപ്പുകൾ ശ്രമിച്ചിട്ടുള്ളത്. അങ്ങിനെയിരിക്കെ എടക്കൽഗുഹാസംരക്ഷണത്തെ അനുകൂലിച്ചുകൊണ്ട് കേരളത്തിലെ പൊതുജനജിഹ്വകളിലൊന്നായ മാതൃഭൂമി നല്കിയ ആഹ്വാനം സർവ്വഥാ ശ്രദ്ധേയമായി. കേരളത്തിലെ സാംസ്കാരിക സംഘടനകളും സംസ്കാരപ്രേമികളും ചരിത്രകുതുകികളും ഒറ്റക്കും കൂട്ടായും ഗുഹാസംരക്ഷണ സംരംഭങ്ങളിൽ ഭാഗഭാക്കുകളായി മുമ്പോട്ടുവരണമെന്ന് അഭ്യർത്ഥിക്കുന്നു.

—ഡോ: എം. ആർ. രാഘവവാരിയർ.

ദീപിക. 1987 ജനുവരി. 1.

# അന്വേഷണകമ്മീഷൻ പ്രഹസനമായാൽ ബഹിഷ്കരിക്കും: ഗുഹസംരക്ഷണസമിതി

കല്പറ്റ: അമ്പുകുത്തി മലയിലെ ക്വാറികൾ പുനരാരംഭിച്ചാൽ എടക്കൽ ഗുഹയിലെ ശിലാലിഖിതങ്ങളെ അതെത്രത്തോളം പ്രതികൂലമായി ബാധിക്കുമെന്ന് പഠിക്കുന്നതിനുവേണ്ടി നിയമിക്കുന്ന അന്വേഷണ കമ്മീഷൻ വെറും പ്രഹസനമാക്കി മാറ്റിയാൽ കമ്മീഷനെ ബഹിഷ്കരിക്കുമെന്ന് എടക്കൽ ഗുഹാസംരക്ഷണ സമിതി മുന്നറിയിപ്പ് നല്കി.

യോഗത്തിൽ അബ്ബാസ് അദ്ധ്യക്ഷ്യം വഹിച്ചു. അബ്ദുൾവഹാബ്, എൻ. ബാദുഷ, കെ. കെ. സുരേന്ദ്രൻ, തോമസ് അമ്പലവയൽ, കോളിയാടി ഗംഗാധരൻ എന്നിവർ പ്രസംഗിച്ചു.

## ക്വാറി തൊഴിലാളി സമിതി പ്രചരണം വ്യാജമെന്ന്

അമ്പലവയൽ: അമ്പുകുത്തിമലയിലെ പാറപൊട്ടിക്കൽ നിരോധിച്ചതിന്നെതിരെ ക്വാറി തൊഴിലാളി സംരക്ഷണസമിതി നടത്തുന്ന പ്രചരണങ്ങൾ വസ്തുതകളുമായി പൊരുത്തപ്പെടാത്തതാണെന്ന് അമ്പുകുത്തി ഗ്രാമവികസന സമിതി കുറ്റപ്പെടുത്തി.

കേവലം നൂറിൽ താഴെ തൊഴിലാളികളേ ക്വാറിയിൽ ജോലി ചെയ്യുന്നുള്ളൂ. ക്വാറി സമീപവാസികൾക്കും കൃഷിസ്ഥലങ്ങൾക്കും റോഡുകൾക്കും ഭീഷണിയാണ്. അമ്പുകുത്തിമലയുടെ പ്രകൃതിരമണീയതയ്ക്ക് കോട്ടം വരുമെന്നതിനാലും എടക്കൽ ഗുഹയ്ക്ക് നാശം സംഭവിക്കുമെന്നതിനാലും ഇവിടത്തെ ക്വാറികൾ ശാശ്വതമായി നിരോധിക്കണമെന്ന് യോഗം കേന്ദ്ര—കേരള സർക്കാറുകളോട് ആവശ്യപ്പെട്ടു.

പ്രസിഡണ്ട് ജോസ് തോമസ് ആദ്ധ്യക്ഷ്യം വഹിച്ചു. കെ.ജെ. ദേവസ്യ, മുൻ പഞ്ചായത്ത് പ്രസിഡണ്ട് എൻ. വാസുദേവൻ, തോമസ് അമ്പലവയൽ, കെ. ഭഗീരഥൻ, ഇ.എസ്. ഫിലിപ്പ് എന്നിവരെ എടക്കൽ ഗുഹയുടെ സംരക്ഷണ പ്രവർത്തനങ്ങൾക്ക് യോഗം ചുമതലപ്പെടുത്തി.

അമ്പുകുത്തി പ്രദേശത്ത് ടൂറിസ്റ്റുകളെ ആകർഷിക്കുംവിധം വികസന പ്രവർത്തനങ്ങൾ നടപ്പാക്കണമെന്നും യോഗം ആവശ്യപ്പെട്ടു.

CLT മലയാള മനോരമ 3W.

1987 ജനുവരി 14 ബുധൻ

# എടയ്ക്കൽ ഗുഹ: ഹൈക്കോടതിയിൽ ഹർജി

കൊച്ചി: കെ. കെ. രാമചന്ദ്രൻ എം. എൽ. എ.യേയും മററും ഉൾപ്പെടുത്തിക്കൊണ്ട് ഡിസംബർ 29—ന്ന സർക്കാർ രൂപവൽക്കരിച്ച എടയ്ക്കൽ ഗുഹ സംരക്ഷണ കമ്മിററി നിയമവിരുദ്ധമാണെന്ന് ആരോപിച്ച ഹൈക്കോടതിയിൽ ഹർജി.

വയനാട്ടിലെ അമ്പുകുത്തിമലയിലെ ഗുഹ ചരിത്രാതീതകാലത്തെ ചിത്രകലയുടെ സ്മാരകമാണ്. 8000—ൽപരം വർഷം പഴക്കമുള്ള ഗുഹയ്ക്കു സമീപം ആറു മാസങ്ങൾക്കുമുമ്പ് കരിങ്കൽ മടകൾ സ്ഥാപിക്കപ്പെട്ടു. ജില്ലാ കലക്ടർ അതു നിരോധിച്ചുവെങ്കിലും കെ. കെ. രാമചന്ദ്രൻ എം. എൽ. എ.യും മററും കോൺട്രാക്ടർമാരുടെ പക്ഷത്തായിരുന്നു.

എന്നാൽ, ഗുഹ സംരക്ഷിക്കുന്നതിനു സർക്കാർ രൂപവൽക്കരിച്ച കമ്മിററിയിൽ രാമചന്ദ്രൻ മാസ്റ്റർക്കു പുറമെ മൈനിംഗ് ജിയോളജി ഡയറക്ടർ ഐ. ജി., കേരള സർവകലാശാലയിലെ ജിയോളജി പ്രൊഫസർ എം. വേലായുധൻ നായർ എന്നിവരാണ് അംഗങ്ങൾ. കോൺട്രാക്ടർമാരുടെ സഹായിയായിരുന്ന രാമചന്ദ്രനെയും മററും ഉൾപ്പെടുത്തി രൂപവൽക്കരിച്ച കമ്മിററി നിയമവിരുദ്ധമാണെന്നാണ് ഹർജിക്കാരനായ ഗുഹാ സംരക്ഷണ സമിതി കൺവീനർ തോമസിൻെറ ആരോപണം.

ഹർജിയിൽ മുഖ്യമന്ത്രി കരുണാകരനും എതിർകക്ഷിയാണ്. ഇന്നു ജസ്റ്റിസ് കെ. എസ്. പരിപൂർണൻ ഹർജി പരിഗണിക്കും.

# കേരളകൗമുദി

blished from Trivandrum & Calicut    കോഴിക്കോട്ട്    1987    ജനവരി    4    ഞായർ    വില 1 രൂപ    പേജ്


## ള്ളനുതന്നെ കാവൽപ്പണി

സ്വന്തം ലേഖകൻ

കല്പറ്റ, ജനു. 3

ന ലോക കലയുടെതായി ഇന്ന് തൊട്ട് മുന്നിൽ അവശേഷിക്കു ൽ ഗുഹാ ചിത്രങ്ങൾ സാമൂഹ്യ ടയും രാഷ്ട്രീയോപ ജീവികളുടെ ത ഭീഷണി നേരിടുകയാണ്. മിൽ പലരും ഇതിൻമേൽ ാത്തിവെച്ച് വികൃതമാക്കിയിരി തിനേക്കാൾ വലിയ വിപത്ത് ചെയ്യുന്ന അമ്പുകുത്തി മലയി പൊട്ടിക്കൽ കേന്ദ്രങ്ങളാണ്. ാട്ടടുത്തു തന്നെയുള്ള ക്വാറിക ാടനം ഏത് നിമിഷവും ഈ രകത്തെ ഏതാനും പാറക്കഷ്ണ റ്റാൻ ഇടയുണ്ട്. കേന്ദ്ര ഗവ നിർദ്ദേശ പ്രകാരം ക്വാറികൾ മായി നിരോധിച്ചുവെങ്കി സ്വാധീനം ഉപയോഗിച്ച് ുള്ള സാദ്ധ്യത നിലവിലു ാടുവിലത്തെ സർക്കാരിന്റെ ുമ്പോൾ ഈ ഗുഹ തകർത്തേ അടങ്ങൂ അവർ എന്നാണ് തോന്നുന്നത്.

1984 ൽ മാത്രമാണ് പുരാവസ്തു വകുപ്പ് എടയ്ക്കൽ ഗുഹ ഏറ്റെടുത്തത്. പ്രഖ്യാപനം വന്നതല്ലാതെ സംരക്ഷണത്തിന് വേണ്ട യാതൊന്നും ഇതേ വരെ ചെയ്തിട്ടില്ല. പാറപൊട്ടിക്കലും സന്ദർശകരുടെ വിവരമില്ലായ്മയും ചിത്രങ്ങളുടെ നാശത്തിന് കാരണമാവുമെന്ന് കണ്ട നാട്ടുകാരും ഏതാനും വ്യക്തികളും ശബ്ദമുയർത്തിയപ്പോഴാണ് കോഴിക്കോട്ട് സർവ്വകലാശാലയിലെ ഡോ. എം.ജി. എസ്. നാരായണൻ, ഡോ.എം.ആർ. രാഘവൻ വാര്യർ, ഡോ.എൻ.എം. നമ്പൂതിരി തുടങ്ങിയവരോടൊപ്പം ജില്ലാ കലക്ടർ ഗുഹ സന്ദർശിച്ചതും കാര്യങ്ങൾ നേരിട്ട് മനസിലാക്കിയതും. എടയ്ക്കൽ ഗുഹയ്ക്ക് തൊട്ടുള്ള ക്വാറികൾ കലക്ടർ നിരോധിച്ചെങ്കിലും ഇവിടുത്തെ എം.എൽ.എ. കെ.കെ. രാമചന്ദ്രൻ അത് പിൻവലിപ്പിച്ചു. രണ്ടായിരം തൊഴിലാളികൾക്ക് തൊഴിൽ നഷ്ടപ്പെട്ടുമെന്നായിരുന്നു ഇയാളുടെ വാദം. വീണ്ടും, കാശ്മീരിൽ നടന്ന ഹിസ്റ്ററി കോൺഗ്രസ്സിൽ പങ്കെടുത്ത ഇന്ത്യയിലെ പ്രമുഖരായ ചരിത്രാദ്ധ്യാപകരുടെയും ഗവേഷകരുടെയും നിവേദനത്തെ തുടർന്ന് കേന്ദ്ര സർക്കാർ പാറപൊട്ടിക്കൽ നിരോധിച്ചു. തൊഴിലാളികളുടെ പേര് പറഞ്ഞ് ക്വാറി മുതലാളിമാർക്ക് ലാഭമുണ്ടാക്കിക്കൊടുക്കാനാണ് എം.എൽ.എ.യും കൂട്ടരും ശ്രമിക്കുന്നതെന്ന് അദ്ദേഹത്തിന്റെ പാർട്ടിയിലുള്ളവർ ആരോപിക്കുന്നു. അതാണ് അന്വേഷണത്തിൽ വ്യക്തമായതും. മുഖ്യമന്ത്രി കല്പറ്റയിലെത്തിയപ്പോൾ പത്രലേഖകരോട് പറഞ്ഞു. രണ്ടായിരം തൊഴിലാളികൾക്ക് പണി നഷ്ടപ്പെടുന്ന ഈ പ്രശ്നത്തെപ്പറ്റി വിവരമുള്ളവരെ കൊണ്ട് അന്വേഷിപ്പിച്ചിട്ടേ നടപടിയെടുക്കൂ. മുഖ്യമന്ത്രി തിരുവനന്തപുരത്തേക്ക് പോയി. അദ്ദേഹം പറഞ്ഞ വിവരമുള്ളവർ അന്വേഷണത്തിന് ഇന്ന്- ജനുവരി എത്തുകയാണ്. എം.എൽ.എ. കെ രാമചന്ദ്രൻ ഉൾപ്പെടുന്ന ഒരു അ സംഘമാണ് എടയ്ക്കൽ ഗുഹാ ചിത്ര സംരക്ഷണത്തെപ്പറ്റി അന്വേഷിക്കു

എന്തുവന്നാലും എടയ്ക്കൽ ഗുഹ

ശേഷം 8–ാം പേജിൽ കോ

## കള്ളനുതന്നെകാവൽപ്പണി

ഒന്നാം പേജിൽ നിന്നും തുടർച്ച

ത്തേ അടങ്ങൂ എന്ന വാശിയോടെ ക്വാറി മുതലാളിമാർക്ക് വേണ്ടി ലോകോത്തരമായ ഒരു സംസ്കാരാവശിഷ്ടത്തിന് നേരെ തിരിഞ്ഞിരിക്കുന്ന കെ.പി.സി.സി. ജനറൽ സെക്രട്ടറി കൂടിയായ വയനാട്ടിലെ ഈ എം.എൽ.എ. യെത്തന്നെ അന്വേഷണത്തിനയച്ചത് ക്രൂരമായ ഒരു തമാശയാണ്. ഇന്ത്യക്കകത്തും പുറത്തുമുള്ള പ്രഖ്യാതരായ പുരാവസ്തു പണ്ഡിതരും ചരിത്ര ഗവേഷകരും നരവംശ വിജ്ഞാനികളും എടയ്ക്കൽ ഗുഹാ ചിത്രങ്ങൾക്ക് സംരക്ഷണം നൽകണമെന്നാവശ്യപ്പെട്ടപ്പോൾ അവരുടെ അഭിപ്രായത്തിന്റെ ന്യായം പരിശോധിക്കാൻ കേരള സർക്കാർ കണ്ടെത്തിയ വ്യക്തി കെ.കെ. രാമചന്ദ്രൻ

ഈ നാടിന്റെ മാത്രമല്ല;

നമ്മുടെ കാലത്തിന്റെ തന്നെ നാണക്കേടാണ് ഈ സംഭവം. എം.ജി.എസ്. നാരായണനും രാഘവ വാര്യരും ഇംഗ്ലീഷുകാരനായ ഫോസെറ്റും സ്വറ്റ്സർലണ്ട്കാരനായ ടിൽനറും , പ്രൊഫ. ബ്യൂളറും, പ്രൊഫ. ഹൾട്ട്ഷും, ശിവരാമമൂർത്തിയും, വിശ്വപ്രസിദ്ധനായ ഡോ. സങ്കാലിയയും, നമ്മുടെ കേസരി ബാലകൃഷ്ണപിള്ളയും എടക്കലിനെപ്പറ്റി പറഞ്ഞതെല്ലാം തിരുത്തപ്പെടാൻ പോകുന്നു. അങ്ങിനെ വയനാട്ടിൽ നിന്ന് വോട്ടുവാങ്ങി നിയമസഭയിലെത്തിയ ഒരു കോൺഗ്രസ് എം.എൽ.എ. ചരിത്ര പഠിതാക്കളുടെ മുന്നിൽ ഉയർന്നു വരികയാണ്- ചരിത്രത്തിൽ നോക്കുകുത്തികളാകാൻ വിധിക്കപ്പെട്ടവരുടെ വരവ് ചിലപ്പോൾ ഇത്തരം സന്ദർഭങ്ങളിലൂടെയുമാവാം എന്ന് ആശ്വാസം മാത്രം നമുക്ക് ബാക്കിയാവുന്നു.

ഴിലാളികൾ അമ്പുകുത്തിയിലെ ക്വാറികളിൽ ഇല്ല. ഓരോ ലോറി കല്ലിനും 52 രൂപ റോയൽട്ടിയായി സർക്കാരിന് നൽകണമെന്നാണ് വ്യവസ്ഥ. ഇതേവരെ അമ്പലവയലിലെ ലാന്റ് അഡ്മിനിസ്ട്രേറ്റീവ് ഓഫീസിൽ 1000 രൂപയിൽ താഴെയേ റോയൽട്ടി ലഭിച്ചിട്ടുള്ളു. രണ്ടായിരം തൊഴിലാളികൾ ഇത്രകാലം പാറപൊട്ടിച്ചിട്ടും ഇത്ര കുറഞ്ഞൊരു തുകയോ? രണ്ടായിരം പേരുണ്ടെങ്കിൽ ബാക്കി സംഖ്യ ആരാണ് വെട്ടിച്ചത്? ഇക്കാര്യങ്ങൾ നാട്ടുകാർക്കറിയണം.

പാറപൊട്ടിക്കാൻ അമ്പലവയലിൽ തന്നെ വേറെയും ഒരു ഡസനിലേറെ മലകളുണ്ട്. എടക്കലിൽ തന്നെ പൊട്ടിച്ചേ തീരൂ എന്ന് ശാഠ്യം പിടിക്കുന്ന പ്രാകൃത മനസ്സുകൾ ഒന്നറിയണം- എടയ്ക്കൽ ഗുഹാ ചിത്രങ്ങൾ വയനാട്ടുകാരുടെ മാത്രം കാര്യമല്ല. അത് ലോകജനതയുടെ സാംസ്കാരിക പാരമ്പര്യത്തിന്റെ സ്മാരകമാണ്. വയനാട്ടിലെ ക്വാറി മുതലാളിമാരുടെ പണവും വോട്ടും ഇതിന് പകരമല്ല. ഗുഹ മാത്രവുമല്ല പ്രശ്നം. ഗുഹസ്ഥിതിചെയ്യുന്ന മലക്ക് താഴെ വർഷങ്ങളോളമായി കൃഷി ചെയ്തു ജീവിക്കുന്ന നൂറിലേറെ കുടുംബങ്ങളുടെ സുരക്ഷിതത്വത്തിനും ഇത് ഭീഷണിയാണ്. സ്ഫോടക വസ്തുക്കൾ ഉപയോഗിച്ച് അനധികൃതമായി ക്വാറി നടത്താൻ ഏത് എം.എൽ.എ. ക്കാണ് അധികാരം?.

INDIAN EXPRESS COCHIN: Wednesday January 14 1987

# Writ plea to protect cave

**By Our Staff Reporter**

The question of preservation of Edakkal cave in Wynad district has been brought to the High Court.

Mr Thomas of Ambalavayal in the district who has filed a writ petition in this regard on behalf of the Edakkal Cave Preservation Committee has expressed dissatisfaction and lack of faith in the committee set up by the State Government to preserve the monument.

The petitioner has submitted that if the cave, which has 8,000-year-old engravings and inscriptions, is not protected from the vested interests and unscrupulous quarry contractors the ancient monument will be ruined.

He has prayed it to quash the State Government's order dated December 29, 1986 by which it has set up what the petitioner has termed an eye-wash committee to protect the monument. He has requested the court to declare the committee illegal.

He has pointed out that the committee has Mr Ramachandran Master, who represents Sultan Battery in the State Assembly, also as a member in spite of the fact that he had "worked against the interests of the monument".

The petitioner has submitted that the Government had set up the committee when it found the local people's agitation against the indiscriminate quarrying was gaining momentum. The committee, besides Mr Ramachandran Master, consisted of Director of Mining and Geology, Inspector-General of Police (Explosives), Professor of Geology, Kerala University, and Dr M. Velayudhan Nair of Regional Conservation Laboratory, Trivandrum.

The writ petition has sought a court declaration that the cave is an ancient monument and the Ambukuthy mountain range where the cave is situated an archeological site. Another prayer in the petition is for an order to the State Government prohibiting it from issuing qurrying licences in the range.

It has also requested the court to give the guardianship of the monument to the Director-General of Archeological Survey of India.

The petitioner has pointed out that historians like Kesari Balakrishna Pillai and Dr M. R. Raghavan Warrier have described the cave as the sole antiquity in Kerala and it also gives an idea of the begining of the artistic creations in the State.

He has pointed out that the Indian History Congress at its 47th session at Srinagar passed a resolution on October 9, 1986 requesting the Government and ASI to take urgent steps to protect the monument.

The petitioner has submitted that quarrying started in the cave area six months ago and immediately after it the local people rose against the quarrying. They formed Edakkal Cave Preservation Committee and organised peaceful agitators against the quarrying.

When their agitation gathered momentum the District Collector ordered the quarry contractors to withdraw from the area and he banned further quarrying.

## Extremists kill cop


VISAKHAPATNAM, Jan 13 (UNI): A constable was killed by extremists near Sileru reservoir in the tribal area of Visakhapatnam last night, police said.

The extremists fled with the constable's rifle.

## Salary donation

HYDERABAD, Jan 13 (UNI): Andhra Pradesh Power Minister M. Narasimhulu has decided to donate his monthly salary of Rs 3000 to the State exchequer from January this year.

**** കേരള കൗമുദി- 1987 ജനുവരി 19





എടക്കൽ ഗുഹയിലേക്ക് നാട്ടുകാർ ശ്രമദാനത്തിലൂടെ നിർമ്മിച്ച റോഡിന്റെ ഉദ്ഘാടനം

# എടക്കൽ ഗുഹയിലേയ്ക്കു് റോഡ്

അമ്പലവയൽ- എടക്കൽ ഗുഹയിലേക്കുള്ള മൂന്ന് കിലോമീറ്റർ ദൂരം വരുന്ന റോഡ് നാട്ടുകാർ ശ്രമദാനത്തിലൂടെ പൂർത്തിയാക്കി. കുപ്പക്കൊല്ലി മുതൽ എടക്കൽ വരെയുള്ള റോഡിന്റെ ഉദ്ഘാടനം പി. വാസുപണിക്കർ നിർവ്വഹിച്ചു.

നിത്യേന നൂറ് കണക്കിന് സന്ദർശകർ വന്നുകൊണ്ടിരിക്കുന്ന എടക്കലിലേയ്ക്കുള്ള ഈ റോഡ് ഗവണ്മെന്റ് ഏറ്റെടുക്കണമെന്ന് എടക്കലിൽ ചേർന്ന യോഗം ആവശ്യപ്പെട്ടു. ഗുഹാസംരക്ഷണ സമിതി കൺവീനർ തോമസ് അമ്പലവയൽ, കെ.കെ. ജേക്കബ് എന്നിവർ സംസാരിച്ചു.

1987 ജനുവരി 15 വ്യാഴം

# എടയ്ക്കൽ ഗുഹ സംരക്ഷിക്കാൻ ഹർജി

കേരളകൗമുദി

കൊച്ചി, ജനു. 14– നവീന ശിലായുഗത്തിലെ അപൂർവ്വ ഗുഹാചിത്രങ്ങളുടെയും ശിലാലിഖിതങ്ങളുടെയും സങ്കേതമായ അമ്പുകുത്തിമലയിലെ എടയ്ക്കൽ ഗുഹ സംരക്ഷിക്കാൻ അടിയന്തര നടപടി ആവശ്യപ്പെട്ടുകൊണ്ട് ഹൈക്കോടതിയിൽ ഹർജി സമർപ്പിക്കപ്പെട്ടു.

അമ്പലവയലിലെ അമ്പുകുത്തി മലയുടെ ഭാഗമായ എടക്കൽ ഗുഹയിൽ ഉള്ള ചിത്രങ്ങൾക്കും ലിഖിതങ്ങൾക്കും ചുരുങ്ങിയത് എണ്ണായിരം വർഷത്തെ പഴക്കം ഉണ്ടെന്ന് കേസരി ബാലകൃഷ്ണപിള്ള രേഖപ്പെടുത്തിയിട്ടുണ്ട്. പ്രമുഖ ചരിത്രകാരനായ ഡോ.എം.ആർ.രാഘവവാരിയരും ഈ ഗുഹാചിത്രങ്ങളുടെ അത്യപൂർവ്വ സ്വഭാവത്തെപ്പറ്റി പറഞ്ഞിട്ടുണ്ട്. ഹർജിക്കാരനായ എടക്കൽ ഗുഹ സംരക്ഷണ സമിതി കൺവീനർ തോമസ് ബോധിപ്പിക്കുന്നു.

ആറുമാസം മുൻപ് ഈ പുരാതന ഗുഹക്ക് ഭീഷണിയാകും മട്ടിൽ അമ്പുകുത്തി മലയിൽ ആറ് ക്വാറികൾ പ്രവർത്തനം ആരംഭിച്ചു. ധനികരും സ്വാധീനശക്തി ഉള്ളവരുമാണ് ക്വാറി നടത്തുന്ന കരാറുകാർ.

ഗുഹയിൽ നിന്നും 750 മീറ്റർ മാത്രം അകലെ മാറിയാണ് ഡയനാമിക് വച്ച് പാറ പൊട്ടിച്ച് തുടങ്ങിയത്– ഹർജിയിൽ പറയുന്നു. കഴിഞ്ഞ ഒക്ടോബറിൽ ശ്രീനഗറിൽ ചേർന്ന 47–ാമത് ഹിസ്റ്ററി കോൺഗ്രസ് എടക്കൽ ഗുഹ സംരക്ഷിക്കണമെന്ന് ഏകകണ്ഠമായി പ്രമേയത്തിൽ ആവശ്യപ്പെട്ടിട്ടുള്ളതാണ്.

വയനാട്ടിൽ ഈ ആവശ്യം ഉന്നയിച്ച് ജനകീയ പ്രക്ഷോഭവും നടന്നു. പ്രക്ഷോഭത്തെ തുടർന്ന് ക്വാറിയുടെ പ്രവർത്തനം നിരോധിച്ചുകൊണ്ട് ജില്ലാ കലക്ടർ ഉത്തരവായയെങ്കിലും സ്ഥലം എം.എൽ.എ. യായ കെ.കെ.രാമചന്ദ്രൻ മാസ്റ്റർ കരാറുകാർക്കുവേണ്ടി പ്രശ്നത്തിൽ ഇടപെട്ടു. കലക്ടറുടെ ഉത്തരവ് സർക്കാരിനെ കൊണ്ട് സ്റ്റേ ചെയ്യിക്കുകയുണ്ടായെന്നും ഹർജിയിൽ ആരോപിക്കുന്നു. എന്നാൽ തുടർന്നും ജനപ്രക്ഷോഭം ശക്തിപ്പെട്ടതിനെ തുടർന്ന് സർക്കാർ സ്റ്റേ പിൻവലിക്കാനും നിർബന്ധിതമായി.

പാറപൊട്ടിക്കുന്നത് എടയ്ക്കൽ ഗുഹക്ക് ഭീഷണിയേ അല്ലെന്ന് മുഖ്യമന്ത്രി കരുണാകരൻ പത്രപ്രസ്താവന നടത്തിയിട്ടുള്ള കാര്യവും ഹർജിക്കാരൻ എടുത്തുകാട്ടുന്നു. ഇതിൽ ജില്ലാ കലക്ടർ കൈക്കൊണ്ട നടപടിയെയും മുഖ്യമന്ത്രി നിശിതമായി വിമർശിക്കുകയുണ്ടായി.

എടക്കൽ ഗുഹ സംരക്ഷണക്കാര്യം സംബന്ധിച്ച സർക്കാർ ഇപ്പോൾ ഒരു കമ്മിറ്റിയെ നിയോഗിച്ചിട്ടുള്ളത് വെറും പ്രഹസനം മാത്രമാണെന്ന ആരോപണവും ഹർജിക്കാരൻ വെയ്ക്കുന്നു. ഈ കമ്മിറ്റിയിൽ അറിയപ്പെടുന്ന ചിത്രകാരന്മാരായ ഡോ.എം ജി.എസ്. നാരായണനെയും ഡോ.എം.ആർ.രാഘവവാര്യരേയും ഉൾപ്പെടുത്തുമെന്ന് കേട്ടിരുന്നെങ്കിലും അവരെ ഒഴിവാക്കിയിരിക്കുകയാണെന്നും ഹർജിയിൽ പറയുന്നു.

മാതൃഭൂമി

THE NATIONAL DAILY IN MALAYALAM, PUBLISHED FROM CALICUT, COCHIN AND TRIVANDRUM

64 ലക്കം 327 Calicut Tuesday February 17, 1987 — കോഴിക്കോട് 1987 ഫിബ്രവരി 17 ചൊവ്വ പേജ് 8 വ

# കലക്ടർക്ക് കണ്ണീരോടെ വിട

കല്പറ്റ: ഒരു വർഷം പോലും ജില്ലാ കലക്ടർ എന്ന നിലയ്ക്ക് സേവനം പൂർത്തിയാക്കാൻ അവസരം ലഭിക്കാത്ത ജില്ലാ കലക്ടർ ടി. രവീന്ദ്രൻ തമ്പിക്ക് വയനാട് ജനത ജില്ലയുടെ വിവിധ ഭാഗങ്ങളിൽ ഇക്കഴിഞ്ഞ ദിവസങ്ങളിൽ സ്നേഹനിർഭരമായ യാത്രയയപ്പ് നൽകി.

തിങ്കളാഴ്ച കല്പറ്റയിൽ ജിനചന്ദ്ര മെമ്മോറിയൽ ഹാളിൽ കല്പറ്റയിലെ ജനാവലി നൽകിയ യാത്രയയപ്പിൽ കുറഞ്ഞ കാലംകൊണ്ട് രവീന്ദ്രൻ തമ്പി ചെയ്ത സേവനങ്ങൾ പ്രാസംഗികർ അനുസ്മരിച്ചു.

പൂച്ചെണ്ടും പൂമാലയും നൽകി പലരും രവീന്ദ്രൻതമ്പിയ്ക്ക് യാത്രയയപ്പു നൽകിയപ്പോൾ വെറുംകൈയോടെ വന്ന ആദിവാസി സ്ത്രീകൾ വേദിയിലേക്ക് കയറി നമസ്കരിച്ചപ്പോൾ പലരുടേയും കണ്ണുകൾ നനഞ്ഞു പോയി.

രണ്ടും മൂന്നും തവണ രാഷ്ട്രീയക്കാരുടെ താങ്ങും തണലുമായി കലക്ടറേറ്റിൽ ചെന്നാലും കലക്ടർമാരെ കാണാൻ ആദിവാസികൾക്ക് കഴിയാറില്ല. കലക്ടർ രവീന്ദ്രൻതമ്പി ആദിവാസി കോളനികളിലേക്ക് മറ്റ് ഉദ്യോഗസ്ഥന്മാരുമായി ചെന്ന് കൈയോടെ റേഷൻ കാർഡ് നൽകുക മാത്രമല്ല, പട്ടയവും അതിർത്തി പ്രശ്നങ്ങളും പറഞ്ഞുതീർത്തു. ആദിവാസി വീടുകളിൽ കലക്ടർ രവീന്ദ്രൻ തമ്പിയുടെ പടം പത്രങ്ങളിൽ നിന്നും വെട്ടി ഒട്ടിക്കുന്നിടംവരെ എത്തിയ കാര്യം യോഗത്തിൽ ചൂണ്ടിക്കാണിക്കപ്പെട്ടു.

പ്രാക്തന സംസ്കാരത്തിൻെറ നാന്ദിയായി അവശേഷിച്ച എടക്കൽ ഗുഹ ഏതാനും ചില്ലിക്കാശിനുവേണ്ടി രാഷ്ട്രീയക്കാരുടെ ഒത്താശയോടെ കരിങ്കൽ ക്വാറി കോൺട്രാക്ടർമാർ അടിച്ചുടയ്ക്കുന്നതു തടഞ്ഞു എന്ന ഒറ്റക്കാര്യം മതി ഭാരതത്തിലെ മുഴുവൻ സഹൃദയരും രവീന്ദ്രൻ തമ്പിയോട് നന്ദിയുള്ളവരായിരിക്കുവാൻ എന്നും പ്രാസംഗികർ അനുസ്മരിച്ചു.

തുടക്കം കുറിച്ച പല പദ്ധതികളും പൂർത്തിയാക്കാൻ കൂടുതൽ ശക്തമായി രവീന്ദ്രൻതമ്പി തിരിച്ചുവരുമെന്ന് യോഗത്തിൽ പ്രസംഗിച്ചവരെല്ലാം പ്രത്യാശ പ്രകടിപ്പിച്ചു.

പി.ടി.ജോൺ സ്വാഗതം പറഞ്ഞ യോഗത്തിൽ എ.പി.നാരായണൻനായർ അദ്ധ്യക്ഷത വഹിച്ചു. എബ്രഹാം പാറ്റാനി, ഒ.കെ.ജോണി, അഡ്വ.വി.എ.മത്തായി, കെ.ആർ.ഗോപിനാഥപിള്ള, സി.യു.സൂസി, ബഷീർ എന്നിവർ സംസാരിച്ചു.

തമ്പി തുടങ്ങിവെച്ച നല്ല കാര്യങ്ങൾ താൻ മുന്നോട്ടു കൊണ്ടുപോകുമെന്ന് പുതിയ കലക്ടർ കെ.സേതുമാധവൻ പറഞ്ഞു.

ജില്ലാ സ്കൂൾ ഗെയിംസ് അസോസിയേഷൻെറ ആഭിമുഖ്യത്തിൽ കല്പറ്റ എസ്. കെ. എം. ജെ. ഹൈസ്കൂളിൽവെച്ച് യാത്രയയപ്പു നല്കി. ജില്ലാ വിദ്യാഭ്യാസ ഓഫീസർ ഇ. സി. സുരേഷ് യോഗത്തിൽ ആദ്ധ്യക്ഷ്യം വഹിച്ചു. ഹെഡ്മാസ്റ്ററായ പി. കെ. കെ. നായർ, ജോർജ്ജ് ജോസഫ്, റോസക്കുട്ടി, എം. കെ. രാഘവൻ, എ. ഇ. ഒ. കെ.എസ്. ടെന്നിസൺ, ഫാ. പോൾ എന്നിവർ പ്രസംഗിച്ചു. വർഗ്ഗീസ് മാത്യു സ്വാഗതവും എൻ. ബേബി ജോൺ നന്ദിയും പറഞ്ഞു.

അമ്പലവയൽ പൗരാവലിയുടെ ആഭിമുഖ്യത്തിലും കലക്ടർക്ക് യാത്രയയപ്പു നല്കി.

യാത്രയയപ്പു യോഗത്തിൽ എൻ. വാസുദേവൻ ആദ്ധ്യക്ഷ്യം വഹിച്ചു. തോമസ് അമ്പലവയൽ സ്വാഗതം പറഞ്ഞു. കെ. കെ. തുളസീദാസ്, കെ. ജെ. ദേവസ്യ, ഡോ. രാഘവവാരിയർ, കെ. പി. മുകുന്ദൻ, വി. കെ. കേശവദാസ് എന്നിവർ പ്രസംഗിച്ചു.

രാമായണത്തിൻെറ ഒരു പതിപ്പ് കെ. കെ. തുളസീദാസ് കലക്ടർക്ക് സമ്മാനിച്ചു.

അമ്പലവയലിലേയും വയനാട്ടിലേയും ജനങ്ങൾക്ക് കലക്ടറുടെ സമ്മാനമാണ് എടക്കൽ ഗുഹയും അമ്പലവയലിൽ സ്ഥാപിക്കുന്ന ചരിത്ര മ്യൂസിയവും എന്ന് പ്രാസംഗികർ പറഞ്ഞു. പഴയ വില്ലേജ് ഓഫീസിൻെറ സ്ഥാനത്താണ് ചരിത്ര മ്യൂസിയം സ്ഥാപിക്കുന്നത്.

ആറ് മാസമേ ജോലി ചെയ്തിട്ടുള്ളൂവെങ്കിലും ആറ് കൊല്ലത്തെ അനുഭവം തനിക്ക് വയനാട്ടിൽ നിന്നുണ്ടായെന്ന് കലക്ടർ മറുപടിയിൽ പറഞ്ഞു.

തിങ്കളാഴ്ച റവന്യു ഉദ്യോഗസ്ഥന്മാരും യാത്രയയപ്പ് യോഗം സംഘടിപ്പിച്ചു. പത്മപ്രഭ മെമ്മോറിയൽ ഹാളിൽ ചേർന്ന യോഗത്തിൽ പുതുതായി ചാർജ്ജെടുത്ത ജില്ലാ കലക്ടർ കെ. സേതുമാധവൻ ആദ്ധ്യക്ഷ്യം വഹിച്ചു. അസി. കലക്ടർ മാരാപാണ്ഡ്യൻ , ഡെപ്യൂ. കലക്ടർ എം. പി. ഗോവിന്ദൻ നമ്പീശൻ, അസി. ഡവലപ്മെൻറ് കമ്മീഷണർ പി. പി. ശ്രീനിവാസൻ, ജില്ലാ സപ്ലൈ ഓഫീസർ കെ. ശിവശങ്കരൻ, കെ. കെ. ഗോവിന്ദൻകുട്ടി എന്നിവർ പ്രസംഗിച്ചു. അഡീ. ഡിസ്ട്രിക്ട് മജിസ്ട്രേട്ട് സി.ശിവശങ്കരൻ നായർ സ്വാഗതം പറഞ്ഞു.


വയനാടിൻെറ കവാടമായ ലക്കിടി വരെ ഒട്ടേറെ വാഹനങ്ങളിൽ അനുയാത്ര ചെയ്താണ് കല്പറ്റ നിവാസികൾ തങ്ങളുടെ പ്രിയപ്പെട്ട കലക്ടർക്ക് യാത്രയയപ്പ് നൽകിയത്. കലക്ടറായി വയനാട്ടിലേക്ക് വന്നപ്പോൾ ലക്കിടിയിൽ ഭൂമിയെ പ്രണാമം ചെയ്താണ് കലക്ടർ എത്തിയത്. തിരിച്ചുപോകുമ്പോഴും കലക്ടർ സാഷ്ടാംഗം നമസ്കരിച്ചു.

## കെ.സേതുമാധവൻ ജില്ലാ കലക്ടർ

പുതിയ വയനാട് ജില്ലാ കലക്ടറായി കെ.സേതുമാധവൻ തിങ്കളാഴ്ച രാവിലെ ചാർജ്ജെടുത്തു.

പാലക്കാട് വിക്ടോറിയ കോളേജിൽനിന്ന് ബിരുദമെടുത്ത അദ്ദേഹം മദ്രാസ് റവന്യൂ ബോർഡിലാണ് ആദ്യം ജോലിയിൽ പ്രവേശിച്ചത്. ചാവക്കാട് താസിൽദാർ, തൃശ്ശൂർ ഡെപ്യൂട്ടി കലക്ടർ എന്നീ നിലകളിൽ പ്രവർത്തിച്ചിട്ടുണ്ട്. 1985—ൽ ഇന്ത്യൻ അഡ്മിനിസ്ട്രേറ്റീവ് സർവ്വീസിലേക്ക് പ്രൊമോഷൻ ലഭിച്ച അദ്ദേഹം പെരിന്തൽമണ്ണയിൽ സബ്കലക്ടർ ആയും മണ്ണുത്തി കാർഷിക സർവ്വകലാശാലയിൽ രജിസ്ട്രാറായും ജോലി നോക്കിയിരുന്നു.

മാതൃഭൂമി - 1987 ഫെബ് - 18. ബുധൻ



വയനാട് കലക്ടർ രവീന്ദ്രൻതമ്പിക്ക് അമ്പലവയൽ പൗരാവലി നൽകിയ യാത്രയയപ്പു വേളയിൽ രാമായണത്തിന്റെതാളിയോലഗ്രന്ഥം കെ.കെ. തുളസീദാസ് നൽകുന്നു

# എടയ്ക്കൽ ഗുഹ ചിത്രങ്ങൾ: സംസ്കാരത്തിന്റെ തുടക്കം

കല്പറ്റ: ദക്ഷിണേന്ത്യൻ സംസ്കാരത്തിന്റെ അങ്കുരങ്ങൾ നിഴലിക്കുന്നത് എടക്കൽഗുഹാചിത്രങ്ങളിലാണെന്ന് ദക്ഷിണേന്ത്യയിലെ പ്രമുഖ ചരിത്രപണ്ഡിതന്മാർ അഭിപ്രായപ്പെട്ടു.

കല്ലിൽ കോറിയുണ്ടാക്കിയ എടക്കൽ ഗുഹാചിത്രങ്ങൾപോലൊന്ന് ഇന്ത്യയിൽ മറ്റൊരിടത്തും ഇല്ലെന്ന് ഞായറാഴ്ച ഡോ. രാഘവവാരിയരോടൊപ്പം എടക്കൽ സന്ദർശിച്ച തഞ്ചാവൂരിലെ തമിഴ് യൂനിവേഴ്സിറ്റിയിലെ പുരാതത്വ പ്രൊഫസർ സുബ്ബരായലുവും മദ്രാസ് സർവകലാശാലയിലെ പുരാതന ചരിത്ര—പുരാവസ്തുവകുപ്പിലെ ഡോ. പി. ഷൺമുഖവും പ്രസ്താവിച്ചു. എടക്കൽ ഗുഹാചിത്രങ്ങൾ തങ്ങളെ വളരെ ആകർഷിച്ചുവെന്നും ഈ ചരിത്രപണ്ഡിതന്മാർ പറഞ്ഞു.

ചരിത്രാതീതകാലത്തെ മനുഷ്യജീവിതത്തിന്റെ ലക്ഷണങ്ങൾ തമിഴ്നാട്ടിലും കർണാടകത്തിലും പല സ്ഥലങ്ങളിലും കാണുന്നുണ്ട്. എന്നാൽ കേരളത്തിൽ ഇത്തരം പുരാവസ്തുസ്ഥാനങ്ങൾ വളരെ വിരളമാണ്. കേരളത്തിലെ അപൂർവം സ്ഥാനങ്ങളിലൊന്നാണ് എടക്കൽ. കേരളത്തിന്റെ ചരിത്രം പഠിക്കുന്നതിൽ എടക്കൽഗുഹാചിത്രങ്ങൾക്ക് വിലമതിക്കാനാവാത്ത സ്ഥാനമുണ്ട്. ആ നിലയ്ക്ക് എടക്കൽഗുഹാചിത്രങ്ങളും അമ്പുകുത്തിമലയുടെ പരിസരവും സംരക്ഷിച്ചേ തീരൂ എന്നും അവർ പ്രസ്താവിച്ചു.

മറ്റൊരിടത്തും കാണാത്ത വിധത്തിൽ ഇവിടെ സാധാരണക്കാരായ ജനങ്ങൾ സാംസ്കാരിക പൈതൃകത്തിന്റെ സംരക്ഷണത്തിന് മുന്നിട്ടിറങ്ങിക്കാണുന്നതിൽ അവർ അതീവ സംതൃപ്തി പ്രകടിപ്പിച്ചു. ആർക്കിയോളജിക്കൽ സർവെ ഓഫ് ഇന്ത്യയും കേരള സംസ്ഥാന പുരാവസ്തുവകുപ്പും കേരളത്തിലെ സർവകലാശാലകളും മറ്റും ഈ ജനങ്ങളിൽനിന്ന് പഠിക്കേണ്ടതാണെന്ന് അവർ പറഞ്ഞു.

ദേശാഭിമാനി
1987. ജനു. 20



കൈകളുയർത്തി ഏതോ മാന്ത്രികാനുഷ്ഠാനത്തിൽ മുഴുകി നിൽക്കുന്ന കിരീടമണിഞ്ഞ മനുഷ്യ രൂപം – എടക്കൽ ചിത്രങ്ങളിൽ ഏറ്റവും പ്രമുഖമായതു.

# എടയ്ക്കൽ ഗുഹയ്ക്ക് സാമൂഹ്യ വിരുദ്ധർ വൻ ഭീഷണിയായി മാറുന്നു

ഒ.കെ. ജോണി

കല്പറ്റ, ജനു. 2– ഡിസംബർ മാസാന്ത്യത്തിലെ ഒരു ദിവസം. തറനിരപ്പിൽ നിന്നു് 1200 മീറ്റർ ഉയരത്തിൽ അമ്പുകുത്തി മലയുടെ മൂന്നാമത്തെ തട്ടിലെ വിശാലമായ ഒരു ഗുഹയ്ക്കുള്ളിൽ, പാളിവീഴുന്ന സൂര്യവെളിച്ചത്തിൽ ക്രമേണ ഒന്നായി വെളിപ്പെട്ടുവരുന്ന ഗുഹാഭിത്തിയിലെ പ്രാചീനമായ കൊത്തുചിത്രങ്ങൾക്കു മുമ്പിൽ നിൽക്കുമ്പോൾ ഏതോ പ്രാക്തനാനുഷ്ഠാനത്തിൽ സ്വയം നഷ്ടപ്പെടുകയാണു്. ഇതു് എടക്കൽ ഗുഹയാണു്. നൂറ്റാണ്ടുകൾക്കു മുമ്പു് മനുഷ്യ സംസ്കൃതിയുടെ ആദിമ കാലത്തു്, സർഗ്ഗാത്മക പ്രവർത്തനങ്ങളും മതാനുഷ്ഠാനങ്ങളും അഭേദങ്ങളായിരുന്ന കാലത്തു് ജീവിച്ചിരുന്ന മനുഷ്യർ കൽഭിത്തിയിൽ കോറിയിട്ടുപോയ അർത്ഥസാന്ദ്രമായ ഈ ഗൂഢസന്ദേശം, വിമ്മിട്ടത്തിൽ നഷ്ടമാകുന്ന വാക്കുകൾപോലെ അവ്യക്തമായി, അമൂർത്തമായി നമ്മിലേക്കു് അരിച്ചു കയറുകയാണു്.

കിരീടമണിഞ്ഞു് കൈകളുയർത്തി മാന്ത്രികാനുഷ്ഠാനത്തിൽ മുഴുകി നിൽക്കുന്ന പുരുഷന്മാരുടെയും സ്ത്രീകളുടെയും സൂര്യപ്രതീകങ്ങളുടെയും മൃഗരൂപങ്ങളുടെയും ദൃശ്യപംക്തികളിലൂടെ കണ്ണോടിക്കുമ്പോൾ നാം നൂറ്റാണ്ടുകൾക്കു് മുമ്പത്തെ ഒരനുഷ്ഠാനത്തിൽ പങ്കെടുക്കുക തന്നെയാണു്. ചുവരിൽ കാണുന്ന മനുഷ്യ രൂപങ്ങളുടെ ശൈലീകൃത ചലനത്തിന്റെ ദൃശ്യവേദ്യമായൊരു താളവും അശ്രാവ്യമായൊരു മേളവും മനസ്സിൽ ആവർത്തിക്കുകയാണു്. പെട്ടന്നു് നാം അറിയാതെ അജ്ഞാതരായ പൂർവ്വികരെക്കുറിച്ചുള്ള ഒരു ഗൃഹാതുരത്വം മനസ്സിൽ വന്നു നിറയുകയായി– ഇതു് എടക്കൽ ഗുഹയാണു്.

ഈ വരകളിലൂടെ ഗൂഢാർത്ഥങ്ങളുടെ ചിഹ്ന്ശ്രൃംഖലകളിലൂടെ ... മായ ചിത്രപരമ്പരകളിലൂടെ അതിന്റെ ര..യിതാക്കൾ നമ്മോടു് മന്ത്രിക്കുന്നതെന്താണു്? നമ്മുടെ സ്വന്തം വീട്ടിലേക്കു് തിരികെ കൊണ്ടുപോകുന്ന, ലോകത്തിലാകെ അവശേഷിക്കുന്ന അപൂർവ്വം വഴികളിലൊന്നാണു് ഈ ഗുഹ. ഗുഹാഭിത്തിയിലെ ഗൂഢ വാക്യങ്ങളിലൂടെ, രേഖക

## വായിക്കപ്പെടാത്ത ചരിത്രം–1

ളിലൂടെ പൂർവ്വികരുടെ വാക്കും നേ... മനസ്സും വെളിപ്പെട്ടു വരികയാണു്. ക... ത്തിൽ ഉറഞ്ഞുപോയ ഒരു നിമിഷ... അനേകം അടരുകളായി വേർപെടുത്... യെടുക്കുമ്പോൾ പ്രാചീനമായ ഒരു ലേ... കവും ജനപഥവും മുന്നിൽ തെളിയു... യാണു്. കാലത്തിന്റെ ആഴത്തി..നി... ഏതോ രഹസ്യമുദ്രമായി നമ്മേ കാത്തു നിൽക്കുകയാണു് ഈ ഗുഹാചിത്രങ്ങൾ. രചയിതാക്കൾ, ഇതുമായും മുമ്പു് വരിക– എടക്കൽ ഗുഹയിലേക്കു്.

28 വർഷമായി എടക്കൽ മലയുടെ താഴ്‌വരയിലെ ആയിരംകൊല്ലി ഗ്രാമത്തിൽ താമസിക്കുന്ന എട്ടു മക്കളുടെ അമ്മയായ ചിന്നമ്മയും ആയാസപ്പെട്ടു് മല കയറുകയാണു്. നിങ്ങൾ എന്തിനാണു് പോകുന്നതെന്നു് ചോദിച്ചപ്പോൾ അവർക്കു് ഒരു ഉത്തരമില്ലായിരുന്നു. ഗൂഢമായൊരാഭിമുഖ്യമാണോ – വിജ്ഞാ...യില്ലാത്ത അവരെ ഈ പ്രായത്തിലും ... മലകളിലേക്കു് ആകർഷിച്ചുകൊണ്ടു ...ാകുന്നതു്? തിരിച്ചു വരുമ്പോൾ അവർ ...ഞ്ഞു: "മനസ്സിലായൊന്നുമില്ല. എന്തോ ...ശേഷപ്പെട്ട ചിത്രങ്ങളാണെന്നു് കേട്ടാ... പോയതു്. അതുള്ളതു തന്നെ. പോയിട്ടു് ...ില്ലാരെ പറഞ്ഞയയ്ക്കണം".

എടക്കൽ ഗുഹയിലേക്കു് ഈയിടെയായി സന്ദർശക പ്രവാഹമാണു്. വല്ലപ്പോഴുമെത്തുന്ന പിക്നിക്ക് സംഘങ്ങളും അപൂർവ്വമായെത്തുന്ന ചരിത്രതല്പരരും മാത്രമായിരുന്നു എടക്കലിലെ സന്ദർശകർ. ഇപ്പോൾ നിത്യേനയെന്നോണം നൂറുകണക്കിനാളുകളെത്തുന്നു. വിദ്യാർത്ഥികളും ചരിത്ര തല്പരരും മാത്രമല്ല, തൊഴിലാളികളും സാധാരണക്കാരും സ്ത്രീകളും കുട്ടികളുമെല്ലാം ഒരു ദിവ്യാത്ഭുതം കാണാൻ പോകുന്നതുപോലെയോ ഒരനുഷ്ഠാന കർമ്മം നിർവ്വഹിക്കുന്നതുപോലെയോ എടക്കൽ മല കയറുന്നു. ചിത്രങ്ങൾക്കു് മുമ്പിൽ നിശ്ശബ്ദരായി നിൽക്കുന്നു. തോട്ടം തൊഴിലാളികളായ കുമാരൻ, കന്യാസ്ത്രീ മഠത്തിൽ നിന്നു് ഒരു ദിവസം മോഷ്ടിച്ചു വന്ന മാരിയാൻ, യൂണിവേഴ്സിറ്റി വിദ്യാർത്ഥിയായ ശ്യാമകൃഷ്ണൻ, അമ്പലവയൽ സ്കൂളിലെ മൂന്നാം ക്ലാസ് വിദ്യാർത്ഥിനിയായ ബിന്ദു, ഫോട്ടോഗ്രാഫർ രതൻ,

ശേഷം 8–ാം പേജിൽ കോളം 1

# വായിക്കപ്പെടാത്ത ചരിത്രം

ഒന്നാം പേജിൽ നിന്നും തുടർച്ച

എറണാകുളത്തുനിന്ന് വന്ന ഫെമിനിസ്റ്റായ ഗിരിജ, കൂലിപ്പണിക്കാരികളായ തങ്കമ്മയും വത്സലയും, ജേർണലിസ്റ്റായ സുന്ദർ, കൈക്കുഞ്ഞിനെയുമേന്തി ഭാര്യയോടൊപ്പം വന്ന നിരക്ഷരനായ ചായക്കടക്കാരൻ നാരായണൻ– ഇങ്ങനെ എത്രയോ പേർ. ചരിത്രവും പുരാവസ്തു ചരിത്രവും അറിയാവുന്നവർക്കും അതൊന്നും അറിയാത്തവർക്കും ഒരു കാര്യം പറയാനുണ്ട്. വരും തലമുറകൾക്കായി നാം കാത്ത് സൂക്ഷിക്കേണ്ട ഒരമൂല്യ സ്മാരകമാണിത്.

## എന്താണ് എടക്കൽ ഗുഹ!

സുൽത്താൻ ബത്തേരിയിൽ നിന്ന് 14 കിലോമീറ്റർ അകലെയുള്ള അമ്പലവയലിനടുത്ത അമ്പുകുത്തിമലയുടെ മൂന്നാമത്തെ തട്ടിലാണ് ലോകപ്രസിദ്ധമായ എടക്കൽ ഗുഹ. തറനിരപ്പിൽ നിന്ന് 1200 മീറ്റർ ഉയരത്തിലുള്ള ഗുഹയിലേക്ക് കയറിച്ചെല്ലുക എളുപ്പമല്ല. 1894-ൽ അന്നത്തെ മലബാർ ജില്ലാ പൊലീസ് സൂപ്രണ്ടായിരുന്ന ഫോസെറ്റാണ് എടക്കൽ ഗുഹയിലെ പുരാലിഖിതങ്ങളും കൊത്തുചിത്രങ്ങളും ആദ്യമായി കണ്ടെത്തിയത്. 1896 വരെയുള്ള കാലത്ത് നിരവധി തവണ ഗുഹ സന്ദർശിച്ചു് ചിത്രങ്ങളെപ്പറ്റി ഫോസെറ്റ് വിശദമായ പഠനം നടത്തി. നവീന ശിലായുഗ കാലത്ത് കൊത്തപ്പെട്ടതെന്ന് കരുതപ്പെടുന്ന ഈ ചിത്രങ്ങൾ പുരാതന ലോക കലയുടേതായി ലോകത്തിൽ ഇന്നവശേഷിക്കുന്ന വിരലിലെണ്ണാവുന്ന മാതൃകകളിൽ ഒന്നാണ്. ചായം കൊണ്ട് വരച്ച ഗുഹാചിത്രങ്ങൾ ഏറെയുണ്ട്. എന്നാൽ പാറയിലെ കൊത്തിയ ചിത്രങ്ങൾ ഇന്ത്യയിൽ തന്നെ മൂന്നെണ്ണമേയുള്ളൂ. അതിൽ ഏറ്റവും പ്രധാനപ്പെട്ടത് എടയ്ക്കലേതാണെന്നാണ് ലോകപ്രസിദ്ധരായ പുരാവസ്തു പണ്ഡിതർ രേഖപ്പെടുത്തിയിട്ടുണ്ട്

ബി.സി. 700-ന് മുമ്പാണ് ഈ ചിത്രങ്ങൾ കൊത്തിവയ്ക്കപ്പെട്ടതെന്ന് അനുമാനിക്കപ്പെടുന്നു. എടയ്ക്കൽ ഗുഹാഭിത്തിയിൽ കണ്ട അമ്പും വില്ലും ഏന്തിയ പോരാളിയുടെ രൂപത്തോട് സാദൃശ്യമുള്ള ഒന്ന് ഇറാഖിലെ സൂസയിൽ ഉദ്ഖനനം ചെയ്യപ്പെട്ട മൺപാത്രങ്ങളിൽ കണ്ടെത്തിയിട്ടുണ്ടെന്നും ഇത് എടക്കലിന്റെ ദേശാന്തരീയ പ്രസക്തിയിലേക്കാണ് ചൂണ്ടുന്നതെന്നും പുരാവസ്തു പണ്ഡിതർ അഭിപ്രായപ്പെട്ടിട്ടുണ്ട്.

പുരാതന ലിപികളും മാന്ത്രിക ചിഹ്നങ്ങളും സൂര്യ പ്രതീകങ്ങളും, അപൂർവ്വമായ കരവിരുതോടെ രേഖപ്പെടുത്തിയ മനുഷ്യരൂപങ്ങളും ഇവിടെ കാണാനുണ്ട്. ലിപിനിരകൾ ചിത്രങ്ങളോളം തന്നെ പഴക്കമേറിയവയല്ലെന്നും പല. കാലത്തായി രേഖപ്പെടുത്തിയവയാണെന്നും കരുതുന്നു. അശോകന്റെ കാലത്ത് പ്രചരിച്ചിരുന്ന ലിപിയുടെ ഒരു അവാന്തര രൂപമാണ് എടക്കൽ ലിപി നിരകളിലുള്ളതെന്നാണ് പ്രൊഫ. ലിഗറി പറയുന്നത്. സംസ്കൃതത്തിൽ കാണുന്നതും വളരെ വൈകി കൊത്തപ്പെട്ടതുമായ ലിപി നിര വായിക്കാൻ ശ്രമിച്ച പ്രൊഫ. ഹൾട്ഷ് പറയുന്നത് അവയിലൊന്ന് ശ്രീവിഷ്ണുശർമ്മന്റെ വംശപ്രചാരകന്റെ ലിഖിതമെന്ന് വായിക്കാമെന്നാണ്.

എടക്കൽ ഗുഹാചിത്രങ്ങളിൽ മനുഷ്യരൂപങ്ങളോടൊപ്പം മൃഗങ്ങളും പ്രത്യക്ഷപ്പെടുന്നു. കൈകൾ ഉയർത്തി ഏതോ അനുഷ്ഠാനത്തിൽ മുഴുകി നിൽക്കുന്ന കിരീടധാരികളായ പുരുഷന്മാരും സ്ത്രീകളും, ആന, പുലി, വേട്ടപ്പട്ടി തുടങ്ങിയ മൃഗങ്ങളും മാന്ത്രിക ചിഹ്നങ്ങളുമാണ് രണ്ട് വൻഭിത്തികളിൽ നിറയെ ആലേഖനം ചെയ്തിട്ടുള്ളത്. മനുഷ്യ രൂപങ്ങൾ കാണുന്നതിനാൽ ഇത് നവീന ശിലായുഗ കാലത്തേതാണെന്ന് കരുതാമെന്നാണ് പണ്ഡിതർ പറയുന്നത്. പാറയിൽ കല്ലുളികൊണ്ട് ചുവണ്ടിവരച്ച ചിത്രങ്ങളാണിവ. ഇരുമ്പു് കണ്ടുപിടിക്കുന്നതിന് മുമ്പാണ് ഇവ രചിക്കപ്പെട്ടത്. ആസ്ത്രലോയ്ഡ് വർഗ്ഗക്കാരായ മുള്ളുവകുറുമ്പരുടെ പൂർവ്വികരായിരുന്നു എടക്കൽ ഗുഹാചിത്രങ്ങൾ കൊത്തിയതെന്ന് എടക്കലിനെപ്പറ്റി പഠനം നടത്തിയവരെല്ലാം ഊഹിക്കുന്നു. ലിപി നിരകൾ ക്രിസ്തുവിന് മുമ്പു് മൂന്നാം നൂറ്റാണ്ടിലേതാണെന്ന് പ്രൊഫ. ബ്യൂളർ അഭിപ്രായപ്പെടുന്നു.

എടക്കൽ ഗുഹാചിത്രങ്ങളെ കുറിച്ച് എ. ശ്രീധര മേനോന്റെ 'കേരള ചരിത്ര'ത്തിലും (പേജ് 73) 'എ സർവ്വേ ഓഫ് കേരള ഹിസ്റ്ററി' എന്ന പുസ്തകത്തിലുമുള്ള പരാമർശങ്ങളിൽ ഒരു വലിയ പിശക് കാണാനുണ്ട്. എടക്കൽ ഗുഹ ഒരു മനുഷ്യനിർമ്മിത ഗുഹയാണെന്ന തെറ്റിദ്ധാരണയാണ് ശ്രീധരമേനോനുള്ളത്. മഹാശിലാസംസ്കാര കാലത്തെ ശവസംസ്കാരത്തിനുപയോഗിച്ചിരുന്ന ഗുഹയാണിതെന്ന തെറ്റിദ്ധാരണയാണ് അദ്ദേഹത്തിനുള്ളതെന്ന് തോന്നുന്നു. വാസ്തവത്തിലത് പ്രകൃതിദത്തമായ ഗുഹയാണ്. മതാധിഷ്ഠിതമായ ഏതോ അനുഷ്ഠാന കർമ്മത്തിനായി ഉപയോഗിച്ചിരുന്ന മാന്ത്രിക വേദിയായിരുന്നു ഇടക്കൽ ഗുഹ. ഈ ഗുഹയെപ്പറ്റി ഏറ്റവും ഒടുവിൽ, മൂന്ന് വർഷം മുമ്പ് പഠനം നടത്തിയ സ്വിറ്റ്സർലണ്ടുകാരനായ ഇ.ഒ. ടിൽനർ നൽകുന്ന സൂചനയും ഇതാണ്. എടക്കൽ പരിസരത്ത് ജീവിച്ചിരുന്ന സംസ്കാര സമ്പന്നമായ ഒരു ജനപഥത്തിന്റെ ഗോത്രമുഖ്യനോ രാജാവോ ആയ വ്യക്തികളുടെ വാസസ്ഥലമാണിതെന്ന് ടിൽനർ പറയുന്നു. അവരുടെ അനുഷ്ഠാന കർമ്മങ്ങളുടെ വേദിയായും ഇതുപയോഗിച്ചിട്ടുണ്ടാവാം. ഇപ്പോൾ, നൂറ്റാണ്ടുകൾക്ക് ശേഷം ഈ ചിത്രങ്ങൾ കാണുമ്പോൾ ഒരു സാധാരണക്കാരന് പോലും അവിടം ഒരു അനുഷ്ഠാന വേദിയായിരുന്നുവെന്ന് തോന്നിപ്പോകും (ചിത്രം കാണുക).

കേരള പുരാവസ്തു വകുപ്പ് അധ്യക്ഷന്റെ നിർദ്ദേശ
പ്രകാരം ~~[illegible]~~ എടക്കൽ ഗുഹാ
സംരക്ഷണത്തിനു വേണ്ടി നിയോഗിക്ക
പ്പെട്ട ഉദ്യോഗസ്ഥന് എടക്കൽ ഗുഹാ
സംരക്ഷണ സമിതിയുടെ കൈവശമുണ്ടായിരു
ന്ന ഗുഹാ കവാടത്തിന്റെ താക്കോൽ
ഗുഹാ സംരക്ഷണ സമിതിക്കുവേണ്ടി കൺ
വീനറായ ഞാൻ ഇന്നേ ദിവസം കാല
ത്ത് 10 മണിക്ക് ഏല്പിച്ചുകൊടുത്തി
രിക്കുന്നു.

വിശ്വസ്തതയോടെ

(signature)

തോമസ് അമ്പലവയൽ
കൺവീനർ
എടക്കൽ ഗുഹാ സംരക്ഷണ സമിതി
അമ്പലവയൽ.

9-3-87
അമ്പലവയൽ

Received key on 9/3/87.

(signature) 9/3/87.

മാതൃഭൂമി 1987 മെയ് 24 ഞായറാഴ്ച WD7

# ചരിത്രമ്യൂസിയത്തോട് അവഗണന

അമ്പലവയൽ: ചരിത്രസ്മാരകങ്ങളോടും സാംസ്കാരിക മൂല്യങ്ങളോടും സർക്കാർ അവഗണന തുടരുകയാണെന്നുള്ളതിന് ഉദാഹരണമാണ് അമ്പലവയലിൽ സ്ഥാപിക്കാനുദ്ദേശിക്കുന്ന ചരിത്രമ്യൂസിയം.

ഫണ്ടില്ലെന്ന കാരണത്താൽ മ്യൂസിയത്തിൻെറ നിർമ്മാണം സ്തംഭിച്ചിരിക്കുന്നു. അമ്പലവയൽ ബസ്സ് സ്റ്റോപ്പിനടുത്ത് പഴയ വില്ലേജ് ഓഫീസ് പ്രവർത്തിച്ചിരുന്ന കെട്ടിടത്തിലാണ് മ്യൂസിയം സ്ഥാപിക്കുന്നത്. മ്യൂസിയം എന്ന് പ്രാബല്യത്തിൽ വരും എന്ന ചിന്തയിലാണ് ചരിത്രസ്നേഹികൾ.

മനുഷ്യസംസ്കാരത്തിൻെറ പ്രാചീന രേഖയായി ലോകത്ത് അവശേഷിക്കുന്ന അപൂർവ്വം ചില സ്മാരകങ്ങളിലൊന്നാണ് എടക്കൽ ഗുഹ. ഗുഹയിലെ ശിലാചിത്രങ്ങളും പരിസരങ്ങളിൽ ചിതറിക്കിടക്കുന്ന അസംഖ്യം ചരിത്രാവശിഷ്ടങ്ങളും സംരക്ഷിക്കുന്നതിൽ പ്രവർത്തനങ്ങൾ പലതും നടന്നു. അതിൻെറ ഫലമായി രാഷ്ട്രീയ സ്സാമൂഹ്യ സാംസ്കാരിക മണ്ഡലങ്ങളിൽ ഒട്ടേറെ വാദവിവാദങ്ങളുണ്ടായി. എങ്കിലും എടക്കൽ ഗുഹയോടും ചരിത്രാവശിഷ്ടങ്ങളോടും ചരിത്രമ്യൂസിയത്തോടും സർക്കാർ അലംഭാവം കാണിക്കുന്നു.

എടക്കൽ ഗുഹ സംരക്ഷിക്കുന്നതിന് ആർക്കിയോളജി വകുപ്പ് ഇന്നുവരെ യാതൊരു ശുഷ്കാന്തിയും കാണിച്ചിട്ടില്ല. ഗുഹാസംരക്ഷണ സമിതിയുടെ പ്രവർത്തനഫലമായി ഗുഹക്ക് ഭീഷണിയായ ക്വാറി നിറുത്തൽ ചെയ്യുകയും ഗുഹക്ക് സുരക്ഷിതമായ ഗേറ്റ് സ്ഥാപിച്ച് വാച്ചറെ നിറുത്തുകയും ചെയ്തു.

ഇപ്പോൾ ഡിപ്പാർട്ട്മെൻറ് മുഖേനയാണ് വാച്ചറെ നിറുത്തിയിട്ടുള്ളത്. രാവിലെ ഒമ്പത് മണി മുതൽ വൈകീട്ട് അഞ്ച് മണി വരെ കാവൽ നില്ക്കുന്നയാൾക്ക് ദിവസം ഏഴ് രൂപയാണ് വേതനം.

എടക്കൽ ഗുഹയെ സംബന്ധിച്ച് പറയുമ്പോൾ വിസ്മരിക്കാനാവാത്ത വ്യക്തികളിൽ പ്രഥമസ്ഥാനം മുൻ വയനാട് ജില്ലാ കലക്ടർ രവീന്ദ്രൻ തമ്പിക്കാണ്. അദ്ദേഹമിന്നും വയനാട് കലക്ടറായിട്ടുണ്ടായിരുന്നെങ്കിൽ ചരിത്ര മ്യൂസിയം തുറന്ന് പ്രവർത്തിക്കുമായിരുന്നു എന്ന നിഗമനത്തിലാണ് ചരിത്രസ്നേഹികൾ. പ്രതിഷേധങ്ങളും ഭീഷണികളും ഒടുവിൽ സ്ഥലംമാറ്റവും വരുന്നതുവരെ അചഞ്ചലനായി നിലകൊണ്ട വ്യക്തിയായിരുന്ന രവീന്ദ്രൻ തമ്പി താൻ തുടങ്ങിവെച്ച ദൗത്യം നിറവേറ്റണമെന്ന നിശ്ചയദാർഢ്യത്തിൽ പകുതിയിലേറെ വിജയിച്ചു. അവസാനം അദ്ദേഹത്തെ പരാജയപ്പെടുത്തി.

എടക്കൽ ഗുഹ സംരക്ഷിക്കുന്നതിനോ സമീപപ്രദേശങ്ങളിൽ പ്രകൃതിരമണീയത വളർത്താനോ ഉള്ള സംവിധാനങ്ങളൊന്നും ഇപ്പോൾ നടക്കുന്നില്ല. ചരിത്രവിരോധികൾ നശിപ്പിച്ച ലിപികൾ നന്നാക്കുമെന്ന് വാഗ്ദാനം ഉണ്ടായിരുന്നെങ്കിലും നടപടികളൊന്നും എടുത്തുകാണുന്നുമില്ല. ടൂറിസ്റ്റുകളെ ആകർഷിക്കണമെങ്കിൽ ഇനിയും ആർക്കിയോളജി വകുപ്പ് ശ്രദ്ധചെലുത്തേണ്ടതുണ്ട്.

1987 ഓഗസ്റ്റ് - 28 വെള്ളി

# എടയ്ക്കൽ ഗുഹ അടച്ചുപൂട്ടി ഉദ്യോഗസ്ഥൻ സ്ഥലംവിട്ടു

സ്വന്തം ലേഖകൻ

കൽപ്പററ: ചരിത്ര സ്മാരകമായ എടയ്ക്കൽ ഗുഹയുടെ കവാടം പൂട്ടി താക്കോലുമായി പുരാവസ്തു വകുപ്പ് ഉദ്യോഗസ്ഥൻ സ്ഥലം വിട്ടു.

പുരാവസ്തു വകുപ്പ് ദിവസക്കൂലിക്ക് ഏർപ്പെടുത്തിയിരുന്ന കാവൽക്കാരനേയും പറഞ്ഞയച്ചിട്ടാണ് ഈ മാസം 17-നു ഗുഹയുടെ കസ്റേറാഡിയൻ സ്ഥലംവിട്ടത്. ഗുഹ സന്ദർശിക്കാൻ കേരളത്തിന്റെ അകത്തും പുറത്തുംനിന്നുമായി വരുന്ന ചരിത്ര സ്നേഹികളും ചരിത്ര വിദ്യാർഥികളും കുത്തനെ കിടക്കുന്ന അമ്പുകുത്തിമല ഒന്നര കിലോമീററോളം കയറി മുകളിലെത്തുമ്പോാം അടച്ചിട്ട ഇരുമ്പ് കവാടമാണിപ്പോാം കാണുന്നത്.

സംസ്ഥാന പുരാവസ്തു വകുപ്പ് എടയ്ക്കൽ ഗുഹ ചരിത്ര സ്മാരകമായി ഏറെറടുത്ത ശേഷം കഴിഞ്ഞ മാർച്ച് ഒമ്പതിനാണ് തൃപ്പൂണിത്തുറ രാജകൊട്ടാരത്തിലെ ഗ്യാലറി അസിസ്റററിനെ കസ്റേറാഡിയനായി നിയമിച്ചത്. തുടർന്ന് ഏഴു രൂപ ദിവസക്കൂലിക്ക് ഒരു കാവൽക്കാരനേയും നിയമിച്ചു.

കാവൽക്കാരനു രണ്ടു മാസത്തെ കൂലിയേ ഇതുവരെ കൊടുത്തിട്ടുള്ളു. ബാക്കി അഞ്ചു മാസത്തെ കൂലി കിട്ടാതിരിക്കെയാണ് പുരാവസ്തു വകുപ്പ് ഉദ്യോഗസ്ഥൻ കാവൽക്കാരനോട് താക്കോൽ വാങ്ങിയ ശേഷം ഗുഹ പൂട്ടി സ്ഥലം വിട്ടത്.

ഭാരതത്തിന്റെ സാംസ്കാരിക ചരിത്രത്തിലേക്ക് വെളിച്ചംവീശുന്ന അപൂർവം ഗുഹാ ചിത്രങ്ങളുള്ള എടയ്ക്കൽ ചരിത്ര സ്നേഹികളും പ്രശസ്ത ചരിത്രകാരൻമാരും നടത്തിയ പ്രക്ഷോഭത്തിനു ശേഷമാണ് പുരാവസ്തു വകുപ്പ് ഏറെറടുക്കുന്നത്. സംരക്ഷണ സമിതി നാട്ടുകാരിൽനിന്നു സംഭാവന പിരിച്ചു ഗുഹയ്ക്ക് ഇരുമ്പു കവാടം ഏർപ്പെടുത്തി.

ഗുഹ സംരക്ഷിക്കാൻ പുരാവസ്തു വകുപ്പിനു താൽപ്പര്യമില്ലെങ്കിൽ നാട്ടുകാർ പിരിവെടുത്തു സ്ഥാപിച്ച ഗേററിന്റെ താക്കോലെങ്കിലും തിരികെ നൽകണമെന്നു സമിതി ആവശ്യപ്പെട്ടു.


# കേരളകൗമുദി

...blished from Trivandrum & Calicut | കോഴിക്കോട് 1987 സെപ്തംബർ 11 വെള്ളി | വില 90 പൈസ പേജ് 8


# എടക്കൽഗുഹ നശിപ്പിക്കാൻ ഗൂഢ നീക്കം

...മ്പലവയൽ, സെപ്തം. 10- ആഗസ്റ്റ് ... തീയതി മുതൽ പുരാവസ്തു വകുപ്പ് ...ൽ ഗുഹക്ക് സംരക്ഷണം പിൻവലി...ന തുടർന്ന് ഗുഹക്ക് സംരക്ഷണ...ി കാവൽ ഏർപ്പെട്ടുത്തിപ്പോരുന്ന...യിൽ കഴിഞ്ഞ ഞായറാഴ്ച രാവി...ഗുഹാകവാടത്തിന്റെ മുള്ളുകമ്പി അഴി...ായും ഏതാനും ചിത്രങ്ങൾക്ക മുക... കല്ലുകൊണ്ടും ചോക്കുകൊണ്ടും ...ഴുതിയതായും, കോറി വരച്ചതായും ...പ്പെട്ടതായി എടക്കൽ ഗുഹാ സംര... സമിതി കൺവീനർ തോമസ്, ... കലക്ടർ, ജില്ലാ പൊലീസ് ...ട്, പുരാവസ്തു വകുപ്പ് ഡയറക്ടർ, ...തി സർക്കിൾ ഇൻസ്പെക്ടർ, ...വയൽ സബ് ഇൻസ്പെക്ടർ ...വർക്ക് പരാതി നൽകി

...ത്തു് ഗുഹക്ക് കാവൽ നിൽക്കുന്ന ...വണ്ടിയെത്തിയ ഗുഹാ സംരക്ഷണ ... കൺവീനർ അഴിച്ചിട്ട മുള്ള് കമ്പി ...ാക്കാൻ ശ്രമിക്കുന്നതിനിടയിൽ ഒരു സംഘം സന്ദർശകർ അദ്ദേഹത്തെ കൈയേറ്റം ചെയ്യാൻ മുതിർന്നതായും പരാതിയുണ്ട്. മറ്റൊരു സംഘം സന്ദർശകർ എത്തിപ്പെട്ടതിനാലാണ് അദ്ദേഹം രക്ഷപ്പെട്ടത്. എടക്കൽ ഗുഹയിലേക്കുള്ള സന്ദർശകരുടെ യാത്ര മാറ്റിവെയ്ക്കണമെന്ന് സമിതി അഭ്യർത്ഥിച്ചിട്ടും നൂറുകണക്കിനാളുകൾ ഗുഹയിൽ എത്തിക്കൊണ്ടിരിക്കുന്നു.

ഗുഹാചിത്രങ്ങൾ കാണുന്നതിനുള്ള സംവിധാനമുണ്ടാക്കുന്നതുവരെ ഇവിടേക്കുള്ള യാത്ര ഒഴിവാക്കണമെന്ന് സന്ദർശകരോട് ഒരിക്കൽ കൂടി സമിതി അഭ്യർത്ഥിച്ചിരിക്കുകയാണ്. എടക്കൽ ഗുഹ സംരക്ഷിക്കുന്നതിനും സന്ദർശകർക്ക് കാണാനുള്ള സൗകര്യമുണ്ടാക്കുവാൻ അടിയന്തര നടപടികൾ ഉണ്ടാവണമെന്ന് സമിതി കൺവീനർ തോമസ്. അമ്പലവയൽ അധികൃതർക്ക് അയച്ച നിവേദനത്തിൽ ആവശ്യപ്പെട്ടിരിക്കുകയാണ്.

മലയാള മനോരമ CLT

1987 സെപ്റ്റംബർ 8 ചൊവ്വ 3 W

## എടക്കൽ ഗുഹ തുറക്കണം

അമ്പലവയൽ: എടക്കൽ ഗുഹ സംരക്ഷിക്കുന്നതിനും സന്ദർശകർക്കു ഗുഹ കാണാനുള്ള സൗകര്യമുണ്ടാക്കുന്നതിനും അടിയന്തര നടപടികളുണ്ടാവണമെന്നു സമിതി കൺവീനർ തോമസ് അമ്പലവയൽ ജില്ലാ കലക്ടർക്കു നൽകിയ നിവേദനത്തിൽ ആവശ്യപ്പെട്ടു.

മാതൃഭൂമി 1987 സപ്തംബർ 13 ഞായറാഴ്ച Y5

## എടക്കൽ ഗുഹ സർക്കാർ സംരക്ഷിക്കണം

കോഴിക്കോട്: വയനാട്ടിൽ അമ്പലവയലിന്നടുത്തുള്ള എടക്കൽ ഗുഹയും അതിലെ ചരിത്രാതീത സ്മാരകങ്ങളായ ചിത്രങ്ങളും ലിഖിതങ്ങളും അടിയന്തരമായി സർക്കാറിൻെറ സംരക്ഷണത്തിൽ കൊണ്ടുവരണമെന്ന് എം.പി. വീരേന്ദ്രകുമാർ എം.എൽ.എ.യും കലിക്കറ്റ് സർവ്വകലാശാലാ ചരിത്രവിഭാഗത്തിലെ ഡോ. എം.ജി.എസ്. നാരായണൻ, ഡോ. കെ.കെ.എൻ. കുറുപ്പ്, ഡോ. എം.ആർ. രാഘവവാര്യർ, ചരിത്രകാരനായ ഡോ. രാജൻഗുരുക്കൾ എന്നിവർ ഒരു സംയുക്ത പ്രസ്താവനയിൽ ആവശ്യപ്പെട്ടു.

പുരാവസ്തു വകുപ്പിൻെറ കുറ്റകരമായ അനാസ്ഥമൂലം ഇടക്കാലത്ത് അവിടെ ഉണ്ടായിരുന്ന കാവൽക്കാരും സ്ഥലം വിട്ടിരിക്കയാണ്. സന്ദർശകർക്ക് താന്തോന്നിത്തം കാണിക്കാനും ഗുഹാചിത്രങ്ങൾക്കും ലിഖിതങ്ങൾക്കും നാശനഷ്ടം വരുത്താനും വളരെ സൗകര്യമുണ്ടിപ്പോൾ. ഇന്ത്യയിലെത്തന്നെ അമൂല്യമായ ഈ ചരിത്രാതീത സ്മാരകം അവഗണിക്കപ്പെടുന്നത് അക്ഷരവിദ്യയിലും സംസ്കാരത്തിലും മുൻപന്തിയിൽ നിൽക്കുന്നു എന്നവകാശപ്പെടുന്ന കേരളത്തിനാകമാനം അപമാനകരമാണെന്ന് പ്രസ്താവനയിൽ ചൂണ്ടിക്കാട്ടുന്നു.

സന്ദർശകർക്കുവേണ്ട സൗകര്യങ്ങൾ ഏർപ്പെടുത്താനും സാമൂഹ്യ വിരുദ്ധരുടെ ചെയ്തികളിൽ നിന്ന് ഗുഹാചിത്രങ്ങളെ കാത്തുസൂക്ഷിക്കാനും അടിയന്തര നടപടിവേണം. അടുത്തകാലത്ത് ചിലർ ഗുഹയിൽ കമ്പിവേലി മുറിച്ചു കടന്ന് കാട്ടിക്കൂട്ടിയ ദ്രോഹപ്രവൃത്തികളെ ചരിത്രകാരന്മാർ അപലപിച്ചു. ഇത്തരം കാര്യങ്ങൾ ആവർത്തിക്കുന്നത് തടയണം.

1987. സെപ്റ്റംബർ 18

## എടയ്ക്കൽ ഗുഹ വീണ്ടും തുറന്നു

കല്പററ: എടയ്ക്കൽ ഗുഹ വീണ്ടും തുറന്നു. പുരാവസ്തു വകുപ്പ് ഉദ്യോഗസ്ഥൻ അടച്ചുപൂട്ടിയിട്ട് സ്ഥലംവിട്ട ശേഷം ഒരു മാസത്തോളമായി അടഞ്ഞുകിടക്കുകയായിരുന്ന ഗുഹയ്ക്ക് പുതിയ കാവൽക്കാരനെയും ഏർപ്പെടുത്തി.

സാംസ്കാരിക വകുപ്പിൻെറ നിർദ്ദേശത്തെ തുടർന്നു ജില്ലാ കലക്ടർ കെ. സേതുമാധവനാണ് ഗുഹ തുറക്കുന്നതിനു നടപടിയെടുത്തത്. ഗുഹ സംരക്ഷിക്കാനുള്ള ക്രമീകരണങ്ങളും കർക്കശമാക്കിയിട്ടുണ്ട്. ഇനി രാവിലെ ഒൻപതു മണിമുതൽ വൈകിട്ട് അഞ്ചു മണിവരെയുള്ള പ്രവൃത്തി സമയത്തല്ലാതെ ഗുഹാപരിസരത്തു സംശയകരമായ സാഹചര്യത്തിൽ കാണുന്നവർക്കെതിരേ കർശന നടപടികളെടുക്കും. ഗുഹ സംരക്ഷിക്കുന്നതിനു സ്ഥിരം സംവിധാനമുണ്ടാകണമെന്നു ഗുഹാ സംരക്ഷണ സമിതി കൺവീനർ തോമസ് അമ്പലവയൽ അഭ്യർഥിച്ചു.

[illegible]. സെപ്റ്റ: 21. തിങ്കൾ

## എടക്കൽഗുഹ തുറന്നു

അമ്പലവയൽ: സംസ്കാരത്തിൻെറ മയങ്ങുന്ന ശിലയായ എടക്കൽ ഗുഹ വീണ്ടും സന്ദർശകർക്ക് തുറന്നുകൊടുത്തു. സാംസ്കാരിക വകുപ്പിൻെറ നിർദേശാനുസരണം ജില്ലാ കലക്ടറുടെ ഉത്തരവനുസരിച്ചാണ് ഗുഹ തുറന്നു കൊടുക്കുന്നത്. ഗുഹക്ക് പുതിയ കാവൽക്കാരനെ നിയമിച്ചിട്ടുണ്ട്.

കസ്റ്റോഡിയൻ ചന്ദ്രശേഖരൻ നായർ തൃപ്പൂണിത്തുറ രാജകൊട്ടാരത്തിലേക്ക് സ്ഥലം മാറിപ്പോയതിനെ തുടർന്നാണ് ഗുഹ അടച്ചുപൂട്ടിയത്.

ഗുഹയുടെ സംരക്ഷണം കാര്യക്ഷമമാക്കുന്നുണ്ട്. കൂടാതെ 1968-ലെ പുരാവസ്തു സ്മാരക അവശിഷ്ട നിയമമനുസരിച്ച് ഗുഹയിൽ അതിക്രമിച്ചു കടക്കുകയും, സ്മാരകം വികൃതമാക്കുകയും ചെയ്യുന്നവർക്ക് മൂന്ന് മാസം തടവോ, 5,000 രൂപ പിഴയോ രണ്ടും കൂടിയോ ശിക്ഷ വിധിക്കാനുള്ള ജില്ലാ കലക്ടറുടെ അധികാരം പൂർവാധികം ശക്തമാക്കും.

രാവിലെ 9 മണി മുതൽ വൈകിട്ട് 5 മണി വരെയാണ് സന്ദർശക സമയം. പ്രവർത്തന സമയമല്ലാത്തപ്പോൾ ഗുഹാ പരിസരത്ത് സംശയകരമായ നിലയിൽ കാണപ്പെടുന്നവർക്കെതിരെ നടപടിയെടുക്കും. ഗുഹ സംരക്ഷിക്കുന്നതിന് പൊതുജനസഹകരണവും അധികൃതർ ആവശ്യപ്പെട്ടു.

സാംസ്കാരിക വകുപ്പിൻെറയും ജില്ല കലക്ടറുടെയും നടപടിയിൽ സംരക്ഷണ സമിതി സംതൃപ്തി രേഖപ്പെടുത്തി.

മാധ്യമം

1988 ഒക്ടോബർ 10 തിങ്കൾ C3

# എടക്കൽ ഗുഹാ ചിത്രങ്ങൾ സംരക്ഷിക്കണം

സ്വന്തം ലേഖകൻ

കൽപ്പറ്റ: ലോക പ്രസിദ്ധവും അമൂല്യ രിത്ര സമ്പത്തുമായ എടക്കൽഗുഹാ ിത്രങ്ങൾ വേണ്ടത്ര സംരക്ഷണമില്ലാ ത നശിച്ചുകൊണ്ടിരിക്കുന്നു.

മുൻ സർക്കാറിൻെറ കാലത്ത് നി യാഗിച്ച ഒരു ഗുഹാ കാവൽക്കാരനും ടക്കൽഗുഹാ സംരക്ഷണ സമിതി ഥാപിച്ച താൽക്കാലിക ഗെയ്റ്റും മാ മാണ് ഇന്നും ഗുഹാ സംരക്ഷണത്തി ള്ളത്.

ഒരു പാറാവുകാരൻെറ ഏതാനും ിക്കൂർ നേരത്തെ കാവൽ മാത്രം മൂല്യ ചരിത്ര സങ്കേതത്തിൻെറ സുര തത്വത്തിന്ന് പര്യാപ്തമല്ലെന്ന് ചരിത്രസ്നേഹികൾ ചൂണ്ടിക്കാണിക്കുന്നു.

പാറാവുകാരൻെറ ഡ്യൂട്ടി സമയം കഴിഞ്ഞാൽ ബാക്കി സമയവും ഒഴിവു ദിവസങ്ങളും എടക്കൽ ഗുഹ സാമൂഹിക വിരുദ്ധരുടെ താവളമായി മാറുകയാണ്.

എടക്കൽ ഗുഹ ഇപ്പോഴും നശിച്ചുകൊണ്ടിരിക്കുന്നതിൽ എടക്കൽ ഗുഹാ സംരക്ഷണ സമിതി ഉൽക്കണ്ഠ രേഖപ്പെടുത്തി.

എടക്കൽ ഗുഹാ സംരക്ഷണ സമിതിയുടെ പ്രക്ഷോഭഫലമായി കരുണാകര സർക്കാർ നിയോഗിച്ച രണ്ട് വിദഗ്ധ കമ്മിറ്റികൾ ഗുഹാ സംരക്ഷണത്തിൻെറ പ്രാധാന്യവും ആവശ്യകതയും അന്നത്തെ സർക്കാരിൻെറ ശ്രദ്ധയിൽപെടുത്തി. ഗുഹക്ക് ശക്തമായ ഗെയ്റ്റും ചിത്രങ്ങൾ സന്ദർശകർ തൊട്ടു നാശമാക്കാത്ത വിധത്തിൽ- ചിത്ര ചുമരുകൾക്ക് മുമ്പിൽ ചങ്ങല ഇടുക, കാവലിന് കൂടുതൽ ആളുകളെ നിയമിക്കുക, ഗുഹക്ക് കരുത്തുറ്റ സംരക്ഷണം ഏർപ്പെടുത്തി- ഗുഹയിലേക്ക് റോഡുകൾ നിർമിക്കുക, ഗുഹാ സന്ദർശനം എളുപ്പമാക്കാൻ പ്രയാസമുള്ള സ്ഥലങ്ങളിൽ പടവുകൾ കെട്ടുക തുടങ്ങിയ നിരവധി നിർദേശങ്ങൾ രണ്ടു കമീഷനുകളും മുന്നോട്ട് വെച്ചിരുന്നു. എന്നാൽ ഗുഹാചിത്രങ്ങൾ സംരക്ഷിക്കുന്നതിന് യാതൊരു നടപടിയും എടുത്തിട്ടില്ലെന്ന് സംരക്ഷണ സമിതി കൺവീനർ തോമസ് അമ്പലവയൽ കുറ്റപ്പെടുത്തി.

എടക്കൽ ഗുഹാ ചിത്രങ്ങളുടെ സംരക്ഷണത്തിന് സർക്കാറിൻെറയും പുരാവസ്തു വകുപ്പിൻെറയും ഭാഗത്തുനിന്ന് ആത്മാർഥമായ നടപടികൾ ഉണ്ടായിരുന്നില്ലെങ്കിൽ വീണ്ടും പ്രക്ഷോഭ പരിപാടികൾ ആരംഭിക്കാൻ സംരക്ഷണ സമിതി തീരുമാനിച്ചിട്ടുണ്ടെന്ന് തോമസ് അറിയിച്ചു.

ABCD മലയാള മനോരമ 1989 ജൂൺ 21 ബുധൻ 3 W

# മ്യൂസിയങ്ങളുടെ പണി നിലച്ചു

കൽപ്പറ്റ: ഇന്ത്യയുടെ ചരിത്രഭൂപടത്തിൽ വയനാടിന്റെ സ്ഥാനം നിർണയിക്കുന്ന അമൂല്യാവശിഷ്ടങ്ങൾ സംരക്ഷിക്കപ്പെടാനുള്ള നീക്കം ഇടയ്ക്കുവച്ചു മുടങ്ങി.

പഴശ്ശിരാജാവിന്റെ ഭൗതിക ശരീരം അടക്കം ചെയ്ത മാനന്തവാടിയിലെ ആശുപത്രിക്കുമുന്നിൽപണി തുടങ്ങിയ പഴശ്ശി മ്യൂസിയം, അമ്പലവയലിൽ പണി ആരംഭിച്ച ചരിത്ര മ്യൂസിയം എന്നിവയാണ് തുടക്കത്തിൽ തന്നെ മുടങ്ങിയത്.

എൻ. ആർ. ഇ. പി. ഫണ്ട് ഉപയോഗിച്ചായിരുന്നു ഈ രണ്ട് ചരിത്രസങ്കേതങ്ങളും നിർമിക്കാൻ ഉദ്ദേശിച്ചിരുന്നത്. കാലിക്കറ്റ് സർവകലാശാലയിലെ ചരിത്രവിഭാഗത്തിന്റെകൂടി സജീവപങ്കാളിത്തത്തോടെയായിരുന്നു ചരിത്രസ്മാരക നിർമാണത്തിനു തുടക്കം കുറിച്ചത്. ചരിത്രവും ചരിത്രപുരുഷൻമാരും സമൂഹത്തിന്റെയാകെ സമ്പത്താണെന്നും അത് ജനകീയവൽക്കരിക്കണമെന്നും ലക്ഷ്യമിട്ടുകൊണ്ട് ജില്ലാ കലക്ടർ ടി. രവീന്ദ്രൻ തമ്പി മുൻകൈയെടുത്താണ് രണ്ടിന്റേയും നിർമാണം തുടങ്ങിവച്ചത്.

ലോകത്തിലെ തന്നെ അമൂല്യരേഖാചിത്രസങ്കേതങ്ങളിലൊന്നായ എടയ്ക്കൽ ഗുഹ സംരക്ഷിക്കുന്നതിനും അമ്പലവയൽ വില്ലേജ് ഓഫീസിനോടു ചേർന്നു രണ്ടു ലക്ഷം രൂപ ചെലവിൽ ചരിത്രമ്യൂസിയം നിർമിക്കുന്നതിനുമായിരുന്നു പരിപാടി. ഇതിന്റെ ശിലാസ്ഥാപനം സാമൂഹ്യവികസന മന്ത്രി ശിവദാസമേനോനാണ് നിർവഹിച്ചത്.

എൻ. ആർ. ഇ. പി. സ്പെഷൽ സ്കീമിൽ ഉൾപ്പെടുത്തി കെട്ടിടങ്ങൾ നിർമിക്കാനായിരുന്നു ഉദ്ദേശ്യം. അമ്പലവയൽ മ്യൂസിയത്തിനു 35,000 ക. ചെലവഴിച്ചു പണി തുടങ്ങിവച്ചു. ഒന്നരലക്ഷം രൂപ ചെലവ് പ്രതീക്ഷിക്കുന്ന പഴശ്ശി മ്യൂസിയത്തിനായി 15,000 ക. ചെലവാക്കി.

ജില്ലയിൽ പലയിടത്തായി ചിതറിക്കിടന്നിരുന്ന ചരിത്രാവശിഷ്ടങ്ങൾ പ്രമുഖ എപ്പിഗ്രാഫിസ്റ്റും കാലിക്കറ്റ് യൂണിവേഴ്സിറ്റി ചരിത്രഅധ്യാപകനുമായ ഡോ. ആർ. രാഘവവാര്യരുടെ സഹായത്തോടെയാണ് ശേഖരിച്ചത്. പ്രമുഖ ചരിത്രകാരൻ കെ. കെ. എൻ. കുറുപ്പ്, കാലിക്കറ്റ് യൂണിവേഴ്സിറ്റി അക്കാദമി സ്റ്റാഫ്, കോളജ് പ്രിൻസിപ്പൽ ഡോ എ. അച്യുതൻ എന്നിവരും മ്യൂസിയം നിർമാണവുമായി സഹകരിച്ചു.

മ്യൂസിയങ്ങളുടെ നിർമാണം തുടങ്ങിവച്ച ഉടൻ എൻ. ആർ. ഇ. പി. ഫണ്ട് ഉപയോഗിക്കുന്നത് വിലക്കിക്കൊണ്ട് സർക്കാരിൽനിന്നു നിർദ്ദേശം വന്നു ഇതിനു മുൻകൈയെടുത്ത ജില്ലാ കലക്ടർക്ക് മന്ത്രി ശിവദാസമേനോൻ നേരിട്ടു ശാസനയും അയച്ചു.

ശേഖരിച്ച ചരിത്രാവശിഷ്ടങ്ങൾ ജില്ലാ കലക്ടറുടെ വസതിയിലും അമ്പലവയൽ വില്ലേജ് ഓഫീസിലുമായി കിടപ്പാണ്.

ഹൈന്ദവ വിശ്വാസികളുടെ തെക്കൻകാശി എന്നറിയപ്പെടുന്ന ചരിത്രം ഉറങ്ങുന്ന തിരുനെല്ലി ക്ഷേത്രത്തോട് ചേർന്നുള്ള പാപനാശിനിയിൽ ഒരു ലക്ഷം രൂപ ചെലവിൽ പടവ് കെട്ടാനുള്ള പരിപാടിയും മ്യൂസിയത്തോടൊപ്പം നിലച്ചിരിക്കുകയാണ്.

മനോരമ - 1993 ജനുവരി-18

# മരാമത്ത് മറ്റൊരു ചരിത്രം



അനാസ്ഥയുടെ മ്യൂസിയം: പാതിയിൽവച്ചു പണി നിലച്ച അമ്പലവയൽ ചരിത്ര മ്യൂസിയം.

അമ്പലവയൽ: ചരിത്ര മ്യൂസിയത്തിനായി നിർമാണമാരംഭിച്ച കെട്ടിടം പുരാവസ്തുവായി മാറുന്നു. ജില്ലയുടെ പല ഭാഗങ്ങളിൽനിന്നായി അത്യധ്വാനം ചെയ്തു കണ്ടെടുത്തു കൊണ്ടുവന്ന ചരിത്രാവശിഷ്ടങ്ങൾ നാഥനില്ലാത്ത അവസ്ഥയിലുമായി.

അമ്പലവയൽ ടൗണിനോടു ചേർന്നു പണി ആരംഭിച്ച ചരിത്ര മ്യൂസിയം കെട്ടിടം സാങ്കേതികത്വങ്ങളിൽ കുരുങ്ങിക്കിടപ്പാണ്. സാംസ്കാരിക വകുപ്പു മന്ത്രിയും ചരിത്രകാരൻമാരും പങ്കെടുത്ത തകർപ്പൻ ചടങ്ങോടെയായിരുന്നു 1989-ൽ മ്യൂസിയം കെട്ടിടത്തിനു തറക്കല്ലിട്ടത്. എൻ. ആർ. ഇ. പി. ഫണ്ടിൽ രണ്ടു ലക്ഷം രൂപ ഉപയോഗിച്ചു കെട്ടിടത്തിന്റെ ചുമരും മേൽക്കൂരയും കെട്ടി. ഇത് അന്നത്തെ കലക്ടർ ടി. രവീന്ദ്രൻതമ്പി മുൻകൈ എടുത്താണ് ചെയ്തത്. പിന്നീടു പണികൾ പൂർത്തീകരിക്കാൻ ഫണ്ട് കണ്ടെത്താനായില്ല.

മുത്തങ്ങ, കോളൂർ, റാംപൂർ, പുൽപ്പള്ളി, കുപ്പക്കൊല്ലി, കുറിച്യർമല എന്നിവിടങ്ങളിൽനിന്നെല്ലാമാണ് അമൂല്യ ചരിത്രശേഖരങ്ങൾ കണ്ടെത്തി അമ്പലവയലിൽ എത്തിച്ചത്. ഇവയെല്ലാം ചോർന്നൊലിക്കുന്ന പഴയ വില്ലേജ് ഓഫിസ് കെട്ടിടത്തിൽ കൂട്ടിയിട്ടിരിക്കുന്നു. കാലിക്കറ്റ് സർവകലാശാലയിലെ ഡോ. എം. ആർ. രാഘവവാരിയരുടെ നേതൃത്വത്തിൽ ഒരു സംഘം ചരിത്രകാരൻമാരും ചരിത്രാന്വേഷികളും ആഴ്ചകളോളം പാടുപെട്ടാണ് അവശിഷ്ടങ്ങൾ കണ്ടെടുത്തതും സംഭരിച്ചതും.

മാധ്യമം
1993 ജൂൺ 5

# എടയ്ക്കൽ ഗുഹ സംരക്ഷിക്കണം

കൽപറ്റ: എടയ്ക്കൽ ഗുഹ സംരക്ഷിക്കുന്നതിന് പുരാവസ്തു ഗവേഷണ വകുപ്പും സംസ്ഥാന സർക്കാറും സത്വര നടപടി സ്വീകരിക്കണമെന്ന് വയനാട് പ്രകൃതിസംരക്ഷണ സമിതി സെക്രട്ടറി തോമസ് അമ്പലവയൽ ആവശ്യപ്പെട്ടു.

സന്ദർശകർ കോറിവരച്ച് കേടുപാടുകൾ വരുത്തിയ ഗുഹാ ചിത്രങ്ങളും ലിപികളും കെമിക്കൽ വാഷ് നടത്തി ടിൻറ് ചെയ്ത് സംരക്ഷിക്കണമെന്നും അദ്ദേഹം ആവശ്യപ്പെട്ടു.

മാതൃഭൂമി
1994 ഫെബ്രുവരി 5

# എടക്കൽ ഗുഹാ ചിത്രങ്ങൾക്ക് വീണ്ടും ഭീഷണി

അമ്പലവയൽ: ചരിത്രപ്രസിദ്ധമായ എടക്കൽ ഗുഹയിലെ അപൂർവങ്ങളായ ചിത്രങ്ങൾക്കും ലിപികൾക്കും വീണ്ടും ഭീഷണി.

1983–ൽ എടക്കൽ ഗുഹ സ്ഥിതി ചെയ്യുന്ന അമ്പുകുത്തി മലയിൽ ഗുഹയുടെ ഒരു കി.മീറ്റർ ചുറ്റളവിനുള്ളിലായി ഒരു സ്വകാര്യ വ്യക്തിയുടെ കരിങ്കൽ ക്വാറി പ്രവർത്തനം ആരംഭിച്ചിരുന്നു. അന്ന് പ്രൊഫ. രാഘവവാര്യർ, ഡോ. എം. ജി. എസ്. നാരായണൻ, ഡോ. രാജൻഗുരിക്കൾ, പി. കെ. ഉത്തമൻ മുതലായവരുടെ നേതൃത്വത്തിൽ പരിസരവാസികളായ പൊതുജനങ്ങളെ പങ്കെടുപ്പിച്ചുകൊണ്ട് എടക്കൽ ഗുഹാ സംരക്ഷണ സമിതി '87 ജനവരി മാസത്തിൽ രൂപീകരിക്കുകയും എടക്കൽ ഗുഹ സംരക്ഷിക്കുകയും ഗുഹ സ്ഥിതി ചെയ്യുന്ന അമ്പുകുത്തിമലയുടെ പ്രകൃതി ഭംഗി അപ്പാടെ കാത്തുസൂക്ഷിക്കുകയും വേണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് കേരള ഹൈക്കോടതിയിൽ റിട്ട്ഹരജി ഫയൽ ചെയ്തു.

ഇതേ തുടർന്ന് കേരള പുരാരേഖാ ഡയരക്ടർ ഡോ. കെ. രാജേന്ദ്രനേയും, എർത്ത് ആൻറ് സയൻസ് സ്റ്റഡീസ് ഡയരക്ടർ ഡോ. കെ.കെ. രാമചന്ദ്രനേയും ചേർത്ത് സർക്കാർ ഒരു കമ്മീഷനായി നിയമിച്ചു. കമ്മീഷൻ എടക്കല്ലിലും പരിസരങ്ങളിലും വന്ന് തെളിവെടുപ്പ് നടത്തുകയും, എടക്കൽ ഗുഹയുടെ 5 കി.മീ. ചുറ്റളവിനുള്ളിൽ കരിങ്കൽ ക്വാറികൾ പ്രവർത്തിക്കരുതെന്നും, അമ്പുകുത്തി മലനിരകളിൽ വെടിമരുന്ന് സൂക്ഷിക്കുന്നതിനായി റവന്യൂ പാറകളിൽ കെട്ടിയിരിക്കുന്ന ഗോഡൗണുകൾ പൊളിച്ചു നീക്കം ചെയ്യണമെന്നും സർക്കാറിന് റിപ്പോർട്ട് സമർപ്പിക്കുകയും ചെയ്തു. ഇതിൻെറ അടിസ്ഥാനത്തിൽ കരിങ്കൽ ക്വാറിയുടെ പ്രവർത്തനം സർക്കാർ നിരോധിച്ചു.

ക്വാറിയുടെ പ്രവർത്തനം സമീപത്തുള്ള കൃഷി ഇടങ്ങൾക്കും വീടുകൾക്കും ദോഷം ചെയ്യുമെന്നും ജല ദൗർലഭ്യത്തിന് കാരണമാകുമെന്നും കമ്മീഷൻ റിപ്പോർട്ടിൽ സൂചിപ്പിച്ചിരുന്നു.

എന്നാൽ പ്രവർത്തനം നിരോധിച്ച കരിങ്കൽ ക്വാറിയിൽ നിന്നും ക്വാറി ഉടമയെ പൂർണമായും ബന്ധപ്പെട്ട അധികൃതർ ഒഴിപ്പിച്ചില്ല. ക്വാറി നടത്തിയിരുന്ന സ്ഥലവും ഗോഡൗണും ക്വാറി ഉടമ കൈവശം വെച്ചുപോന്നു. 1 ഏക്കർ 65 സെൻറ് സ്ഥലത്തിന് ക്വാറി ഉടമ ഇന്ന് പട്ടയം സമ്പാദിച്ച് വ്യാവസായിക ലോൺ എടുത്ത് വീണ്ടും കരിങ്കൽ ക്വാറിയുടെ പ്രവർത്തനം ആരംഭിക്കാനുള്ള ശ്രമത്തിലാണ്.

ഡബ്ല്യു.സി.എസ്. 86/93 നമ്പറായി അമ്പലവയൽ ഡെപ്യൂട്ടി കലക്ടർ ഓഫീസിൽനിന്നും കഴിഞ്ഞ മാർച്ച് മാസത്തിൽ പിരിഞ്ഞുപോയ അഡ്മിനിസ്ട്രേറ്റീവ് ഓഫീസറാണ് ഈ ക്വാറിക്ക് പട്ടയം അനുവദിച്ചിരിക്കുന്നത്. പാറ സർക്കാറിൻെറ സ്വത്താണെന്ന നിയമത്തെയും കമ്മീഷൻ റിപ്പോർട്ടിനേയും അവഗണിച്ചുകൊണ്ടാണ് അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ റവന്യൂ ഭൂമിക്ക് പട്ടയം അനുവദിച്ചത്. ഈ സ്ഥലത്തിന് നൽകിയ പട്ടയത്തിൻെറ വിവരങ്ങൾ ഇന്നും അഡ്മിനിസ്ട്രേറ്റീവ് ഓഫീസിൽ വളരെ രഹസ്യമായി സൂക്ഷിച്ചിരിക്കയാണ്. ഇതു സംബന്ധിച്ച് വയനാട് പ്രകൃതി സംരക്ഷണ സമിതിയും എടക്കൽ ഗുഹാ സംരക്ഷണ സമിതിയും ജില്ലാ കലക്ടർക്ക് പരാതി നൽകിയിട്ടുണ്ട്.

# ചരിത്രംപേറുന്ന വില്ലേജ് ആപ്പീസ്; കാവൽക്കാരായി വാവലുകൾ

കല്പറ്റ, ജൂലായ് 9: വയനാട്ടിലെ ചരിത്രാവശിഷ്ടങ്ങൾക്ക് നവീന ശിലായുഗത്തോളം കഥ പറയാനുണ്ട്. എടക്കൽഗുഹയിൽ കോറിയിട്ട രേഖാചിത്രങ്ങൾ പേറുന്നത് മനുഷ്യസംസ്കാരത്തിന്റെ ആദിമ ബീജങ്ങളാണ്. ഈ ചരിത്രഭൂമിയിൽനിന്ന് കണ്ടെടുത്ത അവശിഷ്ടങ്ങൾ, എന്നാൽ ഇന്ന് അനാഥത്വംപേറി നശിക്കുന്നു.

വയനാടിന്റെ സാംസ്കാരിക ഭൂമികകൾ പേറാൻ വിധിക്കപ്പെട്ട ഒരു പഴയ വില്ലേജ് ആപ്പീസ് കെട്ടിടം. ജീവിതം എന്ന പ്രസ്ഥാനത്തിൽ നമുക്കുമുമ്പേ രംഗം കയ്യടക്കിയ വാവലുകൾ അവക്ക് കാവൽ. ശവക്കല്ലറകളിൽ സ്വസ്ഥമായുറങ്ങിയ തങ്ങളെ ഇളക്കിയെടുത്ത് പ്രേതാലയത്തിലെത്തിച്ച പൗത്രരെ ഓർത്ത് പിതാമഹർ ഇവിടെ ശാപവർഷം ചൊരിയുന്നു.

അമ്പലവയൽ വില്ലേജ് ആപ്പീസിലെ പഴയ കെട്ടിടത്തിലാണ് സഹസ്രാബ്ദങ്ങൾക്കപ്പുറം വരെയുള്ള ചരിത്രം നിന്ദിക്കപ്പെടുന്നത്. ചരിത്രകാരന്മാർ പലപ്പോഴായി വന്ന് കഴിച്ചെടുത്ത അവശിഷ്ടങ്ങൾ ഇവിടെ ഒന്നിച്ച്കൂട്ടിയിരിക്കുന്നു. കാറ്റൊന്നടിച്ച് കെട്ടിടം നിലംപൊത്തിയാൽ ഇവക്ക് രൂപപരിണാമം വരാം. എങ്കിലും അക്കാദമിക്കാർക്ക് ഇതിൽ ഭയപ്പാടിന് അവകാശമില്ല. കാരണം അവരുടെ 'തീസീസ്'കൾ സമർപ്പിക്കപ്പെട്ടു കഴിഞ്ഞിരിക്കുന്നു.

മനുഷ്യൻ രംഗത്ത് വന്നിട്ട് ഏതാണ്ട് രണ്ടരലക്ഷം വർഷമായി. അവനുണ്ടാക്കിയെന്ന് പറയുന്ന സംസ്കാരത്തിന് 15000 വർഷമേ അവകാശപ്പെടാനുള്ളൂ. എടക്കൽ ഗുഹയുടെ താഴ്‌വാരത്തുള്ള ആയിരം കൊല്ലി, കപ്പക്കൊല്ലി ഗ്രാമങ്ങളിൽ നിന്ന് കണ്ടെത്തിയ ചരിത്രാവശിഷ്ടങ്ങൾക്ക് ഈ 15000 വർഷത്തിന്റെ കഥ പറയാനാകുമെന്നാണ് ചരിത്രകാരന്മാരുടെ അവസാന വിലയിരുത്തൽ. കൂട്ടിയിടപ്പെട്ട അവശിഷ്ടങ്ങളിൽ ഇവയും പെടും.

മഹാശിലാ സംസ്കാരത്തിലെ മൺപാത്രങ്ങൾ, ആയുധങ്ങൾ, കൽമുത്തുകൾ, ദ്രവിച്ചുതുടങ്ങിയ അസ്ഥികൾ എന്നിവക്കുപുറമെ മുത്തങ്ങ കാടുകളിൽനിന്ന് ശേഖരിച്ച അപൂർവ ശിലാ പ്രതിമകളും ഈ കെട്ടിടത്തിനകത്തുണ്ട്. മുത്തങ്ങയിൽ നിന്നുതന്നെ ശേഖരിച്ച വീരക്കല്ലുകൾ കെട്ടിടത്തിന് പുറത്ത് മുററത്ത് കാററും മഴയുമേററ് കിടപ്പാണ്.

എൺപതുകളുടെ തുടക്കത്തിൽ വയനാട്ടിലേക്ക് ചരിത്ര ഗവേഷകരുടെ ഒരു തള്ളിക്കയററമുണ്ടായിരുന്നു. മഹാശിലാ സംസ്കാരത്തെ കുറിച്ചുള്ള കൂടുതൽ തെളിവുകൾക്ക് വേണ്ടിയായിരുന്നു ഈ കയററം. കുഴിക്കാവുന്നിടത്തെല്ലാം കുഴിച്ച് അന്ന് പലതും കണ്ടെടുത്തു. എന്നാൽ ഇവയെല്ലാം മുമ്പും പലയിടത്തും കണ്ടെത്തിയതായിരുന്നു. മഹാശിലാ സംസ്കാര ഘട്ടത്തിൽ കാർഷികവൃത്തി ആരംഭിച്ചു എന്ന് തെളിയിക്കുകയായിരുന്നു ഗവേഷകരുടെ ഉന്നം. അതിനുള്ള ശരിയായ തെളിവൊന്നും ഇവിടെ കിട്ടിയുമില്ല. കിട്ടിയതിൽ താല്പര്യമില്ലാതെ അവർ അതിവിടെ ഉപേക്ഷിച്ചു പോവുകയാണുണ്ടായത്.

അമ്പലവയൽ കേന്ദ്രമാക്കി ചരിത്രമ്യൂസിയം സ്ഥാപിച്ച് ഇവ അവിടെ പ്രതിഷ്ഠിക്കാമെന്നായിരുന്നു തീരുമാനം. മ്യൂസിയം പണി എങ്ങുമെത്തിയില്ല. ചരിത്രാവശിഷ്ടങ്ങൾതടങ്കലിലുമായി.


ചരിത്രത്തിന് കാവൽനിൽക്കുന്നത് വാവലുകളാണെങ്കിലും ചരിത്രത്തിന്റെ താക്കോൽ അമ്പലവയൽ വില്ലേജാപ്പീസറുടെ കയ്യിലാണ്. ചരിത്രത്തിന്റെ ഈ ദുർഗതി പുറംലോകത്തെ കാണിക്കാൻ അദ്ദേഹത്തിന് ഭയമാണ്. ചരിത്രസമ്പത്ത് കാണാനെത്തുന്നവരെ മടക്കിഅയക്കാൻ അദ്ദേഹം പരമാവധി ശ്രമിക്കും. അല്ലെങ്കിൽ 'താക്കോൽ വീട്ടിലാ'യിരിക്കും.

മഹാശിലായുഗത്തിലെ കലപ്പ കിട്ടാതായതോടെ ചരിത്രഗവേഷകർക്ക് വയനാടിനോടുള്ള താല്പര്യം കുറഞ്ഞിരിക്കയാണ്. എങ്കിലും അമ്പുകുത്തിമലയുടെ താഴ്‌വരയിൽനിന്ന് ഇനിയും പലതും ലഭിക്കാം. ഈയിടെ ഒരു സംഘം ഗവേഷകർ കപ്പക്കൊല്ലിയിൽവന്ന് ഖനനം നടത്തി. അവർ എവിടെനിന്ന് വന്നെന്നോ എന്തിനുവന്നെന്നോ സമീപവാസികളോട് പറഞ്ഞില്ല. അവർ വന്ന് പോയ വിവരം ജില്ലാ അധികൃതർ അറിഞ്ഞില്ല. പത്രക്കാരെയും അറിയിച്ചില്ല. ചരിത്രഗവേഷണത്തെക്കുറിച്ച് അക്കാദമിക് പണ്ഡിതർ പുലർത്തുന്ന അബദ്ധ ധാരണകളാണ് അമ്പലവയൽ വില്ലേജാപ്പീസിന്റെ ദുർഗതിക്ക് യഥാർഥ കാരണം.



**ചരിത്രത്തിന് നിന്ദ:** ചരിത്രാവശിഷ്ടങ്ങൾ സൂക്ഷിച്ച അമ്പലവയൽവില്ലേജ് ആപ്പീസ്കെട്ടിടം

41



ചരിത്രാവശിഷ്ടങ്ങൾകൊണ്ടൊരുവീട്: കപ്പക്കൊല്ലിയിലെ യാക്കോബ്-മേരി ദമ്പതികളുടെ വീട്

# അവർക്ക് വീടൊരുക്കാൻ ചരിത്ര സ്മാരകങ്ങൾ

കല്ലറ, ജൂലായ് 11: മണ്ണടിഞ്ഞ മഹാശിലായുഗ സംസ്കാരത്തിന് മുകളിൽ ഒരു ഗ്രാമം. ചരിത്രാതീതകാലത്തെ മുൻഗാമികളുടെ അവശിഷ്ടങ്ങൾ ഗ്രാമവാസികൾ തെല്ലും ശങ്കയില്ലാതെ അവരുടെ ദൈനംദിന ജീവിതത്തിന് ഉപയോഗിക്കുന്നു. ഗതകാല ചരിത്രത്തിന്റെ സ്മാരകമായി എക്കാലവും സൂക്ഷിക്കുകയും സംരക്ഷിക്കുകയും ചെയ്യേണ്ടവയാണിതെന്ന് ഒരു പക്ഷേ അവരോർത്തിരിക്കില്ല.

മഹാശിലായുഗ കാലത്തേതെന്ന് കരുതുന്ന കല്ലറകളുടെയും അവശിഷ്ടങ്ങളുടെയും മുകളിൽ 446 കുടുംബങ്ങളാണ് ഇന്ന് പാർക്കുന്നത്. അമ്പലവയൽ പഞ്ചായത്തിലെ അമ്പുകുത്തിമലക്ക് താഴെയുള്ള കപ്പക്കൊല്ലിയിലാണ് ഈ ചരിത്രാവശിഷ്ടങ്ങളുള്ളത്. ചെത്തിമിനുക്കിയ വൻ ശിലാ പാളികൾ അടുക്കിയ കല്ലറകൾ ഇവിടെ എത്രയുണ്ടെന്ന് ഇതുവരെ തിട്ടപ്പെടുത്തിയിട്ടില്ല. വയനാട്ടിൽതന്നെ ആയിരംകൊല്ലി, തൊവരി മലക്കടുത്ത മംഗലംകുന്ന്, ചെമ്പ്രമല താഴ്‌വര, മീനങ്ങാടിയിലെ പാതിരിപ്പാറ എന്നിവിടങ്ങളിലും ഇത്തരം അവശിഷ്ടങ്ങൾ കണ്ടെത്തിയിട്ടുണ്ട്.

കേരളത്തിൽ മഞ്ചേരി, നിലമ്പൂർ, തളിപ്പറമ്പ്, ഇരിങ്ങല്ലൂർ തുടങ്ങിയ സ്ഥലങ്ങളിൽ മഹാശിലായുഗ സ്മാരകങ്ങളുണ്ട്. എന്നാൽ വയനാട്ടിലെ അവശിഷ്ടങ്ങൾ കേരളത്തിന്റെ ഇതര ഭാഗങ്ങളുടെതിൽനിന്ന് വ്യത്യസ്തമാണ്.

പതിനാറ് അടിയോളം താഴ്ചയും ഇരുപത് അടി നീളവും വീതിയുമുള്ള കുഴികളിലാണ് ഇവിടെ ശിലാപാളികൾ സ്വസ്തികാകൃതിയിൽ അടുക്കിയിട്ടുള്ളത്. ഇവയിൽ ഒരടിയോളം പൊക്കമുള്ള കൽബെഞ്ചുകളും ഉണ്ട്. കിഴക്കുവശത്തെ ഒററക്കൽ പാളിയിൽ വൃത്താകൃതിയിലുള്ള ദ്വാരവും കാണുന്നുണ്ട്. കറുപ്പും ചുവപ്പും, ചാരവും നിറത്തിലുള്ള മൺപാത്രങ്ങളും കല്ലറകളിൽനിന്ന് കിട്ടിയിട്ടുണ്ട്. ബി സി 500-നും 300-നും ഇടയിൽ ദക്ഷിണേന്ത്യയിൽ പ്രചരിച്ച സംസ്കാരത്തിന്റെ അവശിഷ്ടങ്ങളാണിവയെന്ന് കരുതുന്നു. തുരുമ്പെടുത്തുതീരാറായ ഇരുമ്പുദണ്ഡുകൾ കോഴിക്കോട് സർവകലാശാലയിലെ ഡോ. രാഘവവാരിയർ ഇവിടെനിന്നും കണ്ടെടുത്തിരുന്നു. മഹാശിലായുഗകാലത്തെ കലപ്പയുടെ ഉപയോഗത്തിന്റെ അന്വേഷണത്തിന്റെ ഭാഗമായിരുന്നു എൺപതുകളിൽ ചരിത്രകാരൻമാർ വയനാട്ടിൽ നടത്തിയ ഉദ്ഖനനങ്ങൾ. കലപ്പയുടെ ഉപയോഗം സംബന്ധിച്ച സൂചനകളൊന്നും ലഭിക്കാത്തതുകൊണ്ടുതന്നെ ചരിത്രാന്വേഷകർ പിന്നീട് ഇവിടെ മെനക്കെട്ടില്ല.

കപ്പക്കൊല്ലിയിലെ 500 ഏക്രയോളം വരുന്ന ഭൂമി സ്വകാര്യ വ്യക്തികളുടെ കൈവശമാണിന്ന്. അവർ തങ്ങളുടെ ഭൂമിയിൽനിന്നും കിട്ടിയ വൻ ശിലാപാളികൾ തൊഴുത്തിൽ നിരത്താനും മുററത്ത് വിരിക്കാനും ഉപയോഗിച്ചിരിക്കുന്നു.

1984ൽ കപ്പകൊല്ലിയിൽ വന്ന യാക്കോബ്-മേരി ദമ്പതികളുടെ വീടിന്റെ ചുമർ ഇത്തരം കൽച്ചീളുകൾകൊണ്ട് ഉണ്ടാക്കിയതാണ്. ഇവിടെ കിട്ടിയ കൽപാളികളിൽ ഏതോ പുരാതന രാജവംശത്തിന്റെ സൂചകങ്ങളായ ലിഖിതങ്ങളും കാണുന്നുണ്ട്.

നവീന ശിലായുഗഘട്ടത്തിൽ മരിച്ചവരെ സംസ്കരിച്ചിരുന്നത് ഇത്തരം കല്ലറകളിലാണ്. അവരുപയോഗിച്ച ഉപകരണങ്ങളും ഇതോടൊപ്പം അടക്കംചെയ്തിരുന്നു. ഇത്തരം വസ്തുക്കളും കപ്പക്കൊല്ലിയിലെ കല്ലറകളിൽ കണ്ടെത്താനാകും.

മാധ്യമം - 1994.
സെപ്-20 ഞായർ

## ചുരുക്കത്തിൽ

### ക്വാറി പ്രവർത്തിപ്പിക്കാനുള്ള നീക്കം ഉപേക്ഷിക്കണം

അമ്പലവയൽ: എടക്കൽ ക്വാറി വീണ്ടും പ്രവർത്തിപ്പിക്കാനുള്ള നീക്കം ഉപേക്ഷിക്കണമെന്ന് ക്വാറി പരിസരത്ത് ചേർന്ന നാട്ടുകാരുടെ യോഗം ആവശ്യപ്പെട്ടു. എടക്കൽ ഗുഹക്കും പരിസരത്തെ താമസക്കാർക്കും കൃഷിക്കും നാശമുണ്ടാക്കുന്ന തരത്തിലാണ് ക്വാറി -യോഗം ചൂണ്ടിക്കാട്ടി. അമ്പലവയൽ, അമ്പുകുത്തി, ബത്തേരി റോഡിലെ ഗതാഗത തടസ്സത്തിനും ഇതു കാരണമാകും.

അമ്പലവയൽ എ.ഇ ഓഫീസിൽനിന്ന് സ്വകാര്യവ്യക്തിക്ക് നൽകിയ പട്ടയം റദ്ദു ചെയ്യണമെന്ന് യോഗം ആവശ്യപ്പെട്ടു. എടക്കൽ ക്വാറിവിരുദ്ധ സമിതി രൂപീകരിച്ചു. ഭാരവാഹികൾ: പി.പി. വർഗീസ് (പ്രസി), കെ. ഗോവിന്ദൻ (വൈ. പ്രസി), എം.പി. പ്രാൻസിസ് (സെക്ര), പി. വേലുണ്ണി (ജോ. കൺ), യു. ഗോവിന്ദൻ (ട്രഷറർ).

എടക്കൽ ഗുഹാ സംരക്ഷണ സമിതി കൺവീനർ തോമസ് അമ്പലവയൽ അധ്യക്ഷത വഹിച്ച യോഗത്തിൽ പി.കെ. കൃഷ്ണൻ, പി.പി. വർഗീസ്, ജലധരാജ്, വി.വി. ഗോപകുമാർ, പി.സി. വർഗീസ് തുടങ്ങിയവർ പ്രസംഗിച്ചു.



എടക്കൽ ഗുഹാലിഖിതങ്ങൾ. കാവൽക്കാരൻ ബിജുജോസഫാണ് ഇൻസെറ്റിൽ.

# അനാഥമാകുന്ന ചരിത്രസ്മാരകം

സ്വന്തം പ്രതിനിധി

കല്പറ്റ, ജൂലായ് 14: എടക്കൽ ഗുഹ നാശത്തിലേക്ക്. വയനാട്ടിൽ അവശേഷിക്കുന്ന ഏറ്റവും പ്രാചീന ചരിത്രസ്മാരകത്തിന് ബിജുജോസഫ് മാത്രമാണ് ഇന്ന് കാവൽ. ബി സി 10000-നും 4000-നും ഇടയിലെ നവീന ശിലായുഗ കാലഘട്ടത്തിന്റെ സംസ്കാരം ആധുനിക മനുഷ്യന് വെളിവാക്കുന്ന എടക്കൽ ഗുഹയുടെ സംരക്ഷണവും കാവലും എല്ലാം ഈ പത്തൊമ്പതുകാരനിലൊതുങ്ങുന്നു.

സമുദ്രനിരപ്പിൽനിന്ന് 4000 അടി ഉയരത്തിൽ അമ്പലവയലിലെ അമ്പുകുത്തിമലയിലാണ് എടക്കൽ ഗുഹ. മലയുടെ മുകൾത്തട്ടിലെ 98 അടി നീളവും 22 അടി വീതിയുമുള്ള ഒരു വിള്ളൽ. മുകളിൽനിന്ന് ഒരു കൂറ്റൻ പാറ വീണ് രൂപപ്പെട്ടതാണ് എടക്കൽ ഗുഹയെന്ന് കരുതുന്നു.

ഗുഹക്കകത്തുനിന്ന് നോക്കിയാൽ 1500 അടി താഴ്ചയിലുള്ള തൊട്ടടുത്ത ഗ്രാമങ്ങളുടെ കാഴ്ച വിസ്മയിപ്പിക്കുന്നതാണ്. ഗുഹാഭിത്തിയിലെ കൊത്തുചിത്രങ്ങളും ഗൂഢവാക്യങ്ങളും ശിലായുഗ മനുഷ്യജീവിതക്രമങ്ങളും വിളിച്ചോതുന്നവയാണ്. മിനുസപ്പെടുത്തിയ കല്ലുളികൾകൊണ്ട് രൂപപ്പെടുത്തിയ ചിത്രങ്ങളും ലിഖിതങ്ങളും വ്യത്യസ്ത കാലയളവിൽ രേഖപ്പെടുത്തിയവയാണെന്ന മതമുണ്ട്.

ചരിത്രകാരന്മാരും വിദ്യാർഥികളും സഞ്ചാരികളും സാഹസിക യാത്രികരും ഇവിടെ കയറിയിറങ്ങുന്നു. എന്നിട്ടും ഈ ചരിത്രസ്മാരകം അവഗണനയിൽതന്നെ. ദുർഘടമേറിയ ഊടുവഴികൾ നന്നാക്കാൻപോലും സർക്കാർ തയാറായിട്ടില്ല. കൊത്തുചിത്രങ്ങളും ലിഖിതങ്ങളും സമൂഹദ്രോഹികൾ നശിപ്പിക്കുന്ന വാർത്തകൾക്ക് പ്രതികരിക്കാൻപോലും അധികൃതർ തയാറായില്ല.

അനാഥത്വത്തിലേക്ക് നീങ്ങിയ ഗുഹയുടെ കാവലിന് കപ്പക്കൊല്ലി എന്നുകൽ ബിജുജോസഫിനെ 93 ഫെബ്രുവരി അഞ്ചിനാണ് നിയമിക്കുന്നത്. 750 രൂപ ശമ്പളം. ഏപ്രിൽ 28 മുതലാണ് അത് ലഭിച്ചുതുടങ്ങിയത്.

അവധി ദിവസങ്ങളിൽ അഞ്ഞൂറിലധികംപേർ ഇവിടെയെത്തുന്നുണ്ട്.

വിദ്യാർഥികളും ഗവേഷകരും മുതൽ സാധാരണക്കാർവരെ ഇതിൽപെടും.

എടക്കൽ ഗുഹക്ക് വാച്ച്മെൻ ക്വാർട്ടേഴ്സ് പണിയാൻ 1992-ൽ ഉത്തരവായതാണ്. 50,000 രൂപ ഇതിനായി അനുവദിക്കുകയുംചെയ്തു. സ്വകാര്യവ്യക്തിയിൽനിന്നും കിട്ടിയ അഞ്ച് സെന്റ് സ്ഥലത്ത് കുറ്റിയിട്ട് 1000 ഘന അടി കരിങ്കല്ലിറക്കി വാച്ച്മെൻ ക്വാർട്ടേഴ്സ് ഒതുങ്ങി.

1-2-94 — ബുധൻ — മംഗളം

# കരിങ്കൽ ക്വാറി എടയ്ക്കൽ ഗുഹക്കു ഭീഷണിയാവുന്നു

അമ്പലവയൽ: ചരിത്രപ്രസിദ്ധമായ എടയ്ക്കൽ ഗുഹയിലെ അമൂല്യങ്ങളായ ചിത്രങ്ങൾക്കും ലിപികൾക്കും സമീപത്ത് ആരംഭിച്ചിരിക്കുന്ന കരിങ്കൽ ക്വാറി ഭീഷണി ഉയർത്തുന്നു.

അമ്പുകുത്തി മലനിരകളിൽ പ്രവർത്തിച്ചിരുന്ന കരിങ്കൽ ക്വാറികൾ എടക്കൽ ഗുഹ സംരക്ഷണ സമിതിയുടെ പ്രക്ഷോഭത്തെ തുടർന്ന് കേന്ദ്ര സർക്കാർ ഇടപെട്ട് 1987–ൽ നിരോധിക്കപ്പെട്ടതാണ്. നിരോധിക്കപ്പെട്ട ക്വാറികൾ ഗുഹ സ്ഥിതിചെയ്യുന്ന അമ്പുകുത്തി മലനിരയിലെ റവന്യൂ വകപാറയിലാണ് സ്ഥിതി ചെയ്യുന്നത്.

ഈ റവന്യൂ വക പാറക്ക് അമ്പലവയൽ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ പിരിയുന്നതിൻെറ തലേദിവസം ഡബ്ലി.സി.എസ്. 86 /93–ാം നമ്പറായി ഒരേക്കർ അറുപത്തഞ്ചു സെൻറു റവന്യൂ പാറക്ക് രഹസ്യമായി മുൻ ക്വാറി മുതലാളി (കാവും പുറത്ത് ഇബ്രാഹിം) ക്ക് പട്ടയം നൽകിയതോടെയാണ് ഗുഹയ്ക്കു സമീപം ക്വാറിയുടെ പ്രവർത്തനം ആരംഭിച്ചത്.

1986–ൽ സന്ദർശകർ ഗുഹാചിത്രങ്ങൾ കോറി വികൃതപ്പെടുത്താനാരംഭിക്കുകയും, വെടിയുപ്പും, ഗന്ധഗവും പ്രയോഗിച്ച് മലനിരയിലെ ക്വാറികളിൽ വൻ സ്ഫോടനമുണ്ടാക്കി. ഗുഹയിൽ കനത്ത പ്രകമ്പനമുണ്ടാക്കാൻ തുടങ്ങുകയും ചെയ്തതോടെ ഗുഹാചിത്രങ്ങളുടെ പ്രാധാന്യം മനസിലാക്കിയ വയനാടു പ്രകൃതി സംരക്ഷണ സമിതി കേരളത്തിലെ പ്രമുഖ ചിത്രകാരന്മാരായ ഡോ. രാജൻ ഗുരുക്കൾ, ഡോ. എം. ആർ. രാഘവവര്യർ, ഡോ. എം.ജി.എസ്. നാരായണൻ, പ്രമുഖ പരിസ്ഥിതി പ്രവർത്തകനായ പി.കെ. ഉത്തമൻ തുടങ്ങിയവരേയും, വയനാട്ടിലെ ചരിത്ര സ്നേഹികളെയും വിളിച്ചു ചേർത്ത് എടക്കൽ ഗുഹാ സംരക്ഷണ സമിതി രൂപീകരിച്ച് സംരക്ഷണ പ്രവർത്തനം ആരംഭിക്കുകയാണുണ്ടായത്.

ഗുഹാ സംരക്ഷണ സമിതി പ്രവർത്തനമാരംഭിച്ച നാളുകളിൽ മിക്ക രാഷ്ട്രീയ പാർട്ടികളും, സ്ഥലം എം.എൽ.എയും ക്വാറി മുതലാളി മാരോടൊപ്പം നിന്ന് ഇതിനെ എതിർക്കുകയും, ജനങ്ങൾ ഗുഹാസംരക്ഷണ സമിതിയോടൊപ്പം നിൽക്കുകയും ചെയ്തപ്പോൾ, ലോകത്തിലാദ്യമായി ഒരു ചിരിത്രസ്മാരകം സംരക്ഷിക്കാൻ ജനങ്ങൾ ഒന്നടങ്കം അന്ന് സമരരംഗത്തെത്തുകയായിരുന്നു.

എടക്കൽ ഗുഹയ്ക്കും, സമീപ വാസികൾക്കും ഭീഷണിയായ കരിങ്കൽ ക്വാറികൾ എന്നേക്കുമായി നിരോധിക്കണമെന്നും, ആയിരക്കണക്കിനു വർഷങ്ങൾക്കുമുമ്പുള്ള ചരിത്രസ്മാരകം സംരക്ഷിക്കാൻ നടപടികളാവശ്യപ്പെട്ടും ഗുഹാ സംരക്ഷണ സമിതി ഭരണകർത്താക്കൾക്ക് നിരന്തരം നിവേദനങ്ങൾ നൽകുകയും പ്രക്ഷോഭങ്ങൾ നടത്തുകയുമുണ്ടായി. അന്നത്തെ മുഖ്യമന്ത്രിയായിരുന്ന കരുണാകരൻ കൽപ്പറ്റയിൽ കലക്ട്രേറ്റിനു തറക്കല്ലിടാൻ വന്നപ്പോൾ നിവേദനം കൊടുക്കാൻ ചെന്ന സമിതി പ്രവർത്തകരെ പോലീസ് കസ്റ്റഡിയിലെടുത്ത് തടങ്കലിൽ വച്ചത് അന്ന് ഒട്ടേറെ പ്രതിഷേധങ്ങൾക്കിടയായിരുന്നു.

ഭരണ കർത്താക്കളിൽ നിന്നും നീതി ലഭിക്കാതെ വന്നപ്പോൾ ഗുഹാ സംരക്ഷണ സമിതി കൺവീനർ തോമസ് അമ്പലവയൽ, കേരള ഹൈക്കോടതിയിൽ റിട്ടു ഫയൽ ചെയ്തു. അന്നത്തെ ആർക്കെവ്സ് ഡയറക്ടർ ഡോ. രാജേന്ദ്രനും, എർത്ത് സയൻസ് സ്റ്റഡി ഡയറക്ടർ ഡോ. കെ. കെ. രാമചന്ദ്രനുമടക്കമുള്ള വിദഗ്ദ്ധ കമ്മീഷൻ എടക്കലിൽ എത്തി പഠനം നടത്തുകയും, ക്വാറികൾ ഗുഹക്ക് പൂർണ്ണ നാശമുണ്ടാക്കുമെന്നും സമീപ വാസികളുടെ വീടിനും കൃഷിക്കും വെള്ളത്തിനും പ്രശ്നങ്ങളുണ്ടാക്കുമെന്നും സർക്കാരിനു റിപ്പോർട്ടു ചെയ്തു.

ഹൈക്കോടതിയിൽ റിട്ടു നില നിലയ്ക്കുമ്പോഴും സമിതി പ്രക്ഷോഭം ശക്തിപ്പെടുത്തുകയും, ഇന്ത്യയിലെ പ്രമുഖപരിസ്ഥിതി പ്രവർത്തകരേയും, ചരിത്രകാരന്മാരേയും, എടക്കൽ ഗുഹനേരിടുന്ന ഭീഷണി അറിയിക്കുകയും, അവർ സംസ്ഥാന കേന്ദ്ര സർക്കാരുകളിൽ ഗുഹ സംരക്ഷിക്കാൻ സമ്മർദം ചെലുത്തുകയും , ഇന്ത്യൻ ഹിസ്റ്ററി കോൺഗ്രസ്, ലോക പാറാചിത്ര വിദഗ്ദ്ധരുടെ ലോക സമ്മേളനം തുടങ്ങിയ പ്രമേയങ്ങൾ പാസാക്കുകയും ചെയ്തപ്പോൾ കേന്ദ്ര സർക്കാർ ഇടപെട്ട് ക്വാറി പ്രവർത്തനം നിരോധിക്കുകയാണുണ്ടായത്.

ഗുഹാ സംരക്ഷണ സമരകാലത്ത് വയനാടു ജില്ലാ കളക്ടറായിരുന്ന ടി. രവീന്ദ്രൻ തമ്പി ക്വാറി നിരോധിച്ചപ്പോൾ ക്വാറി മുതലാളിമാരും, രാഷ്ട്രീയക്കാരുമിടപെട്ട് അദ്ദേഹത്തെ സർക്കാർ തലത്തിൽ പോലും ബുദ്ധിമുട്ടിക്കുകയും, നിർബന്ധിച്ച് നിരോധനം പിൻവലിക്കുകയും, വൈകാതെ അദ്ദേഹത്തെ മാറ്റുകയും ചെയ്തത് ഏറെ ഒച്ചപ്പാടുകൾ ഉണ്ടാക്കിയിരുന്നു. തുടർന്നുണ്ടായ ജനകീയ ആവശ്യത്തെ തുടർന്നാണ് അദ്ദേഹത്തെ വീണ്ടും വയനാട്ടിൽ നിയമിക്കാൻ സർക്കാർ നിർബന്ധിതമായത്. സാധാരണക്കാരും, ചരിത്രകാരൻമാരും, പരിസ്ഥിതി പ്രവർത്തകരും ഒന്നായി നടത്തിയ പ്രക്ഷോഭത്തെ തുടർന്ന് നിരോധിക്കപ്പെട്ട ക്വാറി സ്ഥിതിചെയുന്ന പാറക്ക് രഹസ്യമായി പട്ടയം നൽകിയതിനെ കുറിച്ച് അടിയന്തര അന്വേഷണം നടത്തി കുറ്റക്കാരുടെ പേരിൽ നടപടിയെടുക്കുകയും, പട്ടയം റദ്ദാക്കുകയും ചെയ്യണമെന്ന് എടക്കൽ ഗുഹാ സംരക്ഷണ സമിതി സർക്കാരിനോട് ആവശ്യപ്പെട്ടു.

ക്വാറി മുതലാളിമാർക്കു വേണ്ടി എടക്കൽ ഗുഹാ തകർക്കാനും, സമീപവാസികളുടെ വീട്, കുടിവെള്ളം, കൃഷി തുടങ്ങിയവ നശിപ്പിക്കാനുമാണ് ഭാവമെങ്കിൽ വീണ്ടും ശക്തമായ പ്രക്ഷോഭമാരംഭിക്കുമെന്നും, കോടതിയിൽ നീതി തേടുമെന്നും സമിതി കൺവീനർ തോമസ് അമ്പലവയൽ അറിയിച്ചു.

# അനധികൃത പട്ടയത്തിനെതിരെ പൗരസമിതി രംഗത്ത്

അമ്പലവയൽ: നൂറ്റാണ്ടുകൾ പഴക്കമുള്ള, ചരിത്രം ആലേഖനം ചെയ്ത എടക്കൽ ഗുഹയുടെ നിലനിൽപ്പിന് ഭീഷണിയായതും എടക്കൽ ക്വാറിയുടെ സമീപവാസികളുടെ വീടിനും കൃഷിക്കും കുടിവെള്ളത്തിനും വിനാശകരമായതും അമ്പലവയൽ–അമ്പുകുത്തി–ബത്തേരി റോഡുയാത്ര തടസപ്പെടുത്തുന്നതുമായ എടക്കൽ ക്വാറി പ്രവർത്തിപ്പിക്കാൻ അനുവദിക്കില്ലെന്ന് ക്വാറി പരിസരത്തുചേർന്ന പരിസ്ഥിതി പ്രവർത്തകരുടെയും നാട്ടുകാരുടെയും യോഗം മുന്നറിയിപ്പുനൽകി.

അമ്പുകുത്തി മലനിരയിൽ ക്വാറി അനുവദിക്കരുതെന്ന വിദഗ്ദ്ധ ഉപദേശത്തെ അവഗണിച്ച് അനധികൃത പട്ടയം നൽകിയ ഡപ്യൂട്ടി കലക്ടറുടെയും ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെയും പേരിൽ കർശന നടപടികളുണ്ടാകണമെന്നും പാറപ്പട്ടയം റദ്ദാക്കണമെന്നും യോഗം പ്രമേയംമൂലം സർക്കാരിനോട് ആവശ്യപ്പെട്ടു. അനുകൂല നടപടികൾക്കായി വകുപ്പ് അധികാരികൾക്ക് ഭീമഹർജി നൽകുക, അമ്പലവയൽ അഡ്മിനിസ്ട്രേറ്റീവ് ഓഫീസിലേക്ക് ജനകീയ മാർച്ച്, പൊതുയോഗങ്ങൾ, ധർണ എന്നിവയടക്കം ശക്തമായ സമരപരിപാടികൾ അനധികൃത പട്ടയം റദ്ദാക്കുന്നതുവരെ തുടരാൻ എടക്കൽ ക്വാറി വിരുദ്ധ സമിതി തീരുമാനിച്ചു.

യോഗത്തിൽ ഗുഹാ സംരക്ഷണസമിതി കൺവീനർ തോമസ് അമ്പലവയൽ അധ്യക്ഷനായിരുന്നു. പി.പി. വർഗീസ്, ജലധരാജ്, പി.സി. വർഗീസ്, പി.കെ. കൃഷ്ണൻ,വി.വി. ഗോപകുമാർ തുടങ്ങിയവർ സംസാരിച്ചു.

ആക്ഷൻ കമ്മിറ്റി ഭാരവാഹികളായി പി.പി. വർഗീസ് (പ്രസി.), കെ. ഗോവിന്ദൻ (വൈസ്പ്രസി.), എം.പി. പ്രാട്ടീസ് (സെക്ര.), യു. ഗോവിന്ദൻ (ട്രഷറർ) എന്നിവരെ തെരഞ്ഞെടുത്തു.

മലയാള മനോരമ
1994 ഫെബ്. 20

# എടക്കൽ പാറയിലെ അനധികൃത പട്ടയം റദ്ദാക്കുക.

# പൊതു സ്വത്തുതീറെഴുതിയ ഉദ്യോഗസ്ഥരെ ശിക്ഷിക്കുക.

## 6-3-94 ഞായർ 6 PMന് അമ്പലവയലിൽ പൊതുയോഗം.

---

ബഹുമാന്യരെ,

അമ്പലവയലും എടക്കലും ലോക ഭൂപടത്തിൽ സ്ഥാനം പിടിച്ചത് ശിലായുഗത്തിലെ ചിത്രങ്ങളും, ലിപികളും നിറഞ്ഞ എടക്കൽ ഗുഹയുടെ ചരിത്ര മൂല്യം നിമിത്തമാണ്.

ഏതാനും കരിങ്കൽ മുതലാളിമാരും, ചരിത്ര വിരോധികളായ സന്ദർശകരും ചേർന്ന് എടക്കൽ ഗുഹ നശിപ്പിക്കാനാരംഭിച്ചപ്പോഴാണ് എടക്കൽ ഗുഹാ സംരക്ഷണ സമിതിയും, നാട്ടുകാരും 1986 ൽ പ്രക്ഷോഭമാരംഭിച്ചപ്പോൾ, ലോകത്തിലാദ്യമായി ഒരു ജനത ഒരു ചരിത്രസ്മാരകം സംരക്ഷിക്കാൻ സമര രംഗത്തു വരികയായിരുന്നു. ഈ ജനതയുടെ ശക്തമായ മുന്നേററത്തെ തുടർന്ന് അന്നത്തെ പ്രധാനമന്ത്രി രാജീവ്ഗാന്ധി ഇടപെട്ട് എടക്കൽ ക്വാറികൾ നിരോധിച്ചു. ഇന്ത്യൻ ഹിസ്റ്ററി കോൺഗ്രസ്സ് സെക്രട്ടറി ഡോ: ഇർഫാൻ മുഹമ്മദ്, ബോംബെ നാച്വറൽ സൊസൈററിയുടെ നെടുംതൂണായിരുന്ന ഡോ: സലീം അലി തുടങ്ങി ഇന്ത്യയിലെ പ്രമുഖ ചരിത്ര പണ്ഡിതന്മാരും, ചരിത്ര സ്നേഹികളും, പരിസ്ഥിതി പ്രവർത്തകരും ഈ സമരത്തിനു നല്കിയ പിന്തുണ ഇന്നും വയനാടൻ ജനതയുടെ മനസ്സിലുണ്ട്.

എടക്കൽ ഗുഹക്കും, സമീപവാസികളുടെ വീടുകൾക്കും, കൃഷിക്കും, കുടിവെള്ളത്തിനും ഭീഷണി ഉയർത്തിയ എടക്കൽ ക്വാറി സ്ഥിതിചെയ്യുന്ന അമ്പുകുത്തിമലനിരയിലെ റവന്യൂപാറയ്ക്ക് അമ്പലവയൽ ഡെപ്യൂട്ടി കളക്ടർ-കം-അഡ്മിനിസ്ട്രേററീവ് ഓഫീസിൽ നിന്നും ചിലർക്ക് നല്കിയ പട്ടയം റദ്ദാക്കണമെന്നും, പൊതുമുതലിനു പട്ടയം കൊടുത്ത ഉദ്യോഗസ്ഥൻമാരെ മാതൃകാപരമായി ശിക്ഷിക്കണമെന്നും, ആവശ്യപ്പെട്ട് എടക്കൽ ക്വാറി വിരുദ്ധ സമിതിയും, ഗുഹാ സംരക്ഷണസമിതിയും നടത്തുന്ന പ്രക്ഷോഭ പരിപാടികൾ വിശദീകരിക്കുന്നതിന് **6-3-94ന് ഞായറാഴ്ച വൈകുന്നേരം 6 മണിക്ക് അമ്പലവയൽ ടൗണിൽ നടത്തുന്ന പൊതുയോഗത്തിൽ** വിവിധ രാഷ്ട്രീയ സാമൂഹ്യ - സാംസ്ക്കാരിക - പരിസ്ഥിതി പ്രവർത്തക നേതാക്കൾ പങ്കെടുക്കും. പ്രക്ഷോഭ പരിപാടികളിൽ പങ്കാളികളാകാനും, വിജയിപ്പിക്കുവാനും അഭ്യർത്ഥിക്കുന്നു.

എന്ന്,

| | |
|---|---|
| **തോമസ് അമ്പലവയൽ** | **പി. പി. വർഗീസ്** |
| കൺവീനർ | പ്രസിഡണ്ട് |
| എടക്കൽ ഗുഹാ സംരക്ഷണ സമിതി | എടക്കൽ ക്വാറി വിരുദ്ധസമിതി |

അമ്പലവയൽ/1-3-94

ജോസ്കോ ** അമ്പലവയൽ

മലയാള മനോരമ

4 1995 ഏപ്രിൽ 11 ചൊവ്വ

# അമ്പലവയലിലെ അനധികൃത ക്വാറികൾ ഭീഷണിയാകുന്നു

അമ്പലവയൽ: പഞ്ചായത്തിലെ മഞ്ഞപ്പാറ, അമ്പലവയൽ, ആയിരംകൊല്ലി, കുമ്പളേരി, അമ്പുകുത്തി പ്രദേശങ്ങളിലെ അനധികൃത ക്വാറികൾ ജനജീവിതത്തിനു ഭീഷണിയാകുന്നെന്നു പരാതി.

മഞ്ഞപ്പാറയിലെ ക്വാറിയിൽനിന്നു പാറ പൊട്ടിത്തെറിച്ചു സ്കൂളിലേയ്ക്കു പോകുകയായിരുന്ന രണ്ട് കുട്ടികൾക്കു പരുക്കേറ്റു. അന്ന് അമ്പലവയൽ-കോഴിക്കോട് റോഡിനു സമീപമുള്ള ക്വാറി അനധികൃതമാണെന്നു നാട്ടുകാർ അധികൃതർക്കു പരാതിയും നൽകിയിരുന്നു.

ഉദ്യോഗസ്ഥൻമാർ അന്വേഷണത്തിനെത്തിയപ്പോൾ ക്വാറി നടത്തിപ്പുകാരൻ സ്ഥലംവിട്ടത്രേ. ഇതുപോലെ ലൈസൻസില്ലാത്ത നിരവധി ക്വാറികളുണ്ടെന്നാണ് ആരോപണം.

ക്വാറികളിലെ വെടിമരുന്ന് ഉപയോഗം സമീപത്തെ കെട്ടിടങ്ങൾക്കു വിനയാകുന്നു. ലക്ഷക്കണക്കിനു രൂപ മുടക്കി പണിത കെട്ടിടങ്ങളുടെ ഭിത്തി വിണ്ടുകീറുകയും മേൽക്കൂര തകരുകയും ചെയ്യുന്നു. പാറ മടകൾക്കെതിരെ കലക്ടർ, മന്ത്രിമാർ തുടങ്ങിയവർക്കു നൽകിയ പരാതിയും ഫലം കണ്ടില്ലെന്നു നാട്ടുകാർ പറയുന്നു.

പ്രശസ്തമായ എടയ്ക്കൽ ഗുഹയ്ക്കു സമീപം പ്രവർത്തനം നിലച്ചുകിടക്കുന്ന ക്വാറി പുനരാരംഭിക്കാൻ കോഴിക്കോട്ടെ വെടിമരുന്നു വ്യാപാരി ശ്രമം നടത്തുന്നുണ്ടെന്നും ആരോപണമുണ്ട്.

സർക്കാറിന് ഇത്തരം ക്വാറികളുടെ പ്രവർത്തനംമൂലം കാര്യമായ വരുമാനമൊന്നും ലഭിക്കുന്നില്ലെന്നതാണ് മറ്റൊരു വസ്തുത. നിത്യവും 200 ലധികം ലോഡ് കരിങ്കല്ല് കയറ്റിവിടുമ്പോൾ രേഖയിൽ കാണുക നൂറിൽ താഴെ മാത്രം ലോഡായിരിക്കും.

ബന്ധപ്പെട്ട ഉദ്യോഗസ്ഥർ പരിശോധനയ്ക്കെത്തുമ്പോൾ കരിങ്കൽ ലോറികൾ മരണപ്പാച്ചിൽ നടത്തുന്നതും അപകടമാകുന്നു. നടുവഞ്ചാലിനടുത്ത് കരിങ്കൽ ലോറി മറിഞ്ഞപ്പോൾ അഞ്ചു പേർക്കാണ് പരുക്കേറ്റത്.

കൂടാതെ അനധികൃത ക്വാറികൾ പ്രവർത്തിപ്പിക്കാൻ ഉദ്യോഗസ്ഥർ കൈക്കൂലി പറ്റുന്നുവെന്നും ആരോപണമുണ്ട്. അതു കൊണ്ടാണത്രേ നാട്ടുകാരുടെ നിരവധി പരാതികൾ ഫലം കാണാത്തത്.

ക്വാറികളുടെ പ്രവർത്തനം സംബന്ധിച്ച പരാതികൾ അന്വേഷിക്കണമെന്നു മഞ്ഞപ്പാറയിൽ ചേർന്ന അമ്പലവയൽ പഞ്ചായത്ത് ആക്ഷൻ കൗൺസിൽ യോഗം ആവശ്യപ്പെട്ടു. നടപടിയുണ്ടായില്ലെങ്കിൽ സമര പരിപാടികൾക്കു രൂപം നൽകാനും കൗൺസിൽ തീരുമാനിച്ചിട്ടുണ്ട്.

മലയാള മനോരമ

1996 മെയ് 24 വെള്ളി 3 W

# കൂടുതൽ മിഴിവോടെ ഗുഹാ ചിത്രങ്ങൾ

കൽപ്പറ്റ: ചരിത്രാതീത കാലത്തെ കഥ പറയുന്ന എടക്കൽ ഗുഹ കൂടുതൽ പ്രാധാന്യം നേടുന്നു. സംസ്ഥാന പുരാവസ്തു വിഭാഗത്തിലെ വിദഗ്ദ്ധരുടെ ഉദ്ഖനന പ്രവർത്തനങ്ങളിൽ ഗുഹാ ചിത്രങ്ങൾ കുറേക്കൂടി തെളിഞ്ഞു. രണ്ടു മീറ്റർ ആഴത്തിൽ ഗുഹയിലെ മണ്ണ് നീക്കിയപ്പോൾ നൂറ്റാണ്ടുകളായി മറഞ്ഞു കിടന്നിരുന്ന അനേകം ചിത്രങ്ങൾ പുറത്തു വന്നു. ഗുഹാഭിത്തിയിലെ ചിത്രാവലിക്കു വ്യാപ്തി കൂടി. നവീന ശിലായുഗത്തിലേതെന്ന് കരുതുന്ന ഈ ഗുഹാചിത്രങ്ങൾ ലോകത്തിലെ അപൂർവതകളിൽ ഒന്നാണ്.

ജില്ലാ കലക്ടർ വിശ്വാസ്മേത്തയുടെ പ്രത്യേക താൽപ്പര്യമനുസരിച്ച് പുരാവസ്തു ഡയറക്ടർ പി എസ് രാധാദേവിയാണ് വിദഗ്ദ്ധ സംഘത്തെ അയച്ചത്. പി ശ്രീധരൻ പിള്ള, വി മധുസൂദനൻ നായർ, ബി ബാലമോഹനൻ, ഇ പി ശ്രീനിവാസനക്കുറുപ്പ് എന്നിവർ ഉദ്ഖനന പ്രവർത്തനങ്ങൾക്കും രവീന്ദ്രൻ തമ്പി, മണികണ്ഠൻ നായർ എന്നിവർ സംരക്ഷണ ജോലികൾക്കും നേതൃത്വം നൽകി. എടക്കൽ ഗുഹാ സംരക്ഷണ സമിതി കൺവീനർ തോമസ് അമ്പലവയലിന്റെ നേതൃത്വത്തിൽ പരിസ്ഥിതി പ്രവർത്തകർ ഇവർക്ക് സഹായ സഹകരണങ്ങൾ നൽകി.

ഉദ്ഖനനത്തിൽ നൂറ്റാണ്ടുകൾക്ക് മുൻപ് ഗുഹാചിത്രരചനക്ക് ഉപയോഗിച്ച ശിലായുധം കണ്ടെടുത്തിട്ടുണ്ട്. കൂടാതെ കറുപ്പും ചുവപ്പും കലർന്ന പ്രാചീന മൺപാത്ര അവശിഷ്ടങ്ങളും കരിക്കഷണങ്ങളും കണ്ടെടുക്കുകയുണ്ടായി. പുരവാസ്തു വകുപ്പ് എടക്കൽ ആദ്യമായി നടത്തിയ ഉദ്ഖനനത്തിൽ ലഭിച്ച വസ്തുക്കൾ ശാസ്ത്രീയ പഠനത്തിന് വിധേയമാക്കും.

കൃത്യം ഒരു നൂറ്റാണ്ട് മുൻപ് 1896 ൽ എടക്കൽ ഗുഹയിലെത്തി അഞ്ചുവർഷം പഠനം നടത്തി ഗുഹാചിത്രങ്ങളുടെ ചരിത്രപ്രാധാന്യം ആദ്യമായി ലോകത്തിന് മുൻപിൽ സമർപ്പിച്ച ഈ ഫോസ്റ്റ് ഉദ്ഖനനത്തിലൂടെ കൻമഴുവും മറ്റും കണ്ടെത്തിയതായി ഇന്ത്യൻ ആന്റിക്യൂറിയിൽ പറയുന്നുണ്ട്. പിന്നീട് 1980 ൽ ഡോ. ഇ ഒ തിൻലറുടെ നേതൃത്വത്തിൽ ചെക്കോസ്ലാവാക്യ, സ്വിറ്റ്സർലണ്ട്, ഓസ്ട്രിയ, ഇന്ത്യ എന്നീ രാജ്യങ്ങളിൽ നിന്നുള്ള ആർക്കിയോളജിസ്റ്റുകളുടെ സംഘം ഗുഹയിൽ കുറച്ചുഭാഗത്ത് ഉദ്ഖനനം നടത്തിയെങ്കിലും ചരിത്രാവശിഷ്ടങ്ങൾ കണ്ടെത്തിയിരുന്നില്ല.

സന്ദർശകർ കാലാകാലമായി കോറി വരച്ച് വികൃതമാക്കിയ ഗുഹാ ചിത്രങ്ങളിലെ ഭാഗങ്ങൾ രാസചികിൽസയിലൂടെ മാറ്റുകയും ഗുഹാചിത്രങ്ങൾക്ക് തൻമയീഭാവം വരുത്തുകയും ചെയ്തിട്ടുണ്ട്. മേലിൽ നാശം സംഭവിക്കാതിരിക്കാനുള്ള നടപടികളും സ്വീകരിച്ചു.

വയനാടിന്റെ വിവിധ ഭാഗങ്ങളിലുള്ള ചരിത്രാവശിഷ്ടങ്ങളെക്കുറിച്ചുള്ള ഗവേഷണവും സംരക്ഷണ പ്രവർത്തനവും നടത്താൻ പുരാവസ്തു വകുപ്പ് പരിപാടികൾ തയ്യാറാക്കിവരികയാണ്. പുരാവസ്തു വകുപ്പിലെ വിദഗ്ധരുടെ ശ്രമഫലമായി വർധിപ്പിച്ച ഗുഹയുടെ വ്യാപ്തി നിലനിറുത്തുമെന്നും രാസചികിൽസയിലൂടെ തന്മയീഭാവം വരുത്തിയ ഗുഹാഭിത്തികൾ വികൃതപ്പെടുത്താൻ ശ്രമിക്കുന്നവരുടെ പേരിൽ കർശന നടപടികൾ സ്വീകരിക്കുമെന്നും ജില്ലാ കലക്ടർ അറിയിച്ചു.

# പുരാവസ്തു മ്യൂസിയം: പിതൃത്വം ഏറ്റെടുക്കാൻ സി.പി.എം. ശ്രമം

**കോണിക്കൽ ഖാദർ**

സുൽത്താൻബത്തേരി: കേരളത്തിൽ ആദ്യത്തേതായ വയനാട് പുരാവസ്തു മ്യൂസിയത്തിൻെറ ഉൽഘാടനം അറ്റമില്ലാതെ നീളുന്നു. വയനാട്ടിലെ ചരിത്ര പൈതൃകത്തിൻെറ സ്മാരക ശിലകൾ നിറച്ച അപൂർവ്വ ശേഖരം പൊതുജനങ്ങൾക്ക് കാണാനാവാതെ ചിലന്തി വലകൾ കെട്ടികിടക്കുകയാണ്. കേരളത്തിലെ അറിയപ്പെടുന്ന ചരിത്രകാരന്മാരും, ഇടക്കൽ ഗുഹാസംരക്ഷണ സമിതിയും ഇവിടെയുള്ള പ്രകൃതി സംരക്ഷണ സമിതിയും വയനാട്ടിൽ മാറിമാറി വന്ന രണ്ടു കലക്ടർമാരും രാപകലില്ലാതെ കാടും, മലയും താണ്ടി പുരാവസ്തുക്കൾ ശേഖരിച്ച് കെട്ടിടം നിർമ്മിച്ച് പണിപൂർത്തിയാക്കിയ ഈ പുരാവസ്തു മ്യൂസിയത്തെ സി.പി.എമ്മിൻെറ വികസന പട്ടികയിൽ ഉൾപ്പെടുത്താനാണ് ഇതിൻെറ ഉൽഘാടനം മനപൂർവ്വം വൈകിക്കുന്നത്,

മുമ്പ് രണ്ട് തവണ ഈ കാഴ്ച ബംഗ്ലാവിൻെറ ഉൽഘാടനം നിശ്ചയിച്ചതാണ്. അവസാനം കഴിഞ്ഞ മെയ് അഞ്ചിന് ഉറപ്പിച്ച് പരിപാടികൾ വരെ തയ്യാറാക്കി. ജ്ഞാനപീഠം അവാർഡ് നേടിയ എം.ടി. വാസുദേവൻ നായരെ കൊണ്ട് ഉൽഘാടനം ചെയ്യിക്കാനായിരുന്നു തീരുമാനം.

ഉൽഘാടനത്തോടനുബന്ധിച്ച് 3 ദിവസത്തെ ചരിത്ര സെമിനാറും കേരളത്തിലെ പ്രശസ്ത ചരിത്രകാരന്മാരായ ഡോ.എം.ജി.എസ്. നാരായണൻ, ഡോ. എം.ആർ. രാഘവവാര്യർ, ഡോ. രാജൻ ഗുരുക്കൾ, ഡോ. കെ.കെ.എൻ. കുറുപ്പ് തുടങ്ങിയവരുടെ ക്ലാസ്സുകളും ഉൾപ്പെടുത്തി സമയം പോലും നിശ്ചയിച്ചു. നോട്ടീസും വാൾപോസ്റ്ററും സ്ലൈഡും ശരിയാക്കി അമ്പലവയൽ പഞ്ചായത്ത് പ്രസിഡണ്ടും സി.പി.എം. നേതാവുമായ ജഗതമ്മ ടീച്ചർ ചെയർപേഴ്സണും കൽപ്പറ്റ ബി.ഡി.ഒ. സി.വി. ജോയി കൺവീനറുമായി സ്വാഗതസംഘവും രൂപീകരിച്ചു. ഉൽഘാടനത്തിൻെറ ആരവങ്ങൾ ഉയർന്നു. ചരിത്ര വിദ്യാർത്ഥികൾ ആകാംക്ഷയോടെ കാത്തിരിക്കുമ്പോഴാണ് മെയ് 2ന് സി.പി.എം. ഉടക്കുമായി എത്തുന്നത്. സ്വാഗതസംഘം ചെയർപേഴ്സൺ കൂടിയായ ജഗതമ്മ ടീച്ചർക്ക് പാർട്ടി നിർദ്ദേശം കൊടുത്തതനുസരിച്ച് മെയ് 5ന് ഉൽഘാടനം നടത്തരുതെന്ന് ഇവർ തന്നെ വയനാട് കലക്ടറോട് പറയുകയായിരുന്നു. ചരിത്ര [illegible]റിന് ക്ഷണിച്ച പ്രശസ്ത ചരിത്രകാരന്മാരോട് [illegible]ല്ലെന്ന് വിളിച്ചു പറയേണ്ടി വന്നു. പുതിയ [illegible] കൊണ്ട് ഉൽഘാടനം [illegible] തന്നെ [illegible] സി.പി.എം. ആലോചിക്കുന്നത.

[illegible] ജേതാവ് എം.ടി.യെ ഒഴിവാക്കിയിട്ട് വേണം [illegible] എം. മന്ത്രിമാർക്ക് ഉൽഘാടനം ചെയ്യാൻ അതിന്നാണ് ഉൽഘാടനം മാറ്റിയത്. ഇതിന് സി.പി.എമ്മുകാർ പറയുന്ന ന്യായം എം.എ. ബേബിയുടെ ഫണ്ടിൽ നിന്നും തുകയെടുത്താണ് മ്യൂസിയം പണിതത് എന്നാണ്. 12 ലക്ഷം രൂപ ചിലവിൽ പണിപൂർത്തിയാക്കിയ മ്യൂസിയത്തിന് ബേബിയുടെ ഫണ്ടിൽ നിന്ന് ലഭിച്ചത് വെറും 3 ലക്ഷം രൂപയാണ്. 2 ലക്ഷം കെ. മുരളീധരൻ എം.പി.യുടെ ഫണ്ടിൽ നിന്നും ബാക്കി തുക വയനാട് ജില്ലാ കലക്ടർ വിവിധ ഫണ്ടുകളിൽ നിന്ന് സമാഹരിച്ചതുമായിരുന്നു. പുരാവസ്തു മ്യൂസിയം സി.പി.എമ്മിൻെറ നേട്ടമായി എഴുന്നള്ളിക്കാനുള്ള വളഞ്ഞ വഴികളെല്ലാം തേടിക്കൊണ്ടിരിക്കയാണിപ്പോൾ.

അമ്പലവയലിലെ ഈ ചരിത്ര കാഴ്ചബംഗ്ലാവെന്ന ആശയം തന്നെ ഉദിക്കുന്നത് 1987 ലാണ്. അന്നുതൊട്ടെ തുടങ്ങിയതാണ് സി.പി.എമ്മിൻെറ ഉടക്ക്. ലോക പ്രശസ്തമായ എടക്കൽ ഗുഹ സംരക്ഷണത്തോടനുബന്ധിച്ച് വയനാട്ടിലെ പുരാവസ്തുക്കൾ ശേഖരിച്ച് ജനങ്ങൾക്ക് ചരിത്രപരമായ അറിവുകൾ നൽകാനായിരുന്നു അന്ന് തീരുമാനം. ഡോ: എം.ആർ. രാഘവവാര്യർ, ഡോ: രാജൻ ഗുരുക്കൾ, പി.കെ. ഉത്തമൻ, എടക്കൽ തോമസ്, കെ.പി. വഹാബ്, എൻ. ബാദുഷ, ബാബുമൈലമ്പാടി തുടങ്ങിയ പരിസ്ഥിതി പ്രവർത്തകർ തുടക്കമിട്ട ആശയം.

1988 സെപ്തമ്പർ 30 ന് അന്നത്തെ സാംസ്കാരിക വകുപ്പ് മന്ത്രി ടി.കെ. രാമകൃഷ്ണൻ തറക്കല്ലിട്ടു. ഈ ചടങ്ങിൽ മ്യൂസിയത്തിൻെറ ആശയം തുടങ്ങിവെച്ചവരെ അടുപ്പിച്ചില്ല. പകരം ചടങ്ങ് പാർട്ടി പരിപാടിയാക്കി. നീണ്ട 8 വർഷം ആ തറക്കല്ലിൽ തന്നെ മ്യൂസിയം ഒതുങ്ങി. ഇതിനിടെ അന്നത്തെ വയനാട് ജില്ലാ കലക്ടറായിരുന്ന ടി. രവീന്ദ്രൻ തമ്പി എൻ.ആർ.ഇ.പി. ഫണ്ടിൽ നിന്ന് മ്യൂസിയത്തിന് 50,000 രൂപ അനുവദിച്ചപ്പോൾ അന്നത്തെ സാമൂഹ്യക്ഷേമ മന്ത്രി ടി. ശിവദാസമേനോൻ കലക്ടറെ ശാസിച്ചു. രവീന്ദ്രൻതമ്പിയെ വയനാട് ജില്ലാ കലക്ടർ സ്ഥാനത്തു നിന്നു മാറ്റാനുള്ള ഒരു കാരണം ഇതായിരുന്നു.

വയനാട്ടിൽ മുമ്പ് സബ്കലക്ടറായിരുന്ന വിശ്വാസ്-മേത്ത കലക്ടറായി വന്നതോടെയാണ് മ്യൂസിയത്തിന് വീണ്ടും അനക്കമുണ്ടായത്. വയനാട് കലക്ടർ, ഡി.ടി.പി.സി. മെമ്പർ സി.വി. ജോയി, ഡോ: എം.ആർ. രാഘവവാര്യർ, ഡോ: രാജൻഗുരുക്കൾ, എടക്കൽ തോമസ് തുടങ്ങിയവരായിരുന്നു മ്യൂസിയം പണി ഉയർത്താൻ പ്രയത്നിച്ചത്. പക്ഷെ ഇവരെ ഒരാളെയും പങ്കെടുപ്പിക്കാതെ ഉൽഘാടന ചടങ്ങ് നടത്താനാണ് നീക്കം. ഇതിനിടെ മ്യൂസിയത്തിലേക്കുള്ള റോഡിൻെറ അറ്റകുറ്റപണി തീർക്കാനായി വയനാട് കലക്ടർ ഇറക്കിയ ഓർഡർ പോലും പൂഴ്ത്തി വെച്ച് റോഡ് [illegible] ന്ന് പറഞ്ഞ് [illegible]നം നീട്ടാ[illegible] ണ്ടായി. ഇതെല്ലാം പുറ[illegible]ണിപ്പോൾ. അവസാനം റോഡിനെ ചൊല്ലി [illegible]പ്പാടും ബഹളവുമായതോടെ ഒരു ദിവസംകൊണ്ട് റോഡ് പണിതു തടിതപ്പി.

വയനാടിൻെറ പൗരാണിക ചരിത്ര ബന്ധത്തിൻെറ അടയാളങ്ങളും ശിലാരൂപങ്ങളും സമാഹരിക്കപ്പെട്ട ഈ അത്യപൂർവ്വ പുരാവസ്തു കാഴ്ചബംഗ്ലാവിൻെറ പിതൃത്വം വളഞ്ഞ വഴിയിലൂടെ ഏറ്റെടുക്കാനാണ് സി.പി.എം. ഉൽഘാടനം വൈകിപ്പിക്കുന്നത്.

1996 ജൂലൈ 24 ബുധൻ W3

മാധ്യമം

# ചരിത്ര മ്യൂസിയം

# ഡി.ടി.പി.സി.ക്ക് കൈമാറിയത് വിവാദമായി

സുൽത്താൻബത്തേരി: അമ്പലവയലിലെ ചരിത്രമ്യൂസിയം സ്ഥിതിചെയ്യുന്ന 65 സെൻറ് റവന്യൂ സ്ഥലം ജില്ലാ ടൂറിസം പ്രമോഷൻ കൗൺസിലിന് കൈമാറിയ കലക്ടറുടെ നടപടി വിവാദമായി. ചരിത്രസ്മാരകമായ എടക്കൽ ഗുഹയുടെ 20 സെൻറ് സ്ഥലം കൗൺസിലിന് വിട്ടുകൊടുത്തതിന് പിന്നാലെയാണ് മ്യൂസിയത്തിൻെറ കൈമാറ്റം. പുരാവസ്തു വകുപ്പിൻെറ പേരിൽ പട്ടയമുള്ള സ്ഥലമായിരുന്നു എടക്കൽ ഗുഹയുടേത്.

ചരിത്ര മ്യൂസിയം എന്ന ആശയത്തിലോ ആശയത്തിൻെറ സാക്ഷാത്കാരത്തിലോ ഒന്നും ചെയ്യാത്ത ജില്ലാ ടൂറിസം പ്രമോഷൻ കൗൺസിൽ അമൂല്യമായ വയനാടൻ ചരിത്ര പൈതൃകത്തിന് പിൻവാതിലിലൂടെ ഉടമകളാവുന്നതാണ് പ്രതിഷേധത്തിനിടയാക്കിയത്.

വനംവകുപ്പിൽനിന്ന് ജില്ലാ ടൂറിസം പ്രമോഷൻ കൗൺസിൽ ഏറ്റെടുത്ത വയനാട്ടിലെ പൂക്കോട് തടാകത്തിന് താജ് ഗ്രൂപ്പുമായി വിലപേശൽ നടക്കുന്നതിനിടയിലുണ്ടായ ഈ നീക്കം ജില്ലയിലെ പ്രകൃതിസ്നേഹികൾ ആശങ്കയോടെയാണ് നോക്കിക്കാണുന്നത്.

വിവാദങ്ങൾക്കിടയിൽ ചരിത്രമ്യൂസിയം ഉദ്ഘാടനം ചെയ്യുന്നതിനെക്കുറിച്ച് ആലോചിക്കാൻ അമ്പലവയലിൽ കലക്ടർ വിളിച്ചുകൂട്ടിയ യോഗം അലസിപ്പിരിഞ്ഞു. ചരിത്രമ്യൂസിയവും എടക്കൽ ഗുഹയും ജില്ലാ ടൂറിസം പ്രമോഷൻ കൗൺസിലിന് വിട്ടുകൊടുക്കുന്നതിനെ പി.വി. വർഗീസ് വൈദ്യർ എം.എൽ.എ.യുടെ അധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ മുഴുവൻ രാഷ്ട്രീയ പാർട്ടി പ്രതിനിധികളും എതിർത്തു. ഗ്രാമപഞ്ചായത്തിനേയോ ജനപ്രാതിനിധ്യ സ്വഭാവമുള്ള സ്ഥാപനങ്ങളെയോ മ്യൂസിയത്തിൻെറയും ഗുഹയുടെയും നടത്തിപ്പ് ഏൽപിച്ചുകൊടുക്കണമെന്ന് യോഗം ആവശ്യപ്പെട്ടു. സി.പി.എം, സി.പി.ഐ, കോൺഗ്രസ്-ഐ, കേരള കോൺഗ്രസ്, ബി.ജെ.പി, പ്രകൃതി സംരക്ഷണ സമിതി തുടങ്ങി മുഴുവൻ സംഘടനകളും ഡി.ടി.പി.സി.ക്കെതിരെ തിരിഞ്ഞതോടെ യോഗം തീരുമാനമെടുക്കാതെ പിരിയുകയായിരുന്നു. പഞ്ചായത്ത് പ്രസിഡൻറ് ജഗദമ്മ ടീച്ചറും ജനകീയാവശ്യത്തെ പിന്തുണച്ചു.

ജനകീയ വികാരം ഒറ്റക്കെട്ടായി തിരിഞ്ഞിട്ടും ജില്ലാ അധികൃതർ കുറുക്കുവഴികൾ തേടുന്നതായാണ് പ്രകൃതിസംരക്ഷണ സമിതിയുടെയും നാട്ടുകാരുടെയും ആക്ഷേപം. എടക്കൽ ഗുഹയുടെയും ചരിത്ര മ്യൂസിയത്തിൻെറയും അവകാശം ജില്ലാ ടൂറിസം പ്രമോഷൻ കൗൺസിലിന് വിട്ടുകൊടുക്കുന്നതിനെതിരെ ജനകീയ പ്രക്ഷോഭം സംഘടിപ്പിക്കുമെന്നും കോടതിയെ സമീപിക്കുമെന്നും സമിതി പ്രസിഡൻറ് എൻ. ബാദുഷ, സെക്രട്ടറി തോമസ് അമ്പലവയൽ എന്നിവർ പറഞ്ഞു.

1986-ൽ എടക്കൽ ഗുഹാ സംരക്ഷണവുമായി ബന്ധപ്പെട്ട് വയനാട്ടിൽ വൻ പ്രക്ഷോഭമുയർന്നു. ദൽഹി യൂനിവേഴ്സിറ്റിയിൽപ്പോലും ഇതിൻെറ അലയൊലികൾ ആഞ്ഞടിച്ചു.

പ്രകൃതി സംരക്ഷണ സമിതിയും ജില്ലാ ഭരണകൂടവും ജനപ്രതിനിധികളും ചരിത്ര പണ്ഡിതന്മാരുമടങ്ങുന്ന സൊസൈറ്റിക്കായിരുന്നു തുടക്കം മുതൽ ഇതിൻെറ നേതൃത്വം.

മാതൃഭൂമി 1996 സപ്തംബർ-14

# ചരിത്രാന്വേഷകരുടെ മോഹം ഇന്ന് സഫലമാകുന്നു

സുൽത്താൻ ബത്തേരി: ഏതാനും ചരിത്രാന്വേഷകരുടെയും വയനാട്ടിലെ ഒരുപറ്റം പ്രകൃതിസ്നേഹികളുടെയും ഏറെക്കാലത്തെ കഠിനാധ്വാനത്തിന്റെ ഫലമാണ് ഇന്ന് ഉദ്ഘാടനം ചെയ്യപ്പെടുന്ന അമ്പലവയലിലെ ചരിത്ര—സാംസ്കാരിക മ്യൂസിയം.

ഏതാണ്ട് ഒരു പതിറ്റാണ്ട് മുമ്പാണ് വയനാട്ടിൽ ചരിത്രമ്യൂസിയം എന്ന ആശയം രൂപംകൊണ്ടത്. ഡോ. എം.ആർ. രാഘവവാരിയർ, ഡോ. രാജൻ ഗുരുക്കൾ, രാജു, പി.കെ. ഉത്തമൻ, ജില്ലാ ഇൻഫർമേഷൻ ഓഫീസറായിരുന്ന കെ.യു. ബാലകൃഷ്ണൻ എന്നിവരും പരിസ്ഥിതിപ്രവർത്തകരായ നിരവധി യുവാക്കളും വനമേഖലയിൽ നിന്നും ആഴ്ചകൾ നീണ്ട കഠിനാധ്വാനത്തിലൂടെയാണ് വീരക്കല്ലുപോലുള്ള നൂറുകണക്കിന് ശില്പങ്ങൾ ശേഖരിച്ചത്.

എന്നാൽ വനമേഖലയിൽ നിന്നും ശേഖരിച്ച ഈ ചരിത്രാവശിഷ്ടങ്ങൾ സൂക്ഷിക്കാൻ ഇടമില്ലായിരുന്നു. അവസാനം അത് അമ്പലവയൽ വില്ലേജ് ഓഫീസ് പരിസരത്തും ഒരു മുറിയിലുമായി നിക്ഷേപിച്ചു. ഇവിടെവെച്ച് ചിലതെല്ലാം നശിപ്പിക്കപ്പെട്ടു. ഇതിനിടെ 1988ൽ മ്യൂസിയത്തിന് തറക്കല്ലിട്ടു. അന്നത്തെ ജില്ലാ കലക്ടർ രവീന്ദ്രൻതമ്പി മുൻകൈഎടുത്തായിരുന്നു ഇതു നടത്തിയത്.

മ്യൂസിയം എന്ന ആശയത്തിന്റെ മുന്നിലും അദ്ദേഹം ഉണ്ടായിരുന്നു. കെട്ടിടംപണി തുടങ്ങിയെങ്കിലും രാഷ്ട്രീയം കടന്നുകൂടിയതോടെ അതും നിലച്ചു. പിന്നീട് ഇതിന്റെ പണി ആരംഭിച്ചത് വിശ്വാസ് മേത്ത വയനാട് ജില്ലാ കലക്ടറായി വന്നതിനുശേഷമാണ്. തുടർന്ന് പണി ഏതാണ്ട് യുദ്ധകാലാടിസ്ഥാനത്തിൽ തന്നെ നീങ്ങി. ഇതിനായി 12 ലക്ഷം രൂപ ചെലവഴിച്ചു. കെ. മുരളീധരൻ എം.പി.യുടെ ഫണ്ടിൽനിന്ന് നാലു ലക്ഷവും എം.എ. ബേബി എം.പി.യുടെ ഫണ്ടിൽനിന്ന് മൂന്നു ലക്ഷവും ജെ.ആർ.വൈ. ഫണ്ടിൽ നിന്ന് നാലു ലക്ഷവും ഡി.ടി.പി.സി. ഒരു ലക്ഷവുമാണ് നൽകിയത്.

ഒന്നിലധികം തവണ മ്യൂസിയത്തിന്റെ ഉദ്ഘാടനം നീട്ടിവെച്ചതിന് ശേഷമാണ് ഒടുവിൽ 14, 15 തീയതികളിലായി നടത്താൻ പോകുന്നത്. ഒരു ഘട്ടത്തിൽ കഴിഞ്ഞ മെയ് അഞ്ചിന് എം.ടി. വാസുദേവൻനായരെക്കൊണ്ട് ഉദ്ഘാടനം ചെയ്യിക്കുന്നതിന് തീരുമാനിച്ചിരുന്നു. ഇതിനുശേഷവും തീയതികൾ പലത് വന്നെങ്കിലും ഉദ്ഘാടനം മാത്രം നടന്നില്ല. കാരണം രാഷ്ട്രീയം തന്നെയായിരുന്നു. കഴിഞ്ഞ ദിവസം വരെയും ഇത്തവണത്തെ തീയതിയിലും ഉദ്ഘാടനം നടക്കുമെന്ന് ഉറപ്പില്ലായിരുന്നു. ആദ്യകാല സ്വാഗതസംഘത്തിലെ പ്രമുഖരെപോലും അറിയിച്ചിട്ടില്ലെന്നാണ് ആരോപണം.

സപ്തംബർ 14ന് രാവിലെ മ്യൂസിയം ഉദ്ഘാടനത്തിന്റെ ഭാഗമായി അമ്പലവയൽ ഗവ. ഹൈസ്കൂളിൽ പുഷ്പ—ഫല—കാർഷിക സെമിനാർ ആരംഭിക്കും. തുടർന്ന് 10.30ന് ചരിത്രസെമിനാർ നടക്കും. ഇതിന്റെ ഉദ്ഘാടനം ഇന്ത്യൻ കൗൺസിൽ ഫോർ ഹിസ്റ്റോറിക്കൽ റിസർച്ചിലെ മുൻ സെക്രട്ടറി ഡോ. എം.ജി.എസ്. നാരായണൻ നിർവഹിക്കും. ഡോ. കെ.കെ.എൻ. കുറുപ്പ്, മുൻ വയനാട് ജില്ലാ കലക്ടർ ടി. രവീന്ദ്രൻതമ്പി, ഡോ. രാജൻ ഗുരുക്കൾ, ഡോ. എം.ആർ. രാഘവവാരിയർ, ഡോ. മൈക്കിൾ തരകൻ, മംഗലാപുരം സർവകലാശാലയിലെ ഡോ. കേശവൻ വെളുത്താട്ട്, ആർക്കിയോളജി ഡയറക്ടർ ഡോ. പി.എസ്. രാധാദേവി, ഡോ. അലക്സാണ്ടർ ജേക്കബ് എന്നിവർ സംസാരിക്കും.

സപ്തംബർ 15ന് രാവിലെ 'ഓർമയിലെ വയനാട്' സെമിനാർ നടക്കും. ഉച്ചതിരിഞ്ഞ് 3.30ന് എം.എ. ബേബി എം.പി. മ്യൂസിയം ഉദ്ഘാടനം ചെയ്യും. എം.പി.മാർ, എംഎൽഎമാർ, മറ്റു ജനപ്രതിനിധികൾ എന്നിവർ പങ്കെടുക്കും.

കേരളകൗമുദി
2004 ഫെബ്രുവരി 5 വ്യാഴം

# ...ടക്കൽ ഗുഹയും പൊതുവഴിയും ഡി. ടി. പി. സി. വിറ്റ് കാശാക്കുന്നു'

...പ്പറ്റ: പ്രസിദ്ധമായ ...ൽ ഗുഹയും പൊതുവഴി ...ഡി.ടി.പി.സി. വിറ്റ് കാശാ ...ന്നെന്ന് വയനാട് പ്രകൃ ...ക്ഷണ സമിതി കുറ്റ ...1991ൽ ഡി.ടി.പി.സി. ...ശേഷം ഗുഹാ സംര ...ത്തിന് യാതൊരു നടപ ...ക്കൊണ്ടിട്ടില്ലെന്നും ...ആരോപിച്ചു.

...ടി.പി.സി. എടക്കൽ ഗു ...യും അമ്പുകുത്തി മല ...യും നിലനിൽപ്പിനെ ...യും മനസ്സിലാക്കാതെയും ദിനം പ്രതി നൂറ് കണക്കിനാളുകളെ ഗുഹയിലേക്കും മലയിലേക്കും കടത്തിവിട്ട് കൊണ്ടിരിക്കുന്നു. 1991ൽ അന്നത്തെ ജില്ലാ കളക്ടർ വിശ്വാസ്മേത്ത ചരിത്രകാരനായ ഡോ: എം. ആർ. രാഘവവാര്യരെയും എം.വി. ദേവനെയും ഗുഹയിലേക്കുള്ള സന്ദർശകരുടെ യാത്രാ സൗകര്യം അമ്പുകുത്തി മലനിരകൾക്ക് ഭീഷണിയാകാതെ എങ്ങനെ നടപ്പാക്കാം എന്ന് പഠിച്ച് റിപ്പോർട്ട് നൽകാൻ ചുമതലപ്പെടുത്തിയിരുന്നു. എന്നാൽ അന്ന് നൽകിയ റിപ്പോർട്ടിന് വിരുദ്ധമായിട്ടാണ് ഇന്ന് ഡി. ടി. പി.സി ഗുഹാമുഖംവരെ വാഹന യാത്രാ സൗകര്യം ഒരുക്കിയത്. പൊതുജനങ്ങളുടെ യാത്രാ സൗകര്യം തടഞ്ഞ് പഞ്ചായത്ത് റോഡ് ഡി.ടി.പി.സി നിശ്ചിയിക്കുന്ന സ്വകാര്യ വ്യക്തികൾക്ക് മാത്രം ഷട്ടിൽ സർവ്വീസ് നടത്താൻ കച്ചവടം ചെയ്തത് ശരിയായില്ലെന്നും കമ്മറ്റി കുറ്റപ്പെടുത്തി.

എടക്കൽ ഗുഹയത്തിലെത്തുന്ന സന്ദർശകരിൽ നിന്ന് വാഹന പാർക്കിംഗ്, ഗുഹയിലേക്കുള്ള വാഹന കൂലി, പ്രദർശന ഫീസ് തുടങ്ങിയ ഇനത്തിൽ കനത്ത സാമ്പത്തികമാണ് ഈടാക്കുന്നത്. ഇങ്ങനെ ഓരോ വർഷവും ഉണ്ടാകുന്ന ലക്ഷങ്ങൾ എന്ത് ചെയ്യുന്നു എന്ന് പോലും ആരും അറിയുന്നില്ല. നേരത്തെ എടക്കൽ ഗുഹയുടെ നാശത്തിന് കാരണമായവർ കാറിക്കാരാണ്. എന്നാൽ ഇന്ന് അനധികൃത കയ്യേറ്റം ഇവിടെ ധാരാളമുണ്ട്.

എടക്കൽ ഗുഹയും അമ്പലവയൽ ഹെറിറ്റേജ് മ്യൂസിയവും നെൻമേനി, അമ്പലവയൽ ഗ്രാ... പഞ്ചായത്തുകളുടെ നേതൃത... ത്തിലുള്ള സൊസൈറ്റിക്ക് കൈ... മാറണമെന്നും സമിതി ആവ... ശ്യപ്പെട്ടു.

യോഗത്തിൽ പ്രസിഡന്... ബാബുമൈലമ്പാടി അദ്ധ്യക്ഷത വഹിച്ചു. സെക്രട്ടറി തോമസ് അ...മ്പലവയൽ, എൻ. ബാദുഷ, വി... എം.രാജൻ, രാമകൃഷ്ണൻ തച്ച...മ്പത്ത്, എം.കെ. മുഹമ്മദ്, കെ... എസ്. സുരേഷ്, എം. ഗംഗാധ...രൻ, ശൈലേന്ദ്രബാബു, ഒ. ജെ... മാത്യു എന്നിവർ പ്രസംഗിച്ചു.

ദേശാഭിമാനി · 2004. ഫെബ്ര. 5

## എടക്കൽഗുഹ ഡിടിപിസി വിൽപ്പനച്ചരക്കാക്കുന്നു

കൽപ്പറ്റ: എടക്കൽ ഗുഹ സംരക്ഷിക്കാൻ നടപടിയെടുക്കാതെ ചരിത്രസ്മാരകവും പൊതുവഴിയും കാശുണ്ടാക്കാനുള്ള ഉപാധിയാക്കുന്ന ജില്ലാ ടൂറിസം പ്രമോഷൻ കൗൺസിലിന്റെ നിലപാടിൽ വയനാട് പ്രകൃതിസംരക്ഷണ സമിതി പ്രതിഷേധിച്ചു. എടക്കൽഗുഹയിലേക്കുള്ള സന്ദർശകരുടെ പ്രവേശനം മലനിരകൾക്ക് ഭീഷണിയാകാതെ വേണമെന്ന് എം ആർ രാഘവവാര്യരും എം വി ദേവനുമടങ്ങിയ സമിതി 1999ൽ ശുപാർശചെയ്തിരുന്നതാണ്.

ഗുഹാമുഖംവരെ ഡിടിപിസി വാഹനസൗകര്യം ഏർപ്പെടുത്തിയത് ഈ നിർദേശത്തിന് വിരുദ്ധമാണ്. സന്ദർശകരിൽനിന്ന് വാഹനപാർക്കിങ്ങ്, പ്രവേശനഫീസ് എന്നീ ഇനങ്ങളിൽ കനത്ത കാശാണ് ഈടാക്കുന്നതെന്നും സമിതി കുറ്റപ്പെടുത്തി. അനധികൃത കയ്യേറ്റങ്ങളും മണ്ണൊലിപ്പും അമ്പുകുത്തി മലനിരകൾക്ക് ഭീഷണി ഉയർത്തുന്നതായും സമിതി ചൂണ്ടിക്കാട്ടി.

യോഗത്തിൽ പ്രസിഡണ്ട് ബാബു മൈലമ്പാടി അധ്യക്ഷനായിരുന്നു. സെക്രട്ടറി തോമസ് അമ്പലവയൽ, എൻ ബാദുഷ, വി എം രാജൻ, രാമകൃഷ്ണൻ തച്ചമ്പത്ത് തുടങ്ങിയവർ സംസാരിച്ചു.

# ...സാംസ്കാരിക മ്യൂസിയം ...രിരക്ഷ തേടുന്നു


## ...നാറ് ലക്ഷത്തോളം രൂപ ചെലവിൽ നിർമിച്ച മൾട്ടിമീഡിയ തിയറ്റർ ചോർന്നൊലിക്കുന്നു

...യൽ: വയനാടൻ ഗോത്ര
...സംസ്കാരത്തിന്റെ തിരു
...കളുടെ കലവറയായ
...കാരിക മ്യൂസിയം പരിര
...ടുന്നു.

...വർഷം മുമ്പ് രണ്ടു ലക്ഷ
... രൂപ ചെലവിൽ നവീക
...സിയം മഴ പെയ്താൽ
...നാലിക്കുന്ന നിലയിലാ
...ങ്ങൾക്കു മുമ്പ് കോൺ
...യ്ത മേൽക്കൂര ഓട് പാ
...മൂലം പലയിടങ്ങളിലും
... ചോർന്നൊലിച്ച് തുട

...മായ മഴയിൽ മ്യൂസിയ
...ത്ത ബ്ലോക്കുകളിൽ
...നിറഞ്ഞിറങ്ങുന്നതും പ

...യത്തോടനുബന്ധിച്ച് പ
...ലക്ഷത്തോളം രൂപ ചെല
...മിച്ച മൾട്ടിമീഡിയ തിയ
...നിർമാണത്തിലെ അപാ
...മൂലം ചോർന്നൊലിക്കു
...പുറമെ വാതിലുകൾ ചി
...ി ഉപയോഗശൂന്യമാവു
... കെട്ടിടം ചോർന്നൊലി
... പ്രോജക്ടിൽ വെള്ളം
...ിക്കാൻ പ്ലാസ്റ്റിക് ഷീ
...ിരിക്കുകയാണ്.
...ടിന്റെ സാംസ്കാരിക
...ഡിയോ ചിത്രങ്ങളിലൂ
...ികൾക്ക് അനുഭവവേ
...ാണ് മൾട്ടിമീഡിയ തി
...ച്ചത്.
...ിലെ ഗോത്രവർഗ സം
...രിട്ട് മനസ്സിലാക്കാനാ
...വർഷം നിർമിച്ച ആദി
...ിലുകളാകട്ടെ പൂർണ
...ർന്നു കഴിഞ്ഞു.
...സഞ്ചാരികൾക്കു താ
...യി അടുപ്പ്, ചൂരൽ
...കൾ സ്ലീപ്പിങ് ബാഗ്
...അവശ്യ സാധനങ്ങൾ
...ന്നെങ്കിലും സഞ്ചാരി
...ൽ ഇതിനെകുറിച്ച് അ
...സൃഷ്ടിക്കാത്തതുമൂ



*വയനാട് സാംസ്കാരിക മ്യൂസിയം.*

ലം ഒരു സഞ്ചാരിപോലും ഇവിടെ അന്തിയുറങ്ങിയില്ല. രണ്ടു വർഷം മുമ്പാരംഭിച്ച പൂന്തോട്ട നിർമാണമാകട്ടെ എങ്ങും എത്താത്ത നിലയിലാണുള്ളത്. രണ്ടു ലക്ഷം രൂപയായിരുന്നു ഇതിന് ചെലവഴിച്ചത്.


മ്യൂസിയം തുറന്നുകൊടുക്കുന്നതിനോടനുബന്ധിച്ച് 1996ൽ ഡോ. എം. ആർ. രാഘവവാര്യരുടെ നേതൃത്വത്തിൽ സ്വരൂപിച്ച ചരിത്ര വസ്തുക്കളല്ലാതെ പുതുതായി ഒന്നും എത്തിക്കാൻ അധികൃതർക്കു കഴിഞ്ഞിട്ടില്ല.

വയനാടിന്റെ പലഭാഗങ്ങളിലായി വീരക്കല്ലുകൾ, മറ്റ് ചരിത്ര വസ്തുക്കൾ, ആദിവാസികളുടെ പുരാതന ആഭരണങ്ങൾ, വേഷവിധാനങ്ങൾ, തലമുറകൾക്ക് മുമ്പ് ഉപയോഗിച്ചിരുന്ന നിത്യോപയോഗ വസ്തുക്കൾ എന്നിവ ഒരിക്കലും തിരിച്ചുകിട്ടാത്തവിധം നാശത്തെ നേരിടുമ്പോഴാണിത്. ആയിരക്കണക്കിന് സന്ദർശകർ എത്തുന്ന ഈ മ്യൂസിയത്തിലെ പ... ണംകൊടുത്തുപയോഗിക്കാവുന്ന ശൗചാലയവും ഇതുവരെ പ്ര... വർത്തനമാരംഭിച്ചിട്ടില്ല.

രണ്ട് ലക്ഷം രൂപ ചെലവിൽ ര... ണ്ട് വർഷം മുമ്പാണ് ഇതിന്റെ നിർമാണം പൂർത്തിയായത്.

മലയാള മനോരമ

# ഗുഹ അവസാനിക്കുന്നില്ല



## പോക്കുവരവ്

കെ.ജി. ശങ്കരപ്പിള്ള

എടയ്ക്കൽ ഗുഹ അമ്പുകുത്തിമലയുടെ മുകളിലാണ്. മടിയിൽ തുടിവച്ചു പണ്ടത്തെ ഒരീണത്തിനു കാതോർക്കുന്ന ഗോത്രമൂപ്പനെപ്പോലെ ആ മലയുടെ ഇരിപ്പ്. തെ ...കളും ടിക്കറ്റ് ചടങ്ങും ടാറിട്ട റോഡും ജീപ്പുമെല്ലാം കഴിഞ്ഞാൽ ...കൾ ഏറ്റെടുക്കും നമ്മെ. പാറകൾക്കിടയിൽ കിടക്കുന്നുണ്ട് ആ ...സികളായ കുറുമരും പണിയരും കാടുവെട്ടിയുണ്ടാക്കിയ വഴി. ...ും മലബാർ പൊലീസ് സൂപ്രണ്ടായിരുന്ന ഫോസെറ്റും പിന്നെ ...ിലെയും മറുനാട്ടിലെയും നിരവധി ചരിത്രകാരൻമാരും മറ്റെത്ര ...മനുഷ്യരും പോയ വഴി. പാറകൾക്കിടയിലൂടെയുള്ള കയറ്റത്തി ...ല താളമിട്ടു തരും. ചില കിളിയൊച്ചകൾ അതിൽ ചേരും. ഒരു ... സദിരുയരും. പാറയിടുക്കിലൂടെ ഉയരെക്കാണുന്ന വെളിച്ച ...ൽ പിടിച്ചുകയറിയാൽ ഗുഹാവാതിലായി.

...ുഹയിൽ ഒരു യുവസഹായിയുണ്ട്. ചുവരിലെ എഴുത്തും കൊ ...ം വായിച്ച് അർഥം പറയും. പുരാതന ചരിത്രവിസ്തൃതിയിലേ ...ഗുഹയെ വിക്ഷേപിക്കുന്ന ഒരാഖ്യാനം. വയനാട്ടിലെ പെരിങ്കൽ ...ഷ്കൃതിയുടെ, പെരുമയുടെ ഓരങ്ങളിൽ വളരുന്ന ഒരു ചരിത്ര ...ന. കേസരി, എംജിഎസ്, കെ.എൻ. പണിക്കർ, എം. ഗംഗാധരൻ, ...ൻ ഗുരുക്കൾ, രാഘവവാരിയർ, ഒ.കെ. ജോണി, ഡോ. ഇ.ഒ. ടിൽ ...ലോഗൻ, ഡോ. രാജേന്ദ്രൻ തുടങ്ങി നമുക്കടുപ്പമുള്ള പേരുകൾ ...കഥനത്തിനിടയ്ക്കു കേൾക്കാം. ആധികാരികതയ്ക്കാവാം അ

...കല്ലുളി കൽച്ചുമരിൽ കൊത്തിയ ഈ ചരിത്രകവിതയിൽ വയനാ ...ടൻ പ്രകൃതിയും സംസ്കൃതിയും നേടുന്ന കുടിപ്പടരലുകൾ കണ്ടെ ...ടുക്കാൻ രസമുണ്ട്. കിരീടമണിഞ്ഞു കൈ ഉയർത്തിനിൽക്കുന്ന ...ഗോത്രമൂപ്പനും കൽച്ചുവരിലെ സൂര്യനും ആയുധങ്ങളും ചക്രങ്ങളും ...ണ്ടുചെല്ലുംതോറും തെളിഞ്ഞുവരും. പായലും മങ്ങലും മായലും ...ന്ന് അവ നമ്മുടെ ഓർമയുടെ ചങ്ങാതിമാരാവും.

...ഗുഹയിൽ നിന്നിറങ്ങി അമ്പുകുത്തിയുടെ കൊടുമുടി കയറു ...മ്പോൾ മൊമ്മാലി ചോദിച്ചു: അവിടെ നിന്നാൽ കടൽ കാണാമോ? ...മ്പിയിൽ രാമഗിരിക്കുന്നിന്റെ മേൽ നിന്നാൽ കടലു കാണാം. ചി ...വുപോലെ. കുന്നംകുളത്തെ കലശമലയിൽ നിന്നാലും കടൽ കാണാം. ബേക്കലോ ഏഴിമലയിലോ വർക്കലക്കുന്നിലോ നിന്ന് കടൽ അടുത്തു കാണുന്ന പോലല്ലത്. ദൂരെയെത്തി ഇഷ്ടരെ മൊബൈലിൽ വിളിച്ചു വർത്തമാനം പറയുന്നപോലെ കടലിന്റെ ഈ ദൂരക്കാഴ്ചയുമൊരു ബന്ധസുഖം. പാറയ്ക്കു മേലേയിട്ടിരിക്കുന്ന വടംപിടിച്ചു കയറുമ്പോൾ മൊമ്മാലി സംസാരിച്ചുകൊണ്ടേയിരുന്നു.

ഇനി കയറാനില്ലെന്നായി. ഇവിടെ നിന്നു മലയാളം, തമിഴ്, തുളു, കന്നഡ നാടുകൾ കാണാം. ഒടിച്ചെടുക്കാമെന്നു തോന്നി അയൽ സംസ്കാരം കുറിഞ്ഞിത്തണ്ടുപോലെ. ഇത്ര ഉയരമില്ല, ഒരധികാരത്തിനും. കാഴ്ചയ്ക്ക് ഇത്ര വ്യാപ്തിയുമില്ല. ആദിവാസി, കാവേരി, മുല്ലപ്പെരിയാർ, പാലക്കാട് ഡിവിഷൻ തർക്കങ്ങളൊക്കെ ഇവിടെ വേഗം പരിഹാരം കാണും. മൊമ്മാലി പറഞ്ഞു, വലിയ വ്യാസത്തിലാണു പരിഹാരങ്ങൾ പാർക്കുന്നത്. മാച്ചു പിക്ച്ചുവിന്റെ ഉയരത്തിലെ പാറകളുടെ വസന്തത്തിൽ നെരുദ മനുഷ്യോദയത്തിന്റെ പവിഴപ്പുറ്റു കണ്ടതോർമവരും, ഇവിടെ നിൽക്കുമ്പോൾ. ശിലകളുടെ അമ്മയെ, ചരിത്രത്തിന്റെ ദുരന്തമുനമ്പുകളെ കണ്ടത്. ഉയരം ഉള്ളു കാണിച്ചുതരും.

പുതിയ മണിപ്പുരിക്കവിതയിൽ കേൾക്കുന്ന മുറ്റത്തു മുഴങ്ങുന്ന വെടിയൊച്ചകൾ പോലെ പേടിയുമായി ഇവിടെയും ഓടിക്കേറി വരുന്നുണ്ട് കാറ്റിന്റെ ചില കണ്ണീർത്തിരകൾ. ചില തീത്തിരകളും. അന്യാധീനപ്പെട്ട സ്വന്തം മണ്ണ് വീണ്ടെടുക്കാൻ പിടയുന്ന ആദിവാസിയുടെ പിടച്ചിൽ അതിലുണ്ട്. അധികാരം എന്നും അവർക്കു നിഷേധിച്ചിട്ടേയുള്ളൂ നീതി. അവരുതന്നെയാണു വയനാട്. മണ്ണിനടിയിലും മേലെയും കുന്നിലും കൊക്കയിലും കാട്ടിലും പൊഴേലും തേനിലും മരുന്നിലും കാവിലും കൊട്ടിലും പാട്ടിലുമൊക്കെ അവരാ. വെട്ടി വെളുപ്പിച്ചതും ഇടിച്ചുനിരത്തിയതും കെട്ടിവലിച്ചതും കുഴിച്ചുമൂടിയതുമൊക്കെ അവരെയാ. പൂവായും പാറയായും കാറ്റായും ഒഴുക്കായും നിൽപായും ഇവിടെ ആയതൊക്കെ അവരാ. അവരിലേക്കാണ് എല്ലാം കുടിയേറിയത്. മുത്തങ്ങയിലെ ജോഗിസ്തൂപത്തിനു പിന്നിൽ ദൂരെയല്ലാതെ കാണാം, മരത്തിൽ കെട്ടിയിരുന്ന ഒരു കുടിൽ തകർന്നു തൂങ്ങിയാടുന്നത്. ആവാസഭൂമി നഷ്ടപ്പെട്ട ഇന്നത്തെ ആദിവാസി ജീവിതത്തിന്റെ നേർപ്രതീകം.

ഇവിടം കാറ്റുകളുടെ രാജ്യം. സ്ഥലവും കാലവും ഭാഷയും കാറ്റ്. പൗലോ കൊയ്‌ലൊവിന്റെ 'ആൽകെമിസ്റ്റി'ൽ വീശിയതിലും വലിയ കാറ്റ്. ഇവിടെ നിന്നു കാണുമ്പോൾ ലോകം ഇന്നലത്തെക്കാൾ ഇരുണ്ട ഗുഹയിലേക്കു താഴുന്നതു പോലെ. ചന്തയിൽ നിന്നു കാണുന്ന വലിപ്പം ഒന്നിനുമില്ലാതായി. ഇവിടെ നിന്നു കാണുമ്പോൾ, കൂടുതൽ അടഞ്ഞ വാതിലുകൾ, കൂടുതൽ അഴുകിയ നാറ്റം, കൂടുതൽ കത്തിയാളിയുള്ള കരച്ചിൽ കാറ്റു കൊണ്ടുവരുന്നു. കൂടിക്കുരുങ്ങാതെ ഒരിഴയും ബാക്കിയില്ലാതെ കാറ്റിന്റെ തറികൾ കുരുക്കുകൾ നെയ്യുന്നു. അതു ഭീരുവിനു കിരീടം, ധീരനു കഴുമരം. ലളിതമായതെന്തും വിശുദ്ധമാണെന്നു ദാന്തെ കണ്ട നേർലോകത്തിന്റെ എളിയ നാളങ്ങൾ കൂട്ടത്തോടെ പുതിയ ആഗോള ചന്തക്കാറ്റുകളുടെ ചുഴിയിൽ മുങ്ങിമരിക്കുന്നു. സിരകൾ, ഓർമകൾ, ബന്ധങ്ങൾ, പുഴകൾ കൂടുതൽ വിഷമൊഴുക്കിക്കൊണ്ടു വരുന്നു. കാറ്റുകളും ഒഴുക്കുകളും കല്ലുളികൾ പോലെ ഇന്നു നമുക്കു കാണാനാവാത്ത കൽച്ചുമരുകളിൽ കൊത്തിവയ്ക്കുന്നതു തീർച്ചയായും ലളിതഗാനങ്ങളല്ല.

സുജാതാ ഭട്ടിന്റെ കവിതയിൽ കാണുംപോലെ ഇന്നു 'ചരിത്രം ഒരു ശിഥിലാഖ്യാനം'. ഗുഹ അവസാനിക്കുന്നില്ല; കൽച്ചുമരിലെ കൽക്കവിതയും. വിയോജിക്കാതെ, എതിരിടാതെ, ഇന്നു ശുഭാപ്തിവിശ്വാസിയായിരിക്കാൻ ചെറിയ മൗഢ്യം പോരാ. കയങ്ങളെ ഭയക്കുന്നവരിൽ അധികാരം അതിന്റെ ആരാധകരെ കണ്ടെത്തുന്നു.